**നിയമനിർമ്മാണകാര്യം**

(1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(i) <u>2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി)ബിൽ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. രാജൻ</u>):സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ ആക്ട് പ്രകാരം പതിച്ചു നൽകപ്പെട്ട ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്ക് മാത്രമേ

ഉപയോഗിക്കാൻ പാട്ടുള്ളുവെന്ന് വ്യവസ്ഥയുള്ളതിനാൽ ഇപ്രകാരമുള്ള ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് നിരവധി വ്യവഹാരങ്ങളും പ്രതിസന്ധികളുണ്ടായ സാഹചര്യത്തിൽ പട്ടയ ഭൂമിയിലെ നിർമ്മാണപ്രവൃത്തികൾ ക്രമവൽക്കരിക്കുന്നതിനും പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകുന്നതും സംബന്ധിച്ചാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കൃഷിക്ക് പട്ടയം ലഭിച്ച ഭൂമിയിൽ വീട് വയ്ക്കുന്നതും ഗൃഹനിർമ്മാണത്തിനായി പട്ടയം ലഭിച്ച ഭൂമിയിൽ കടമുറി നിർമ്മിക്കുന്നതും പോലെയുള്ള പ്രവൃത്തികൾ ഒന്നുംതന്നെ ചെയ്യാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടയഭൂമിയിൽ അത്യാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ തടസ്സം ഒഴിവാക്കുന്ന നടപടികൾ ആവശ്യമാണ്. എന്നാൽ അനധികൃത നിർമ്മാണങ്ങളുടെ ക്രമീകരണത്തിനും പുതിയ നിർമ്മാണ പ്രവൃത്തികളുടെ അനുമതിക്കുമായി ബില്ലിൽ ചേർത്തിരിക്കുന്ന നിലവിലെ വ്യവസ്ഥകൾ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യശുദ്ധിക്ക് വിരുദ്ധമായി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്. ആയതിനാൽ പ്രസ്തുത വ്യവസ്ഥകളിൽ കൂടുതൽ

വ്യക്തത വരുത്തേണ്ടതാവശ്യമാണ്. നിയമവ്യവസ്ഥകളിൽ വ്യക്തത വരുത്തുകയും ചട്ടനിർമ്മാണത്തിൽ സൂക്ഷ്മത പുലർത്തുകയും ചെയ്തില്ലെങ്കിൽ നിയമനിർമ്മാണത്തിന്റെ സദുദ്ദേശം പരാജയപ്പെടാൻ കാരണമാകുമെന്നതിനാലാണ് ഈ ബില്ലിൽ വിയോജിപ്പ് നൽകിയത്.

1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ നിയമത്തിൽ നാല് വ്യവസ്ഥകളാണ് ഈ ഭേദഗതി നിയമപ്രകാരം കൂട്ടിച്ചേർത്തിരിക്കുന്നത്. പതിച്ചുകിട്ടിയ ഭൂമി യഥാർത്ഥ ആവശ്യത്തിൽ നിന്നുമാറി മറ്റൊരു ആവശ്യങ്ങൾക്ക് ഉപയോഗിച്ചത് സാധൂകരിക്കുന്നതിനും തുടർന്ന് അനുമതി നൽകുന്നതിനും ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കുന്ന ഘട്ടത്തിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തവിധം പൊതുജനതാൽപ്പര്യത്തെ മുൻനിർത്തി മാനദണ്ഡങ്ങളും നടപടിക്രമങ്ങളും തീരുമാനിക്കേണ്ടതുണ്ട്. ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത് ഇതുമാത്രമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എല്ലാ ജില്ലകളിലുമുള്ള പ്രശ്നം ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ പ്രശ്നം ഞങ്ങളുടെ ജില്ലയിലുമുണ്ട്. 25 വർഷങ്ങൾക്കുമുമ്പ് ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമിയുടെ പട്ടയം നൽകിയിട്ടും പല കാരണങ്ങൾകൊണ്ട് ആ ഭൂമിയിൽ വീട്

നിർമ്മിക്കാൻ സാധിച്ചിട്ടുണ്ടാകില്ല. പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ ഒരു മനുഷ്യന് ഏറ്റവും വലിയ ആവശ്യങ്ങളിൽപ്പെട്ടതാണ് പാർപ്പിടവും കൃഷിയും. പക്ഷേ ജനങ്ങളെ സംബന്ധിച്ച് കൃഷി ചെയ്തും വീട് വച്ചും മാത്രം ജീവിക്കാനാവില്ല. ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളൊക്കെ ഒരു മനുഷ്യന്റെ ജീവിതത്തിൽ അനിവാര്യമാണ്. 30 വർഷങ്ങൾക്കുമുമ്പ് നൽകിയ ഭൂമിയിൽ വീട് വയ്ക്കാനും കൃഷി ചെയ്യാനും മാത്രമേ പാടുള്ളൂവെന്നും മറ്റൊരു ആവശ്യത്തിനും ആ സ്ഥലം ഉപയോഗിക്കാൻ പാടില്ലെന്ന് നിർബന്ധിച്ചാൽ ഇക്കാലത്ത് അതിനോട് ആരും യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. 30 വർഷങ്ങൾക്കുമുമ്പ് നൽകിയ വീടുകളിൽ വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കപ്പെടാൻ സാധിക്കുമെങ്കിൽ അനുമതി നൽകണം. ഇപ്പോൾ പുതിയ സാഹചര്യത്തിലുള്ള വീടുകൾ ലഭിച്ചിട്ടുണ്ടായിരിക്കും. കൃഷി ചെയ്തുവെന്ന് വച്ചാൽ ഒരിക്കലും കൃഷി ചെയ്യാൻ കഴിയാത്ത ഇടമായിരിക്കും അത്. അതുകൊണ്ട് ആ ഭൂമിയിൽ കൃഷി മാത്രമേ ചെയ്യാൻ പാടുള്ളൂവെന്ന് നിർബന്ധിച്ചാൽ ഒരിക്കലും ആ ഭൂമിയിൽ കൃഷി ചെയ്യാൻ കഴിയില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് അങ്ങനെയുള്ള ഒരു ആനുകൂല്യം ഭൂമി ലഭിച്ച ആളുകൾക്ക് നൽകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മറ്റൊരു കാര്യം,

ഇപ്പോൾ എല്ലാവർക്കും അറിയാവുന്നതുപോലെ ഈ ബിൽ ലക്ഷ്യമാക്കുന്നത് ഏത് പ്രദേശത്തെയാണെന്നും ഏത് ജില്ലയെയാണെന്നുമുള്ള കാര്യം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. നിർദ്ദിഷ്ട ബില്ലിൽ മൂന്നാറിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള സൂചനയാണ് ഇപ്പോഴുള്ളത്. എന്നാൽ 119500 ഏക്കർ വരുന്ന അതിവിശാലമായ മൂന്നാർ കെ.ഡി.എച്ച്. (കണ്ണൻ ദേവൻ ഹിൽസ്) വില്ലേജുകളിൽ കേവലം 500 ഏക്കർ ഭൂമി മാത്രമാണ് പൊതുജനങ്ങളുടെ കൈവശത്തിലും ഉപയോഗത്തിലുമുള്ളത്. 1971-ലെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) ആക്ടും 1970-ലെ അതിന്റെ ചട്ടങ്ങളും മൂന്നാർ പ്രദേശത്ത് നിലനിൽക്കുന്ന ഈ നിയമം ബാധകമല്ലെന്നിരിക്കെ മൂന്നാർ പ്രദേശത്ത് ഭൂപ്രശ്നങ്ങൾ പരിഹരിക്കുവാനാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് സൂചിപ്പിച്ചാൽ അതിനോട് യോജിക്കാൻ സാധിക്കുകയില്ല. കേവലം ഒരു ചട്ടം റദ്ദ് ചെയ്തുകൊണ്ടോ ഭേദഗതി ചെയ്തുകൊണ്ടോ പരിഹരിക്കാവുന്ന ഈ നിസാരവിഷയം ആരുടെ പിടിപ്പുകേട് കൊണ്ടാണെന്ന് പറയുന്നില്ല അത് സങ്കീർണ്ണമാക്കി മാറ്റുന്നൊരു അവസ്ഥയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

നിലവിലുള്ള നിയമത്തിന്റെ സെക്ഷൻ 8-ൽ നിയന്ത്രണങ്ങളും വ്യവസ്ഥകളും പരിധികളും നിർണ്ണയിക്കുന്നതിന് നിർമ്മിക്കപ്പെട്ടതാണ്. പുതിയതായി പട്ടാധാർക്ക് ബാധകമായ (unoccupied) എന്തെങ്കിലും നിയന്ത്രണങ്ങളോ പരിധികളോ മാറ്റങ്ങളോ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുവെങ്കിൽ നിയമത്തിന്റെ സെക്ഷൻ-8 ലാണ് മാറ്റംകൊണ്ടുവരേണ്ടത്. 1964-ലെ 4-ാം ചട്ടത്തിലെയും 1994 -ലെ 3-ാം ചട്ടത്തിലെയും ഭേദഗതി നിലനിർത്തി ഈ വിഷയം പരിഹരിക്കാമായിരുന്നുവെന്ന ധാരണ പൊതുവേയുണ്ട്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അത് ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുകയാണ്. ഈ ബില്ലിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്, കേരളത്തിലെ ഇടുക്കി ജില്ലയിലെ മൂന്നാറോ മറ്റേത് ജില്ലയിലെ പ്രദേശങ്ങളായാലും ഒരു ഭൂമി വർഷങ്ങൾക്കുമുമ്പ് ആർക്കെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അവർക്ക് മറ്റൊന്നും ചെയ്തുകൂടാ അവിടെ വീട് വയ്ക്കാം അല്ലെങ്കിൽ കൃഷി ചെയ്യാം എന്നല്ലാതെ വേറൊരു ആവശ്യത്തിനും അത് ഉപയോഗിക്കാൻ പാടില്ലെന്നൊരു നിർബന്ധബുദ്ധി നമ്മുടെ ഭാഗത്തുനിന്നുണ്ടാകൻ പാടില്ല. പ്രത്യേകിച്ച് ആധുനിക കാലഘട്ടത്തിൽ ആ നിർബന്ധബുദ്ധി അനുയോജ്യമല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇത് ഇടുക്കി ജില്ലയ്ക്ക് വേണ്ടിയുള്ള ഒരു ബില്ലാണെന്നുള്ള ധാരണ വേണ്ട. ഇടുക്കി ജില്ലയ്ക്കോ മൂന്നാർ പ്രദേശങ്ങൾക്കോ മാത്രം ബാധകമാകുന്ന ഒരു നിയമനിർമ്മാണമല്ല. ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ സൂചിപ്പിച്ചതാവാം. 1960-ലെ നിയമപ്രകാരം രൂപപ്പെട്ടിരിക്കുന്ന ചട്ടങ്ങളിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരുന്നു. അത് എന്തൊക്കെ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആ വ്യവസ്ഥ പ്രകാരമല്ലാതെയുള്ള സാഹചര്യങ്ങൾ നിലവിൽ വന്നാൽ അതെല്ലാം ദോഷകരമായി ബാധിക്കുമെന്നുമുള്ളത് കൊണ്ടാണ് ഈ ബിൽ കൊണ്ടുവരാൻ ആഗ്രഹിച്ചത്. ഒരു പ്രദേശത്തിനോ സെക്ടറിനോ വേണ്ടിയുള്ള വാദം ആ മേഖലയിലുള്ളവർക്കും പ്രത്യേകിച്ച് അതുമായി ബന്ധപ്പെട്ട് നിൽക്കുന്നവർക്കും ബുദ്ധിമുട്ട് രൂപപ്പെടുത്തുന്നതാണ്. നിയമനിർമ്മാണം എന്ന നിലയിൽ അതിന്റെ പൊതുസ്പിരിറ്റ് ഉൾക്കൊള്ളുന്നതായിരിക്കും നല്ലത്. ഇത് സംസ്ഥാനത്തിന് ആകെ ബാധകമാകുന്നൊരു നിയമനിർമ്മാണമാണിതെന്ന് സൂചിപ്പിക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള ഒരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. “ 1960-ലെ കേരള ഗവൺമെന്റിന്റെ ഭൂമി പതിച്ചു കൊടുക്കൽ ആക്ട് പ്രകാരം പതിച്ചു നൽകപ്പെട്ട ഭൂമി പതിച്ചു നൽകപ്പെട്ട ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. എന്നാൽ ഈ ആക്ടിന് കീഴിൽ ഭൂമി പതിച്ചു വാങ്ങിയ ആളുകൾ കഴിഞ്ഞ 60 വർഷത്തോളമായി പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ ഭൂമി ഉപയോഗിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അതുകൂടാതെ പതിച്ചു വാങ്ങിയവർ പട്ടയ വ്യവസ്ഥകൾകൂടി ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്” . അടുത്ത വാചകം പ്രത്യേകം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. "ഇടുക്കി ജില്ലയിലെ അനധികൃത ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വിവിധ കേസുകൾ പരിഗണിച്ചവേളയിൽ വിവിധ വകുപ്പുകളിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം നേടിയശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂവെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പു വരുത്തേണ്ടതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി

ഉത്തരവിടുകയുണ്ടായി. അതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്ത് നിർമ്മാണപ്രവർത്തനങ്ങൾക്ക് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ആയത് ജനങ്ങളെ സാരമായി ബാധിക്കുകയും ചെയ്തു." ഞാൻ ഈ ബിൽ ഇടുക്കി ജില്ലയെ ഉദ്ദേശിച്ചാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ .........

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. രാജൻ): സർ, പ്രഗൽഭനായ അങ്ങ് ഞാൻ ചെയർമാനായ സബ്ജക്ട് കമ്മിറ്റിയിലെ അംഗമാണ്. നമ്മൾ റവന്യൂ വകുപ്പിന്റെ ഭാഗമായതിനാൽ തെറ്റിപറയരുതെന്ന് വിചാരിച്ചു, ഇത് റിക്കോർഡ് ചെയ്യപ്പെടും. WP(C) No. 1801/2010-ആണ് അങ്ങ് പറയുന്നത്. അതാണ് മൂന്നാറിനെ ബാധിച്ചത്. അത് പിന്നെ വന്ന് വന്ന് അപ്പീൽ കൊടുത്ത് എസ്.എൽ.പി. കൊടുത്ത് ഇപ്പോൾ അവസാനം 2020-ൽ കേരളം മുഴവൻ ആ എൻ.ഒ.സി വേണമെന്ന് ബാധകമാക്കി. ആ ഘട്ടത്തിലേയ്ക്കാണ് അതിലേയ്ക്ക് കടക്കുന്നത്. മറ്റൊന്ന് സൂചിപ്പിച്ചത് മൂന്നാറിനെ മാത്രം ബാധിക്കുന്ന വിധത്തിലുള്ള വിധി വന്നത് WP(C) No.1801/2010 എന്ന കേസിലാണ്. 10 വർഷത്തിനുശേഷം ഇത് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച്

തള്ളിയതിൽ എസ്.എൽ.പി. പോയി അവസാനം ഹൈക്കോടതിയിലേയ്ക്ക് റിമാൻഡ് ചെയ്തു. 2020-ൽ കേരളം മുഴുവൻ ബാധകമായി. ആ ഘട്ടത്തിലാണ് ഇതിലേയ്ക്ക് കടന്നത്. ഇതാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിച്ചത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം ഞാൻ മനസ്സിലാക്കുന്നു. ഈ ബില്ലിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് തുടങ്ങി ഒരു ജില്ലയെയും പരാമർശിച്ചിട്ടില്ല. കേരളത്തിൽ പതിനാല് ജില്ലകളുണ്ട്. അവയുടെയൊന്നും പേരുകൾ ഇതിൽ പരാമർശിച്ചിട്ടില്ല. ഇടുക്കി ജില്ലയുടെ പേരുമാത്രം ബില്ലിൽ എടുത്ത് പറഞ്ഞിരിക്കുന്നതിനാലാണ് ഞാനക്കാര്യം പരാമർശിച്ചതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇടുക്കി ജില്ലയ്ക്കുവേണ്ടിയുള്ള ബിൽ എന്ന നിലയിൽത്തന്നെയാണോ അങ്ങ് ഉറച്ചുനിൽക്കുന്നത്? ഇടുക്കിയിലുണ്ടായ വിഷയങ്ങൾ അവിടെ പരാമർശിച്ചിട്ടുണ്ട്. അത് ബില്ലിൽ തന്നെ പറഞ്ഞല്ലോ? അത് കോടതി വ്യവഹാരത്തിന്റെ ഭാഗമായി വന്നതാണ്. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ 1960-ലെ ആക്ട് അനുസരിച്ച്

കേരളത്തിൽ പട്ടയപ്രകാരം ലഭിച്ച ഭൂമിയിൽ അധിവസിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണമാണ് നമ്മുടെ സഭ ചർച്ച ചെയ്യുന്നത്. അത് സംബന്ധിച്ച് ആശങ്ക വേണ്ട. അതാണ് യഥാർത്ഥ സ്പിരിറ്റ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ ബില്ലിൽ ഇടുക്കി ജില്ലയുടെ പേര് മാത്രം പ്രത്യേകം എടുത്തുപറഞ്ഞതാണ് എന്നെ ഇത് പറയാൻ പ്രേരിപ്പിച്ചത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് തുടങ്ങി മറ്റ് ജില്ലകളുടെ പേര് പറയാതെ ഇടുക്കി ജില്ലയുടെ പേരുമാത്രം പ്രത്യേകം എടുത്തുപറഞ്ഞതുകൊണ്ടാണ് ഞാനങ്ങനെ പറഞ്ഞത്. കേരളത്തിൽ ഇടുക്കിയെ കൂടാതെ പതിമൂന്ന് ജില്ലകൾ വേറെയുമുണ്ട്. ഒരുപക്ഷേ ഇടുക്കിയിലെ ജനത കേരളത്തിലെ മറ്റ് പതിമൂന്ന് ജില്ലകളിലെ ജനങ്ങളേക്കാൾ ഇത്തരം പ്രശ്നങ്ങൾ വളരെ രൂക്ഷമായി അഭിമുഖീകരിക്കുന്ന ആളുകളായിരിക്കും. ആ പ്രശ്നങ്ങളും പരിഹരിക്കണം. ഇടുക്കി ജില്ലയിലേതുപോലെ രൂക്ഷമല്ലെങ്കിലും മറ്റ് ജില്ലകളിലും ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. എന്റെ ജില്ലയിലെ പ്രശ്നം പ്രസംഗത്തിന്റെ ആദ്യഭാഗത്തുതന്നെ പറഞ്ഞു. അവിടെയും വർഷങ്ങൾക്ക് മുമ്പ് ഭൂമി കിട്ടിയ ആളുകളുണ്ട്. അവർ

അവിടെ വീടുവയ്ക്കുകയോ കൃഷി ചെയ്യുകയോ ചെയ്തിട്ടില്ല. ആ സ്ഥലം കൃഷി ചെയ്യാൻ അനുയോജ്യമല്ല. അവർ ആ ഭൂമി ഒരു കാര്യത്തിനും ഉപയോഗിക്കുന്നില്ല. അവിടെ കട നിർമ്മിക്കാനോ മറ്റാവശ്യങ്ങൾക്കോ ആ ഭൂമി ഉപയോഗിക്കാൻ പാടില്ല എന്ന് പറഞ്ഞാൽ അത് അവരോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയായിരിക്കും എന്നതുകൊണ്ട് അക്കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം എന്നാണെനിക്ക് പറയാനുള്ളത്. ഇടുക്കി ജില്ലയിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. വാണിജ്യ സ്ഥാപനങ്ങളും കച്ചവടവും മറ്റ് സംരംഭങ്ങളും തുടങ്ങുന്നതിനുവേണ്ടി ധാരാളം പണം ഇൻവെസ്റ്റ് ചെയ്ത ആളുകളുണ്ടാകും. അവർക്കൊന്നും ആ സംരംഭവുമായി മുന്നോട്ടുപോകാൻ കഴിയില്ലെന്ന് ഒരു സുപ്രഭാതത്തിൽ അവരോട് പറഞ്ഞാൽ അതവർക്ക് സാമ്പത്തിക നഷ്ടം വരുത്തുക മാത്രമല്ല, മാനസികമായും അവർ തകർന്നുപോകും. ആ ഒരവസ്ഥ ഉണ്ടാകാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ ഇതിനെയെല്ലാം ക്രമവൽകരിക്കുകയാണ് എന്നുപറയുന്നു. ഒരു തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, അത് ചെറുതായാലും വലുതായാലും ഇത്തരം കാര്യങ്ങൾക്ക് പിഴയീടാക്കും. അങ്ങനെ പിഴയീടാക്കുമ്പോൾ അത് വലിയൊരു തുകയാകാതിരിക്കാൻ

ശ്രദ്ധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം പത്ത് മിനിറ്റ് കഴിഞ്ഞു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മൾ രണ്ടുപേരുമുൾപ്പെടുന്ന കാസർഗോഡ് ജില്ലയിൽ ഇത്തരം പ്രശ്നങ്ങളുണ്ട് എന്നുള്ളകാര്യം ബഹുമാനപ്പെട്ട ചെയറിനറിയാം. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായും ഇത്തരം കാര്യങ്ങൾ വളരെ നന്നായി മനസ്സിലാക്കി കാര്യങ്ങൾക്ക് പരിഹാരം കാണുന്ന ആളാണ്. ഞാൻ ഇടുക്കി എന്ന് പ്രത്യേകം എടുത്ത് പറയുന്നില്ല, കാസർഗോഡ് അടക്കം കേരളത്തിലെ പതിനാല് ജില്ലകളിൽ നിലവിലുള്ള ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പ്രസ്തുത ബില്ലിന്മേലുള്ള എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ നിയമത്തിൽ നാല് ഭേദഗതികളാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. ഭൂമി പതിച്ചുനൽകിയ ആവശ്യങ്ങൾക്ക് മാത്രമേ

ഉപയോഗിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയുള്ളതിനാൽ ഇതുസംബന്ധിച്ച് നിരവധി വ്യവഹാരങ്ങളും പ്രതിസന്ധിയുമുണ്ടായ സാഹചര്യത്തിൽ പട്ടയ ഭൂമിയിലെ നിർമ്മാണപ്രവൃത്തികൾ ക്രമവൽക്കരിക്കുന്നതിനും പുതിയ നിർമ്മാണപ്രവൃത്തികൾക്ക് അനുമതി നൽകുന്നതും സംബന്ധിച്ചാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കൃഷിക്ക് പട്ടയം ലഭിച്ച ഭൂമിയിൽ വീടുവയ്ക്കുന്നതിനും ഗൃഹനിർമ്മാണത്തിനായി പട്ടയം ലഭിച്ച ഭൂമിയിൽ കടമുറി നിർമ്മിക്കുന്നതിനും കഴിയാത്ത സാഹചര്യമുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പട്ടയഭൂമിയിൽ അത്യാവശ്യ നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. എന്നാൽ അനധികൃത നിർമ്മാണങ്ങളുടെ ക്രമീകരണത്തിനും പുതിയ നിർമ്മാണപ്രവൃത്തികളുടെ അനുമതിക്കുമായി ബില്ലിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യശുദ്ധിക്ക് വിരുദ്ധമായി ദുരുപയോഗപ്പെടുത്താൻ സാധ്യതയുള്ളതിനാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്. നിയമവ്യവസ്ഥയിൽ വ്യക്തത വരുത്തുകയും ചട്ടനിർമ്മാണത്തിൽ സൂക്ഷ്മത പുലർത്തുകയും ചെയ്തില്ലെങ്കിൽ നിയമനിർമ്മാണത്തിന്റെ സദുദ്ദേശ്യം പരാജയപ്പെടാൻ

കാരണമാകുമെന്നതിനാലാണ് ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നത്. 1960-ലെ കേരള സർക്കാർ ഭൂമി പതിച്ചു കൊടുക്കൽ നിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്. വർഷങ്ങളായി കർഷകർ വച്ചുപിടിപ്പിച്ച ഫലവൃക്ഷങ്ങൾപോലും സ്വന്തം ആവശ്യങ്ങൾക്കായി മുറിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. നിലവിൽ സർക്കാർ ഉപയോഗത്തിന് വേണ്ടാത്തതും പല സർക്കാർ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്നതുമായ മുഴുവൻ ഭൂമിയും കണ്ടെത്തി ഭൂരഹിതർക്ക് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾകൂടി സ്വീകരിക്കണം. പതിച്ചുകിട്ടിയ ഭൂമിയിൽ പലതിനും നിലവിൽ കൈമാറ്റം സംഭവിച്ചിട്ടുണ്ട്. പുതുതായി കൈവശം കിട്ടിയ ഭൂവുടമകൾ അവരുടെ സൗകര്യപ്രദമായ കാര്യങ്ങൾക്ക് വളരെ കാലങ്ങളായി ഈ ഭൂമികൾ ഉപയോഗിച്ചുവരികയുമാണ്. പതിച്ചുകിട്ടിയ ഭൂമി വീട് വയ്ക്കാനും കൃഷി ചെയ്യാനും മാത്രമായിട്ടുള്ളതാണെന്ന നിബന്ധന ചട്ടത്തിലുള്ളതിനാൽ ഇത്തരം കൈവശക്കാരെയെല്ലാം നിയമലംഘകരായിട്ടാണ് കണക്കാക്കുന്നത്. ആയതിനാൽ പതിച്ചുകിട്ടിയ സർക്കാർ ഭൂമി കൈമാറി കിട്ടിയവർക്ക് ടി ഭൂമി നിയമപരമായ ഏതാവശ്യത്തിനും

ഉപയോഗിക്കാമെന്ന നിയമഭേദഗതി കൊണ്ടുവരണം. ഇടുക്കി അടക്കമുള്ള കാർഷിക മേഖലകളിലുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് ഈ ബില്ലെന്ന് അവതരണവേളയിൽ ചർച്ചയിൽ പറഞ്ഞു. ജില്ലയിലെ ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ഈ ബില്ലിന് കഴിയില്ലെന്ന് ഇടുക്കിയിലെ കർഷക സംഘങ്ങൾതന്നെ അഭിപ്രായപ്പെടുകയാണ്. റവന്യൂ, നിയമ വകുപ്പുകൾ മാത്രം നിർദ്ദേശിക്കുന്ന ഭേദഗതികളല്ല, കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള നിയമ ഭേദഗതിയാണ് വേണ്ടതെന്നാണ് അവർ ആവശ്യപ്പെടുന്നത്. നിയമ ഭേദഗതിയിൽ സാധാരണക്കാർക്ക് പ്രയോജനകരമായ മാറ്റങ്ങൾ ഉൾക്കൊള്ളിക്കണമെന്നാണ് കർഷകരുടെ ആവശ്യം. നിലവിലുള്ള ഭൂനിയമത്തിലെ 7(3) വകുപ്പുകൾ പ്രകാരം നിയമത്തിൽ മാറ്റം കൊണ്ടുവരുന്നതിന് സർക്കാരിന് സമ്പൂർണ്ണ അധികാരമുണ്ട്. ഈ സാഹചര്യത്തിൽ പുതിയ നിയമം നിർമ്മിക്കുന്നത് സാമ്പത്തിക അജണ്ട മുൻനിർത്തിയാണ്. സാധാരണക്കാരന് തന്റെ ഭൂമി ഏതൊരാവശ്യത്തിനും ഉപയോഗിക്കാൻ സഹായിക്കുന്നതിനല്ല മറിച്ച്, വൻകിടക്കാർ ചട്ടം ലംഘിച്ച് നിർമ്മിച്ച ബഹുനില മന്ദിരങ്ങൾ ഫീസീടാക്കി ക്രമവൽകരിക്കാനാണ്

ഭൂനിയമ ഭേദഗതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് സംശയിക്കുന്നു. മൂന്നാറിലെ കയ്യേറ്റവും കോടതി ഉത്തരവുകളുമാണ് ഭൂനിയമം ഭേദഗതി ചെയ്യാൻ ഇടയാക്കിയതെന്നാണ് വിശദീകരണം. എന്നാൽ സർക്കാർ ഭൂമി കൈയേറിയവർക്കും അനധികൃത നിർമ്മാണങ്ങൾ നടത്തിയവർക്കുമെതിരെ 1957-ലെ ഭൂസംരക്ഷണ നിയമവും 1958-ലെ ഭൂസംരക്ഷണ ചട്ടവുമുപയോഗിച്ച് നടപടിയെടുക്കാൻ സർക്കാരിന് അധികാരമുണ്ട്. 138500 ഏക്കർ വരുന്ന മൂന്നാർ കെ.ഡി.എച്ച്. വില്ലേജിനുവേണ്ടി 1971-ൽ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) ആക്ട് നിയമസഭ പാസാക്കിയിട്ടുണ്ട്. ഈ പ്രത്യേക നിയമത്തിനും ചട്ടത്തിനും കീഴിലുള്ള മൂന്നാർ മേഖലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കാൻ ആ മേഖലയിൽ ബാധകമല്ലാത്ത 1960-ലെ ഭൂനിയമ ഭേദഗതികൊണ്ട് പ്രയോജനമില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ ഒരു വ്യക്തതയ്ക്കുവേണ്ടിയാണ് സംസാരിക്കുന്നത്. അവിടെ നടന്നിട്ടുള്ള കെട്ടിട നിർമ്മാണവും മറ്റ് നിർമ്മിതികളും ക്രമവൽകരിക്കപ്പെടുന്നതിൽ, എല്ലാം ക്രമവൽകരിക്കപ്പെടേണ്ടതില്ല എന്നുള്ളതാണ് ഈ പറഞ്ഞതിന്റെ ലക്ഷ്യം എന്നാണ് ഞാൻ

മനസ്സിലാക്കിയത്. ചെറുതോ വലുതോ എന്നൊന്നും കണക്കാക്കിയല്ല ബില്ലിൽ പരാമർശിച്ചിരിക്കുന്നത്. കേരളത്തിലെവിടെയാണെങ്കിലും അത്തരം നിർമ്മിതികൾ നിയമവിരുദ്ധമാണെന്ന് കണ്ടെത്തിയത് കോടതിയുടെ ഇടപെടലിനെ തുടർന്നാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഈ ഇടപെടലിന്റെ പശ്ചാത്തലത്തിൽ അത്തരം നിർമ്മിതികൾ നിയമവിരുദ്ധമാണ്. അവയെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ആ നിർമ്മിതികൾ ക്രമവൽകരിക്കുക എന്നുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് ഗവൺമെന്റ് ഏറ്റെടുത്തത്. അതിൽ വ്യക്തത വരാതെ സംസാരിച്ചതിനാലാണ് പറയേണ്ടിവന്നത്. അത്തരത്തിൽ എല്ലാം ക്രമവൽകരിക്കേണ്ടതില്ല എന്നുള്ള നിലയിലാണോ സംസാരിച്ചത് എന്ന കാര്യത്തിൽ വ്യക്തതയില്ലാത്തതിനാൽ അക്കാര്യം സൂചിപ്പിച്ചതാണ്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, എല്ലാം ക്രമവൽക്കരിക്കേണ്ടതില്ലെന്നതുകൊണ്ടല്ല, ഇത് മൂന്നാറിനുമാത്രമുള്ള എന്ന രീതിയിൽ പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്. അവിടെ വേറൊരു നിയമം പ്രാബല്യത്തിലുണ്ടെന്നത് കൊണ്ടാണ് സൂചിപ്പിച്ചത്. ചട്ട ഭേദഗതിയിലൂടെ പ്രശ്നം പരിഹരിക്കാമെന്നിരിക്കെ പുതിയ നിയമം

കൊണ്ടുവരാനാണ് സർക്കാർ നീക്കം. എൽ.എ. പട്ടയങ്ങളുമായി ബന്ധപ്പെട്ട് 1964-ലെ 4-ാം ചട്ടവും 1993-ലെ മൂന്നാം ചട്ടവും ഭേദഗതി വരുത്തി കർഷകരെ പിഴിഞ്ഞ് ഖജനാവ് നിറയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർ നൽകുന്ന അപേക്ഷയോടെ അഴിമതിക്ക് തുടക്കമാകും. സർക്കാർ നിർദ്ദേശിച്ച പണമടച്ച് പട്ടയം നേടിയവർ പുതിയ ഭേദഗതി വരുന്നതോടെ ഭൂമിക്കും അതിലെ കെട്ടിടങ്ങൾക്കും വീണ്ടും വൻതുക അടയ്ക്കേണ്ടതായി വരും. ഇത് ഉദ്യോഗസ്ഥ രാഷ്ട്രീയ ഭരണപക്ഷ ഗൂഢാലോചനയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി നാല് വർഷംകൊണ്ട് ഏറ്റവും ശാസ്ത്രീയമായ രീതിയിൽ കേരളത്തെ പൂർണ്ണമായും ഡിജിറ്റലായി സർവ്വേ ചെയ്ത് കൃത്യമായ റിക്കാർഡുകൾ തയ്യാറാക്കണമെന്നാണ് സർക്കാർ തീരുമാനം. എന്നാൽ ഡിജിറ്റൽ സർവ്വേയ്ക്കായി വാങ്ങിയ ഉപകരണങ്ങൾ പലതും നിലവാരം കുറഞ്ഞവയാണെന്നും ഗുണനിലവാരമില്ലാത്തതുമാണെന്ന ആക്ഷേപങ്ങളുമുണ്ട്. ഇതിനാൽതന്നെ ഡിജിറ്റൽ സർവ്വേ കാര്യമായി പുരോഗമിക്കുന്നില്ല. കേവലം പതിനഞ്ച് പഞ്ചായത്തുകളിൽ മാത്രമാണ് ഇതുവരെ ഇത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വെള്ളം നനഞ്ഞാലും

പ്രവർത്തിക്കുമെന്ന് ഉറപ്പുനൽകി വിതരണം ചെയ്ത ടാബുകൾ മഴക്കാലത്ത് ഉപയോഗിക്കാനാകാത്ത സ്ഥിതിയിലാണ്. 1550 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്താൻ 807.99 കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ ആസൂത്രണം ചെയ്തത്. സർവ്വേ മൂന്ന് വർഷവും എട്ട് മാസവുമെടുത്ത് പൂർത്തിയാക്കുമെന്നായിരുന്നു തീരുമാനം. ഇതിന്റെ ആദ്യഘട്ടമായാണ് 343.65 കോടി രൂപയ്ക്ക് Hexagon Geosystems India Private Limited എന്ന കമ്പനിക്ക് കരാർ നൽകിയത്. കരാർ പ്രകാരമുള്ള ഉപകരണങ്ങൾ കമ്പനി സർവ്വേ വകുപ്പിന് കൈമാറിയെങ്കിലും ഇവയിൽ മിക്കതും കൃത്യതയോടെയും പൂർണ്ണശേഷിയോടെയും പ്രവർത്തിക്കുന്നില്ല. ദർഘാസ് പുറപ്പെടുവിക്കാതെയാണ് കമ്പനിക്ക് കരാർ നൽകിയത്. ഇത് മറികടക്കാൻ സർക്കാർ സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവ് നൽകി. ദർഘാസിൽ പങ്കെടുത്ത സ്ഥാപനത്തിൽനിന്നുതന്നെ ഉപകരണങ്ങൾ വാങ്ങാൻ വഴിയൊരുക്കി പ്രത്യേക ഉത്തരവുമിറക്കി. 700 Robotic Total Station machines, 1000 Real Time Kinematic waver machines, 1700 Tablet Personal Computers എന്നിവ നൽകണമെന്നായിരുന്നു കരാർ. കരാറിൽ ഒരിടത്തും ഉപകരണങ്ങളുടെ വിവരണമോ ഗുണനിലവാരമോ കമ്പനിയുടെ

പേരോ ഉൾപ്പെടുത്തിയിരുന്നില്ല. ഇത് മുതലെടുത്താണ് ഗുണനിലവാരം കുറഞ്ഞ ഉപകരണങ്ങൾ വിതരണം ചെയ്തത്. ഗുണനിലവാരമില്ലെങ്കിൽ പണം തിരിച്ചുപിടിക്കാനുള്ള വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തിയിരുന്നില്ല. കരാർ കമ്പനിക്ക് പണം എത്രയും വേഗം ഉറപ്പാക്കാനായി മൂന്ന് ദിവസത്തിനകം 70 ശതമാനം പണവും ഒരു മാസത്തിനുള്ളിൽ മുഴുവൻ പണവും നൽകണമെന്നുള്ള വ്യവസ്ഥയും ഉൾപ്പെടുത്തുകയും ചെയ്തു. ടെൻഡർ സംബന്ധിച്ച് ഇംഗ്ലീഷ് ദിനപത്രത്തിൽ സാങ്കേതിക കാരണത്താൽ പരസ്യം നൽകിയില്ല എന്നും വ്യാപകമായ പ്രചാരണം ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചിരുന്നുവെന്നും ടെൻഡർ നടത്തിയാലും കൂടുതൽ കമ്പനികൾ പങ്കെടുക്കുവാൻ സാധ്യതയില്ല എന്നുമുള്ള സർവ്വേ ഓഫ് ഇന്ത്യ ഡയറക്ടറുടെ അറിയിപ്പും സർക്കാർ അനുമതിയും ഉള്ളതിനാലാണ് രണ്ട് കമ്പനികളെ മാത്രം ഉൾപ്പെടുത്തി മുന്നോട്ടുപോയത് എന്നൊക്കെയാണ് സർവ്വേ വകുപ്പിന്റെ വിചിത്ര വാദങ്ങൾ. ഇതിൽനിന്ന് കാര്യങ്ങൾ വ്യക്തമാണ്. 1960-ൽ പട്ടം താണുപിള്ള സർക്കാരിന്റെ കാലത്ത് റവന്യൂ ഭൂമി പതിച്ചുനൽകുന്നതിനായി കൊണ്ടുവന്നതാണ് ഭൂപതിവ് നിയമം. എന്നാൽ 1964-ൽ ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഭൂപതിവ് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നത്.

ഭൂപതിവ് ചട്ടം 4-ൽ ഭൂവിനിയോഗം കൃഷിക്കും വീടുനിർമ്മാണത്തിനും മാത്രമെന്ന് വ്യവസ്ഥ ചെയ്തു. 1960-ലെ ഭൂപതിവ് നിയമം ഭേദഗതി ചെയ്യുന്നതിലൂടെ ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് പിഴ ഈടാക്കി ക്രമവത്ക്കരിച്ച് നൽകാനാകും. എന്നാൽ 1964-ലെ ഭൂപതിവ് ചട്ടം 24 പ്രകാരം നിയമത്തിൽ ഏത് തരത്തിലുള്ള ഭേദഗതിക്കും സർക്കാരിന് പൂർണ്ണ അധികാരമുണ്ടെന്നിരിക്കെ ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത് സംശയത്തോടുകൂടിമാത്രമേ കാണാൻ കഴിയൂ. ഭൂപതിവ് ചട്ടം 4-ൽ ഭൂവിനിയോഗം കൃഷിക്കും വീടിനും എന്നതിനുപകരം ഏത് ആവശ്യത്തിനും എന്ന് ഭേദഗതി ചെയ്യുകയും ഇതിന് മുൻകാല പ്രാബല്യം നൽകുകയും ചെയ്താൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നാണ് നിയമ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. ആറ് പതിറ്റാണ്ട് മുൻപ് കൊണ്ടുവന്ന നിയമത്തിന്റെ പേരിൽ പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ച സാധാരണക്കാർ ഇപ്പോൾ പിഴ കൊടുക്കേണ്ടി വരുന്നത് അംഗീകരിക്കാനാകില്ല. സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഖജനാവിലേയ്ക്ക് പണമെത്തിക്കാനുള്ള നീക്കമാണിതെന്ന് സംശയിക്കുന്നു. ഇതുപോലെ കഴിഞ്ഞ നെൽവയൽ

തണ്ണീർത്തട സംരക്ഷണ നിയമത്തിലും കോടിക്കണക്കിന് രൂപ സർക്കാർ ഖജനാവിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നീക്കങ്ങളാണ് നടത്തിയത്. മൂന്ന് തലമുറകളിലായി ഈ ഭൂമിയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന സാധാരണക്കാരായ ജനങ്ങളിൽനിന്നും ലക്ഷക്കണക്കിന് രൂപ പിഴ ഈടാക്കാനായുള്ള ഒരു ഗൂഢനീക്കമായിട്ടാണ് ഈ നിയമഭേദഗതിയെ ഞങ്ങൾ കാണുന്നത്. ഇക്കാരണത്താൽ ഈ ബില്ലിനോടുള്ള എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ വിയോജനപ്രസംഗം നടത്തിക്കൊണ്ട് ശ്രീ. എൻ. എ. നെല്ലിക്കുന്നും ശ്രീ. സനീഷ്കുമാർ ജോസഫും സംസാരിക്കുകയുണ്ടായി. അഭിവന്ദ്യനായ എൻ. എ. നെല്ലിക്കുന്ന് നല്ലൊരു ആശങ്കയാണ് ഇവിടെ പങ്കുവച്ചത്. ഇങ്ങനെയൊരു നിയമമുണ്ടായാൽ ഇത് ദുരുപയോഗപ്പെടുത്താനുള്ള സാധ്യതയുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞത്.

അതുപോലെതന്നെ ശ്രീ. സനീഷ്കുമാർ ജോസഫും അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പിൽ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ട്. പണം അടിച്ചുമാറ്റാൻ ഉപയോഗിക്കാൻ പറ്റാവുന്ന ഒരു ഭേദഗതിയായി ഇത് മാറുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇവർ രണ്ടുപേരുടെയും ആശങ്കയുടെ അടിസ്ഥാനമെന്നുപറയുന്നത് ഒറ്റക്കാര്യമാണ്, അത് പക്ഷെ ഒരിക്കലും നടക്കാത്തതുമാണ്. അതെന്താണെന്നാൽ ഇവിടെ ഭരണമാറ്റമുണ്ടാകുമെന്നും യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഈ ബിൽ ഉപയോഗപ്പെടുത്തി ദുരുപയോഗപ്പെടുത്തലും പണം അടിച്ചുമാറ്റലുമെല്ലാം നടത്തും എന്നുമുള്ള ആശങ്കയാണ് അവർ പങ്കുവച്ചത് എന്ന് ഞാൻ കരുതിയാൽ അത് വെറുതെയല്ല..., എഴുതാപ്പുറം വായിക്കുകയല്ല, ബഹുമാനപ്പെട്ട അംഗം അനുഭവത്തിൽ നിന്നാണ് പറഞ്ഞത് എന്നതിന് നിരവധി തെളിവുകൾ ഈ കേരളത്തിന്റെ ചരിത്രത്തിലുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇത്തരത്തിൽ പട്ടയം നൽകുന്നതുമായും ഭൂമി കൊടുക്കുന്നതുമായും ബന്ധപ്പെട്ട് ഒരുപാട് തട്ടിപ്പുകൾ നടന്നത് ഈ സഭയിൽതന്നെ നമ്മൾ ഒരു ഘട്ടത്തിൽ ചർച്ച നടത്തിയതാണ്. 2011-16 ഭരണകാലയളവിലെ അവസാന നാല് മാസക്കാലത്ത് നടന്ന കടുംവെട്ട് ഈ നാട്ടിലെ എല്ലാ മാധ്യമങ്ങളും

പരസ്യമായ ചർച്ചയ്ക്ക് വിധേയമാക്കിയ സംഗതിയാണ്. 2500 ഏക്കർ ഭൂമിയാണ് അന്ന് വൻകിടക്കാർക്ക് പതിച്ചുനൽകിയത്. അതുകൊണ്ടാണ് ഇനി അധികാരത്തിൽ വന്നാൽ അവർ ഈ നിയമം ഉപയോഗപ്പെടുത്തുമോ എന്ന് ആശങ്ക പ്രകടിപ്പിക്കുന്നത്. 2016 ജനുവരി 1-നുശേഷം നിയമവിരുദ്ധമായ നൂറിലേറെ ഭൂമി കൈമാറ്റമാണ് ആ ഭരണകാലത്ത് നടന്നതെന്ന് രേഖയുണ്ട്. പത്തനംതിട്ടയിലെ അടൂരിൽ പെരിങ്ങനാട് വില്ലേജിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി ഏറ്റെടുത്തിരുന്ന 187.07 ഹെക്ടർ ഭൂമി പഴയ ഭൂവുടമകൾക്ക് തിരിച്ചുനൽകി തട്ടിപ്പ് നടത്തിയ അന്നത്തെ കഥകൾ നാട്ടിലെല്ലാം പാട്ടാണ്. അടൂരിൽ പ്രകാശം പരത്തുമെന്ന് പറഞ്ഞുവന്ന യു.ഡി.എഫ്. ഭരണാധികാരികളാണ് ആ കാര്യങ്ങൾക്ക് നേതൃത്വം കൊടുത്തത്. അന്ന് ആ ഭരണകൂടം പറഞ്ഞത് അത്തരത്തിൽ ഈ ഭൂമി വൻകിടക്കാർക്ക് പതിച്ചുനൽകിയാൽ അവർ ഭൂരഹിതരായ കേരളീയർക്കുവേണ്ടി പാലക്കാട് ഇരട്ടി ഭൂമി നൽകും എന്ന ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട് എന്നാണ്. ഞാൻ പാലക്കാട് ജില്ലയിലെ ആലത്തൂരിനെ പ്രതിനിധീകരിക്കുന്ന ആളാണ്. അത്തരമൊരു കരാറിന്റെ അടിസ്ഥാനത്തിൽ ഒരു സെന്റ് ഭൂമി പോലും ഈ കേരളത്തിന് ലഭിച്ചിട്ടില്ല എന്ന് നമുക്ക്

അറിയാൻ സാധിക്കും. അതാണ് അവരുടെ പ്രാക്ടീസ് എന്നുപറയുന്നത്. അതുകൊണ്ടാണ് അവർ ഭയപ്പെടുന്നത്. അതുപോലെ ഇപ്പോൾ രവീന്ദ്രൻ എന്നുപറയുന്ന റവന്യൂ ഉദ്യോഗസ്ഥൻ നൽകിയ പട്ടയവുമായി ബന്ധപ്പെട്ട് അനധികൃത പട്ടയങ്ങളെ റദ്ദാക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ അതിലും ഇവർ വലിയ ആശങ്ക രേഖപ്പെടുത്തി. കാരണം അവരുടെ ആശങ്ക വേറൊന്നുമല്ല. ഇതുപോലെയുള്ള പരിശോധന വന്നാൽ തങ്ങൾ നടത്തിയ കച്ചവടമെല്ലാം തിരിച്ച് പിടിക്കുമോ എന്നുള്ള ആശങ്കയാണ്. അതുകൊണ്ട് ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ രവീന്ദ്രൻ പട്ടയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എന്തെങ്കിലും വിശദാംശം കൂടി പറയുന്നത് നന്നായിരിക്കും എന്ന അഭിപ്രായമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

ഈ നിയമം വളരെ സുവ്യക്തവും ഈ ഭേദഗതി വളരെ പ്രധാനപ്പെട്ടതുമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിച്ചതുപോലെ ഹൈക്കോടതി വിധി വരുന്നു, സുപ്രീംകോടതി അത് ശരിവയ്ക്കുന്ന സാഹചര്യത്തിൽ പൊതുവായി ഈ കേരളത്തിലെ പട്ടയഭൂമിയെല്ലാം ഈ ദുരിതം ഏറ്റുവാങ്ങേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ആ പട്ടയഭൂമിയിൽ ഒരു തരത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ

കഴിയാത്ത ഒരു അവസ്ഥാവിശേഷം വരികയാണ്. അവർക്ക് ജീവിക്കാൻ കഴിയില്ല. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഒരു പ്രത്യേക സന്ദർഭത്തിൽ ഒരു ഭൂമി ഒരു കാര്യത്തിനുവേണ്ടി കൊടുത്താൽ ആ ഭൂമിയിൽ ആധുനിക കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയണ്ടേ? അത് കൊണ്ടുവരാൻ കഴിയാത്ത അവസ്ഥാവിശേഷം ഇന്ന് നിലനിൽക്കുകയാണ്. അതാണ് നിയമപ്രശ്നമായി നിൽക്കുന്നത്. അത് മറികടക്കാനാണ് ഈ ക്രമവൽക്കരിക്കൽ. രണ്ട് പ്രധാനപ്പെട്ട ഭേദഗതികളാണ് ഈ ബില്ലിന്റെ ഭാഗമായി വരുന്നത്. പതിച്ചുകൊടുത്ത ഭൂമിയിൽ നാളിതുവരെ നടത്തിയിട്ടുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ചുനൽകാൻ സർക്കാരിന് അധികാരം നൽകൽ. ഇതിൽ സർക്കാരിന് ഇപ്പോൾ അധികാരമില്ല, അതാണ് മുഖ്യ പ്രശ്നം. ഇതുവരെ യാതൊരു വ്യവസ്ഥാലംഘനങ്ങളും നടത്തിയിട്ടില്ലെങ്കിലും ഭൂമി പതിച്ചുകൊടുത്ത ആവശ്യത്തിനല്ലാതെ മറ്റാവശ്യത്തിന് വിനിയോഗിക്കാൻ അനുവാദം നൽകാൻ സർക്കാരിന് അധികാരം നൽകുകയാണ്. അന്ന് നെൽകൃഷിക്കോ കപ്പകൃഷിക്കോ ആണ് ഭൂമി കൊടുത്തിട്ടുണ്ടെങ്കിൽ ഇന്ന് ആധുനിക കാലത്തുള്ള കൃഷി ആരംഭിക്കണമെങ്കിൽ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കഴിയാത്ത

അവസ്ഥാവിശേഷമാണുള്ളത്. ഒരു സംവിധാനവും അവിടെ ഏർപ്പെടുത്താൻ കഴിയില്ല. അവിടെ വിദ്യാലയങ്ങൾ, ആശുപത്രികൾ, മതസ്ഥാപനങ്ങൾ, പൊതുസേവനത്തിനുള്ള കേന്ദ്രങ്ങൾ എന്നിവയൊന്നും വേണ്ടെന്ന് വയ്ക്കാൻ പറ്റുമോ? അവിടത്തെ ജനങ്ങൾക്കാവശ്യമായ ഈ സേവനങ്ങൾ ആ പട്ടയഭൂമികളിൽ മാത്രമേ സ്ഥാപിക്കാൻ കഴിയൂ. അങ്ങനെ സ്ഥാപിച്ചെടുത്ത ഇത്രയും പ്രധാനപ്പെട്ട ഈ സ്ഥാപനങ്ങളെല്ലാം സാധൂകരിച്ചുകൊടുക്കുന്നതായാണ് ഇത് വരുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ ബില്ലിന്റെ ചർച്ചാവേളയിലുണ്ടായ ചില പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മെമ്പറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. കഴിഞ്ഞ കാലങ്ങളിലൊക്കെ നടന്ന നിയമനിർമ്മാണങ്ങളിൽ ബിൽ ചർച്ച ചെയ്യപ്പെടുന്ന സമയത്തുണ്ടാകാവുന്ന ആശങ്കകളിൽനിന്നും വ്യത്യസ്തമായി സാമ്പത്തികമായ ആക്ഷേപങ്ങളും അഴിമതിക്ക് രൂപപ്പെടാവുന്ന വിഷയങ്ങളുമെല്ലാം ഇവിടെ സൂചിപ്പിച്ചു. ഇതിനാധാരമായ വിഷയം ഭരണ-പ്രതിപക്ഷ അംഗങ്ങൾക്കെല്ലാം അറിയാവുന്ന വിഷയങ്ങളാണ്. ഇടുക്കി എന്ന വാക്ക് ഉന്നയിക്കുമ്പോൾ, ഒരുപക്ഷെ ഏറ്റവും കൂടുതൽ ഇത്തരം പട്ടയങ്ങൾ ലഭിച്ചിട്ടുള്ള ജില്ല

ഇടുക്കിയായിരിക്കും. 1964-ലെയും 1993-ലെയും ചട്ടങ്ങൾ പ്രകാരം ലഭിച്ച ഭൂമിയിൽ കൃഷിയും ഭവനനിർമ്മാണവും അതോടൊപ്പംതന്നെ അനുബന്ധമായ ഭൂമിയുടെ ഗുണപരമായ ഉപയോഗവും ഷോപ്പ് നിർമ്മാണവുമാണ് ഉദ്ദേശിക്കുന്നത്. അതിവിടെ സംസാരിച്ചു. അതിന്റെ ഭാഗമായി വന്ന പ്രശ്നങ്ങൾ മാറ്റുകയെന്നുള്ളത് അനിവാര്യമാണ്. ഞാൻ ഇതിനുവേണ്ടി സമരം നടത്തിയിട്ടുണ്ട്. ഇടുക്കിയിലെ എല്ലാ ജനവിഭാഗങ്ങളും എല്ലാ പൊളിറ്റിക്കൽ പാർട്ടികളും സമരം നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സർവ്വകക്ഷി യോഗത്തിലും അന്ന് പങ്കെടുത്തിട്ടുള്ള ഇരുമുന്നണികളുടെയും നേതാക്കൾ പറഞ്ഞത് ഈ നിയമത്തിൽ ഭേദഗതി വരുത്തണമെന്നുതന്നെയാണ്. ഇത് രൂപപ്പെടുത്താൻ ഇച്ഛാശക്തി കാണിച്ചത് ഈ സർക്കാരാണ്. ഇതിനകത്തെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമെന്താണെന്നാൽ, ബഹുമാനപ്പെട്ട സുപ്രീം കോടതി തന്നെയാണ് ഈ വിഷയത്തിൽ ഇടപെടുകയും സംസാരിക്കുകയും ചെയ്തത്. ഭൂവുടമകളുടെ പട്ടയം റദ്ദ് ചെയ്യണമെന്ന പരാമർശം വരെ കോടതി നടത്തുകയുണ്ടായി. എന്ത് ആവശ്യത്തിനുവേണ്ടിയാണോ ഭൂമി കൊടുത്തത് ആ ആവശ്യത്തിനുവേണ്ടി ഉപയോഗിച്ചില്ലെങ്കിൽ പട്ടയംവരെ റദ്ദാക്കേണ്ടി വരും. അതോടൊപ്പംതന്നെ, സർക്കാർ ഈ വിഷയത്തിലിടപെട്ട് 1960-ലെ

ആക്ടിലും അനുബന്ധ ചട്ടങ്ങളിലും സമഗ്രമായ ഭേദഗതി വരുത്തി ക്രമവൽക്കരിച്ച് നിയമമുണ്ടാക്കാണമെന്ന് 2019-ൽ കോടതി സർക്കാരിന് നിർദ്ദേശം നൽകി. ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞ നിർദ്ദേശംകൂടി പാലിച്ചുകൊണ്ട് ഇത്തരത്തിലുള്ളൊരു നിയമനിർമ്മാണം നടക്കുന്ന സമയത്ത് ഇതിന്റെ പൊതുസ്പിരിറ്റ് ഉൾക്കൊള്ളണം. ഇതിന് മറ്റൊരു രാഷ്ട്രീയ കാഴ്ചപ്പാടല്ല ആവശ്യം. ചട്ടങ്ങൾ വരുന്ന സമയത്ത് എന്തെങ്കിലും മാറ്റങ്ങൾ അനുവർത്തിക്കാൻ കഴിയുമെങ്കിൽ അതൊക്കെ പറയാനുള്ള അവസരവും സാഹചര്യവുമുണ്ടെന്നിരിക്കെ ഈ ബില്ലിന്റെ ആത്മാവിനെ ഉൾക്കൊള്ളണമെന്ന വിനയപൂർവ്വമായ ഒരപേക്ഷയാണുള്ളത്. മറ്റ് തർക്കങ്ങൾക്കോ സംവാദങ്ങൾക്കോവേണ്ടിയല്ല എല്ലാവരും ഉൾക്കൊള്ളുന്ന ഒരു തത്വം ഈ നിയമഭേദഗതിയിലുണ്ടാകേണ്ടതാണെന്നുള്ള പൊതുതാൽപ്പര്യത്തെ മുൻനിർത്തിയാണ്. അതുൾക്കൊണ്ട് സംസാരിക്കുകയല്ലേ ഉചിതമെന്നുള്ള കാര്യം മെമ്പറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, തീർച്ചയായും. ബഹുമാനപ്പെട്ട മന്ത്രി അതിന്റെ സാമൂഹ്യപശ്ചാത്തലം വിശദീകരിച്ചതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. കെ. ഡി. പ്രസേനൻ എനിക്ക് വളരെ ഇഷ്ടപ്പെട്ട ആളാണ്. കെ. ഡി. എന്ന പേരിനോട് മാത്രമേ എനിക്ക് അഭിപ്രായ വ്യത്യാസമുള്ളൂ. ആരാണ് ഇവിടെ പ്രശ്നമുണ്ടാക്കിയിട്ടുള്ളത്; ഞങ്ങൾ എന്തോ ചെയ്തു മട്ടിലാണ് ശ്രീ. റോഷി അഗസ്റ്റിന്റെ സംസാരം. ഇവിടെ അച്യുതാനന്ദൻ ഗവൺമെന്റാണ് ഇടുക്കിയിലെ ഭൂപ്രശ്നങ്ങളെ കൂടുതൽ വഷളാക്കിയതെന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണ്. അന്ന് നമ്മളെല്ലാവരും ഒരുമിച്ച് പോരാടിയ ആളുകളാണ്. ആരാണ് മൂന്നാറിൽ പ്രശ്നമുണ്ടാക്കിയത്? ആരാണ് മൂന്നാറിലെ ആളുകളെ കുടിയിറക്കിയത്? ഒരിക്കലും യു.ഡി.എഫ്. ഗവൺമെന്റ് ഇടുക്കിയിലെ കർഷകർക്കെതിരായി ഒരു പ്രതികാരനടപടിയും സ്വീകരിച്ചിട്ടില്ല. ഞങ്ങളെന്നും അവരോടൊപ്പമായിരുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഞാൻ അങ്ങനെ സംസാരിച്ചില്ല. അതിനാൽ തെറ്റിദ്ധാരണയുണ്ടാകരുത്. കോൺഗ്രസ്സോ, സി.പി.ഐ.(എം.)-ഓ, കേരള കോൺഗ്രസ്സോ, ലീഗോ എന്നുള്ളതല്ല വിഷയം. ഇടുക്കിയിലെ മുഴുവൻ ജനങ്ങളും രാഷ്ട്രീയ പാർട്ടികളും ഈ നിയമനിർമ്മാണത്തിനോട് യോജിച്ച് നിൽക്കുന്നവരാണ്. പക്ഷെ ഈ ബിൽ

കത്തിക്കുകയും ബില്ലിന്റെ ആത്മാവിനെ പെരുവഴിയിൽവച്ച് ചോദ്യം ചെയ്യപ്പെടുകയും ചെയ്തുവെന്നുള്ള സത്യം ബാക്കി നിൽക്കുന്നുണ്ട്. ആ ബില്ലിന്റെ അന്തസത്ത ഉൾക്കൊള്ളണമായിരുന്നു. ആ ബില്ലിനെ പെരുവഴിയിൽ കത്തിക്കുകയും ഇപ്പോൾ നിയമസഭയിൽ അത് അംഗീകരിക്കില്ലെന്ന് പറയുകയും ചെയ്യുന്നത് ശരിയല്ലെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

മി. സ്പീക്കർ: കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ചർച്ചയ്ക്കെടുക്കേണ്ടതിനാൽ 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബില്ലിന്മേലുള്ള ചർച്ച തൽക്കാലം നിർത്തിവയ്ക്കുകയാണ്. ശ്രീ. കെ. ഡി. പ്രസേനന് കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിനുശേഷം അങ്ങയുടെ ഡിസ്കഷൻ കൺക്ലൂഡ് ചെയ്യാം.

(നിയമനിർമ്മാണകാര്യം തുടർച്ച.....)

(ശ്രീ. കെ. ഡി. പ്രസേനൻ തുടർച്ച..)

ശ്രീ. കെ. ഡി. പ്രസേനൻ: മലയോര കർഷകർക്കും കേരളത്തിലെ പട്ടയം ലഭിച്ച മറ്റ് പൊതുജനങ്ങൾക്കും ഏറെ ഗുണകരമാകുന്ന ഭേദഗതിയാണിതെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇടുക്കിയെന്ന്

കേൾക്കുമ്പോൾ ബേജാറാകേണ്ട ഒരു കാര്യവുമില്ല. മലയോര കർഷകർ, കുടിയേറ്റ കർഷകർ, ഈ നാടിനുവേണ്ടി പോരടിച്ചവർ, ഏറ്റവും കൂടുതൽ താമസിക്കുന്ന ഒരു ജില്ലയാണ് ഇടുക്കി. നമ്മുടെ നാട് കൊടും പട്ടിണിയിൽകിടന്ന ഒരു സാമൂഹിക അന്തരീക്ഷമാണ് പണ്ട് ഉണ്ടായിരുന്നതെന്ന് എല്ലാവർക്കുമറിയാം. അന്നത്തെ കാലത്ത് ഭക്ഷ്യക്ഷാമത്തിന്റെ കൊടുംവറുതിയിൽ, നാടിന്റേയും അന്നത്തെ രാജഭരണത്തിന്റേയും പിന്നീടുവന്ന ജനകീയ ഭരണകൂടത്തിന്റേയുമൊക്കെ അഭ്യർത്ഥന മാനിച്ച് ഈ നാടിനുവേണ്ടി ഭക്ഷണം തേടി, ഭക്ഷണം ഉല്പാദിപ്പിക്കുന്നതിനുവേണ്ടി കാട് കയറിയവരാണ് നമ്മുടെ കുടിയേറ്റ കർഷകർ. മലകയറി, കൊടുംകാടിനകത്ത് ചെന്ന് കാട്ടുമൃഗങ്ങളെയും മഹാമാരികളേയുമെല്ലാം മറികടന്നാണ് നമ്മുടെ വിശപ്പകറ്റുന്നതിനുവേണ്ടി വീറോടെ അവർ പൊരുതിനിന്നത്. അത്തരത്തിലുള്ള മലയോര കർഷകരായ കുടിയേറ്റ കേരളീയരോട് നിങ്ങൾ ഭക്ഷ്യധാന്യ ഉല്പാദനം മാത്രമല്ല, രാജ്യത്തിന് സമ്പത്ത് ലഭിക്കുന്നതിനുവേണ്ടി നാണ്യവിളകളും സുഗന്ധവ്യഞ്ജനങ്ങളും  ഉല്പാദിപ്പിക്കാൻ കൊടുംകാട്ടിൽ എല്ലാം മറികടന്ന് പ്രവർത്തിക്കണമെന്ന് പിന്നീടൊരു ഘട്ടത്തിൽ രാജ്യത്തിനുവേണ്ടിതന്നെ

അഭ്യർത്ഥന നടത്തി. ആ അഭ്യർത്ഥന കേരളത്തിനുവേണ്ടി സ്വീകരിച്ച് നടപ്പാക്കിയത് ഇടുക്കിയിലെ കുടിയേറ്റ കർഷകരാണ്, കേരളത്തിലെ മലയോര കർഷകരാണ്. അവരോട് നന്ദി പ്രകടിപ്പിക്കാൻ ലഭിക്കുന്ന ഏറ്റവും നല്ല അസുലഭ സന്ദർഭമായി ഞാനീ ബില്ലിനെ കാണുകയാണ്. അല്ലെങ്കിൽ ഈ നാട് ചെയ്യുന്നത് എത്രുവലിയ നന്ദികേടായി മാറും; ഇത്രയധികം ത്യാഗം സഹിച്ചവർ, തങ്ങളുടെ വീടും കുടുംബവുമെല്ലാം ഉപേക്ഷിച്ച് പോകേണ്ടിവന്നവർ, എത്രയോ മലയോര/കുടിയേറ്റ കർഷകർക്ക് മലയിടുക്കുകളിൽ പട്ടിണി കിടന്ന് മരിക്കേണ്ടിവന്നിട്ടുണ്ട്; വിവിധ മഹാമാരികൾക്കിടയിലും, അവർക്ക് ജീവശ്വാസംപോലും ലഭിക്കാത്ത അന്തരീക്ഷത്തിലും ഈ നാടിനുവേണ്ടി, ഈ നാടിന്റെ വറുതി മാറ്റുന്നതിനുവേണ്ടി പോരാട്ടം നടത്തിയവരാണ് കുടിയറ്റ/മലയോരകർഷകർ.

<u>ശ്രീ. എ. രാജ</u>: സർ, പ്രസ്തുത ബിൽ നിയമഭേദഗതി ചെയ്യുമ്പോൾ, ഇടുക്കി ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ ടി ബില്ലിനെ ഏറ്റവും കൂടുതൽ സ്വാഗതം ചെയ്യുന്ന ഒരാളാണ് ഞാൻ. 1960-ൽ കൊണ്ടുവന്ന നിയമമാണ്. അന്ന് ഈ നിയമം കൊണ്ടുവരുമ്പോൾ കേരളത്തിൽ അധികാരത്തിലിരുന്നത് കോൺഗ്രസ്സാണ്. ആറ് പതിറ്റാണ്ടുകളായി

പരിഹരിക്കാൻ കഴിയാത്ത ഒരു പ്രതിസന്ധിയാണ് പ്രസ്തുത നിയമഭേദഗതിയിലൂടെ ഇന്ന് പരിഹരിക്കുന്നത്. 1964-ൽ ചട്ടം(4) അനുസരിച്ച് കൃഷിക്കും വീട് വയ്ക്കുന്നതിനുമാണ് ഭൂമി പതിച്ചുകൊടുക്കുന്നത്. എന്നാൽ കുറച്ചുമുമ്പ് സംസാരിച്ച അംഗങ്ങളെല്ലാം സൂചിപ്പിച്ചത് ഇത് മൂന്നാറിലെ ചില കയ്യേറ്റ വിഷയങ്ങൾ തീർക്കുന്നതിന് വേണ്ടിയാണെന്നതാണ്. ദൗർഭാഗ്യവശാൽ 2007-ലും 2010-ലും ബഹു.ഹൈക്കോടതിയിൽ ചില കേസുകൾ പരിഗണിക്കുമ്പോൾ, അത് മൂന്നാറുമായി ബന്ധപ്പെട്ട കേസുകളായി വന്നപ്പോഴാണ്, പ്രസ്തുത വിഷയങ്ങൾ പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞത്. ഇടുക്കി ജില്ലയെ സംബന്ധിച്ച് അവിടെയുള്ള ആളുകൾക്ക് ഏക അഭിപ്രായമാണ്. 1964-ലെയും 1993-ലെയും നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കഴിഞ്ഞ മാസം വരെയും കോൺഗ്രസ്സുകാർ സമരം ചെയ്തുകൊണ്ടിരുന്നത്. ഇടതുപക്ഷജനാധിപത്യ സർക്കാരിന്റെ തെരെഞ്ഞെടുപ്പ് വാഗ്ദാനം കൂടിയായിരുന്നു ഈ നിയമം ഭേദഗതി ചെയ്യുമെന്നുള്ളത്. ഭേദഗതി ചെയ്യുമെന്ന നില വന്നപ്പോൾ, ഒരിക്കലും ഭേദഗതി ചെയ്യരുതെന്ന അഭിപ്രായവുമായി അവർ

മുന്നോട്ടുവന്നിരിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇടുക്കി ജില്ലയിലെ പ്രശ്നങ്ങളെല്ലാമുണ്ടാക്കിയത് ഇടതുപക്ഷ സർക്കാരാണെന്നാണ് മുൻ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത്. ഇടുക്കി ജില്ലയിലെ കർഷകരെയും സാധാരണക്കാരായ ആളുകളേയും മൂന്നാർ അടക്കമുള്ള സ്ഥലങ്ങളിലെ ആളുകളെയും ചേർത്തുപിടിച്ചത് ഇടതുപക്ഷ സർക്കാരാണ്. (...മൈക്ക് ഓഫ്...)

മി. ചെയർമാൻ: യെസ്... ശ്രീ. കെ. ഡി. പ്രസേനൻ.. അങ്ങേയ്ക്ക് തുടർന്ന് സംസാരിക്കാം.

ശ്രീ. എ. രാജ: സർ, വാണിജ്യസ്ഥാപനങ്ങളും ആരാധനാലയങ്ങളും ഉയർന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കാലാകാലങ്ങളിൽ മനുഷ്യന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും (...മൈക്ക് ഓഫ്..) ......... നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ ഇവിടെ പ്രതിപാദിച്ചതെല്ലാം ഇതിൽ കൂട്ടിച്ചേർക്കേണ്ടതാണ്. ഞാൻ പറഞ്ഞുവന്നതും അതുതന്നെയാണ്. ഇടുക്കി ജില്ലയിലെ മലയോര കർഷകർ എന്ന് കേൾക്കുമ്പോഴേയ്ക്കും പ്രതിപക്ഷത്തിന് ഇത്രയധികം

വിറളിപിടിക്കേണ്ട കാര്യമില്ല. നിങ്ങൾക്ക് സീറ്റ് നഷ്ടപ്പെട്ടെന്ന് പറയുന്നത് ശരിയാണ്. എന്തിനാണ് ആ പാവങ്ങളെ കുടിയിറക്കാൻവേണ്ടി നിങ്ങൾ ടി ഭേദഗതി ബില്ലിനെ മറികടക്കാൻ/തടയാൻ ശ്രമിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ജന്മിത്ത കാലഘട്ടത്തിൽ ജന്മി കുടിയാനെ കുടിയൊഴിപ്പിച്ച് ഇറക്കിവിട്ടതുപോലെ ആധുനികകാലത്ത് കേരളത്തിൽ കുടിയേറ്റ കർഷകരെ കുടിയിറക്കാൻ ആര് പരിശ്രമിച്ചാലും അത് സമ്മതിക്കില്ലെന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപനമാണ് ടി ഭേദഗതി ബില്ലെന്ന് ഞാൻ പറയുകയാണ്. ഇവിടെ എല്ലാ കാലത്തും ഇടതുപക്ഷവും കമ്മ്യൂണിസ്റ്റുകാരും മനുഷ്യന്റെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലപാടെടുത്ത ചരിത്രമാണുള്ളത്. എല്ലാകാലത്തും ഇടതുപക്ഷത്തിന്റെ/കമ്മ്യൂണിസ്റ്റുകാരുടെ നിലപാടിലൂടെയാണ് മഹാഭൂരിപക്ഷം വരുന്ന കേരളീയർക്ക് മണ്ണിന്റെ അവകാശം ലഭിച്ചതെന്ന് അറിയാത്തവർ ആരുമില്ല. അത് കേരളത്തിന്റെ വികസന ചരിത്രത്തിലെ അവിസ്മരണീയമായ അതിജീവന പോരാട്ടങ്ങളുടെകൂടി ചരിത്രമാണെന്ന് കാണാൻ കഴിയും. സാമൂഹിക രംഗത്ത് ജാതീയതയും സാമ്പത്തിക രംഗത്ത് ജന്മിത്തവും രാഷ്ട്രീയ രംഗത്ത് നാടുവാഴിത്തവും ആധിപത്യം

പുലർത്തിയിരുന്ന ഒരു സാമൂഹിക അവസ്ഥയായിരുന്നു കേരളത്തിലുണ്ടായിരുന്നതെന്ന് ഒരു ഘട്ടത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞിരുന്നു. കേരളീയ സമൂഹത്തെ സംബന്ധിച്ച കൃത്യമായ നിർവ്വചനം പറഞ്ഞത് അദ്ദേഹമാണ്. അതിന്റെയെല്ലാം ഭൗതിക അടിത്തറയായി അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഭൂമിക്കുമേലുള്ള ആധിപത്യത്തെ സംബന്ധിച്ചാണ്. ഈ അടിത്തറ തകർത്ത് ഭൂബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റം സാധ്യമാക്കിയത് ഭൂരഹിതരായിരുന്ന കർഷകത്തൊഴിലാളികളുടെ പോരാട്ടവും കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ സർക്കാരുകളുടെ നിലപാടുകളുമായിരുന്നു. ഞങ്ങൾ ഏതുബിൽ കൊണ്ടുവരുന്നതും ഭേദഗതി കൊണ്ടുവരുന്നതും സാധാരണക്കാരായ, പാവപ്പെട്ട, നിർദ്ധനരായ മനുഷ്യർക്കുവേണ്ടിയാണ്. അല്ലാതെ നിങ്ങളിവിടെ വിയോജനക്കുറിപ്പിൽ അവതരിപ്പിക്കുന്നതുപോലെ ഏതെങ്കിലും സമ്പന്നവർഗ്ഗത്തിനുവേണ്ടിയല്ല എന്ന് ബോധ്യപ്പെടേണ്ടതുണ്ട്. അത് കേരളാ ചരിത്രത്തിന്റെ ഭാഗമാണ്. 1957-ലെ പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാർ ഏപ്രിൽ 5-ന് അധികാരം ഏറ്റെടുത്തു. കൃത്യം 5 ദിവസം പിന്നിട്ട് ആറാമത്തെ ദിവസം ഏപ്രിൽ 11-നാണ് കുടിയൊഴിപ്പിക്കൽ തടഞ്ഞുകൊണ്ടുള്ള ഓർഡിനൻസ്

പുറത്തിറക്കിയത്. ജന്മിത്തത്തിന്റെ അടിത്തറ തകർത്ത ഒരു മഹാസ്ഫോടനമായിരുന്നു അത്. പ്രപഞ്ച വിസ്ഫോടനം നടന്നതുപോലുള്ള ഒരു സ്ഫോടനമാണ്. കേരളീയ മാനവീകതയ്ക്ക് സമൂഹത്തിനകത്ത് നടന്ന ഏറ്റവും ഉജ്ജ്വലമായൊരു പ്രകടനം. കേരളം കമ്മ്യൂണിസ്റ്റുകാർ ഭരിച്ചിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു ഈ നാടിന്റെ സ്ഥിതി; മഹാഭൂരിപക്ഷം വരുന്ന മലയാളികളും ഇന്നും അശരണരായ മനുഷ്യരെപ്പോലെ അലയുമായിരുന്നു. ഈ സഭയിലിരിക്കുന്നവരുടെ ഭൂരിപക്ഷം പേർ മാത്രമല്ല, ഈ നാട്ടിലെ മഹാഭൂരിപക്ഷം വരുന്ന മനുഷ്യരുടെ പൂർവ്വീകർ, അപ്പനപ്പൂപ്പന്മാർ, അവരുടെയെല്ലാം നിർദ്ധനമായ, അടിമ സമാനമായ ജീവിതങ്ങൾ, അതെല്ലാം കേൾക്കാത്തവരാണോ നമ്മൾ; ആ ചരിത്രം പഠിക്കാത്തവരാണോ നമ്മൾ? ആ ചരിത്രം മാറ്റുന്നതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ, കമ്മ്യൂണിസ്റ്റ് സർക്കാരുകൾ, കമ്മ്യൂണിസ്റ്റ് പോരാളികൾ, കർഷകർ, തൊഴിലാളികൾ, വർഗ്ഗപോരാളികൾ തുടങ്ങി എല്ലാവരും നടത്തിയ പോരാട്ടം നമ്മൾ വിസ്മരിക്കാൻ പാടില്ല. കേരളത്തിലെ മലയാളികളുടെ മാനവും അഭിമാനവും മാനംമുട്ടെ ലഭിച്ചതും തന്റേടിയായി മലയാളി മാറിയതും എപ്പോഴാണ്; തന്റേതായ ഇടം

മലയാളിക്ക് ലഭിച്ചപ്പോഴാണ്. സ്വന്തമായി ഇടമുണ്ടെന്ന് പറയാൻ കഴിയുന്നൊരു സാമൂഹിക അവസ്ഥ ഉണ്ടായപ്പോഴാണ് മലയാളി ഈ ലോകം കണ്ട ഏറ്റവും വലിയ തന്റേടിയായ മനുഷ്യരായി മാറിയത്. കമ്മ്യൂണിസ്റ്റ് ഭരണകാലത്താണ് ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത്. അതാണ് ആധുനിക കേരളത്തിലെ കുതിപ്പിന്റെ അടിസ്ഥാനമെന്നും എല്ലാവർക്കുമറിയാം. കേരളത്തിന്റെ സ്ഥിതിയെ സംബന്ധിച്ച് സാംസ്കാരിക രംഗത്ത്, പൂർവ്വകാലത്ത് അവതരിപ്പിച്ചിരുന്ന പാട്ടുകളിലെന്താണ് പ്രതിപാദിച്ചിരുന്നത്;

'പാമ്പുകൾക്കു മാളമുണ്ട് പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രനു തല ചായ്ക്കാൻ മണ്ണിലിടമില്ലാ...മണ്ണിലിടമില്ലാ..'

എന്ന് പാടി നടന്ന ഒരു സാമൂഹിക കാലഘട്ടം. 1957-നുശേഷം വന്ന കേരളത്തിലെ സാംസ്കാരിക പ്രവർത്തകർ.. സിനിമാ പ്രവർത്തകർ.. അവർ പാട്ടുമാറ്റി. അവർ പറയുന്നു.

'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു

നാഴിയിടങ്ങഴിമണ്ണുണ്ട് - ഒരുനാഴിയിടങ്ങഴി മണ്ണുണ്ട്

അതിൽ നാരായണക്കിളിക്കൂടു പോലുള്ളൊരു

നാലു കാലോലപ്പുരയുണ്ട്..' എന്ന പാട്ടിലേയ്ക്ക് മാറി. ആ നാലു കാലോലപ്പുരയിൽ നിന്ന് നാലുചുമരും കോൺക്രീറ്റ് മേൽക്കൂരയുമുള്ള നാലുലക്ഷം വീട് പണിതുകൊടുത്ത സർക്കാരാണ് ഇന്നത്തെ പിണറായി സർക്കാർ. അതുകൊണ്ടുതന്നെ നവീന കേരളം ഭരിക്കുന്നത് കമ്മ്യൂണിസ്റ്റുകാരാണ്.

മി. ചെയർമാൻ: യെസ്... ബഹുമാനപ്പെട്ട അംഗം പ്രസംഗം അവസാനിപ്പിക്കണം...

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ചുരുക്കുകയാണ്. ആധുനിക ലോകത്തിന് വിസ്മയം നൽകിക്കൊണ്ട് കേരളം തല ഉയർത്തിപ്പിടിക്കുകയാണ്. ദരിദ്രകോടി മനുഷ്യർ അധിവസിക്കുന്ന ഇന്ത്യയുടെ തെക്കേമൂലയിലെ താമസക്കാർ വികസിത രാജ്യങ്ങളിലെ ജീവിത സൗഭാഗ്യങ്ങൾ സ്വായത്തമാക്കിയതും സ്വപ്നലോകത്തിലെ സ്വർഗ്ഗരാജ്യത്തിന് തുല്യമായ ദൈവത്തിന്റെ സ്വന്തം നാടായി കേരളത്തെ മാറ്റിയതും ഇടതുപക്ഷത്തിന്റെ കയ്യൊപ്പ് ചാർത്തിയ പോരാട്ടവും നിയമനിർമ്മാണങ്ങളുമാണെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാനീ ഭേദഗതി ബില്ലിനെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1964-ലെ ഭൂപതിവ് നിയമത്തിലെ റൂൾസിലുള്ള രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഞാൻ ഒരു ജില്ലയ്ക്കുവേണ്ടിയോ പ്രദേശത്തിനുവേണ്ടിയോ അല്ല സംസാരിക്കുന്നത്. കേരളത്തിന്റെ വികസനത്തിനുവേണ്ടി എങ്ങനെ നിയമത്തെ പര്യാപ്തമാക്കിയെടുക്കാമെന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. ഈ റൂൾസിലെ ഭേദഗതിയിൽ, സെക്ഷൻ 3-ൽ "Assignment of Government land" എന്ന കൃത്യമായ വകുപ്പുണ്ട്. സമയച്ചുരുക്കംകൊണ്ട് ഞാൻ അത് പൂർണ്ണമായി വായിക്കുന്നില്ല. അതോടൊപ്പംതന്നെ ഈ ആക്ടിൽ സെക്ഷൻ 4-ൽ "Purpose for which land may be assigned" എന്നും പറയുന്നുണ്ട്. ഈ രണ്ട് വകുപ്പുകളിലെ അമെന്റ്മെന്റാണ് യഥാർത്ഥത്തിൽ പുതിയ ഭൂപതിവ് ഭേദഗതി നിയമമെന്നൊരു മട്ടിൽ ഇവിടെ ചിലയാളുകൾ കണ്ടതെന്നുള്ളത് അന്ധൻ ആനയെ കണ്ടതുപോലെയാണെന്ന് ഞാൻ

പറയുന്നതേയില്ല, പക്ഷേ സത്യമതാണ്. നമുക്ക് സമഗ്രമായ ഒരു ഭൂനിയമം വേണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇടുക്കി ജില്ലയെ കണ്ടുകൊണ്ടാണ് ഗവൺമെന്റ് ഇത് ചെയ്തതെങ്കിൽ ഞങ്ങൾ നൂറുശതമാനവും അതിനെ സ്വാഗതം ചെയ്യുകയാണ്. കാരണം ഇടുക്കി ജില്ലയിലെ പാവപ്പെട്ട കർഷകന് അവൻ കിടക്കുന്ന ഭൂമിയുടെ മേൽ ഉടമസ്ഥാവകാശം കിട്ടണമെന്നും അവിടെ ഇരുപത്തിയഞ്ചുസെന്റ് സ്ഥലം വീടിനൊപ്പം കിട്ടണമെന്നുള്ളതും ഞങ്ങളുടെ കാലാകാലമായ ആഗ്രഹത്തിന്റെയും ആവശ്യത്തിന്റെയും ഭാഗമായി നിലനിൽക്കുകയാണ്. 1964-ലെ നിയമം വരുന്നകാലത്ത് കേരളത്തിൽ ആരുടെ ഭരണമായിരുന്നുവെന്ന് ഞാൻ പറയേണ്ട കാര്യമില്ലല്ലോ? അന്ന് ആർ. ശങ്കർ-ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണ് കേരളത്തിലുള്ളത്. അതിന്റെ പശ്ചാത്തലം ഞാൻ പറയേണ്ടതില്ല. 1957-ലെ ഗവൺമെന്റ് ഓർഡറിനെക്കുറിച്ച് പറഞ്ഞു. കുടികിടപ്പവകാശം സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ട്, ഉത്തരവിന്റെ കോപ്പി അങ്ങേയ്ക്ക് വേണമെങ്കിൽ ഞാൻ നൽകാം. ഞങ്ങളുടെ പ്രിയപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിലും ഉണ്ടാകും. അതിനുശേഷം കേരളത്തിൽ സമഗ്രമായ ഭൂപരിഷ്കരണ ഭേദഗതി നിയമം കൊണ്ടുവന്നത് പി. ടി. ചാക്കോ

ആണ്; ശ്രീ. റോഷി അഗസ്റ്റിൻപോലും അത് മറന്നുപോയിയെന്നുള്ളതാണ് വാസ്തവം. ഇപ്പോഴത്തെ അവസ്ഥയിൽ അതിനെക്കുറിച്ച് നല്ലൊരുവാക്ക് പറഞ്ഞാൽ ദോഷമാകുമോയെന്നുള്ള ഭയപ്പാടുകൊണ്ടാവാം പറയാത്തത്. ഇതിന്റെ പശ്ചാത്തലം നോക്കിയാൽ കേരളത്തിന്റെ ഭൂപരിഷ്കരണത്തിന് വേണ്ടിയെടുത്തിട്ടുള്ള നടപടികളുണ്ടെന്ന് റവന്യൂ വകുപ്പുമന്ത്രി സമ്മതിക്കുമല്ലോ. ഒന്ന്, 1963-ലെ ആക്ട്, അത് പ്രിന്റ് ചെയ്ത് വന്നപ്പോൾ നോട്ടിഫിക്കേഷനിൽ 1964-ലെ ആക്ട് ആയിട്ടാണ് വന്നത്. അതിനുശേഷം 1970-ലെ നിയമത്തിൽ അങ്ങയുടെ പാർട്ടിക്കും അതിൽ പങ്കുണ്ട്, അങ്ങയുടെ പാർട്ടിയിലെ സി. അച്യുതമേനോൻ ആയിരുന്നു അന്ന് ചീഫ് മിനിസ്റ്റർ. ഇതിനുമുമ്പ് ഞങ്ങളുടെ പാർട്ടിക്കുള്ള പങ്കോ പി. ടി. ചാക്കോയുടെയും ആർ. ശങ്കർ മന്ത്രിസഭയുടെയുമുള്ള പങ്കോ നമുക്ക് കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. ചരിത്രം ഉരുണ്ടുകൊണ്ടേയിരിക്കുന്നു. അതിനെ ഒരിടത്തും നമുക്ക് ചവിട്ടി നിർത്താൻ കഴിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. മൂന്നാറിൽ കുഴപ്പമുണ്ടാക്കിയത് ഞങ്ങളാണോയെന്ന് നേരത്തെ ഇവിടെ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചല്ലോ; നമ്മുടെ പ്രിയപ്പെട്ട ശ്രീ. എം. എം. മണി ഇവിടെയുണ്ടല്ലോ? അദ്ദേഹത്തിന്റെ പഴയ

പ്രസ്താവനകൾ എന്റെ ഓർമ്മയിലുണ്ട്. എന്തുപറഞ്ഞാലും അങ്ങ് ഒരു ശുദ്ധഗതിക്കാരനും വെട്ടിത്തുറന്ന് പറയുന്ന ആളുമാണെന്ന വിലയിരുത്തലാണ് എനിക്കുള്ളത്. മൂന്ന് പൂച്ചകൾ വന്നുണ്ടാക്കിയ കുഴപ്പത്തെക്കുറിച്ച് നിങ്ങൾതന്നെ അന്ന് പറഞ്ഞത് ഞങ്ങൾക്ക് മറക്കാൻ കഴിയുമോ; അതുകൊണ്ട് മൂന്നാർ മാത്രം കണ്ടുകൊണ്ടോ അല്ലെങ്കിൽ മൂന്നാറിൽ ചെന്നെത്തിയ ആളുകൾ സമ്പന്നന്മാർ ആയിമാറിയെന്നുള്ളതുകൊണ്ടോ ഇടുക്കിയിലെ മുഴുവൻ കർഷകപ്രശ്നങ്ങളും അവസാനിച്ചുവെന്നൊരു നിലപാട് എടുക്കാൻ കഴിയുമോ? ചിന്നക്കനാലിലോ മറ്റുപ്രദേശങ്ങളിലോ മലയോരമേഖലയിലോ നമ്മുടെ കർഷകർ അനുഭവിക്കുന്ന വേദനയും ദുഃഖവും നമുക്ക് മറക്കാൻ കഴിയില്ല. അതുപറഞ്ഞുവരുമ്പോഴാണ് ഇടുക്കിക്കുവേണ്ടി അനുവദിച്ച പതിനായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കാതെ ഫയലിൽ മടക്കിവച്ചതിനെക്കുറിച്ച് ഞങ്ങൾ ഓർമ്മിപ്പിച്ചത്. ഇതൊന്നും നിങ്ങളെ വേദനിപ്പിക്കാനോ ദുഃഖിപ്പിക്കാനോ പറയുന്നതല്ല. പക്ഷേ പഴയ ചരിത്രം നമുക്ക് മറക്കാൻ കഴിയുമോ? അത്തരം ചരിത്രമാണ് കേരളത്തിലുള്ളത്. കേരളത്തിലെ ഭൂപരിഷ്കരണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ, ലക്ഷം വീട്

കോളനികളെക്കുറിച്ച് അങ്ങേയ്ക്ക് അറിയാമല്ലോ; എം. എൻ. ഗോവിന്ദൻ നായരുടെ കാലത്താണ് ലക്ഷം വീട് കോളനികൾ ആരംഭിച്ചത്. അന്നത്തെ മുഖ്യമന്ത്രി ആരായിരുന്നുവെന്ന് അങ്ങേയ്ക്കറിയില്ലേ; ആ പേര് ഇപ്പോൾ പറഞ്ഞാൽ ചിലപ്പോൾ ഗുഡ് ബുക്കിൽനിന്ന് പേര് പോകും, അതുകൊണ്ട് അങ്ങ് ഇപ്പോൾ പറയില്ല. എന്നാലും പ്രതിപക്ഷധർമ്മമെന്നുള്ള നിലയിൽ എനിക്കത് ഓർമ്മിപ്പിക്കാതിരിക്കാൻ കഴിയില്ല. ലക്ഷം വീട് കോളനിയിൽ പട്ടയം കൊടുക്കാത്ത എത്രയോ വീടുകൾ ഇന്നും കേരളത്തിൽ നിൽക്കുന്നുവെന്നുള്ള സത്യം നമുക്ക് മറക്കാൻ പറ്റുമോ? ലക്ഷം വീട് കോളനിയിൽ നാല് സെന്റ് വച്ച് നമ്മൾ വീതിച്ചുകൊടുത്തു. പക്ഷേ, അവർക്ക് ശവമടക്കാൻപോലുമുള്ള സ്ഥലമില്ല, വീട്ടിനകത്ത് ശവക്കുഴിതോണ്ടി അവിടെ ഗൃഹനാഥനെ കുഴിച്ചിടുന്ന പ്രാകൃതരൂപം ഇന്നും കേരളത്തിൽ നിലനിൽക്കുന്നുവെന്നുള്ള സത്യം അങ്ങേയ്ക്ക് മറക്കാൻ പറ്റുമോ; അത് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ? കേരളം മുഴുവൻ വ്യാപകമാകുന്ന ഒരു പുതിയ നിയമത്തെക്കുറിച്ച് അങ്ങ് സ്വപ്നം കാണുമ്പോൾ ആ സ്വപ്നത്തിൽ ഇതുപോലുള്ള ദുഃസ്വപ്നങ്ങൾകൂടി നിൽക്കുന്നുവെന്നത് ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. അവർക്ക് പട്ടയം കൊടുക്കണ്ടേ?

നമ്മുടെ കടലോരമേഖലയിൽ പണിയെടുത്ത് ജീവിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാൻ കഴിയുന്നുണ്ടോ; നിങ്ങൾ പണം അനുവദിക്കാത്തതുകൊണ്ടല്ല, അനുവദിച്ച പണം ഭൂമിയിൽ ചെലവാക്കാൻ കഴിയില്ല. ഒരു വശത്ത് C.R.Z(Coastal Regulation Zone). കാരണം അവർക്ക് അവിടെ പണിയെടുക്കാനോ വീട് നിർമ്മിക്കാനോ കഴിയുന്നില്ല. ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ. ഇവിടെയുണ്ടോയെന്നറിയില്ല, വീട് വയ്ക്കാൻ കഴിയാതെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ അവിടെ വേദന അനുഭവിച്ച് ജീവിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അദ്ദേഹത്തിനറിയാം. കേരളത്തിന്റെ സമഗ്രമായ ഭൂപരിഷ്കരണത്തെക്കുറിച്ചാണ് ഈ അമെന്റ്മെന്റിൽ ആലോചിക്കുന്നതെങ്കിൽ ആ പാവപ്പെട്ടവരെക്കുറിച്ച് ഒരു നിമിഷം ...

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അങ്ങയെപോലെ വളരെ പ്രഗത്ഭനായ പാർലമെന്റേറിയനെ, പറഞ്ഞുകൊണ്ടിരിക്കുന്നതിലെ തെറ്റ് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഇടപ്പെടുന്നത്. അങ്ങ് ഭൂപതിവ് നിയമത്തിൽനിന്നും ഭൂപരിഷ്കരണ നിയമത്തിലേയ്ക്കാണ് സംസാരിച്ചുപോകുന്നത്. അങ്ങ്

തെറ്റിദ്ധരിച്ചതായിരിക്കില്ല, കൂട്ടത്തിൽ പറഞ്ഞതായിരിക്കുമെന്നറിയാം. എങ്കിലും നമ്മൾ ചർച്ച ചെയ്യുന്നത് ഭൂപതിവ് നിയമത്തെക്കുറിച്ചാണ്. ഭൂപരിഷ്കരണ നിയമത്തെക്കുറിച്ച് നേരത്തെ നമ്മൾ ചർച്ച ചെയ്തതാണ്. ഇപ്പോൾ ചർച്ച ചെയ്യുന്നത് 1960-ലെ ഭൂപതിവ് നിയമത്തെക്കുറിച്ചാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലക്ഷം വീട് കോളനിയിലെ പാവങ്ങൾക്ക് പട്ടയം കൊടുക്കണമെന്നുള്ളത് ഭൂപതിവ് നിയമത്തിൽപ്പെട്ടതല്ലേ; അത് ഭൂപതിവ് നിയമമാണോ ഭൂപരിഷ്കരണ ഭേദഗതി നിയമമാണോ? അങ്ങ് ഇതിനെക്കുറിച്ച് നന്നായി പഠിക്കുന്ന വ്യക്തിയാണ്. പക്ഷേ ഇക്കാര്യത്തിൽ ചെറിയൊരു പിശക് പറ്റി, അങ്ങ് തിരുത്തിയാൽ മതി. ഞാൻ പറഞ്ഞുവരുന്നത് നമ്മുടെ കടലോരമേഖലയിലെ ആളുകളെ സംബന്ധിച്ചുള്ളത് ഭൂപരിഷ്കരണ നിയമമല്ല, ഭൂപതിവ് നിയമമാണ്. അവർക്ക് ഭൂമി നൽകാത്തതുകൊണ്ടാണ്. ലൈഫ് പദ്ധതിക്കുവേണ്ടി നാലുലക്ഷം രൂപയല്ലേ കൊടുക്കാനായി തീരുമാനമെടുത്തത്. പക്ഷേ അവർ എവിടെ വീട് വയ്ക്കാനാണ്; ഭൂമി ഉണ്ടാകണ്ടേ; അതിന് പട്ടയം കിട്ടണ്ടേ; പട്ടയം ലഭിക്കാതെ അവർ എങ്ങനെ വീട് വയ്ക്കും; സ്വർഗ്ഗത്തിൽകൊണ്ട് വീടുവച്ചശേഷം ഇവിടെ മണ്ണിൽ അതിനുവേണ്ടി കാത്തിരുന്നാൽ മതിയോ?

ഭൂപതിവ് നിയമത്തിലെ അപാകതകളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. സ്വതസിദ്ധമായ അങ്ങയുടെ സാമർത്ഥ്യംകൊണ്ട് വിഷയം മാറ്റാൻ ശ്രമിച്ചു. എന്നാലും അങ്ങ് നല്ലൊരു മന്ത്രിയായതുകൊണ്ട് ഞാനത് വിട്ടുകളയുകയാണ്. കനാൽ പുറമ്പോക്കിലുള്ള ആളുകളെക്കുറിച്ച് ഞാൻ പറയാം. ഞാൻ പ്രതിനിധാനം ചെയ്യുന്ന അടൂർ നിയോജകമണ്ഡലത്തിൽ അങ്ങ് ഇടയ്ക്കിടയ്ക്ക് പോകാറുണ്ട്. അവിടെ വലത് കനാൽ - ഇടത് കനാൽ പുറമ്പോക്കിൽ ജീവിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുമോ, ഇല്ലല്ലോ? പട്ടയം കിട്ടുന്നതിനുവേണ്ടി അവർ കാത്തിരിക്കുകയാണ്, ആ വിഷയം ഭൂപതിവുമായി ബന്ധപ്പെട്ടതല്ലേ. അവർക്ക് വീട് വയ്ക്കാൻ നിവൃത്തിയില്ല. പക്ഷേ ഭൂമി വെറുതെ കിടക്കുകയാണ്. ഞാൻ വേണമെങ്കിൽ ചെളിക്കുഴി അടക്കമുള്ള അവിടുത്തെ ഓരോ പ്രദേശത്തിന്റെയും പേര് പറയാം. പക്ഷേ അവർക്ക് ഭൂമിക്ക് ഉടമസ്ഥാവകാശമില്ല. അതില്ലാത്തതുകൊണ്ട് അവർക്ക് വീട് വയ്ക്കാൻ സാധിക്കുന്നില്ല. എന്നാൽ ഭൂമി അവിടെ കിടക്കുകയാണ്. അപ്പോൾ ഞാൻ പറയുന്നു, CRZ-ഉം മത്സ്യത്തൊഴിലാളികളുടെ വിഷമവും കനാൽ പുറമ്പോക്കും തോടിന്റെ പുറമ്പോക്കും ഇതുപോലെതന്നെയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കോട്ടയം പുത്തൻതോട് എന്ന തോടിന്റെ

കരയിൽ അമ്പത് വർഷമായി താമസിക്കുന്ന ആളുകൾക്കുവേണ്ടി ഞാൻതന്നെ അങ്ങയ്ക്ക് നിവേദനം തന്നിട്ടുണ്ട്. അവർക്ക് എന്നാണ് പട്ടയം കിട്ടുന്നതെന്നുംനോക്കി മുപ്പത്തിയെട്ടാളുകൾ കാത്തിരിക്കുകയാണ്. അത് കൊടുക്കുന്നതിനുവേണ്ടി എന്തെങ്കിലും ഒരു നടപടി എടുക്കരുതോ; നിയമത്തിൽ തടസ്സമില്ലെങ്കിൽ എന്തുകൊണ്ട് ചെയ്തുകൊടുക്കുന്നില്ല; അത് ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതല്ലേ? അതിനെക്കുറിച്ച് നമ്മൾ ആലോചിക്കുന്നില്ല. ഭൂരഹിതരായ ഒരു ലക്ഷം പേർക്ക് മൂന്നുസെന്റ് ഭൂമിവീതം നൽകുന്ന ഭൂരഹിത കേരളം പദ്ധതി ഞാൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ചതാണ്. ആ വകുപ്പിൽനിന്ന് ഞാൻ മാറിയപ്പോൾ ശ്രീ. അടൂർ പ്രകാശ് പദ്ധതി ഭംഗിയായി മുന്നോട്ടുകൊണ്ടുപോയി. ഭൂരഹിതരായ കേരളം നമ്മുടെ സ്വപ്നമാണ്. കേരളത്തിൽ ഭൂമിയുമായി ബന്ധപ്പെട്ട് തീവ്രസമരങ്ങളാണ് നടന്നിട്ടുള്ളത്. 'നമ്മളുകൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ....' എന്നു പാടിയ പാട്ട്, അതിനെത്തുടർന്നുണ്ടായ സമരങ്ങളും കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളികൾ നടത്തിയ മുന്നേറ്റവുമടക്കം ഏറ്റവുമവസാനം ളാഹ ഗോപാലന്റെ നേതൃത്വത്തിൽ നടന്ന സമരവുമെല്ലാം ഭൂമിക്ക്

വേണ്ടിയുള്ളതായിരുന്നു. ആ ഭൂമിക്കുവേണ്ടിയുള്ള സമരത്തിന് പരിഹാരമുണ്ടാക്കാൻ നമ്മുടെ കയ്യിൽ ഭൂമിയുണ്ട്. ചില തോട്ടങ്ങളിൽ നമുക്ക് ഭൂമിയുണ്ട്. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ലാൻഡ് ബോർഡിനെക്കുറിച്ച് പറഞ്ഞു. ലാൻഡ് ബോർഡിന് ചെയർമാനില്ലാത്തതുകൊണ്ട് അഞ്ചര ലക്ഷത്തോളം ഏക്കർ ഭൂമി പാവപ്പെട്ട ആളുകൾക്ക് നൽകാൻ കഴിയുന്നില്ലെന്നും തീരുമാനമെടുക്കാൻ സാധിക്കുന്നില്ലെന്നുമാണ് വൈത്തിരി താലൂക്ക് ലാൻഡ് ബോർഡിൽ നിന്നും അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട അങ്ങ് ഇന്നലെ സംസാരിച്ചപ്പോൾ വൈത്തിരി ലാൻഡ് ബോർഡിനെക്കുറിച്ച് പറഞ്ഞില്ല. അഞ്ചര ലക്ഷത്തിലധികം ഭൂമി തീർപ്പുകൽപ്പിക്കാതെ കിടക്കുകയാണ്. അതിന് ഇനിയെങ്കിലും തീർപ്പുകൽപ്പിച്ചുകൂടേ; പണ്ട് നിങ്ങൾ റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്നില്ലേ; എന്തുകൊണ്ടാണ് ചെയ്യാത്തതെന്ന് ഞാൻ ഇരുന്നതിനുശേഷം അങ്ങേയ്ക്ക് വേണമെങ്കിൽ ഒരു മറുചോദ്യം ചോദിക്കാം. ഇവിടെ തർക്കമാണ് നടക്കുന്നത്, അങ്ങോട്ട് ഒരു ചോദ്യം ചോദിക്കുമ്പോൾ ഇങ്ങോട്ട് വേറൊരു ചോദ്യം ചോദിക്കുന്നു. ബാറ്റിംഗ് ആൻഡ് ബൗളിംഗ്, അതാണ് നടക്കുന്നത്. ക്രിക്കറ്റല്ല, ഇത് മനുഷ്യജീവിതമാണ്. മനുഷ്യ

ജീവിതമെന്നുള്ള നിലയിൽ ഈ ജീവിതത്തെ കാണാൻ തയ്യാറാകണ്ടേ; ഇന്നും എനിക്കറിയാം, ളാഹ ഗോപാലന്റെ നേതൃത്വത്തിൽ നടന്ന സമരത്തെത്തുടർന്നാണ് സ്വർഗ്ഗത്തോടടുത്ത്, ഒരു കുന്നിന്റെ നെറുകയിൽ ഭൂമി നൽകിയത്. പ്രിയപ്പെട്ട ശ്രീ. പി. ജെ. ജോസഫിന് അക്കാര്യം അറിയാം. ആ ഭൂമിയിൽ കയറണമെങ്കിൽ നാല് ഗോവണി വച്ചുകെട്ടണം. അവരെയെങ്കിലും മാറ്റിപ്പാർപ്പിക്കാമോ; ഭൂപതിവ് ചട്ടമനുസരിച്ച് അവർക്ക് എവിടെയെങ്കിലും ഭൂമി കണ്ടെത്തി നൽകിക്കൂടെ; അങ്ങ് ഒന്നും ചെയ്തില്ല എന്നല്ല അതിനർത്ഥം. കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ അതൊക്കെ കേരളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധത്തിൽ പ്രാപ്തമായ രൂപത്തിലേയ്ക്ക് വന്നില്ലെന്നുള്ളതാണ് എന്റെ പരാതി. അതുണ്ടാകണം.

ഇവിടെ ഷോ അല്ല വേണ്ടത്. മൂന്നാറിൽ മൂന്ന് പൂച്ചകൾ ചെന്ന് ബഹളമൊക്കെ ഉണ്ടാക്കി. പൂച്ചകളെ ഇപ്പോൾ കാണാനേയില്ല. പകലാകുമ്പോൾ ഏതെങ്കിലും മൂലയിലേയ്ക്ക് ഒതുങ്ങിക്കൂടുക എന്നതാണ് പൂച്ചകളുടെ സ്വഭാവം. ഇപ്പോഴും പകലായി അത് നിൽക്കുകയാണ്. അതുകൊണ്ട് പൂച്ച ഒതുങ്ങിയിരിക്കുകയാണ്. പൂച്ച ഇനി പുറത്തുചാടണമെങ്കിൽ അതിന്റെ കണ്ണ് തുറക്കണം, സന്ധ്യ മയങ്ങണം. മൂന്ന്

പൂച്ചകളെ കൊണ്ടുപോയത് എവിടെപ്പോയി; അവിടത്തെ പ്രശ്നം എന്തുകൊണ്ട് പരിഹരിക്കപ്പെട്ടില്ല; ആ പാവപ്പെട്ടവരുടെ കൃഷിയിടങ്ങൾ എന്തുകൊണ്ട് നേരെചൊവ്വെ സംരക്ഷിച്ച് നൽകാൻ സാധിക്കുന്നില്ല; ഈ ഭേദഗതിയിൽ ഒരു വാക്കുകൂടി ചേർത്താൽ ഈ പ്രശ്നങ്ങളൊക്കെ തീരും. ഒന്ന്, അവിടെയുള്ളവരുടെ സ്വത്തുക്കൾക്ക് മതിയായ ലൈസൻസ് നൽകുന്നതിന് തുക തീരുമാനിക്കുന്ന ഒരു വകുപ്പുണ്ട്. ഈ തുക തീരുമാനിക്കാനുള്ള അധികാരം ആർക്കാണ്; അങ്ങ് ആ അധികാരം എടുത്തോ; അങ്ങയെ ഞങ്ങൾക്ക് വിശ്വാസമാണ്.

മി. ചെയർമാൻ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ പ്രസംഗം ചുരുക്കണം. വളരെയധികം സമയമെടുത്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തുക തീരുമാനിക്കുന്ന കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട അങ്ങ് ഇടപെട്ടത് എനിക്ക് വലിയ സങ്കടമായിപ്പോയി. തുകയുടെ കാര്യംപറഞ്ഞ് ആളുകളെ വട്ടം കറക്കുകയാണ്. തുക തീരുമാനിക്കുന്ന കാര്യം പറയുമ്പോൾ ദയവായി അങ്ങ് ഇടപെടരുത്, അങ്ങയെ എനിക്കറിയാം, രണ്ട് മിനിട്ട് കഴിഞ്ഞ് ഇടപെട്ടോളൂ. തുക തീരുമാനിക്കുന്നതിനുള്ള വകുപ്പ് മാറ്റണമെന്നാണ് ഞാൻ പറയുന്നത്.

അത് പ്രത്യേകമായി, സുതാര്യമായി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒരു കാലത്ത് മലമ്പനിയോടും മറ്റുവിഷമങ്ങളോടും മല്ലടിച്ച് വന്നിട്ടുള്ള പാവപ്പെട്ട കൃഷിക്കാരെ ഇനിയും കുത്തിദ്രോഹിക്കാനോ വേദനിപ്പിക്കാനോ തയ്യാറാകരുത്. അവരുടെ പ്രശ്നങ്ങൾ മനുഷ്യത്വത്തോടെ കാണണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇപ്പോൾ ഇവിടെ നടക്കുന്ന ചർച്ചയിൽ അവസാനം പറഞ്ഞ ഭാഗങ്ങളിലല്ല, ആദ്യം പറഞ്ഞ ഭാഗങ്ങളിലുണ്ടായിരുന്ന വിഷയമാണ് ഞാൻ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഭൂനിയമങ്ങളിലെ ഭേദഗതി സംബന്ധിച്ചുള്ള ബില്ലിന്മേലുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഇക്കാര്യത്തിൽ സഭയുടെ സ്പിരിറ്റ് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആവശ്യമായൊരു ഭേദഗതിയാണിത്. ആരും ഇതിനെ എതിർക്കുമെന്ന് തോന്നുന്നില്ല. ഈ ബിൽ അവതരിപ്പിക്കുന്ന സമയത്ത് തടസ്സവാദം ഉന്നയിച്ച് ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോഴും ഇതിന്റെ സ്പിരിറ്റിനെ ഉൾക്കൊള്ളുന്നു എന്നൊരു വാക്ക് പറഞ്ഞാണ് പ്രസംഗം ആരംഭിച്ചത്. റിയലിസ്റ്റിക്കായിട്ടുള്ള കാര്യമാണ്. ബില്ലിന്റെ സ്പിരിറ്റിനെ

ഉൾക്കൊള്ളുന്നുവെന്ന് പറഞ്ഞത് സഭാരേഖകളിലുണ്ട്. ബില്ല് സർക്കുലേറ്റ് ചെയ്ത സമയം കുറച്ചുകൂടി വേണമായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട വിഷയം. തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതിനെത്തുടർന്ന് സഭാസമ്മേളനം വെട്ടിക്കുറയ്ക്കുകയും മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുകയും ചെയ്തതാണ് അതിന് ആധാരമായതെന്ന് നമുക്കറിയാം.

1964-ലെയും 1993-ലെയും ചട്ടപ്രകാരം ലഭിച്ചിട്ടുള്ള പട്ടയങ്ങളുടെ ഉപയോഗ സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുമ്പോൾ, പട്ടയ ഭൂമിയിലോ അസൈൻമെന്റ് ഓർഡറിലോ എന്താണ് എഴുതിവച്ചിട്ടുള്ളത് എന്നതിനേക്കാളുപരിയായി നിയമത്തിൽ പ്രതിപാദിച്ചതുപ്രകാരം ചെയ്യാൻ കഴിയുന്ന സാധ്യതകൾ ഇതുരണ്ടും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ വരുമ്പോൾ ഇതിനെ മറികടക്കുക എന്നതുമാത്രമേയുള്ളൂ പോംവഴി. അതിന് നിയമനിർമ്മാണമാണ് ആവശ്യമെന്ന് നമ്മളെല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം മുതൽ പഴയ ചരിത്രമൊക്കെ എടുത്തു നോക്കിയാൽ ഇക്കാര്യത്തിനായി എത്ര മീറ്റിംഗുകൾ ചേർന്നിട്ടുണ്ടെന്ന് മനസ്സിലാകും. ആ ചരിത്രത്തിനൊന്നും പ്രസക്തിയില്ല. ഇത് എവിടെയാണ് ചോദ്യം ചെയ്തത്; ബഹുമാനപ്പെട്ട

തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ കറക്ടാണ്. 2006-07 വരെയുള്ള കാലഘട്ടത്തിൽ, ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്ന സമയംവരെ കേരളത്തിലെ ഒരു ഗവൺമെന്റും ഇതിനെ തടസ്സപ്പെടുത്തിയില്ല. വീടും കൃഷിയും മാത്രം പോരാ, കാലാനുസൃതമായ മാറ്റത്തിനനുസരിച്ച് കൊമേഴ്സ്യൽ ബിൽഡിംഗുകളും ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ടായി. അതെല്ലാം ശരിയാണ്, അങ്ങനെതന്നെ ആകട്ടേ എന്നുവിചാരിച്ച സർക്കാരുകളായിരുന്നു മാറി മാറി വന്നിരുന്നത്. അതിനെ ഒരു സർക്കാരും ദുർബ്ബലപ്പെടുത്തിയില്ല. പക്ഷേ കോടതി ഇടപെട്ട് വിഷയങ്ങളിലേയ്ക്ക് പ്രവേശിച്ചപ്പോൾ, ഇതിന്റെ നിലനിൽപ്പിനെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെട്ടു. എന്തിനുവേണ്ടിയാണോ പട്ടയം നൽകിയത് അതിനുമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന് ഹൈക്കോടതി വിധി വന്നു. അതിന്റെ ചട്ടങ്ങളിൽ മാത്രം മാറ്റം വരുത്തിയാൽ മതിയെന്നാണ് പറഞ്ഞത്. ഞാൻ അതാണ് ചോദിക്കുന്നത്, ചോദ്യം കേട്ടശേഷം മറുപടി പറഞ്ഞാൽ മതി, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തുവെങ്കിലും ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് ശരി വയ്ക്കുകയാണുണ്ടായത്. ഈയവസരത്തിൽ  പരിപൂർണ്ണ നിർമ്മാണ നിരോധനം എന്ന നിലയിലേയ്ക്ക്

കാര്യങ്ങളെത്തുന്ന സ്ഥിതിവിശേഷമുണ്ടായി. ഇതിൽനിന്നും വ്യതിചലിക്കുന്ന ഭൂവുടമകളുടെ പട്ടയം റദ്ദ് ചെയ്യണമെന്ന തരത്തിലുള്ള പരാമർശം സുപ്രീംകോടതി നടത്തി. അല്ലാത്തപക്ഷം സർക്കാർ ഈ വിഷയത്തിലിടപെട്ട് 1960-ലെ ആക്റ്റിലും അനുബന്ധ ചട്ടങ്ങളിലും സമഗ്രമായ ഭേദഗതി വരുത്തി ക്രമവത്ക്കരിച്ച് നിയമമുണ്ടാക്കാൻ സർക്കാരിന് നിർദ്ദേശം നൽകി. ഇത് നടത്തണമെന്നായിരുന്നു സുപ്രീംകോടതിക്ക് ബോധ്യപ്പെട്ടൊരു കാര്യം. അതിനെ ചുവടുപിടിച്ച് ഇച്ഛാശക്തിയോടുകൂടി ഒരു ഗവൺമെന്റ് നമുക്കെല്ലാവർക്കും ഗുണകരമായൊരു മാറ്റം പ്രത്യേകിച്ച് കുറയേറെയധികം ആളുകൾ കൂടുതലുള്ളതുകൊണ്ട് ഇടുക്കിയിൽ, സംസ്ഥാനത്തിനുതന്നെ പൊതുവായൊരു മാറ്റം കൊണ്ടുവരുന്ന ഈ ബില്ലിനെ ആത്മവിശ്വാസത്തോടുകൂടി ഏറ്റെടുക്കുകയായിരുന്നു വേണ്ടത്. ഇതുമായി ബന്ധപ്പെട്ട് സംസാരിക്കുന്ന എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകകൂടി ചെയ്യുന്നത് സന്തോഷകരമായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട അങ്ങ് ഇടുക്കിയിൽനിന്നുള്ള മന്ത്രിയാണ്. ഈ വിഷയം നന്നായിട്ടറിയാവുന്ന ആളുകളിലൊരാളാണ് അങ്ങ്. പട്ടയഭൂമിയെ സംബന്ധിച്ച് ഒരൊറ്റ ചോദ്യമാണ് അങ്ങയുടെ മുൻപിലുള്ളത്. കൃഷിക്കും വീടുവയ്ക്കാനും മാത്രമെ പട്ടയഭൂമി ഇനിയും ഉപയോഗിക്കാൻ പാടുള്ളൂ എന്നതാണോ ഈ സർക്കാരിന്റെ അഭിപ്രായം. രണ്ട്, ഈ അമെന്റ്മെന്റ് ബിൽ നിങ്ങൾ കൊണ്ടുവന്നത് നല്ല ഉദ്ദേശ്യത്തോടും പൂർണ്ണഹൃദയത്തോടും കൂടിയായിരുന്നുവെങ്കിൽ പട്ടയഭൂമിയിൽ കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് അനുവദിക്കുന്നതിൽ എന്താണ് തെറ്റ്; അതിനെന്താണ് മടി; കാരണം ഇനിയും ഇടുക്കിയിൽ പട്ടയഭൂമി കൈവശമുള്ളവർ അത് ക്രമവത്കരിക്കാൻ ആളുകളുടെ പിറകെ പോകണമെന്ന് മാത്രമല്ല, ഈ സർക്കാർ ഇതിനെ നിയമവിരുദ്ധമായിത്തന്നെ നിലനിർത്താൻ ആഗ്രഹിക്കുന്നുവെന്നതാണ് പ്രശ്നം. അങ്ങ് ആത്മാർത്ഥമായി പറയണം, ഒന്നുകിൽ പട്ടയഭൂമിയിൽ ഇക്കാര്യങ്ങൾക്കല്ലാതെ മറ്റൊരു കാര്യത്തിനും ...... ..(മൈക്ക് ഓഫ്)...

മി. ചെയർമാൻ: യെസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിങ്ങൾ തമ്മിലുള്ള ചർച്ചയല്ലല്ലോ സഭ പ്രതീക്ഷിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട അങ്ങയോട് നല്ല മതിപ്പാണുള്ളത്. അത് കുറയ്ക്കരുത്. ശ്രീ. പി. ജെ. ജോസഫിന് ചില കാര്യങ്ങൾ ചോദിക്കാനുണ്ടെന്ന് നേരത്തെ പറഞ്ഞിരുന്നു.

ശ്രീ. പി. ജെ. ജോസഫ്: കേരള ലാൻഡ് അസൈൻമെന്റ് ആക്റ്റിന് കീഴിലുള്ള 1964-ലെ ഭൂപതിവ് ചട്ടത്തിലും 1993-ലെ ചട്ടത്തിലും പട്ടയഭൂമി കൃഷി ആവശ്യത്തിനും വീടുവയ്ക്കുന്നതിനും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥയാണ് ഭേദഗതി ചെയ്യേണ്ടിയിരുന്നത്. ഈ ചട്ടങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ് ഭൂമി ഉപാധിരഹിതമായും സ്വതന്ത്രമായും ഉപയോഗിക്കാൻ സാധിക്കാത്തത്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി നിയമത്തിലെ വകുപ്പ് 4 (എ) പ്രകാരം അനുവദിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വിരുദ്ധമായി നടത്തിയ നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ കെട്ടിടങ്ങൾ നിയമപരമാക്കണമെന്ന് സർക്കാർ നയപരമായി തീരുമാനിച്ച പശ്ചാത്തലത്തിൽ ഇത്തരം നിർമ്മാണങ്ങൾ ഉപാധികൂടാതെ ഈ നിയമത്തിൽത്തന്നെ സ്വമേധയാ ക്രമവത്കരിക്കപ്പെടേണ്ടതല്ലേ; പട്ടയം

ലഭിച്ചിട്ടുള്ള ഭൂമിയിൽ പുതിയതായി നിർമ്മാണം നടത്താൻ സർക്കാരിന് അധികാരം നൽകുന്നതാണ് വകുപ്പ് 4(എ)(2). നിർമ്മാണാനുമതി നൽകാൻ സർക്കാരുദ്യോഗസ്ഥനെ ഏൽപ്പിച്ചിരിക്കുകയാണ്. എന്നാൽ അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ എന്തുകൊണ്ടാണ് അനുമതി നൽകുന്നതെന്ന് ഉത്തരവിൽ രേഖപ്പെടുത്തണമെന്നാണ് ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളത്. ഇക്കാരണത്താൽ ഒരുദ്യോഗസ്ഥനും നിർമ്മാണത്തിന് അനുമതി നൽകാൻ കഴിയാത്ത സ്ഥിതി ഉണ്ടാകുകയില്ലേ; അൻപതിനായിരം പേർക്കെങ്കിലും ഇനി പട്ടയം  നൽകാനില്ലേ; 2023-ലെ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം നൽകുന്ന പട്ടയത്തിലെ ഭൂമി കൃഷിക്കും വീടുവയ്ക്കാനും മാത്രമേ ഉപയോഗിക്കാൻ സാധിക്കുവെന്ന സ്ഥിതിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഭാവിയിൽ ലഭിക്കുന്ന പട്ടയങ്ങളിൽ ഉൾപ്പെടുന്ന ഭൂമി ഉപാധികളില്ലാതെ സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്ന നിലയിൽ കൂടുതൽ വകുപ്പുകൾ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തി മാറ്റം വരുത്തേണ്ടതല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറഞ്ഞത് കറക്ടാണ്, അതുകൊണ്ടാണ് ഞാൻതന്നെ അങ്ങയുടെ പേര് ഇവിടെ പറഞ്ഞത്. ഇവിടെ സമഗ്രമായ ഒരു നിയമമാണ് നമുക്ക് വേണ്ടത്. ഞാൻ അങ്ങേയ്ക്ക്

മുന്നപ്രാവശ്യം വഴങ്ങി. നിങ്ങൾ തമ്മിൽ മറുപടി പറഞ്ഞത് ശരിയായില്ല. അതുസംബന്ധിച്ച് സ്പീക്കറുടെ റൂളിംഗുണ്ട്.

മി. ചെയർമാൻ: രണ്ട് മിനിറ്റാണ് ഉള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചട്ടം 4-ൽ 'ഇതര ആവശ്യങ്ങൾക്ക് കൂടിയെന്ന്' എന്നതിൽ ഒരു തിരുത്ത് വരുത്തിയാൽ യഥാർത്ഥ പ്രശ്നത്തിനുള്ള പരിഹാരമാകും. ഇതര ആവശ്യങ്ങളെന്ന് പറഞ്ഞാൽ പലതും വരാം. Beneficiary usage-ന്റെ കാര്യം വരാം, എരുത്തിലോ പീടികയോ മറ്റ് കാര്യങ്ങളോ വയ്ക്കുന്നത് വരാം. അതിലെ എറ്റവും പ്രധാനപ്പെട്ട Stumbling block എന്ന് പറയുന്നത് ഉദ്യോഗസ്ഥൻ പരിശോധിച്ച് തീരുമാനമെടുക്കണമെന്നതാണ്. ഉദ്യോഗസ്ഥൻ പരിശോധിച്ച് തീരുമാനമെടുക്കുമ്പോൾ മന്ത്രിയെക്കാൾ അധികാരം ഉദ്യോഗസ്ഥനാകും. എക്സിക്യൂട്ടീവല്ലല്ലോ സൂപ്പറായി നിൽക്കേണ്ടത്? അങ്ങേയ്ക്കില്ലാത്ത അധികാരം അങ്ങയുടെ കൂടെയുള്ള വില്ലേജ് ഓഫീസർക്ക് നൽകുന്നത് അങ്ങ് പരിശോധിക്കണം. അങ്ങ് അത് പരിശോധിച്ച് ആ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതോടൊപ്പം അധികാരം ജനപ്രതിനിധിയായ അങ്ങേയ്ക്ക് വന്നാൽ കുഴപ്പമില്ല. പക്ഷേ ഉദ്യോഗസ്ഥർ തീരുമാനിക്കണമെന്ന് പറഞ്ഞാൽ

ആ തീരുമാനത്തിൽ വഴി തെറ്റാനുള്ള ധാരാളം സാധ്യതകൾ വരും. അതിന് ഒരു നിയന്ത്രണം വേണം. സഭ അറിഞ്ഞുകൊണ്ട് അങ്ങനെ ഒരു തെറ്റിന് കൂട്ടുനിൽക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞതുപോലെ ഞങ്ങൾ ബില്ലിനെ അനുകൂലിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. എന്റെ വാക്കിൽ ഒരക്ഷരംപോലും ബില്ലിനെ എതിർക്കുന്നുവെന്ന് വന്നിട്ടില്ല. ബില്ലിന്റെ ഉള്ളടക്കത്തിൽ ചില പോരായ്മകളുണ്ട്. അത് ഞങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് സർക്കാരിനുമുന്നിൽ കാണിക്കുന്നുവെന്ന് മാത്രമേയുള്ളൂ, അത് ഒഴിവാക്കണം. അത് ഒഴിവാക്കുന്ന തരത്തിൽ മുമ്പ് സഭയിൽ പറഞ്ഞതുപോലെ നടപടിയെടുത്ത് സമഗ്രമായി കൊണ്ടുവരണം. ഒരു കാര്യംകൂടി പറയാനുള്ളത്, കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം അവസാനമായി ഭേദഗതി ചെയ്തത് 1970-ലാണ്. അങ്ങ് ചരിത്രത്തിന്റെ ഭാഗമാകട്ടെ, അങ്ങയെക്കുറിച്ചും ചരിത്രം പറയട്ടെ. സമഗ്രമായ ഭൂപരിഷ്കരണ ഭേദഗതി നിയമം കൊണ്ടുവരുമെന്ന് ഈ സഭയിൽ പ്രഖ്യാപിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ടി. വി. തോമസിന്റെ അനുയായിയാണ്, അദ്ദേഹം കേരളത്തിന്റെ റവന്യൂ വകുപ്പിൽ വലിയ ചരിത്രങ്ങളുണ്ടാക്കിയ ആളാണ്. ആ കൂട്ടത്തിൽ ശ്രീ. കെ. രാജന്റെ പേര് കൂടി

വരട്ടെ, അതിന് അങ്ങ് ശ്രമിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

മി. ചെയർമാൻ: ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ച് ഒരു പരാമർശം നടത്തിയിട്ടുണ്ട്. അതിനുള്ള ഒരു വ്യക്തിപരമായ വിശദീകരണം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് വിശദമാക്കാം.

**വ്യക്തിപരമായ വിശദീകരണം**

മന്ത്രിക്കെതിരെ ഒരംഗം നടത്തിയ പരാമർശം സംബന്ധിച്ച്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് സന്തോഷം തോന്നിയ സന്ദർഭമാണിത്. ബില്ലിനെ അനുകൂലിക്കുന്നു എന്ന് പറഞ്ഞ വാക്ക്; ഞാൻ ആദ്യം മുതൽ പറഞ്ഞിട്ടുള്ള ഒരു വിഷയം ബില്ലിനെ അനുകൂലിച്ച് മാറ്റങ്ങൾ നിർദ്ദേശിക്കുകയാണ് വേണ്ടതെന്നാണ്, അതല്ലാത്ത അന്തരീക്ഷം രൂപപ്പെട്ടതുകൊണ്ടാണ് ആദ്യം അങ്ങനെ സംസാരിക്കേണ്ടി വന്നത്. ഇടുക്കിയിൽ നിന്നുള്ള മെമ്പറെന്ന നിലയിൽ എന്നോട് ചോദിച്ച ചോദ്യങ്ങൾ പ്രസക്തമാണ്. അത്തരം

കാര്യങ്ങളിൽ എന്താണ് നിലകൊള്ളുന്നുവെന്നുള്ള ബോധ്യം..., അതിന്റെ നിയമവശം എനിക്ക് മനസ്സിലായില്ല. ഞാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞ കാര്യം ഇവിടെ ഉന്നയിച്ചു. ആക്ടിൽ വ്യവസ്ഥയില്ലാത്തതുകൊണ്ട്, 1960-ൽ കൊണ്ടുവന്ന ആക്ടിൽ പത്തുപതിനേഴ് ഭേദഗതികൾ കൊണ്ടുവന്നല്ലോ; എന്നാൽ 1960-ലെ ആക്ട് മാത്രം മതിയായിരുന്നു, കാലാനുസൃതമായ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ട കാര്യമില്ലായിരുന്നല്ലോ;

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആക്റ്റിന് വിരുദ്ധമായി ചട്ടം കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതുകൊണ്ടല്ലേ പറഞ്ഞത്; ഡോ. മാത്യു കുഴൽനാടന് ഇപ്പോൾ ഒരു കാര്യം മനസ്സിലായി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപോലെ സീനിയർ ലീഡർ സംസാരിച്ചപ്പോൾ നമ്മൾ അംഗീകരിച്ചു. അതാണ് ശരി; ആക്ടിൽ വ്യവസ്ഥ വേണം. അതിനുവേണ്ടിയാണ് നിയമം കൊണ്ടുവന്നത്. അതുതന്നെയാണ് ഈ ബില്ലിന്റെ ലക്ഷ്യം, അത് ഞങ്ങൾ അംഗീകരിച്ചിരിക്കുന്നു. ചോദ്യങ്ങളില്ല; ഇനി എന്തിനാണ് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ വാദഗതി. ഞാൻ

അതിനുവേണ്ടി വ്യക്തിപരമായ വിശദീകരണം എഴുതി ചോദിച്ച് വാങ്ങിയതാണ്. ഞാൻ പറഞ്ഞത്, കാലാനുസൃതമായി ചട്ടങ്ങളിൽ പല മാറ്റങ്ങളും വന്നിട്ടുണ്ട്. ഈ ചട്ടങ്ങളിൽ മാറ്റം വരേണ്ടത് അനിവാര്യമാകണമെന്നുണ്ടെങ്കിൽ നിയമത്തിൽ ഭേദഗതിയുണ്ടാകണം. അതിനുവേണ്ടി കൊണ്ടുവന്ന ബില്ലാണിത്. വരാൻ പോകുന്ന പട്ടയത്തിന് എന്തുണ്ടാകുമെന്നുള്ള ആശങ്കയെ സംബന്ധിച്ചിടത്തോളം, 2023 വരെ ലഭിച്ചിട്ടുള്ള പട്ടയങ്ങളിൻമേൽ ഇനിയൊരു നിർമ്മാണം നടത്തണമെങ്കിലും അത്തരം കാര്യങ്ങളുടെ സാധ്യതകൾ അംഗീകരിക്കുന്നതാണ് ഈ ബിൽ. അത് ആദ്യം ബില്ലിൽ വ്യവസ്ഥ വച്ചപ്പോൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥരെല്ലാം പ്രശ്നക്കാരണെന്ന് പറഞ്ഞിട്ട് കാര്യമില്ല. അത് നിയന്ത്രിക്കാവുന്നതേയുള്ളൂ. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി......

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതിനോട്, ചട്ടങ്ങൾ രൂപപ്പെടുത്തുന്ന കാര്യം അനിവാര്യമാകുന്നതിനാണ് നിയമം കൊണ്ടുവരുന്നത്.

ശ്രീ. എം. എം. മണി: സർ, ഇടുക്കിയെ ബാധിക്കുന്ന ഭൂനിയമ ചട്ടമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. യഥാർത്ഥത്തിൽ അവിടെ ഭൂമി മുഴുവൻ കയ്യേറിയെന്ന് പറഞ്ഞ് ആക്ഷേപങ്ങൾ ഉന്നയിക്കുന്നതൊന്നും ശരിയല്ല. കാരണം മഹാഭൂരിപക്ഷം വരുന്ന ഭൂമിയും രാജഭരണകാലത്തും ജനാധിപത്യ ഭരണകാലത്തും പതിച്ചുനൽകിയതാണ്. ലക്ഷക്കണക്കിന് എക്കർ സ്ഥലം രാജഭരണകാലത്ത് കണ്ണൻ ദേവൻ കമ്പനിക്കും മലയാളം പ്ലാന്റേഷനും പതിച്ചുകൊടുത്തതാണ്. പീരുമേട് താലൂക്കിലെ മുഴുവൻ ഭൂമിയും തോട്ടം വ്യവസായത്തിനുവേണ്ടി രാജഭരണകാലത്ത് പതിച്ചുനൽകിയതാണ്. ഉടുമ്പൻചോല താലൂക്കിലെ ഏലം കൃഷിക്ക് ഭൂമി തമിഴ്നാട്ടുകാർക്ക് രാജഭരണകാലത്ത് പതിച്ചുകൊടുത്തതാണ്. യഥാർത്ഥത്തിൽ വസ്തുത ഇതായിരിക്കേ മുഴുവൻ ഭൂമിയും കൈയ്യേറിയെന്ന് പറയുന്നത് തന്നെ തെറ്റാണ്, അതൊരു വസ്തുതയല്ലായെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പരമാവധി ചുരുക്കി പറയാം, ബില്ലിനെകുറിച്ച് ചില കാര്യങ്ങൾ

പരമാർശിക്കേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ 1960-ൽ രൂപീകരിക്കപ്പെട്ട ഒരു നിയമത്തിൽ കാലം ആവശ്യപ്പെടുന്ന അനിവാര്യമായ ഭേദഗതിയിലേയ്ക്ക് ഗവൺമെന്റ് കടക്കുകയാണ്. നേരത്തെ ഈ സഭയ്ക്കകത്ത് ദീർഘമായ ചർച്ചകൾ നടന്നു. സഭയ്ക്കകത്ത് മാത്രമല്ല ദീർഘകാലമായി ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടന്ന ചർച്ചകളും 2010 മുതൽ കേരളത്തിലുണ്ടായിട്ടുള്ള വിവിധങ്ങളായ കോടതിവിധികളുടെയുമെല്ലാം പശ്ചാത്തലത്തിലാണ് ഇത്തരം ഒരു നിയമത്തിലേയ്ക്ക് വരാനുണ്ടായ സാഹചര്യമുണ്ടായത്. ഡിസെന്റിംഗിൽനിന്ന് ഞാൻ തുടങ്ങുന്നില്ല, ഈ കാര്യങ്ങളെല്ലാം പറഞ്ഞതിനുശേഷം അംഗങ്ങൾ പറഞ്ഞതിലേയ്ക്ക് കടക്കാം. അവസാനം ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു യാഥാർത്ഥ്യം പറഞ്ഞു. ആ യാഥാർത്ഥ്യത്തെ ഞാൻ അംഗീകരിക്കുന്നു. മുൻ റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന് അറിയാവുന്ന ആ കാര്യമാണ് ഇതിനുമുമ്പ് ചർച്ച ചെയ്തവർക്ക് പറഞ്ഞുകൊടുക്കാനുള്ളത്. ആക്ടിൽ മാറ്റം വരുത്തിയാൽ മാത്രമേ ഇതുമായി ബന്ധപ്പെട്ട ചട്ടത്തിൽ മാറ്റം വരുത്താൻ കഴിയൂ. നേരത്തെ അങ്ങ് പറഞ്ഞതുപോലെ 1964-ലെ ചട്ടത്തിലെ 4-ൽ

പറയുന്ന മൂന്ന് ആവശ്യങ്ങളായ വീട്, കൃഷി, അനുബന്ധ സാഹചര്യങ്ങൾ എന്നിവയാണ്. ഏത് കാലത്താണ് രൂപീകരിച്ചത് എന്ന ചരിത്രത്തിലേയ്ക്കല്ല ഞാൻ പോകുന്നത്. അതിൽ എന്തെല്ലാം ആവശ്യങ്ങൾക്ക് നൽകാൻ സാധിക്കുമെന്നതാണ് പ്രശ്നം. 1993-ൽ വീട്, കട, അനുബന്ധ benificiary enjoyments എന്നിങ്ങനെയാണ്. 1960-ലെ നിയമത്തിൽ നമ്മുടെ മുമ്പിൽ ഇപ്പോൾ അറിയുന്നതടക്കം എതാണ്ട് 21-ഓളം ചട്ടങ്ങൾ നിലനിൽക്കുന്നുണ്ട്. Arable Forest Land-ഉം മുൻസിപ്പൽ കോർപ്പറേഷൻ പതിവുചട്ടവും അതിലാണ്. കേരളത്തിലെ വിവിധങ്ങളായ ആവശ്യങ്ങൾക്കുവേണ്ടി പതിച്ചുകൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള വിധത്തിലുള്ള 21-ഓളം ചട്ടങ്ങളുടെ കേന്ദ്രനിയമമാണ് 1960-ലെ നിയമം. 1960-ലെ നിയമത്തിലെ ചട്ടം 4-ൽ വീട്, കൃഷി, benificiary enjoyments-ൽ മാറ്റം വരുത്തിയാൽ ഇതുവരെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് റഗുലറൈസേഷൻ നൽകാൻ കഴിയും. ഇപ്പോൾ ചട്ടത്തിൽ മാത്രം മാറ്റം വരുത്തിയാൽ retrospective effect-ൽ ചട്ടത്തിന് ഭേദഗതി കൊണ്ടുവരാൻ കഴിയും. ഇതുവരെ അനുവദിക്കപ്പെട്ട പട്ടയങ്ങൾക്ക് എങ്ങനെയാണ് മാറ്റം നൽകാൻ സാധിക്കുക. ഇതുവരെ അനുവദിക്കപ്പെട്ട ഭൂമിയിൽ പണിത കെട്ടിടങ്ങൾ മാത്രമല്ല, ഏതെങ്കിലും

കാരണവശാൽ ഈ നിയമം ഭേദഗതി ചെയ്യുമെന്ന് കരുതി നിയമത്തെ അംഗീകരിച്ചുകൊണ്ട് ജീവിക്കുന്ന, ഇന്നുവരെ അല്ലെങ്കിൽ ഈ ഉത്തരവ് എന്നാണോ ഗവർണ്ണർ അംഗീകരിക്കുന്നത് അതുവരെ പട്ടയം ലഭ്യമാക്കിവച്ച ആളുകളുണ്ട്. ഞാൻ ഈ പറയുന്ന വരിയൊന്ന് പറഞ്ഞ് അവസാനിപ്പിച്ചതിനുശേഷം വഴങ്ങാം. അങ്ങ് വളരെ ബഹുമാന്യനായിട്ടുള്ള അംഗമല്ലേ; ലഭ്യമായ പട്ടയങ്ങളിൽ എന്തെങ്കിലും നിർമ്മിക്കാൻ അവസരം നൽകണമെങ്കിൽ നൽകിയ സമയത്തെ പട്ടയത്തിൽ വ്യവസ്ഥയുണ്ടാകണം. ആ വ്യവസ്ഥയെ മാറ്റാൻ നിലവിലുള്ള ചട്ടത്തിൽ ഭേദഗതി ചെയ്തുകൊണ്ട് സാധ്യമാകില്ല. Retrospective effect രൂപീകരിക്കാൻ ചട്ടത്തിന് പറ്റില്ല എന്നതുകൊണ്ട് എന്തെല്ലാം കാര്യത്തിനാണോ ചട്ടം മുഖാന്തരം അനുവദിച്ചത്, ആ കാര്യങ്ങളിൽ മാറ്റമുണ്ടാക്കുന്നുണ്ടെങ്കിൽ... ഒറ്റവരി കൂടി പറഞ്ഞ് ഞാൻ അങ്ങേയ്ക്ക് വഴങ്ങാം. ഇവിടെ ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ദീർഘകാലമായി, അദ്ദേഹത്തിനൊക്കെ ഇക്കാര്യം നന്നായി അറിയാം. ഞങ്ങളൊക്കെ തുടർച്ചക്കാരാണല്ലോ; അദ്ദേഹം പറഞ്ഞതുപോലെ അല്ലെങ്കിൽ അതിനെ പിന്തുടർന്ന് അങ്ങ് സൂചിപ്പിച്ചതുപോലെ ഞങ്ങൾ ഉദ്യോഗസ്ഥരെ കയറൂരി വിടാൻ കഴിയുന്ന വിധത്തിലുള്ള ഒരു നിയമമല്ല

നിർമ്മിക്കുന്നത്. മുഖംനോക്കിയും പണം വാങ്ങിയും ആർക്കും നിശ്ചയിക്കാൻ വിധത്തിലല്ല റെഗുലറൈസേഷൻ ചെയ്യുന്നത്. ഈ രണ്ടുകാര്യങ്ങളിലും സർക്കാരിന് ചട്ടമുണ്ടാക്കാൻ 7(1) (ഒഎ) പ്രകാരവും പ്രത്യേക ചട്ടം നിർമ്മിക്കാൻ അനുവാദം നൽകുന്നതാണ് ഇതിലെ മൂന്നാമത്തെയും നാലാമത്തെയും ഭേദഗതി. 4(എ)(1)-ൽ കൃത്യമായി പറയുന്നുണ്ട്, if the Government is satisfied that,…. അവിടെയാണ് എക്സിക്യൂട്ടീവ് വരുന്നത്. if the Government is satisfied that,…… അതായത് ഇവിടെ രൂപീകരിക്കപ്പെടുന്ന ഒരു ചട്ടത്തിനനുസരിച്ച് ഒരു നടപടിയെടുക്കാനാണ് സർക്കാരുദ്യോഗസ്ഥന് അനുവാദം നൽകുന്നത്. ആ നടപടി എനിക്ക് നടത്താൻ പറ്റില്ല. നമുക്കാർക്കും നടത്താൻ പറ്റില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 63 കൊല്ലം മുമ്പുണ്ടായ നിയമമാണത്. നമ്മൾ ഇപ്പോൾ പാസ്സാക്കുന്ന ഈ ഭേദഗതി 63 കൊല്ലം മുമ്പുള്ള retrospective effect-ലേക്ക് പോകുന്നുവെന്നാണോ അങ്ങ് ഈ സഭയിൽ പറയുന്നത്; അങ്ങനെ 6 പതിറ്റാണ്ടുകൾക്ക് അപ്പുറത്തേക്ക് ഇതിന് retrospective effect നൽകുമെന്നാണോ അങ്ങ് പറയുന്നത്; അങ്ങ് ക്ലാരിറ്റി വരുത്തിയാൽ മതി.

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് ഈ നിയമത്തിലല്ല നിൽക്കുന്നതെന്ന് എനിക്ക് സംശയം തോന്നുന്നു. ഞാൻ ഇടയിൽ അതുകൊണ്ടാണ് സൂചിപ്പിച്ചത്. അല്ലാതെ അങ്ങയെപ്പോലെ മഹാനായ ഒരു നിയമസഭാ സാമാജികനോട് ഭൂപരിഷ്കരണ നിയമത്തിന്റെയും ഭൂപതിവ് നിയമത്തിന്റെയും വ്യത്യാസം പറയേണ്ട കാര്യമില്ല. അങ്ങ് ഞങ്ങളെയൊക്കെ പഠിപ്പിച്ചതാണ്. കേരളത്തിൽ മൂന്നുതരത്തിൽ ഭൂമിയുണ്ട്. ദേവസ്വം, ബ്രഹ്മസ്വം, സർക്കാർ എന്നിവയാണവ. ദേവസ്വം ഭൂമിക്കും ബ്രഹ്മസ്വം ഭൂമിക്കും കുടിയാന്മ ഫിക്സ് ചെയ്ത്, ടെനൻസി ഫിക്സ് ചെയ്ത്, ആ കുടിയാന് പട്ടയം നൽകാൻ കഴിയുന്ന വിധത്തിലുള്ള നിയമവും അതോടൊപ്പം 20 ഏക്കറിൽ കൂടുതലായ ഭൂമി കൈവശം വച്ചാൽ അത് പിടിച്ചെടുത്ത് മിച്ചഭൂമിയായി കണക്കാക്കി വിതരണം ചെയ്യാനുള്ള അവകാശവും നൽകിക്കൊണ്ട് ലോകത്തെ അത്ഭുതപ്പെടുത്തിയ, ലോകത്തെ അമ്പരപ്പിച്ച നമുക്കെല്ലാം സ്വയം ബഹുമാനമുണ്ടായ വലിയ നിയമമാണ് ഭൂപരിഷ്കരണ നിയമം. ദേവസ്വവും ബ്രഹ്മസ്വവും ഒഴികെയുള്ള സർക്കാർ ഭൂമികൾ, പണ്ടാരവകകളായി നിശ്ചയിക്കപ്പെട്ട സർക്കാർ ഭൂമികൾ എന്നിവ പതിച്ചുനൽകാനുള്ള നിയമമാണ് ഭൂപതിവ് നിയമം. ആ നിയമം ഭൂപരിഷ്കരണ നിയമത്തിന്

മൂന്നുകൊല്ലത്തിനുമുമ്പ് നിലവിൽവന്നു. അങ്ങ് പറഞ്ഞതുപോലെ 1963-ൽ രൂപീകരിക്കപ്പെട്ട നിയമം 1964 എന്ന വിധത്തിൽ പ്രസിദ്ധീകരിച്ചത് അന്നത്തെ ആരുടെയും ഗൂഢതാൽപ്പര്യമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ആ കാര്യത്തിൽ ഞാൻ ചർച്ചയ്ക്കുമില്ല. പക്ഷേ ഭൂപരിഷ്കരണ നിയമം ഉണ്ടാകുന്നത് 1957-ലെ ഗവൺമെന്റ് കൊണ്ടുവന്ന കാർഷികബന്ധ നിയമത്തിന്റെ തുടർച്ചയാണ്. അത് അവസാനിക്കുന്നത് 1970-ലാണ്. അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ ഒരുകാര്യം സൂചിപ്പിക്കുകയാണ്. നമ്മളൊക്കെ ഒരുമിച്ച് ഭരിച്ചു, ഇതൊക്കെ യാഥാർത്ഥ്യമാണ്. അച്യുതമേനോനെക്കുറിച്ച് കേട്ടാൽ ഞങ്ങൾക്ക് ഒരു പേടിയുമില്ല, ഞങ്ങൾക്ക് അഭിമാനമാണ്. കേരളത്തിലെ 48 പൊതുമേഖലാ സ്ഥാപനങ്ങളുണ്ടാക്കി കേരളത്തിലെ പുതിയ കാലത്തിന്റെ വികസന നയങ്ങൾക്ക് ശ്രദ്ധാപൂർവ്വമായ നേതൃത്വം നൽകിയിട്ടുള്ള മുഖ്യമന്ത്രി അച്യുതമേനോനെക്കുറിച്ച് കേട്ടാൽ ഞങ്ങൾക്കും അഭിമാനമാണ് അങ്ങ് തെറ്റിദ്ധരിക്കേണ്ട. അച്യുതമേനോൻ കേരളത്തിന്റെ അസാമാന്യ പ്രതിഭയാണ്. വർഷത്തിന്റെ കണക്കല്ല പറഞ്ഞത്. ഭൂപതിവ് ചട്ടത്തിന്റെ ഭേദഗതിയാണ് ഇപ്പോൾ നമ്മൾ എടുക്കാനുദ്ദേശിച്ചത് എന്നാണ് ഞാൻ സൂചിപ്പിച്ചത്. തുടർന്ന് ഞാൻ ആ കാര്യങ്ങൾ പറയാം. അങ്ങ്

ഇവിടെ സംശയം ചോദിച്ചതുപോലെ 1964-ലെ ചട്ടപ്രകാരം.... 1993-ലെ ചട്ടമെന്താണ്; 1977-ന് മുമ്പ് മലകളിൽ, കാട്ടുമൃഗങ്ങളോട്, പനിയോട്, വിവിധങ്ങളായ അസുഖങ്ങളോട് പൊരുതി കുടിയേറി പാർത്ത് മണ്ണാക്കി മാറ്റിയ 1977-ന് മുമ്പുള്ള കയ്യേറ്റക്കാരെയല്ല, കുടിയേറി വന്നയാളുകൾക്ക് ഭൂമി നൽകാൻ 1993-ലാണ്, 1960-ലെ ഭൂപതിവ് നിയമത്തിന്റെ ഭാഗമായിട്ടുള്ള ചട്ടമുണ്ടാക്കിയത്. 1964-ലെ ചട്ടം നൽകുന്നതുപോലെ കേരള ഗവൺമെന്റിന് അത് നൽകാൻ പറ്റില്ല. 1993 അനുസരിച്ച് 1977-ന് മുമ്പ് കുടിയേറി പാർത്തവർക്കുള്ള ഭൂമി നൽകണമെങ്കിൽ ആദ്യം ആ ഭൂമി പരിശോധിക്കണം, അപേക്ഷ സ്വീകരിക്കണം. റവന്യൂ വകുപ്പും വനം വകുപ്പും ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തണം. ഇപ്പോൾ ആണെങ്കിൽ അത് toposheet-ലേക്ക് മാറ്റണം. Toposheet, പരിവേഷ് പോർട്ടലിലേക്ക് എന്റർ ചെയ്യണം. കേന്ദ്രത്തിന്റെ ഭാഗമാണ് വനം. പരിവേഷ് പോർട്ടലിലേക്ക് വനം വകുപ്പിന്റെ എതിരഭിപ്രായമില്ലാതെ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിക്ക് കേന്ദ്രഗവൺമെന്റ് അനുവാദം നൽകിയാലാണ് അത് അളന്നെടുത്ത് നൽകാൻ സാധിക്കുന്നത്. 1993-ലെ ചട്ടമാണത്. 1964-ലെയും 1993-ലെയും ചട്ടത്തിൽ ഒരു ഭേദഗതി വന്നാൽ ഇനി

നൽകുന്നതിനുമാത്രമേ അത് നിലനിൽക്കുകയുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെ ആ പ്രശ്നം ഉന്നയിച്ചു. അങ്ങ് കാര്യങ്ങൾ പഠിച്ച് വിശദമാക്കുന്ന ഒരാളാണ്. ഞാൻ അതിൽ തർക്കമുന്നയിക്കുന്നില്ല. ആ വിഷയത്തെ മറികടക്കാൻ ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ 2020-ൽ അവസാനം നടന്ന Special leave petition (SLP)-ൽ എല്ലാ സ്ഥലത്തേക്കും എൻ.ഒ.സി. എന്ന ഡിവിഷൻ ബെഞ്ചിന്റെ തീരുമാനത്തിനെതിരായി കേരളാ ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ച് എടുത്ത SLP-യിൽ നിങ്ങൾക്ക് നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്താതെ നിൽക്കാൻ പറ്റില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി പറയുകയാണ്. അല്ലെങ്കിൽ ഇങ്ങനെ പതിച്ചുകൊടുത്ത മുഴുവൻ ഭൂമിയും പിടിച്ചെടുക്കണം. നാട്ടിൽ സാധാരണക്കാരുടെ പ്രശ്നമുള്ളതുകൊണ്ട് നിയമത്തിൽ ഒരു ഭേദഗതി വരുത്തി. നേരത്തേ ഞാൻ പറഞ്ഞതുപോലെ വളരെ സങ്കീർണ്ണമായിട്ടുള്ള ഭൂബന്ധങ്ങളും ഭൂമി പ്രശ്നങ്ങളും നിലനിന്നിരുന്ന സംസ്ഥാനമാണ് കേരളം. ഞാൻ നേരത്തേ പറഞ്ഞതുപോലെ ബ്രഹ്മസ്വം, ദേവസ്വം, സർക്കാർ വക എന്ന പല വിധത്തിൽ അവകാശപ്പെട്ട ഭൂമികൾ. ബ്രഹ്മസ്വം, ദേവസ്വം

ഭൂമികൾ ജന്മിമാരിലേക്കും അതുവഴി കുടിയാന്മാരിലേക്കും എത്തപ്പെട്ടു. ചരിത്രപ്രാധാന്യമുള്ള ഭൂപരിഷ്കരണനിയമത്തിലൂടെ അതിന്റെ ഉടമസ്ഥത നേരത്തേ ഞാൻ സൂചിപ്പിച്ചതുപോലെ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും നൽകുന്ന സാഹചര്യമുണ്ടായി. രാജഭരണകാലത്ത് സർക്കാർ ഭൂമിയിലെ കുടിയാന്മാർക്ക് ഭൂമിയിലുള്ള ഉടമസ്ഥത പണ്ടാരപ്പാട്ട വിളംബരത്തിലൂടെ ലഭ്യമായ ചരിത്രപ്രാധാന്യമുള്ള, ചരിത്ര മുന്നേറ്റം നടന്ന നാടാണിത്. ഐക്യകേരളത്തിന്റെ രൂപീകരണത്തിനുശേഷം സർക്കാർ ഭൂമി കുടിയേറി കൈവശം വച്ചിരിക്കുന്നവരെയും ഭൂരഹിതരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന ലക്ഷ്യമുണ്ട്. അതായത് രണ്ടുലക്ഷ്യമുണ്ട്. കൈവശക്കാരെയും ഭൂരഹിതരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 1960-ൽ ഭൂപതിവ് നിയമം കേരളത്തിൽ നിയമസഭ പാസ്സാക്കിയത്. ഈ നിയമത്തിന്റെ ഭാഗമായി 21-ഓളം ചട്ടങ്ങൾ ഈ കാലത്ത് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. 1964-ലെ ചട്ടമാണ് മദർ ചട്ടം. ഏറ്റവും പ്രധാനപ്പെട്ട ചട്ടമാണ്. സംസ്ഥാനത്തേറ്റവും കൂടുതൽ ഭൂമി പതിച്ചുകൊടുത്തത് ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ

സൂചിപ്പിച്ചതുപോലെ 1960-ലെ ഭൂപതിവ് നിയമത്തിൽ 3-ാമത്തെ വകുപ്പിൽ എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഭൂമി പതിച്ചുകൊടുക്കാവുന്നത് എന്ന് ചട്ടപ്രകാരം തീരുമാനിക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തുകയാണ്. അവിടെയാണ് നമ്മൾ ഇടപെടാൻ പോകുന്നത്. 1960-ലെ ഭൂപതിവ് നിയമത്തിൽ ചട്ടപ്രകാരം തീരുമാനിക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തുകയാണ്. സാധാരണനിലയിൽ 1964-ലെ ചട്ടം വരുമ്പോൾ അന്നത്തെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം കയറികിടക്കാനൊരു തുണ്ടുഭൂമിയും കൃഷി ചെയ്ത് ജീവിക്കാൻ കുറച്ച് കൃഷി സ്ഥലവുമായിരുന്നു. അതുകൊണ്ടായിരിക്കണം സർക്കാർ രൂപീകരിച്ച മിക്ക ചട്ടങ്ങളിലും വീട്, കൃഷി എന്നിവയിലാണ് പ്രധാനമായും പതിച്ചുനൽകുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം നാലേക്കർ ഭൂമി വരെ പതിച്ചുനൽകാനുള്ള വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ പതിച്ചുനൽകിയ ഭൂമിയിൽ ആദ്യകാലത്ത് കാർഷികവൃത്തി തന്നെയാണ് നടന്നതെങ്കിലും കാലാന്തരത്തിൽ സാമൂഹികാവശ്യങ്ങൾ വർദ്ധിച്ചുവന്നു. കർഷകരായി ജനിക്കപ്പെട്ടയാളുകളുടെ പിൻതലമുറക്കാർ പല കാര്യങ്ങൾക്കുവേണ്ടി ഭൂമി ഭാഗം വച്ചു. മക്കൾക്കും പേരക്കുട്ടികൾക്കും വീതിച്ചുനൽകി. അവരുടെ

ആവശ്യങ്ങൾ ആകാശം മുട്ടെ വളർന്നു. ആരോഗ്യം, വിദ്യാഭ്യാസം, വാണിജ്യ ആവശ്യങ്ങൾക്കുകൂടി പതിച്ചുകൊടുത്ത ഭൂമി സ്വാഭാവികമായും ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കപ്പെട്ടു. ഇടുക്കി ജില്ലയെ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള നിയമമേ അല്ല ഇത്. 2010-ൽ 1801/2010 എന്നൊരു കോടതിവിധിയിലൂടെ..., ഞാൻ ആ കോടതി വിധിയുടെ പ്രസക്തഭാഗം ഇതിനെത്തുടർന്ന് വായിക്കാം. അതിന്റെ 18-ാമത്തെ ഖണ്ഡിക പ്രകാരം എൻ.ഒ.സി. വാങ്ങിയാൽ മാത്രമേ അവിടെ ഏതെങ്കിലും വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആകാവൂവെന്നാണ് കോടതി വിധിച്ചത്. അതിനുശേഷം അത് ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയ്ക്ക് പോയി, ഫുൾ ബെഞ്ചിന്റെ പരിഗണനയ്ക്ക് പോയി, സുപ്രീംകോടതിയിൽ എസ്.എൽ.പി. നടന്നു. കേരളം മുഴുവൻ ചുരുക്കത്തിൽ ഇതിന്റെ ഭാഗമായി പട്ടയഭൂമിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒന്നും ചെയ്യാൻ പാടില്ല എന്ന സർക്കാരിന്റെ നിർദ്ദേശമുണ്ടായി. ഭൂമി വൻതോതിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുകയും ഭൂമി തന്നെ കച്ചവടച്ചരക്കായി മാറുകയും ചെയ്തു. അതോടൊപ്പം ചില പാരിസ്ഥിതിക

പ്രശ്നങ്ങളും ഉത്ഭവിച്ചിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. മൂന്നാർ മേഖലയിലാണ് ഇത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത്. ഭൂമി ദുർവിനിയോഗം ചെയ്തുവെന്ന പരാതിയുമായി പരിസ്ഥിതി സംഘടനകൾ, One Earth One Life 1801/2010 എന്ന കേസ്സിൽ കോടതിയിൽ പോയി. കോടതിയിലെ ആ കേസ് ഇപ്പോഴും തീർന്നിട്ടില്ല എന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ അറിയേണ്ട കാര്യമാണ്. കേസ് അവസാനം തീരുമാനമെടുക്കാതെ ഇന്ററിം വിധികളിലൂടെ മുന്നോട്ടുപോകുകയാണ്. മൂന്നാർ മേഖലയിലെ എൻ.ഒ.സി. നിർബന്ധമാക്കിക്കൊണ്ടുള്ള കോടതി ഉത്തരവിനെതിരായി പല തരത്തിലുള്ള ഇടപെടലുകൾ നടന്നിട്ടും ആ വിധി ഇപ്പോൾ കേരളത്തിൽ എല്ലായിടത്തും ബാധിക്കുന്ന സ്ഥിതിയുണ്ടായി. ഇതുമൂലം പട്ടയഭൂമിയിൽ നിർമ്മിച്ചിട്ടുള്ള ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എല്ലാം നിയമവിരുദ്ധമാണെന്ന് കോടതി അഭിപ്രായപ്പെട്ടു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞതുപോലെ നിയമവും ചട്ടവും മാറ്റണമെന്ന് കോടതി നിർദ്ദേശിച്ചു. ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വ്യവസ്ഥാലംഘനങ്ങൾ പട്ടയം റദ്ദാക്കുന്നതിനുള്ള

കാരണങ്ങളാണെന്ന പ്രശ്നം ഉയർന്നുവന്നു. കോടതിവിധികളുടെ അടിസ്ഥാനത്തിൽ പട്ടയഭൂമികളിൽ നിർമ്മിക്കപ്പെട്ട സ്ഥാപനങ്ങൾക്കാവശ്യമായ ലൈസൻസ് നൽകുന്നതിനുപോലും തടസ്സമനുഭവപ്പെട്ടു. മൗലികമായ അവകാശത്തിന്റെ അടിസ്ഥാനത്തിൽ കോടതിയെ സമീപിച്ച ചിലയാളുകൾക്ക് മാത്രമായി ഉത്തരവ് കിട്ടി. ആ ഒരു അനോമലി സാധാരണഗതിയിൽ പൊതുസമൂഹത്തെ ബാധിക്കുകയുണ്ടായി. ചിലരെ സംബന്ധിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ ഉപയോഗശൂന്യമായ സാഹചര്യമുണ്ടായി. ഇതൊക്കെ സൃഷ്ടിച്ച വൈരുദ്ധ്യങ്ങൾമൂലം വലിയ ആശങ്കകളാണ് പൊതുസമൂഹത്തിൽ സൃഷ്ടിക്കപ്പെട്ടത്. ഈ സാഹചര്യത്തിലാണ് നിരവധി തവണ ചർച്ചകൾക്കുശേഷം കേരളത്തിൽ ഒരു ഭൂപതിവ് നയത്തിന്റെ ഭേദഗതിയെക്കുറിച്ച് സർക്കാർ ആലോചിക്കുന്നത്. കേരളത്തിൽ ഭൂമിയുടെ ഉടമസ്ഥതയുടെ ചരിത്രം പരിശോധിച്ചാൽ, ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ രാജാക്കന്മാരുടെയോ ജന്മിമാരുടെയോ ദേവസ്വത്തിന്റെയോ ഭൂമിയായിരിക്കുകയും അവ കൈമാറി നമ്മളിലേയ്ക്ക് വരികയും ചെയ്തിട്ടുള്ളതാണ്. തുടക്കത്തിൽ ഇവയെല്ലാം വ്യവസ്ഥകളോടെയാണ് പതിച്ചുനൽകിയിട്ടുള്ളത്. എന്നാൽ,

കാലാന്തരങ്ങളിൽ ഭൂമിയുടെ പരിപൂർണ്ണമായ ഉടമസ്ഥത ആ ഘട്ടങ്ങളിലെല്ലാം അവർക്ക് ലഭ്യമായിട്ടുണ്ട്. വ്യവസ്ഥകളിൽനിന്നും കൺക്ലൂസീവ് ടൈറ്റിലുകളിലേയ്ക്ക് അതുകൊണ്ടുതന്നെ അത് പോകുകയും ചെയ്തു. അതുകൊണ്ട് ഒരു കാലത്ത് ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിക്ക് എപ്പോഴും എല്ലാകാലത്തും കർശന വ്യവസ്ഥകൾ തുടരണമെന്നുള്ളത് ആശാസ്യമായി വരുന്ന ഒരു കാര്യമല്ല. എന്നാൽ ഭൂമിയുടെ ഉപയോഗവും യോഗ്യമായ ഭൂമിയുടെ അളവും കുറഞ്ഞുവരുന്നതുമൂലം ചില നിയന്ത്രണങ്ങൾ തുടരേണ്ടത് അനിവാര്യവുമാണ്. ഈ ഘട്ടത്തിലാണ് നിരവധി ചർച്ചകൾക്കുശേഷം നിയമനിർമ്മാണമെന്ന ആവശ്യത്തിലേയ്ക്ക്/ ആശയത്തിലേയ്ക്ക് സർക്കാർ വരുന്നത്. ഇതിനുവേണ്ടി നിരവധി യോഗങ്ങൾ കേരളത്തിൽ നടക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ റവന്യൂ വകുപ്പുമന്ത്രിതന്നെ പങ്കെടുത്ത വിവിധ യോഗങ്ങൾ ചേർന്നു. നമുക്കെല്ലാവർക്കുമറിയാം, ഇടുക്കിയിൽത്തന്നെ പലതവണ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ ചേർന്നു. യഥാർത്ഥത്തിൽ നേരത്തെ ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ 2010-ൽ നടന്ന കോടതിവിധിയുടെ

18-ാമത്തെ ഖണ്ഡികയിൽ കൃത്യമായി പറഞ്ഞു, It is hence hereby ordered that the revenue officials, local self-government authorities, the police and forest authorities shall ensure that no construction activity takes place in Munnar without No Objection Certificate being issued by the revenue department and without permission being given by the panchayat authorities, except in the cases which are governed by court orders. വളരെ കൃത്യമായ നിർദ്ദേശമാണ് കോടതി നൽകിയത്. ഇവിടെ ഇടക്കാലത്ത് വലിയ ചർച്ചയുണ്ടായി, എന്തായിരുന്നു ചർച്ച, 2010-ൽ രൂപീകരിക്കപ്പെട്ട നിയമത്തിൽ 2016 വരെ...

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി, കൺക്ലൂഡ് ചെയ്യണം.

ശ്രീ. കെ. രാജൻ: സർ, ഇല്ല. ചില കാര്യങ്ങൾ പറയാനുണ്ട്, ഞാൻ പരമാവധി ചുരുക്കിപ്പറയാം. ഈ വിഷയം പറഞ്ഞുകഴിഞ്ഞ് ഞാൻ ചുരുക്കാം, ഇത് തെറ്റിദ്ധരിപ്പിക്കപ്പെടുകയാണെന്നതുകൊണ്ടാണ്. അതിനുശേഷം കേരളത്തിൽ 2016-ലാണ് ഒരു സർക്കുലർ ഇറക്കി റവന്യൂ വകുപ്പ് അവരുടെ എൻ.ഒ.സി. വേണമെന്ന് പറഞ്ഞതായി തെറ്റിദ്ധരിപ്പിക്കുംവിധം ചില

പരാമർശങ്ങളുണ്ടായത്. അതായത് 2010-ൽ വന്ന കോടതി വിധിയിൽ 5-6 വർഷം ഒരു ഇടപെടലും കേരളത്തിൽ നടന്നില്ല. എൻ.ഒ.സി. വേണമെന്ന് കോടതി പറഞ്ഞതിനെതിരായി എന്തെങ്കിലും നടപടിയോ അപ്പീലോ ഉണ്ടായില്ല. അതിനെതിരായി ഏതെങ്കിലും വിധത്തിൽ എൻ.ഒ.സി. അനുവദിക്കാനുള്ള നടപടിയും ഉണ്ടായില്ല. 2016-ൽ കളക്ടർ പുറപ്പെടുവിച്ച സർക്കുലർ എന്താണ്? ഇവിടെ പറഞ്ഞ അഭിപ്രായ പ്രകടനങ്ങൾ കേട്ടാൽ തോന്നും 2016-ൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വന്നതിന്റെ ഭാഗമായി കളക്ടർ സർക്കുലർ പുറപ്പെടുവിച്ചതുകൊണ്ടാണ് എൻ.ഒ.സി. നൽകാനുള്ള നിർബന്ധമുണ്ടായതെന്ന് പലയാളുകളും തെറ്റിദ്ധരിപ്പിച്ച് വർത്തമാനം പറയുന്നുണ്ട്. അതുകൊണ്ട് ഒറ്റക്കാര്യം ഞാൻ വായിക്കാം, 09-06-2016-ൽ C4-25908/2015 എന്ന ഉത്തരവ് പുറത്തിറക്കുമ്പോൾ പ്രസ്തുത സർക്കുലറിന്റെ സബ്ജക്ട് തന്നെ Grant of No Objection Certificate for construction in Munnar areas as directed by the Honourable High Court of Kerala, powers delegated and guidelines issued. സാധാരണ നിലയിൽ നിലനിൽക്കുന്ന ഒരു കോടതിവിധിയുടെ അടിസ്ഥാനത്തിൽ

അപേക്ഷ നൽകുന്നവർക്കെങ്ങനെ എൻ.ഒ.സി. വിതരണം ചെയ്യാമെന്നതിനെയും അത് ആര് ചെയ്യണമെന്നതിനെയും സംബന്ധിച്ച് ഒരു നിർദ്ദേശമാണ് കളക്ടർക്ക് നൽകിയിട്ടുള്ളത്. ആ നിർദ്ദേശം നൽകാൻ രണ്ട് കാരണങ്ങളുണ്ട്. ഒന്ന് കോടതി വിധിയും രണ്ടാമത്തേത് കോടതി വിധിയുടെ പശ്ചാത്തലത്തിൽ 2015-ലെ സർക്കാർ, ഇന്ദിര ആവാസ് യോജന പ്രകാരം 3 സെന്റിൽ ഭൂമി നൽകാൻ ഈ നിയമത്തിന്റെ/കോടതി വിധിയുടെ സാഹചര്യത്തിൽ സാധിക്കുന്നില്ലെന്ന് കാണിച്ച് നിർദ്ദേശം നൽകിയ കത്താണ്. ആ കത്തിൽപ്പറഞ്ഞിരിക്കുന്ന ഒരു കാര്യം മാത്രമേ ഞാൻ വായിക്കുന്നുള്ളൂ, സർക്കാർ ഉത്തരവുകൾ ഇവിടെ അവസാനിപ്പിക്കാം. A number of applications are being forwarded from sub-offices to District Collector Idukki regarding grant of No Objection Certificate. In the circumstances, the following directions/guidelines are issued in the matter of grant of NOC for construction in Chinnakanal എന്നാണ് കത്തിൽ പറഞ്ഞിരിക്കുന്നത്. മൂന്നാർ ആക്റ്റിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട എട്ട് വില്ലേജുകളിൽ, എൻ.ഒ.സി. നൽകുന്നതിനുവേണ്ടിയുള്ള വഴിയൊരുക്കിക്കൊടുക്കാൻ, കോടതി വിധി

തള്ളി ഒരു സർക്കാരിന് പോകാൻ കഴിയില്ല. പക്ഷേ, അതിന് ചില മാർഗ്ഗങ്ങൾ വേണം, അതിനായി ഒരു സബ്-കളക്ടറെ ചുമതലപ്പെടുത്തി. അതനുസരിച്ച് ഒരാളെക്കൊണ്ടുമാത്രം ഇതുസാധ്യമാകില്ലെന്നുകണ്ട് വിവിധ ആളുകൾക്ക് വിതരണം ചെയ്യാൻ 20-10-2018-ൽ പിന്നെയും സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവായ 381/2018-ന്റെ സാരാംശം ഞാൻ വായിക്കുന്നില്ല, മൂന്നാർ പ്രദേശത്ത് സ്വന്തം ഗൃഹനിർമ്മാണത്തിന് No Objection Certificate അനുവദിക്കുന്നത് സംബന്ധിച്ച് തഹസിൽദാർക്ക് അനുമതി നൽകിക്കൊണ്ട് പുറപ്പടുവിച്ച ഉത്തരവാണത്. ഞാൻ ഓരോന്ന് ഒരോന്നായി പറഞ്ഞുപോകുകയാണ്. ഈ ഘട്ടത്തിലാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ വളരെ ഗൗരവമായ ഇടപെടൽ ആരംഭിക്കുന്നത്. കോടതിയിൽ പലതവണ കേസുമായി പോകുകയുണ്ടായി. കോടതിയിൽപ്പോയ എല്ലാ കേസുകളിലും നിയമത്തിൽ ഇങ്ങനെയാണ് നിലനിൽക്കുന്നതെന്നുള്ളതുകൊണ്ട് നിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ സുപ്രീംകോടതി തന്നെ നിങ്ങൾ ഇതിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, നിയമത്തിലും ചട്ടത്തിലും മാറ്റം വരുത്തണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ മുമ്പിൽ വയ്ക്കുകയുണ്ടായി.

അതനുസരിച്ച്, വിവിധ യോഗങ്ങൾ ഈ കുറഞ്ഞകാലയളവിൽ കേരളത്തിൽ നടക്കുകയുണ്ടായി. 2017-ൽ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടിയുടെയും പ്രതിനിധികൾ, മതമേലധ്യക്ഷന്മാർ, മാധ്യമ പ്രവർത്തകർ എന്നിവരെയെല്ലാം വിളിച്ചുചേർത്ത് വളരെ ശ്രദ്ധേയമായ ഒരു യോഗം സർക്കാർ നടത്തി. അതിനുശേഷം തുടർച്ചയായി ഏഴോളം യോഗങ്ങൾ വിവിധ കാരണങ്ങളുന്നയിച്ചുകൊണ്ട് കേരളത്തിൽ നടക്കുകയുണ്ടായി. അതിന്റെയെല്ലാം വിശദാംശങ്ങൾ എന്റെ കൈവശമുണ്ട്, സമയക്കുറവുമൂലം ചുരുക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 269/2019 എന്ന പേരിൽ ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരമാണ് ഈ ഭേദഗതി നിർദ്ദേശത്തിലേയ്ക്ക് പോകണമെന്ന ആലോചന വന്നത്. രണ്ടാം പിണറായി സർക്കാർ വന്നതിനുശേഷം കേരളത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് നാല് യോഗങ്ങൾ നടന്നു. 2023 ജനുവരി മാസത്തിൽ ചേർന്ന യോഗത്തിൽവച്ചാണ് ഇക്കാര്യത്തിൽ വളരെ വിശദമായ പ്രൊപ്പോസൽ

തയ്യാറാക്കാൻവേണ്ടി ബഹുമാനപ്പെട്ട എ.ജി. ഉൾപ്പെടെയുള്ളവരെ ചുമതലപ്പെടുത്തിക്കൊണ്ട് അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ കേരളത്തിൽ ആരംഭിക്കാൻ തീരുമാനിച്ചത്. അതനുസരിച്ചാണ് ഈ ഭേദഗതിയിലേയ്ക്ക് നമ്മൾ എത്താനുള്ള പ്രധാനപ്പെട്ട സാഹചര്യമുണ്ടാകുന്നത്. 28-06-2017-ലെ സർവ്വകക്ഷിയോഗം, 25-11-2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗം, 11-02-2021-ലെ യോഗം, ഇന്നത്തെ ശിപാർശയിലേയ്ക്കുവന്ന 26-10-2021-ലെ യോഗം, അതിൽ ഒരു പൊതുവായ തീരുമാനമെടുത്ത 23-01-2023-ലെ യോഗം എന്നീ യോഗങ്ങൾക്കുശേഷമാണ് ഇന്നുകാണുന്ന നിർദ്ദേശങ്ങളിലേയ്ക്ക് നമ്മൾ വരാനിടയായ സാഹചര്യമുണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ് വളരെ ശ്രദ്ധേയമായ ഭേദഗതികൾ വച്ചുകൊണ്ട് ഇത്തരം ഒരു നടപടിയിലേയ്ക്ക് കേരളം പോകാനിടവരുത്തിയത്. ഭൂമിയുടെ കൈവശക്കാരുടെയും കർഷകരുടെയും ദീർഘകാല പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾത്തന്നെ കേരളത്തിന്റെ നിലവിലുള്ള കാലാവസ്ഥയിലും ഗൗരവമായി പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ നിലപാടുകൾ കർശനമായി പാലിക്കപ്പെടണമെന്നുതന്നെയാണ്

സർക്കാരിന്റെ അഭിപ്രായം. എന്നാൽ പുതിയകാലത്ത് മനുഷ്യരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും നാം അഭിസംബോധന ചെയ്യേണ്ടതായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുകതന്നെയാണ് സർക്കാരിന്റെ ലക്ഷ്യം. മനുഷ്യനും പ്രകൃതിയും കേന്ദ്രബിന്ദുവാകുന്ന സുസ്ഥിരമായ ഒരു വികസന പ്രക്രിയയെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. അതുകൊണ്ടുതന്നെ സന്തുലിതമായ ഒരു നിയമനിർമ്മാണ ചട്ടം രൂപീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകാതെ ഞാൻ നിയമത്തിലേയ്ക്ക് അതിവേഗം വരികയാണ്. ബില്ലിലുള്ള നാല് ഭേദഗതികളിൽ, ഒരു കാര്യം ബഹുമാനപ്പെട്ട ചെയർ മുഖേന ബന്ധപ്പെട്ട അംഗങ്ങളോട് പറയാനാഗ്രഹിക്കുന്നത്, നമ്മൾ ഇവിടെ രൂപീകരിക്കുന്നത് നിയമം മാത്രമാണ്. ഏത് തരത്തിലാകണം, എങ്ങനെയൊക്കെ ഇതിന്റെ നടപടിക്രമങ്ങളുണ്ടാകണം, എത്രയൊക്കെ സാധനങ്ങൾ അംഗീകരിക്കണം, തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഏതെല്ലാം പ്രവൃത്തികളാകാം എന്നിവ സംബന്ധിച്ച് ചട്ടത്തിലൂടെയാണ് തീരുമാനമെടുക്കുക. ചട്ടത്തിലൂടെ തീരുമാനിക്കുന്നതിനുമുമ്പ് ചട്ടം ഉണ്ടാക്കാൻ സർക്കാരിന്

അവസരമുണ്ടാകണം. ചട്ടം ഉണ്ടാക്കാൻ അവസരമുണ്ടാകുന്നതുപോലെതന്നെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നൽകിയ പട്ടയ ഭൂമിയിൽ റഗുലറൈസ് ചെയ്യാനും നിലവിൽ അനുവദിക്കപ്പെട്ട പട്ടയഭൂമിയിൽ നേരത്തെ അനുവദിക്കുന്ന കാലത്തുണ്ടായിരുന്ന ആവശ്യങ്ങളിൽനിന്നും വിഭിന്നമായി ചട്ടത്തിലൂടെ സർക്കാർ നിർദ്ദേശിക്കുന്ന ചില കാര്യങ്ങൾക്ക് അനുവാദം നൽകാനും കഴിയണമെങ്കിൽ ആദ്യം 1960-ലെ നിയമം ഓപ്പൺ ചെയ്യണം. പ്രസ്തുത നിയമമാണ് ഇപ്പോൾ ഓപ്പൺ ചെയ്യുന്നത്. ചട്ടത്തിന്റെ കാര്യത്തിൽ എല്ലാവരുമായി ഒരു കൂടിയാലോചന നടത്തുകയെന്നല്ലാതെ നിയമം ഓപ്പൺ ചെയ്യുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചട്ടത്തിന്റെ കാര്യത്തിൽ ഉണ്ടാകുകയില്ല. 4-ാം വകുപ്പിന്റെ കീഴിലുള്ള രണ്ട് ഭേദഗതികളായ 4A(1), 4A(2) എന്നിവയുടെ നിയമ നിർമ്മാണത്തിൽ, 4A(1) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പതിച്ചുകൊടുത്ത ഭൂമിയിൽ നിലവിലുള്ള വ്യവസ്ഥാലംഘനങ്ങൾ ക്രമീകരിച്ചുകൊടുക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നുവെന്നുമാത്രമേയുള്ളൂ.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, 4-ാം വകുപ്പിൽ ക്രമവൽക്കരണമെന്നുള്ളതിന് പകരം മുൻകാല പ്രാബല്യത്തോടെ

നിയമവൽക്കരണം എന്ന് ഉൾപ്പെടുത്തിയാൽ അതുകൊണ്ട് ഇന്ന് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയും. ക്രമവൽക്കരണമെന്ന് പറഞ്ഞാൽ ഫീസ് അടച്ച് ക്രമവൽക്കരിക്കുകയാണ്. നിയമവൽക്കരണമെന്ന് പറഞ്ഞാൽ അത് വേണ്ടിവരില്ല. ഓരോ വ്യക്തിയും ഈ ഉണ്ടായിരിക്കുന്ന അപാകത, ക്രമവൽക്കരണത്തിന് പോകുന്ന വ്യക്തിക്ക് വൻതോതിലുള്ള ഫീസ് അടയ്ക്കേണ്ടതായി വരും. അത് ഒഴിവാക്കാൻ എന്തുകൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടിയ നിയമവൽക്കരണമെന്ന് ചേർത്തുകൂടാ.

ശ്രീ. കെ. രാജൻ: സർ, ആ കാര്യം നിയമ വകുപ്പുമായി ചർച്ച ചെയ്തതാണ്. എ.ജി.-യുമായി ഡിസ്കസ് ചെയ്തതാണ്. ഇതിലെ വാക്ക് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. അങ്ങ് നന്നായി നിയമം ശ്രദ്ധിക്കുന്ന ആളാണ്. 'Contraventions' എന്ന വാക്കാണ് ഉപയോഗിച്ചത്. Violations അല്ല. ഈ നിയമത്തിൽ പറഞ്ഞതുപോലെ, ഏതെങ്കിലും വിധത്തിലുള്ള വ്യവസ്ഥാ ലംഘനങ്ങൾക്ക് ഇതിൽ ഉപയോഗിച്ച വാക്കുതന്നെ, regularisation of violations അല്ല. regularisation of contraventions ആണ്. അത് അങ്ങ് പറയുന്നതുപോലെ ആർക്കൊക്കെ,

ഏതൊക്കെ തരത്തിൽ പണം വേണോ; പണം വേണമെങ്കിൽ ആർക്കൊക്കെ; ഏതൊക്കെ വരെ; നമുക്ക് നിശ്ചയിക്കാം. ചട്ട പ്രകാരം നമുക്ക് നിശ്ചയിക്കാം. പക്ഷെ സാധാരണനിലയിൽ ക്രമവൽക്കരിക്കൽ അല്ലാതെ ഒരു നിയമംകൊണ്ട് നേരത്തെ ഉണ്ടായ നടപടിക്രമങ്ങളെ പൂർത്തീകരിക്കാൻ കഴിയില്ലെന്നുള്ളതാണ്. ഈ സഭയുടെ പൂർണ്ണമായുള്ള വികാരങ്ങൾ മാനിച്ചുകൊണ്ടായിരിക്കും ചട്ടത്തിലേയ്ക്ക് വരാൻ പോകുന്നത്. ഇത് സർക്കാരിനെ ചുമതലപ്പെടുത്തുകയാണ്. സർക്കാരിന് ഒരു അധികാരം നൽകുകയാണ്. അത് ഇതുവരെ opened അല്ല. ഇത് ഓപ്പൺ ചെയ്താൽ ഇരുപത്തിയൊന്നോളം ചട്ടങ്ങളിൽ എങ്ങനെ ഇടപെടണമെന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയും. അങ്ങ് പറഞ്ഞ നിർദ്ദേശം സ്വാഭാവികമായിരിക്കും, എടുക്കാവുന്നതാണ്. 4A(1) വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരമുള്ള വ്യവസ്ഥാ ലംഘനങ്ങളായിരിക്കും ക്രമവൽക്കരിച്ച് നൽകുക. എന്നാൽ ഇവിടെ വ്യവസ്ഥാ ലംഘനങ്ങളൊന്നും നടക്കാത്ത ഒരു ഭൂമി, നേരത്തെ ഞാൻ പറഞ്ഞതുപോലെ അനധികൃതമായി ഒരു നിർമ്മാണം നടത്തിയില്ല, പക്ഷെ ഏതെങ്കിലും കാലത്ത് ഇതിന് അനുവാദം ലഭിക്കുമെന്ന് കരുതി ഈ നിയമം

പാസ്സാക്കുന്ന സമയത്ത് ഭൂമി പട്ടയമായി ലഭിച്ച ഒരാളുണ്ടെങ്കിൽ അവർക്ക് ഏതെല്ലാം കാര്യത്തിൽ, അതായത് നിയമം അംഗീകരിക്കപ്പെടുന്ന തീയതി വരെ മറ്റേതെങ്കിലും ആവശ്യത്തിന് വിനിയോഗം നടത്താൻ പട്ടാധാർക്ക് സർക്കാർ അധികാരം നൽകുകയും ആ അധികാരം സർക്കാർ നിശ്ചയിക്കുന്ന കാര്യങ്ങൾക്ക്, അത് ഏതൊക്കെ വേണമെന്ന് ചട്ടത്തിലൂടെ നമുക്ക് നിശ്ചയിക്കാം. വളരെ സജീവമായി അക്കാര്യങ്ങൾ ആലോചിക്കാം. അങ്ങനെ നിലവിൽ ഇത് പാസ്സാകുന്ന തീയതി വരെയുള്ള പട്ടയങ്ങൾക്ക് കൊടുക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. ഇതുമൂലം വലിയ പ്രശ്നമാണ് കേരളത്തിൽ എല്ലായിടത്തും ഉണ്ടാകുന്നത്. 1964-ലെ ചട്ട പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ ഒരു ആശുപത്രി സ്ഥാപിക്കാൻ കഴിയുന്നില്ല. ഇലക്ട്രിസിറ്റിയുടെ കാര്യം ഇവിടെ ഇടക്കാലത്ത് സൂചിപ്പിച്ചു. റവന്യൂ വകുപ്പിന് അതിൽ എന്താണ് കാര്യം; ആർക്കെങ്കിലും കറന്റ് മുടക്കിയോ; ആരുടെയെങ്കിലും കെട്ടിട നിർമ്മാണം തടഞ്ഞോ; ആ ഉത്തരവാദിത്വമൊന്നും റവന്യൂ വകുപ്പിനില്ല. റവന്യൂ വകുപ്പ് അങ്ങനെ ക്രൂശിക്കപ്പെടേണ്ട വകുപ്പല്ല. കഴിഞ്ഞ 7 വർഷത്തിനിടയിൽ മൂന്ന് ലക്ഷം ആളുകൾക്ക് പട്ടയം കൊടുക്കാൻ നിശ്ചയിച്ചത് കൊടുത്ത വകുപ്പാണ് റവന്യൂ

വകുപ്പ്. നല്ലതുപോലെ അത്യദ്ധ്വാനം ചെയ്തിട്ടാണ് അത് കൊടുക്കാൻ കഴിഞ്ഞത്. ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ, നിയമത്തിന്റെ ഭാഗമായ ചില തടസ്സങ്ങളാണുള്ളത്. റോഡ് പുറമ്പോക്ക്, കുളം പുറമ്പോക്ക്, പാറ പുറമ്പോക്ക് എന്നിവ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ തടസ്സങ്ങളാണോ; മുട്ടാപ്പോക്ക് പറഞ്ഞ് അവസാനിപ്പിക്കുകയല്ല. റോഡ് പുറമ്പോക്കിൽ, കുളം പുറമ്പോക്കിൽ, പാറ പുറമ്പോക്കിലൊക്കെ പട്ടയം കൊടുക്കാൻ കഴിയാത്ത വിധത്തിലുള്ള തടസ്സങ്ങൾ രേഖപ്പെടുത്തിയിരിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ പറഞ്ഞതൊക്കെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. നാഷണൽ ഹൈവേയുടെ സൈഡ് പറ്റില്ല. കുളത്തിന്റെ സൈഡ് പറ്റില്ല. അതൊക്കെ സമ്മതിച്ചു. അതല്ലാതെ കിടക്കുന്ന പുറമ്പോക്കുകളുണ്ട്. തോട് പുറമ്പോക്കിന് എന്ത് അപകടമാണുള്ളത്; അവിടെ കൊടുക്കാതിരിക്കുന്നതല്ലേ തെറ്റ്; അതുപോലെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ. രാജൻ:</u> സർ, അങ്ങ് ചട്ടം അറിയാവുന്ന ആളായാതുകൊണ്ടാണ് ഞാൻ ഇതെടുത്തത്. അല്ലെങ്കിൽ എടുക്കില്ലായിരുന്നു. 1964-ലെ ചട്ടത്തിൽ 11(5) ഒന്ന് വായിച്ചുനോക്കിയാൽ മതി. ചട്ടത്തിൽ പറഞ്ഞിരിക്കുകയാണ്, 'റോഡ് വീതി കൂട്ടുന്നതിനാവശ്യമായ പാതയോരത്തെ സ്ഥലങ്ങൾ, തുറമുഖ പരിധിക്കുള്ളിലെ സ്ഥലങ്ങൾ അല്ലെങ്കിൽ ജലപാതകളുടെ ഏതെങ്കിലും ഒരു വശത്ത് 15 ലിങ്ക്സിനുള്ളിൽ 3.017 മീറ്റർ വരുന്ന സ്ഥലങ്ങൾ അല്ലെങ്കിൽ തടസ്സങ്ങളില്ലാത്ത ജലസേചന ചാനലുകളുടെ ഒരു ചെയിൻ ദൂരത്തിനുള്ളിൽ 20.117 മീറ്റർ അല്ലെങ്കിൽ തടങ്ങളില്ലാത്ത പ്രധാന ജലസേചന മാർഗ്ഗങ്ങളുടെ 20 ലിങ്ക്സിനുള്ളിൽ 4.02 മീറ്റർ അല്ലെങ്കിൽ തടങ്ങളുള്ള ജലസേചന മാർഗ്ഗങ്ങളുടെ 15 ലിങ്ക്സിനുള്ളിൽ 3.017 മീറ്റർ അല്ലെങ്കിൽ റെയിൽവേ സ്റ്റേഷനുകളുടെ അതിർത്തി മുതൽ 100 മീറ്ററിനുള്ളിൽ അല്ലെങ്കിൽ വിമാനത്താവളങ്ങളുടെ ലാന്റിംഗ് ഗ്രൗണ്ടുകളുടെ അതിർത്തിയിൽനിന്നും 200 യാർഡിനുള്ളിൽ അല്ലെങ്കിൽ കടൽത്തീരത്തിനടുത്ത് സമുദ്രം ഉയർന്ന ജലനിരപ്പിൽ 100 അടിക്കുള്ളിലുള്ള സ്ഥലങ്ങൾ'. ഇത് ചട്ടത്തിൽ എഴുതി വച്ചിരിക്കുകയാണ്. ഈ സ്ഥലങ്ങളിൽ കൊടുക്കാനാകില്ലെന്ന്. എന്നുമാത്രമല്ല, അങ്ങ്

സൂചിപ്പിച്ചതുപോലെ ഇതിനകത്ത് പിന്നെയും വന്ന ഒരു പ്രയാസമുണ്ട്. Jagpal Singh & Ors vs. State Of Punjab & Ors എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നേരിട്ട് ഇടപെട്ടിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് പരിഭ്രാന്തനാകേണ്ട കാര്യമില്ല. അങ്ങയുടെ കാലത്തും അങ്ങേയ്ക്ക് താൽപര്യമുള്ള ഈ ഭൂമി കൊടുക്കാൻ കഴിയാതെ പോയത് ഈ ചട്ടത്തിന്റെ പേരിലായിരിക്കുമെന്ന് എനിക്കറിയാം. അതുകൊണ്ടാണ് 10 വർഷം മുമ്പുള്ള കാലത്ത് യു.ഡി.എഫ്. സർക്കാർ കൊടുക്കാതിരുന്നതെന്ന ചോദ്യം ഉന്നയിക്കാതിരുന്നത്. ഇങ്ങനെ ചില തടസ്സങ്ങളുണ്ട്. രണ്ടാം പിണറായി സർക്കാർ വ്യത്യസ്തമായൊരു സമീപനം സ്വീകരിക്കുകയാണ്. അതിനാണ് ഒരു പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളത്. വില്ലേജുതലത്തിലുള്ള ജനകീയ സമിതിക്ക് അതിന്റെ രേഖയുണ്ടാക്കാം. താലൂക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദൗത്യ സംഘങ്ങളുണ്ടാക്കി ഇടപെടാം. അതിനേക്കാൾ പ്രധാനപ്പെട്ട കാര്യം, നിയമ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ജലസേചന വകുപ്പ്, വൈദ്യുതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള 7 വകുപ്പുകളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സംസ്ഥാനതല നിരീക്ഷണ സമിതി

രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും യോഗം നടത്തി കോളനികൾക്ക് വ്യാപകമായി പട്ടയം കൊടുക്കാൻ കഴിയുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കയ്യിലുള്ള കളിസ്ഥലങ്ങൾ, ശ്മശാനങ്ങൾ, കോളനിയിടങ്ങൾ, തോട് പുറമ്പോക്ക് ഉൾപ്പെടെയുള്ളവ നിയമത്തിനകത്ത് നിന്നുകൊണ്ട് റവന്യൂ വകുപ്പിലേയ്ക്ക് വെസ്റ്റ് ചെയ്യാൻ തീരുമാനമെടുത്തു. അങ്ങനെ ആ ചർച്ചകൾ മുന്നോട്ടുപോകുകയാണ്. അങ്ങയുടെ മണ്ഡലമായ കോട്ടയത്ത് നന്നായി റവന്യൂ അസംബ്ലി നടന്നതായി ഞാൻ അറിഞ്ഞു. അങ്ങ് റവന്യൂ അസംബ്ലിയുടെ അദ്ധ്യക്ഷനാണ്. അത് എന്താണ് ചർച്ച ചെയ്യുന്നത്; എല്ലാ പഞ്ചായത്ത് അംഗങ്ങൾക്കും അവരവരുടെ പ്രദേശത്ത് പട്ടയം കൊടുക്കാനുള്ളവരുണ്ടെങ്കിൽ കണ്ടെത്താം, കൊടുക്കാൻ കഴിയുന്ന ഭൂമികൾ സംബന്ധിച്ച നിർദ്ദേശമുണ്ടെങ്കിൽ സമർപ്പിക്കാം. ആ വിധത്തിൽ കാര്യങ്ങൾ മുന്നോട്ടുപോകുകയാണ്. കഴിയാവുന്ന വിധത്തിൽ ഒരു നിയമ നിർമ്മാണമാണ് രംഗപ്രവേശനം ചെയ്തിരിക്കുന്നത്.

ബഹുമാനപ്പെട്ട കെ. ഡി. പ്രസേനൻ കുറേക്കാലമായി ചർച്ച ചെയ്തിരിക്കുന്ന ഒരു വിഷയം സഭയുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

അത് പറയാതെ പോകാൻ കഴിയില്ല. അത് രവീന്ദ്രൻ പട്ടയങ്ങളെ സംബന്ധിച്ചാണ്. അതൊരു ഗൗരവമായ പ്രശ്നമാണ്. എന്താണ് രവീന്ദ്രൻ പട്ടയങ്ങളുടെ തടസ്സം; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുകൊടുത്ത ഒരു പട്ടയം നിങ്ങളായി ക്യാൻസൽ ചെയ്തത് എന്തിനാണെന്ന് നേരത്തെ പലരും ചോദിച്ചതാണ്. ആ പട്ടയം നിയമപരമായിരുന്നില്ല. അത് ആ ഗവൺമെന്റിന്റെ കുഴപ്പമല്ല. അന്ന് ചുമതല വഹിച്ചിരുന്ന ഒരു ഉദ്യോഗസ്ഥൻ തെറ്റായ വിധത്തിൽ കൊടുത്ത പട്ടയങ്ങൾ 1964-ലെ ചട്ടത്തിലെ 8(3) പ്രകാരവും കെ.ഡി.എച്ച്. (Kannan Devan Hills (Resumption of Lands) Act-1971)-ലെ 21(2) പ്രകാരവും തെറ്റാണെന്ന് കണ്ടെത്തുകയും ചെയ്തപ്പോൾ ക്യാൻസൽ ചെയ്തതാണ്. 1964-ലെ ചട്ടത്തിലും കെ.ഡി.എച്ച്. 1971-ലെ ആക്ടിലും ഭൂമി പതിച്ചുകൊടുക്കേണ്ടത് ആരാണെന്ന് നിശ്ചയിച്ചിട്ടുണ്ട്. 1964-ലെ ചട്ടത്തിലെ വകുപ്പ് 4 പ്രകാരം കൃത്യമായി പറഞ്ഞിട്ടുണ്ട്. തഹസിൽദാരോ സർക്കാർ ചുമതലപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥനോ ആയിരിക്കാം. സർക്കാരാണ് ചുമതലപ്പെടുത്തേണ്ടത്. ഡെപ്യൂട്ടി തഹസിൽദാരായ ഒരാൾ

അഡീഷണൽ തഹസിൽദാരുടെ ചുമതല വഹിക്കുമ്പോൾ ചട്ടത്തിലെ 4-ൽ പറയുന്ന അധികാരത്തെ തെറ്റിദ്ധരിച്ചുകൊണ്ട് നൽകിയ പട്ടയത്തിന് നിയമസാധുതയില്ല. അത് ഈ ഗവൺമെന്റ് അല്ല കണ്ടെത്തിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 269/2019 എന്ന ഉത്തരവിൽ സർക്കാർ കണ്ടെത്തിയതാണ്. രവീന്ദ്രൻ ഒപ്പിടാനുള്ള അതോറിറ്റിയല്ല. അതുകൊണ്ട് അത് പിൻവലിക്കണം. കെ.ഡി.എച്ച്.-ൽ ജില്ലാ കളക്ടറാണ് അസൈൻഡ് അതോറിറ്റി. ഞാൻ ആ ഭാഗങ്ങൾ വായിക്കുന്നില്ല. അത് എന്റെ കയ്യിലുണ്ട്. ജില്ലാ കളക്ടർ നൽകുന്നതിന് പകരം കേവലം ഡെപ്യൂട്ടി തഹസിൽദാരായ ഒരു ഉദ്യോഗസ്ഥൻ അഡീഷണൽ തഹസിൽദാരുടെ പദവി വഹിക്കവേ തഹസിൽദാർ കൊടുക്കേണ്ട പട്ടയം ഒപ്പിടുന്നു. ജില്ലാ കളക്ടർ ഒപ്പിടേണ്ട പട്ടയം ഒപ്പിടുന്നു. ആ പട്ടയം കയ്യിൽ വച്ചാൽ, നാട്ടിൻപുറത്ത് പറയുന്നതുപോലെ, നായയ്ക്ക് പൊതിക്കാത്ത തേങ്ങ കിട്ടിയതുപോലെ കയ്യിൽ വയ്ക്കാമെന്നല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിക്കില്ല. അതിന്റെ അടിസ്ഥാനത്തിൽ 1964-ലെ ചട്ടം 8(3) പ്രകാരം നിയമപരമായിട്ടാണ് ആ പട്ടയം റദ്ദാക്കുന്നത്. അത് ഇവിടെ പറഞ്ഞതുപോലെ 14/2022-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം 1977-ലെ കണ്ണൻദേവൻ ഹിൽസ് ചട്ടങ്ങളിലെ

ചട്ടം 21 (1), 21 (4) പ്രകാരവും 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 8(3) പ്രകാരവും നിയമാനുസൃതം റദ്ദ് ചെയ്യാനാണ് കളക്ടർക്ക് അനുവാദം നൽകിയത്. ഓരോരുത്തരെയും വ്യക്തിപരമായി ഹിയർ ചെയ്ത് അവരുടെ അനുള്ള വരുമാന പരിധി കണക്കിലെടുക്കാതെ അവർ അർഹരാണെങ്കിൽ അവർക്ക് കൊടുക്കാം. ഞാനതിന്റെ കണക്ക് പറയാം. രവീന്ദ്രൻ പട്ടയമായി കണ്ടെത്തിയത് ആകെ 531. അതിൽ ക്യാൻസൽ ചെയ്തത് 471. ക്യാൻസൽ ചെയ്തതിൽ പുതിയ പട്ടയത്തിന് അപേക്ഷ കൊടുത്തത് 264. സർവ്വേ പൂർത്തിയാക്കിയത് 240. ഇപ്പോൾ 69 പേർക്ക് ക്യാൻസൽ ചെയ്ത പട്ടയം പുതിയതായി കൊടുത്തു. ബാക്കിയുള്ള 140 പേരിൽ അർഹരായ മുഴവൻ പേർക്കും കുറഞ്ഞ കാലത്തിനുള്ളിൽ പട്ടയം കൊടുക്കാൻ കഴിയും. അതുകൊണ്ട് അനർഹമായി നൽകിയൊരു പട്ടയം കൊടുക്കാതിരിക്കുക എന്നുള്ളത് ശരിയായ ഒരു കാര്യമല്ലാത്തതുകൊണ്ടാണ്. ഒരുകാര്യംകൂടി ഇവിടെ പറഞ്ഞു.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇനിയും നാല് ബില്ലുകൾകൂടിയുണ്ട്.

ശ്രീ. കെ. രാജൻ: സർ, ഗുരുതരമായൊരു കാര്യമാണ് എഴുതിക്കൊടുക്കാതെ ഇവിടെ നേരത്തെ പറഞ്ഞത്. നേരത്തെ

ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞുവല്ലോ; ഈ ബില്ലിന്റെ കരട് അവതരിപ്പിക്കുന്ന സമയത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും ഇവിടെ നിയമസഭയിൽ പങ്കെടുക്കാൻ വന്ന ആളാണ് ശ്രീ. റോഷി അഗസ്റ്റിൻ. ഇവിടെ ഇത്ര ഗൗരവമായ ചർച്ച നടക്കുന്ന സമയത്ത് സർവ്വേയിൽ നടന്ന ഉപകരണങ്ങളെ കുറിച്ചാണ് ചർച്ച. അതിന് മറുപടി പറയേണ്ടതുണ്ട്. പുറത്തുപറഞ്ഞാൽ ഞാൻ പുറത്ത് മറുപടി പറയാം. ഇപ്പോൾ പറയുന്നില്ല. പക്ഷേ, ഇത്തരം തെറ്റായ, ഗവൺമെന്റ് കൃത്യതയോടുകൂടി ബോധ്യപ്പെട്ട അതിവേഗം, 1,31,000 ഹെക്ടറിലധികം ഭൂമി 10 മാസംകൊണ്ട് അളന്നുതീർത്ത ഉദ്യോഗസ്ഥരുടെ വിശ്വസ്തതയെ ചോദ്യം ചെയ്യുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾ നടത്തുന്നത് ആർക്കുവേണ്ടിയാണ് എന്നത് അറിയില്ല. എന്തായാലും അത് തയ്യാറാക്കിയത് അദ്ദേഹമായിരിക്കില്ല. അതെനിക്കറിയാം. പക്ഷേ, ഒരു പേടിയും പേടിക്കേണ്ട. ഈ ഗവൺമെന്റ് ഉള്ളിടത്തോളംകാലം കേരളത്തിൽ 4 വർഷംകൊണ്ട് എല്ലാവർക്കും ഭൂമിക്ക് രേഖയുണ്ടാക്കുമെന്ന് പ്രഖ്യാപിച്ചാൽ എല്ലാവർക്കും ഭൂമിയുടെ രേഖ നാല് വർഷത്തിനുള്ളിൽത്തന്നെ ഉണ്ടാക്കുന്ന വിധത്തിൽത്തന്നെ അത്

മുന്നോട്ടുപോകും. ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളുടെ മറുപടി ക്രമീകരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

For the words, symbols and brackets, " if satisfied for the reasons to be recorded in writing to permit the assignee to use the land assigned under this Act and the rules made thereunder till the date of commencement of the Kerala Government Land Assignment (Amendment) Act for purposes other than for which

the land was assigned, on such terms and conditions, as may be prescribed.” , the words symbols and brackets "if satisfied, for the reasons to be recorded in writing, to permit an assignee who holds the assigned land as on the date of commencement of the Kerala Government Land Assignment (Amendment) Act, 2023 (.... of 2023) to use the land assigned under this Act and the rules made thereunder, for the purposes other than for which the land was assigned, on such terms and conditions, as may be prescribed.” shall be substituted.

Dr. N. Jayaraj: Sir, I move the following amendments.

113. In section 4A(1) proposed to be inserted in the principal Act by Clause 2, after the words “ in this Act or” the words “ in the rules made under this Act or” shall be inserted.

120 . In section 4A(1) proposed to be inserted in the principal Act by Clause 2, for the words “ contraventions of” the words “ contraventions in” shall be substituted.

122. In section 4A(1) proposed to be inserted in the principal Act by Clause 2, the word “ the” before the word “ commencement” shall be deleted.

125. In section 4A(2) proposed to be inserted in the principal Act by Clause 2, after the words " in this Act or" the words " in the rules made under this Act or" shall be inserted.

127. In section 4A(2) proposed to be inserted in the principal Act by Clause 2 after the word "satisfied", the symbol "," shall be inserted.

128. In section 4A(2) proposed to be inserted in the principal Act by Clause 2 after the words "to be recorded in writing", the symbol "," shall be inserted.

Dr. Mathew Kuzhalnadan: Sir, I move the following amendments.

115. In section 4A(1) proposed to be inserted in the principal Act by Clause 2, after the words " Government to" the words " permit commercial establishments in Patta land and to" shall be inserted.

130. In section 4A(2) proposed to be inserted in the principal Act by Clause 2, the words, figures and symbols "till the date of commencement of the Kerala Government Land Assignment (Amendment) Act, 2023 (..... of 2023)" shall be deleted.

ഞാൻ ഈ അമെന്റ്മെന്റ് മൂവ് ചെയ്യാൻ കാരണം, പട്ടയ ഭൂമിയെ സംബന്ധിച്ച് ഇന്ന് നിലനിൽക്കുന്ന ഏറ്റവും വലിയ നിയമ തടസ്സമെന്ന് പറയുന്നത് അതിൽ കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നുള്ളതാണ്. ഇന്ന് നിങ്ങൾ കൊണ്ടുവന്ന ബില്ലിൽ 4A(1)ൽ കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സുകൂടി പെർമിറ്റ് ചെയ്യുന്ന ഒരു വാക്ക് ചേർത്താൽ മതി. ആ വാക്ക് ചേർത്താൽ ഈ അപകടമെല്ലാം ഒഴിവാക്കാം. അതിനെങ്കിലും ഗവൺമെന്റ് തയ്യാറാകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

Smt. Santhakumari K.: Sir, I move the following amendment.

129. In section 4A(2) proposed to be inserted in the principal Act by Clause 2 for the word "assignee" the word "pattadar" shall be substituted.

Smt. K. K. Rema: Sir, I move the following amendment.

136. In section 4A(2) proposed to be inserted in the principal Act by Clause 2 for the words “ land was assigned” the words “ land was originally assigned as per the patta” shall be substituted.

Shri P. J. Joseph: Sir, I move the following amendment.

139. Clause 2 shall be recast as follows:-

> “ 2. Insertion of new section 4A after section 4. - After section 4 of the Kerala Government Land Assignment Act, 1960 (30 of 1960) (Hereinafter referred to as the principal Act) the following section shall be inserted.
> “ 4A(1) – special power of Government to remove restrictions or conditions attached to pattas -

4A. Usage of assigned land for any other purposes. - (1) Notwithstanding anything contained in this Act or in any other law or rules, order, judgement or decree of any court for the time being in force, it shall be competent for the Government to issue general or special orders removing the restrictions or conditions attached to pattas issued under the Rules made under this Act till the date of commencement of the Kerala Government Land Assignment (Amendment) Act 2023 with retrospective effect and to permit issuance of such pattas thereafter without such conditions or restrictions.

4A(2) On issuance of orders under sub-section(1) removing restrictions or conditions attached to pattas, no land owner shall be proceeded against alleging violation of the restrictions or conditions attached to the pattas relating to their properties and all the activities undertaken in the patta land in violation of such restrictions or conditions removed by orders issued as above, shall be deemed to have been regularised with effect from the date of issuance of such orders.”

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഞാൻ അവതരിപ്പിച്ച വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 113, 120, 122, 125, 127, 128 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 115, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendments.

142. In section 7(1)(oa) proposed to be inserted in the principal Act by Clause 3 for the words " of" after the word " contraventions" the word " in" shall be substituted.

143. In section 7(1)(ob) proposed to be inserted in the principal Act by Clause 3 for the words " to permit" the words " in permitting" shall be substituted.

144. In section7(1)(ob) proposed to be inserted in the principal Act by Clause 3 for the words " made under" the words " made thereunder" shall be substituted.

Smt. K. K. Rema: Sir, I move the following amendment.

145. In section7(1)(ob) proposed to be inserted in the principal Act by Clause 3 after the word " originating assigned" the words " as per the patta" shall be inserted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 143, 144 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 143, 144 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Dr. N. Jayaraj: Sir, I move the following amendment.

111. In the preamble, after the figures " 1960" the brackets, figures and word " (30 of 1960)" shall be inserted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 111-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വളരെ ദീർഘമായ വിശദീകരണവും നല്ല ചർച്ചയും ഇവിടെ നടന്നു. നീണ്ടുനിന്ന വ്യവഹാരങ്ങൾക്ക് ശേഷമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുണ്ടായത്. വേറെ ഒരു ഓപ്ഷനും മുന്നിലില്ല. ചട്ടത്തിലും നിയമത്തിലും ഭേദഗതി വരുത്തുകയെന്നല്ലാതെ യാതൊരു വഴിയുമില്ല. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഇത് ബാധകമാണെങ്കിലും ഇതെല്ലാം കൂടുതൽ ശക്തിയായും കർശനമായും ഇംപ്ലിമെന്റ് ചെയ്യാൻ ശ്രമിച്ച സ്ഥലം ഇടുക്കിയാണ്. പിന്നീടാണ് ബാക്കി ജില്ലകളിലേയ്ക്ക് ഇത് വ്യാപിച്ചത്. ഇപ്പോൾ എല്ലാ സ്ഥലത്തും പ്രയാസമായി. ഏറ്റവുംകൂടുതൽ പ്രയാസം അനുഭവിക്കുന്നത് ഇടുക്കി ജില്ലയിലെ ജനങ്ങളാണ്. ഇപ്പോഴിത് പാസ്സായി. ഇനി ഇതിന്റെ മൂന്നാം വായനയിൽ നമ്മൾ സംസാരിക്കേണ്ടത് ഇതിന്റെ ഇംപ്ലിമെന്റേഷനാണ്. ആദ്യത്തെ ഇംപ്ലിമെന്റേഷൻ എന്താണ്; റൂൾസ് ഫ്രെയിം ചെയ്യുക എന്നുള്ളതാണ്. ഇവിടെ ഒരു പ്രശ്നമുള്ളത്, ഞങ്ങൾക്ക് ചില കൺസേണുണ്ട്. ഞങ്ങൾ ഇതിനെ സ്വാഗതം ചെയ്യുകയാണ്. ഇതിനെ എതിർക്കുകയാണെന്ന് ഒരു തരത്തിലും തെറ്റിദ്ധരിക്കരുത്. ഇതിനെ ഞങ്ങൾ ശക്തിയായി പിന്തുണയ്ക്കുകയാണ്. പക്ഷേ, ചില കൺസേണുകളുണ്ട്. പ്രസ്തുത

കൺസേണിൽ ഏറ്റവും പ്രധാനം 4A അമെന്റ്മെന്റിൽ പറഞ്ഞിരിക്കുന്നത് “ it shall be competent for the Government to regularize any contraventions of the conditions attached to the patta” എന്നാണ്. അതായത് പട്ടയം നൽകുമ്പോൾ കണ്ടീഷൻസ് (പട്ടയ നിബന്ധനകൾ), ആ പട്ടയ നിബന്ധനകളുടെ ലംഘനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ, അതാണ് contravention. വയലേഷൻ അൾമോസ്റ്റ് ഈക്വൽ അർത്ഥം ഒന്നുതന്നെയാണ്. Contravention എന്നുപറഞ്ഞാൽ ബ്രീച്ചാണ്, ലംഘനമാണ്. നിലവിലുള്ള പട്ടയ നിബന്ധനകളുടെ ലംഘനം നടന്നിട്ടുണ്ടെങ്കിൽ അത് റെഗുലറൈസ് ചെയ്യാനുള്ള അധികാരം ഗവൺമെന്റിന് നൽകുകയാണ്. പട്ടയ നിബന്ധനയുടെ ലംഘനം ഇപ്പോഴും നിയമവിരുദ്ധമായൊരു ഏർപ്പാടായി നിൽക്കുകയാണ്. അത് പാസ്സായിട്ടില്ല. ഈ ആക്ട് പാസ്സായാലും പട്ടയ നിബന്ധന ലംഘിച്ചാൽ നിയമവിരുദ്ധം തന്നെയാണ്. പട്ടയ നിബന്ധനകൾ ലംഘിക്കുന്നത് ഇപ്പോൾ നിയമവിരുദ്ധമാണ്. അതായത്, കൃഷി സ്ഥലത്തിലും നേരത്തെ പറഞ്ഞ വീടുമല്ലാതെ വേറെ എന്തെങ്കിലും ചെയ്താൽ അത് പട്ടയ നിബന്ധനയുടെ ലംഘനമാണ്. ഈ നിയമം പാസ്സായാലും പട്ടയ നിബന്ധനയുടെ ലംഘനം

എന്നുള്ളത് നിയമവിരുദ്ധമായി നിൽക്കുകയാണ്. പട്ടയ നിബന്ധന ലംഘിക്കുന്ന ഇല്ലീഗാലിറ്റി ഇത് പാസ്സായാലും നിലനിൽക്കുമെന്ന നിയമപ്രശ്നമുണ്ട്. ഇതിന്റെ തുടർച്ചയായി വ്യവഹാരങ്ങളാണ്. അത് വളരെ പ്രധാനപ്പെട്ടൊരു കൺസേണാണ്. അതുകൊണ്ടാണ് ശ്രീ. പി. ജെ. ജോസഫ് സാർ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞത് 1960-ലെ ആക്ട്, അവിടെയുണ്ട്; 1964-ലെ റൂൾസിലും 1993-ലെ റൂൾസിലും ഈ നിബന്ധനകൾ എടുത്തുമാറ്റിയാൽ പോരേയെന്നാണ് അദ്ദേഹം ചോദിച്ചത്. ആക്ടിലല്ല ഈ കണ്ടീഷൻസ് വച്ചിരിക്കുന്നത്. കണ്ടീഷൻസ് വച്ചിരിക്കുന്നത് 1964-ലെ റൂളിലും 1993-ലെ റൂളിലുമാണ്. 1964-ലെയും 1993-ലെയും റൂളുകളിലെ ഈ രണ്ട് നിബന്ധനകളും കാൻസൽ ചെയ്താൽ നമ്മുടെ ഈ പർപ്പസ് സെർവ് ചെയ്യും. ചിലപ്പോൾ ഇതുവരെ ചെയ്ത ലംഘനങ്ങൾ റിട്രോസ്പെക്ടീവ് ഇഫക്ടിൽ റെഗുലറൈസ് ചെയ്യാനുള്ളൊരു ക്ലോസ് കൂടി വേണ്ടിവരും. ആക്ട് ഇംപ്ലിമെന്റ് ചെയ്യുമ്പോഴുണ്ടാകുന്ന വളരെ ഗൗരവമുള്ള രണ്ട് പ്രശ്നങ്ങളാണ് ഞാൻ അവതരിപ്പിക്കുന്നത്. റൂൾ ഉണ്ടാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് അടുത്തതായി ചൂണ്ടിക്കാണിക്കാനുള്ളത്. അതാണ് മൂന്നാം വായനയിൽ പറയേണ്ടത്.

ഓരോ കേസും ഓരോന്നായാണ് പരിഗണിക്കുന്നത്. അല്ലാതെ പൊതുവായിട്ടുള്ള തീരുമാനമില്ലല്ലോ? ഓരോ കേസും ഓരോ വയലേഷനാണ്. അവ ക്രമപ്പെടുത്തിക്കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യുമ്പോൾ സാധാരണക്കാർക്ക് വീണ്ടും ബുദ്ധിമുട്ടുണ്ടാകരുത്. അവർ ഒരുപാട് കഷ്ടപ്പെട്ടിട്ടാണ് ഈ പട്ടയം വാങ്ങിച്ചിരിക്കുന്നതെന്ന് അറിയാമല്ലോ; നിരവധി വർഷക്കാലം നടത്തിയ കഠിനാധ്വാനത്തിന്റെ ഫലമായി, മാറി മാറി വന്ന പല ഗവൺമെന്റുകളാണ് ഈ പട്ടയം നൽകിയത്. വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റ് തുടങ്ങി അവർ കയറിയിറങ്ങാത്ത ഓഫീസുകളില്ല. അതത് കാലത്തെ മന്ത്രിമാരെയുംപോയി കണ്ടിട്ടുണ്ട്. അങ്ങനെ ഒരുപാട് കഷ്ടപ്പെട്ടിട്ടാണ് അവർക്ക് പട്ടയം ലഭ്യമായത്. അവരിൽനിന്നും ഒരു കാരണവശാലും ക്രമവത്കരിക്കുന്നതിന്റെ പേരിൽ ഫീസ് ഈടാക്കുന്ന നിലവരരുത്. ആ സാഹചര്യം വന്നാൽ ഞങ്ങൾ അതിനെ ശക്തിയായി എതിർക്കും. അടുത്ത പ്രശ്നം, ഒരു കാരണവശാലും ഉദ്യോഗസ്ഥർക്ക്, പ്രത്യേകിച്ച് ഇടുക്കി പോലുള്ള ജില്ലയിലുള്ള ഉദ്യോഗസ്ഥർക്ക് വിവേചനാധികാരം നൽകരുത്. എല്ലാ ജില്ലകളിലും പ്രശ്നമുണ്ടെങ്കിലും ഇടുക്കിയിൽ അത് കൂടുതലാണ്.

അതുകൊണ്ടാണ് രവീന്ദ്രൻ പട്ടയമെന്നും വൃന്ദാവൻ പട്ടയമെന്നുമൊക്കെ പറയേണ്ടി വന്നിട്ടുള്ളത്. വൃന്ദാവൻ ലോഡ്ജിലിരുന്ന് ഉണ്ടാക്കിയ പട്ടയമാണ് വൃന്ദാവൻ പട്ടയം. അത് റദ്ദാക്കണമെന്ന് പറഞ്ഞ് ഞാനാണ് ആദ്യമായി ഹൈക്കോടതിയിൽ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ കേസ് ഫയൽ ചെയ്തത്. ഇതിലെ പ്രശ്നമെന്ന് പറയുന്നത്, വിവേചനാധികാരം, തീരുമാനമെടുക്കാനുള്ള വിവേചനം അവർക്ക് കൊടുത്താൽ, ഒന്നുകിൽ അവർ ആളുകളെ വല്ലാതെ പ്രയാസപ്പെടുത്തും അല്ലെങ്കിൽ മറ്റ് വഴികളിലേയ്ക്ക് ഇതൊരു ചാകരയായി മാറും. അതുകൊണ്ട് ഗവൺമെന്റ് ഫീസിന്റെ കാര്യവും അനാവശ്യമായ വിവേചനം ഉദ്യോഗസ്ഥർക്ക് നൽകരുതെന്ന കാര്യവും ഉറപ്പുവരുത്തണം. അടുത്ത പ്രശ്നം, ഇടുക്കി ജില്ലയിലുൾപ്പെടെ ഇനിയും പതിനായിരക്കണക്കിന് പട്ടയങ്ങൾ നൽകാനുണ്ട്. ഇനി നൽകാൻ പോകുന്ന പട്ടയങ്ങൾക്കും ഇതേ പ്രശ്നം നിലനിൽക്കും. കാരണം ഈ ഇല്ലീഗാലിറ്റി അവിടെ നിൽക്കുകയാണ്. ഭാവിയിൽ ഉണ്ടാകാൻ പോകുന്നൊരു പ്രശ്നം ഞാൻ പറഞ്ഞതാണ്. ഏത് ഭൂമിക്ക് പട്ടയം നൽകിയാലും അവിടെ മറ്റെന്തെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ അത് വയലേഷനാകുകയാണ്. ഇനി പട്ടയം നൽകാൻ പോകുന്ന ആളുകൾക്കും ഇത് ധാരാളം

പ്രശ്നങ്ങളുണ്ടാകും. മറ്റൊരു കാര്യം, നിലവിലുള്ള പട്ടയ ഭൂമിയിലെ നിർമ്മിതികൾ നിങ്ങൾ റഗുലറൈസ് ചെയ്തുകൊടുക്കുകയാണ്. റഗുലറൈസ് ചെയ്ത് കൊടുക്കുന്ന ആൾക്ക് കിട്ടിയ പട്ടയ ഭൂമിയിൽ ഒരു പുതിയ കെട്ടിടം പണിയാൻ ഭാവിയിൽ സാധിക്കുമോ? അപ്പോഴും ഭേദഗതി കൊണ്ടുവരണ്ടേ. സത്യത്തിൽ എൻ.ഒ.സി. കൊടുക്കുന്നതിന് സമാനമായ ഒരു സ്ഥിതിയിലേയ്ക്ക് പോകും. റൂൾസ് ഫ്രെയിം ചെയ്യാനായും നാല് ഭേദഗതികളും ഉൾപ്പെടുന്ന രണ്ട് പുതിയ വകുപ്പുകൾ കൊണ്ടുവരുന്നത് നല്ല കാര്യം. പക്ഷേ റൂൾസ് ഫ്രെയിം ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ ഈയൊരു അപകടമുണ്ടാകാൻ സാധ്യതയുണ്ട്. അതായത് നൂറുകണക്കിന് നിയമങ്ങളാണുള്ളത്. റവന്യൂവുമായി ബന്ധപ്പെട്ട് ഈ സംസ്ഥാനത്ത് നിയമസഭ പാസാക്കിയ നൂറോ നൂറ്റിയിരുപതോ നിയമങ്ങൾ ഒരു വില്ലേജ് ഓഫീസർ പഠിച്ചിരിക്കണം. അല്ലാതെ ഒരു വില്ലേജ് ഓഫീസർക്ക് ഇങ്ങനെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കില്ല. വില്ലേജ് ഓഫീസർമാരെ സമ്മതിക്കണം. കാരണം അത്രയധികം നിയമങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ടുതന്നെ 21 ചട്ടങ്ങളുണ്ട്. വ്യവഹാരങ്ങൾ വർദ്ധിക്കുകയും കൂടുതൽ സങ്കീർണ്ണമാകുകയും ചെയ്യും. ഈ വിഷയത്തിനൊരു ശാശ്വത പരിഹാരം

ഉണ്ടാകില്ലെന്ന ഉത്കണ്ഠ ഗൗരവമായി ഞങ്ങൾ പങ്കുവയ്ക്കുകയാണ്. അതിനൊരു ശാശ്വത പരിഹാരമുണ്ടാകണമെന്ന് സദുദ്ദേശത്തോടെ പറയുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഉദ്ദേശം സദുദ്ദേശപരമാണ് എന്നുള്ളതുകൊണ്ട് ഒരു പോസിറ്റീവ് ചർച്ചതന്നെ നമുക്ക് ഇക്കാര്യത്തിൽ ഉണ്ടാകും. വളരെ പോസിറ്റീവായ ഒരു മാറ്റമാണ് കേരളത്തിലുണ്ടായതെന്നത് ഈ സഭ അംഗീകരിക്കണം. നമ്മൾ എല്ലാവരും പറഞ്ഞതുപോലെ, കേരളത്തിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട നിയമത്തെ ദീർഘകാലമായുള്ള ജനങ്ങളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 63 കൊല്ലത്തിനുശേഷം ഭേദഗതി വരുത്തുകയാണ്. അങ്ങനെയൊരു മാറ്റമുണ്ടാകുമ്പോൾ ഉണ്ടാകാനിടയുണ്ടെന്ന് നാം ആശങ്കപ്പെടുന്നൊരു പ്രശ്നം അതിന്റെ ശോഭ കെടുത്തുന്ന വിധത്തിൽ വരാതിരിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ചട്ടത്തിൽ ഭേദഗതി വരുത്തിയതുകൊണ്ടുമാത്രം പ്രശ്നം തീരില്ലെന്ന് നമുക്കറിയാം. നമ്മളാരും പൂർണ്ണമായി നിയമവിചക്ഷണന്മാരല്ല. അതുകൊണ്ട് നിയമമറിയാവുന്നവരുമായി പലവിധ കൺസൾട്ടേഷൻ നടത്തിയാണ്

ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 1964-ലെയും 1993-ലെയും ചട്ടമാണ് ഇപ്പോൾ നമ്മളെ ബാധിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഈ വിധത്തിൽ അതിൽ ഇടപെടണമെന്ന് ബഹുമാനപ്പെട്ട ശ്രീ. പി. ജെ. ജോസഫ് ആവശ്യപ്പെട്ടത്. WA/32145/2016 എന്ന വർഗ്ഗീസ് കുര്യന്റെ കേസുള്ളതുകൊണ്ടാകാം ഡോ. മാത്യു കുഴൽനാടൻ ഇതിനെക്കുറിച്ച് ആശങ്കപ്പെടാനുള്ള പ്രധാനപ്പെട്ട കാരണം. ഈ പ്രശ്നങ്ങളുടെയെല്ലാം ആശങ്ക പരിഹരിക്കാവുന്ന വിധത്തിലുള്ള ഒരു നടപടിയാണ് സ്വീകരിക്കുന്നത്. 1964-ലെയും 1993-ലെയും ചട്ടത്തിൽ മാത്രമല്ല വിവിധങ്ങളായ ചട്ടങ്ങളിൽ ഇതുസംബന്ധിച്ച വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളൊക്കെ മാറ്റാൻ കഴിയുന്ന വിധത്തിലുള്ള അധികാരം ഇതിൽ സർക്കാരിന് ലഭ്യമാകുകയാണ്. ബഹുമാനപ്പെട്ട ചെയറിന് മനസ്സിലായി എന്ന് ഞാൻ കരുതുന്നു. 1964-ലെയും 1993-ലെയും മാത്രം ചട്ടങ്ങൾ ബാധകമായാൽ ഇത് ബാധകമാകുന്ന മറ്റ് ചട്ടങ്ങളിൽ ആര് ഭേദഗതി വരുത്തും? 7 (1) (ഒഎ), (ഒബി) എന്നീ രണ്ട് ചട്ടങ്ങൾകൂടി കൊണ്ടുവരാനുള്ള അധികാരം സർക്കാരിന് നൽകുന്ന സമഗ്രമായ മാറ്റമാണ് ഇപ്പോൾ ഈ നിയമത്തിലൂടെ കൊണ്ടുവരുന്നത്. അനന്തമായി ഇതങ്ങനെ കൊടുക്കാൻ കഴിയില്ല. ഓരോ കേസുകൾ

ഓരോന്നായിട്ടാണ് എടുക്കുന്നതെങ്കിൽപ്പോലും ചട്ടത്തിൽ പൊതുവായി ഇതിനെ ക്രമവത്കരിക്കാനുള്ള ഏതെല്ലാം നിബന്ധനകളാണ് എന്ന് തീരുമാനിക്കും. നമ്മുടെ മുമ്പിൽ അനുഭവങ്ങളുള്ളതുകൊണ്ട് അതിവേഗത്തിൽ അത് പരിഹരിക്കാൻ വേണ്ടിയുള്ള ആവശ്യമായ ഉദ്യോഗസ്ഥരെയുൾപ്പെടെ നൽകി അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ക്ലാസിഫിക്കേഷൻ വേണ്ടിവന്നാൽ അതിനെക്കുറിച്ചും ആലോചിക്കും. കാലതാമസമുണ്ടാകാതിരിക്കാനുള്ള നടപടിയും സ്വീകരിക്കും. ഒരു കാരണവശാലും ഇങ്ങനെയുള്ള റെഗുലറൈസേഷൻമൂലം സാധാരണക്കാരനായ ഒരാൾക്കുപോലും ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ഇതിന്റെ നടപടിക്രമങ്ങൾ ഉറപ്പുവരുത്തുന്നതാണെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

മി. സ്പീക്കർ: 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........
പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ചർച്ചയ്ക്കുശേഷം സംസാരിക്കാം.

മി. സ്പീക്കർ: പ്രസ്തുത ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 1975-ലെ കേരള കെട്ടിട നികുതി ആക്ട് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും തദ്ദേശസ്വയംഭരണ നികുതി നിർണ്ണയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനും ചുമത്തുന്നതിനും ഭരണഘടനയുടെ 101-ാമത് ഭേദഗതി പ്രകാരം സംസ്ഥാന ലിസ്റ്റിലെ 69-ാമത് ഉൾക്കുറിപ്പിൽനിന്നും ആഡംബരത്തിന്മേലുള്ള നികുതി ഒഴിവാക്കിയതിനാൽ ഭാവിയിൽ നികുതി പിരിക്കുന്നതിനും ഭരണഘടനാ ഭേദഗതിക്കുശേഷം പിരിച്ചെടുത്ത നികുതി തിരിച്ചുനൽകുന്ന ബാധ്യതയിൽനിന്നും സർക്കാരിനെ ഒഴിവാക്കുന്നതിനും നികുതി നിർണ്ണയത്തിനായി തെറ്റായ പ്രസ്താവനകൾ നൽകുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 177-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പകരം പിഴ ചുമത്തുന്നതിനുമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഭരണഘടനാ ഭേദഗതിക്കുശേഷം പിരിച്ചെടുത്ത നികുതി തിരികെ നൽകുന്നത് ഒഴിവാക്കുന്നതിനായി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില വ്യവസ്ഥകൾ മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന രീതിയിലുള്ളതാണ്. മുൻകാല പ്രാബല്യത്തോടെ നികുതി

ഈടാക്കാൻ പാടില്ലെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്ക് വിരുദ്ധമായ ഈ വ്യവസ്ഥകൾ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ഫീസ് ഉയർത്തി ജനങ്ങൾക്ക് അധിക ബാധ്യത നൽകുന്ന നയസമീപനമാണ് സ്വീകരിച്ചുവരുന്നത്. മേൽപറഞ്ഞ കാരണങ്ങളാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ഒരാൾ ഒരു പുതിയ വീട് നിർമ്മിച്ചാൽ 3000 സ്ക്വയർ ഫീറ്റ് മുതൽ 5000 സ്ക്വയർ ഫീറ്റ് വരെയുള്ളതിന് 5,000 രൂപയും 5000 സ്ക്വയർ ഫീറ്റ് മുതൽ 7500 സ്ക്വയർ ഫീറ്റ് വരെയുള്ളതിന് 7,500 രൂപയും 7500 മുതൽ 10000 സ്ക്വയർ ഫീറ്റ് വരെയുള്ളതിന് 10,000 രൂപയും 10000 സ്ക്വയർ ഫീറ്റിന് മുകളിലുള്ളതിന് 12,500 രൂപയുമാണ് ഓരോ വർഷവും ആഡംബര നികുതിയായി നൽകേണ്ടത്. ഇത് പാടില്ലെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ആ ഉത്തരവ് മറികടക്കാനാണ് ആഡംബര നികുതിയെന്ന പേര് മാറ്റി അധിക നികുതിയെന്ന പേരിൽ ജനങ്ങളിൽനിന്നും ഈ തുക ഈടാക്കാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെക്കൊണ്ട് ഈയൊരു ക്രൂരത

ചെയ്യിപ്പിക്കണമോയെന്നതാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്. നല്ല മനുഷ്യപ്പറ്റുള്ള മന്ത്രിയാണ് റവന്യൂ വകുപ്പുമന്ത്രി. അദ്ദേഹത്തെക്കൊണ്ട് ഇത് ചെയ്യിപ്പിക്കണമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഈ ആഡംബര നികുതിയെന്ന് പറയുന്നത്, ബഹുമാനപ്പെട്ട ചെയറിനറിയാം ഗൾഫ് നാട്ടുകളിൽ പോയി ജോലി ചെയ്യുന്നവർക്കും കച്ചവടം ചെയ്യുന്നവർക്കും നല്ലൊരു വീട് നിർമ്മിക്കുകയെന്നത് ഒരു കാലത്ത് ഒരു ഹോബിയായിരുന്നു. നല്ലൊരു വീട് നിർമ്മിച്ചാൽ ആ വീട് എപ്പോഴും അവിടെയുണ്ടാകും. എന്നാൽ അവരുടെ സാമ്പത്തിക നിലയും ജോലിയും കച്ചവടവും ആരോഗ്യവും എപ്പോഴും അങ്ങനെതന്നെ ഉണ്ടായിരിക്കണമെന്നില്ല. അവർ മരണപ്പെട്ടാൽ ആ ബാധ്യത അവരുടെ കുട്ടികൾക്കുണ്ടാകും. ഒരാൾ നല്ല സാമ്പത്തിക സ്ഥിതിയിലിരിക്കുമ്പോൾ നല്ലൊരു വീട് നിർമ്മിച്ച് ആഡംബര നികുതി നൽകാം. എന്നാൽ അയാളുടെ സാമ്പത്തിക സ്ഥിതി മോശമായാലും ആ ആഡംബര നികുതി നൽകണമെന്ന് പറയുന്നത് ശരിയാണോ? അതും ഒരു പ്രാവശ്യമല്ല ഓരോ വർഷവും നൽകണം. ആഡംബര നികുതി ശരിയല്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടും മറ്റൊരു പേരിട്ട് അത്

ഈടാക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഞാൻ ചെയ്യുന്നത് വലിയൊരു ക്രൂരതയും പാവപ്പെട്ട ജനങ്ങളോട് ചെയ്യുന്ന വലിയ അനീതിയുമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മനസ്സിലുണ്ടാകുമെന്ന് എനിക്ക് തോന്നുന്നു. പക്ഷെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയാണ് അദ്ദേഹത്തെക്കൊണ്ട് ഇത് ചെയ്യിപ്പിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിലെ "നിർണ്ണയത്തിനായി തെറ്റായ പ്രസ്താവനകൾ നൽകുന്നത്" എന്ന പുതിയ 21-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്, "നികുതി നിർണ്ണയത്തിനായി ഉടമ നിർണ്ണയാധികാരി മുൻപാകെ 7-ാം വകുപ്പിൻ കീഴിൽ നൽകിയ റിട്ടേണിലോ 8-ാം വകുപ്പിൻ കീഴിൽ നൽകിയ ഭേദഗതി റിട്ടേണിലോ തെറ്റായ വിവരങ്ങളാണ് നൽകിയതെന്ന് തുടർപരിശോധനയിൽ കാണുന്നപക്ഷം കെട്ടിട നികുതിയുടെ അൻപത് ശതമാനം പിഴയായി ഈടാക്കാവുന്നതാണ്" എന്നാണ്. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, വലിയ വീട് നിർമ്മിച്ചയാളുകൾക്ക് വലിയ വിദ്യാഭ്യാസ യോഗ്യതയോ അധികാരികളുടെ മുൻപിൽ വന്ന് കാര്യങ്ങൾ നന്നായി അവതരിപ്പിക്കാനുള്ള പ്രാഗത്ഭ്യമോ

ഉണ്ടാകണമെന്നില്ല. വിശദീകരണം നൽകുന്ന സമയത്ത് എന്തെങ്കിലും പിഴവ് സംഭവിച്ചാൽ അതിന്മേലുള്ള ശിക്ഷയെ സംബന്ധിച്ച് ബില്ലിൽ പറയുന്നത്, തെറ്റായ വിവരങ്ങളാണ് നൽകിയതെന്ന് തുടർ പരിശോധനയിൽ കാണുന്നപക്ഷം കെട്ടിട നികുതിയുടെ 50 ശതമാനം പിഴയായി ഈടാക്കാവുന്നതാണ് എന്നാണ്. ഈ ആഡംബര നികുതിതന്നെ ഒഴിവാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അപ്പോഴാണ് ഇതിനുപുറമേ തെറ്റായ വിവരം നൽകിയാൽ പിഴയും ഈടാക്കുന്നത്. ഇത് ശരിയാണോയെന്ന് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടാണ് ചോദിക്കാനുള്ളത്. അങ്ങ് എത്രമാത്രം മനുഷ്യത്വമുള്ള മന്ത്രിയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ മനസ്സുപോലും ഇത് ശരിയല്ലെന്ന് പറയുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അത് അദ്ദേഹത്തിന്റെ മുഖത്തെ ചിരിയിൽനിന്നും മനസ്സിലാക്കാം. അതുപോലെ ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്, "1975-ലെ കേരള കെട്ടിട നികുതി ആക്ടിനുകീഴിൽ ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നതും ആയത് ചുമത്തുന്നതും ഈടാക്കുന്നതും റവന്യൂ വകുപ്പാണ്.

എന്നാൽ പ്രസ്തുത വകുപ്പിലെ മാനവശേഷിയുടെ അഭാവത്തിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് വാസയോഗ്യവും അല്ലാത്തതുമായ കെട്ടിടങ്ങൾ നികുതി നിർണ്ണയത്തിന് വിധേയമാക്കാത്തതിനാൽ സർക്കാരിന് കനത്ത നികുതി വരുമാനം നഷ്ടമുണ്ടാകുന്നുണ്ട്. നികുതി വരുമാനനഷ്ടം ഒഴിവാക്കാനും വരുമാനം മെച്ചപ്പെടുത്താനും 2019-20 ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുകളുടെ നികുതി നിർണ്ണയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത നികുതി ഈടാക്കാൻ സർക്കാർ തീരുമാനിച്ചു" എന്നാണ്. അതായത്, നികുതി പിരിക്കാൻ ആളില്ലാത്തതുകൊണ്ട് ഇങ്ങനെ നികുതിപിരിക്കുമെന്നാണ് പറയുന്നത്. നമ്മുടെ സർക്കാർ ഓഫീസുകളിൽ ആളില്ലാത്തതിന്റെ കുറവുണ്ടെങ്കിലും ജനങ്ങളെ പീഡിപ്പിക്കുന്ന കാര്യത്തിൽ ഒരു കുറവുമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അക്കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. വേറൊരു മാർഗ്ഗമില്ലാത്തതുകൊണ്ട് ഇങ്ങനെയൊരു നികുതി പിരിക്കുന്നത് ശരിയല്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ഈ നികുതി പിരിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടും

മറ്റൊരു പേരിൽ അത് പിരിക്കുകയാണ്. ഇത് ശരിയല്ലായെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, റവന്യൂ വകുപ്പിലുള്ള ഒഴിവുകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. എന്റെ ജില്ലയിൽ ധാരാളം ഒഴിവുകളുണ്ട്. അതുസംബന്ധിച്ച് കഴിഞ്ഞ ദിവസം അങ്ങയോട് ഒരു ചോദ്യം ചോദിക്കുകയും ഉത്തരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ആ ഒഴിവുകൾ വളരെ പെട്ടെന്ന് നികത്തിത്തരണം. അവ നികത്തിയാൽ മാത്രമേ നിങ്ങൾക്ക് ഇതുപോലെ ടാക്സുകൾ ഇനിയും പിരിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ ലീഗൽ ഹെയർ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഓരോ ഉദ്യോഗസ്ഥനും തോന്നിയതുപോലെയാണ് ഈ നിയമത്തെ വിവക്ഷിച്ചുകൊണ്ടിരിക്കുന്നത്. കാസർഗോഡുള്ള ചില താലൂക്ക് ഓഫീസുകളിൽ പറയുന്നത്, ലീഗൽ ഹെയർ സർട്ടിഫിക്കറ്റിന്റെ ആവശ്യമേയില്ലെന്നാണ്. എന്നാൽ അതിന്റെ ആവശ്യം തീർച്ചയായുമുണ്ട്. ഒരാൾ മരണപ്പെട്ടാൽ ബാങ്കിൽ അയാളുടെ ഇടപാടുകൾ തീർക്കണമെങ്കിലും അയാളുടെ സ്വത്ത് വിഭജിക്കണമെങ്കിലും പ്രസ്തുത സർട്ടിഫിക്കറ്റ് വേണം.

എന്നാൽ ചില തഹസീൽദാർമാർ ആ സർട്ടിഫിക്കറ്റ് നൽകുന്നില്ല. അങ്ങ് ഇതിൽ ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. അവസാനമായി എനിക്ക് പറയാനുള്ളത്, ഗ്രൂപ്പ് വില്ലേജുകളെ സംബന്ധിച്ചാണ്. അവ വിഭജിക്കണമെന്ന് ഞാൻ അങ്ങയോട് പറയുന്നില്ല. അങ്ങനെ പറഞ്ഞാൽ അങ്ങയുടെ ഉത്തരമെന്തായിരിക്കുമെന്ന് എനിക്ക് നല്ലതുപോലെ അറിയാം. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയുടെ മുഖത്തേയ്ക്ക് നോക്കും. എനിക്ക് പറയാനുള്ളത്, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു വില്ലേജ് ഓഫീസുപോലും ഇല്ലാത്ത പഞ്ചായത്തായി മാറിയിരിക്കുകയാണ്. അത് എങ്ങനെ സംഭവിച്ചുവെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. അതുകൊണ്ട് ആ പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് സ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് അങ്ങയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇപ്പോൾത്തന്നെ നികുതി ഭീകരതകൊണ്ടും വിലക്കയറ്റംകൊണ്ടും ജനങ്ങൾ പൊറുതിമുട്ടുന്ന ഒരു കാലഘട്ടത്തിൽ വീണ്ടും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന

തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകരുതെന്ന് അഭ്യർത്ഥിക്കുകയാണ്. 1975-ലെ കേരള കെട്ടിട നികുതി ആക്ട് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ നികുതി നിർണ്ണയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനും ചുമത്തുന്നതിനും ഭരണഘടനയുടെ 101-ാമത് ഭേദഗതി പ്രകാരം സംസ്ഥാന ലിസ്റ്റിലെ 69-ാമത് ഉൾക്കുറുപ്പിൽനിന്നും ആഡംബരത്തിന്മേലുള്ള നികുതി ഒഴിവാക്കിയതിനാൽ ഭാവിയിൽ നികുതി പിരിക്കുന്നതിനും ഭരണഘടന ഭേദഗതിക്കുശേഷം പിരിച്ചെടുത്ത നികുതി തിരിച്ച് നൽകുന്ന ബാധ്യതയിൽനിന്നും സർക്കാരിനെ ഒഴിവാക്കുന്നതിനും നികുതി നിർണ്ണയത്തിനായി തെറ്റായ പ്രസ്താവനകൾ നൽകുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 177-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പകരം പിഴ ചുമത്തുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഭരണഘടനാ ഭേദഗതിക്കുശേഷം പിരിച്ചെടുത്ത നികുതി തിരികെ നൽകുന്നത് ഒഴിവാക്കുന്നതിനായി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില വ്യവസ്ഥകൾ മുൻകാലപ്രാബല്യത്തോടെ നികുതി ഈടാക്കുന്നതിന്

വ്യവസ്ഥ ചെയ്യുന്ന രീതിയിലുള്ളതാണ്. മുൻകാലപ്രാബല്യത്തോടെ നികുതി ഈടാക്കാൻ പാടില്ലെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്ക് വിരുദ്ധമായ ഈ വ്യവസ്ഥകൾ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാവശ്യമാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ഫീസുയർത്തി ജനങ്ങൾക്ക് അധികബാധ്യത നൽകുന്ന നയസമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇക്കാരണത്താലാണ് ഈ ഭേദഗതികളോട് വിയോജിക്കുന്നത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം അടിസ്ഥാനമാക്കിയാണ് ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും ഈടാക്കുന്നത്. ഇതിൽ ആഡംബര നികുതിയെന്ന പദം അധിക നികുതിയെന്ന് തിരുത്തുകയാണ് ഭേദഗതിയിലൂടെ ചെയ്യുന്നത്. ആഡംബര നികുതിയെന്ന പദം കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമാകുമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് മാറ്റം വരുത്തുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

റവന്യൂ വകുപ്പിന്റെ കെട്ടിടനികുതി, തദ്ദേശസ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയയെ അടിസ്ഥാനമാക്കിയാകുകയും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടുപോയി കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്ന

നിലവിലെ രീതി ഒഴിവാകുകയും ചെയ്യും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് വേഗത്തിൽ നികുതി നിർണ്ണയം സാധ്യമാകും. ഫ്ലാറ്റ് അപ്പാർട്ട്മെന്റ് സമുച്ചയങ്ങൾക്ക് നികുതി കണക്കാക്കുന്നത് ഉടമസ്ഥതയുടെ അടിസ്ഥാനത്തിലായിരിക്കും. ഒരേ സമുച്ചയത്തിലെ വ്യത്യസ്ത ഫ്ലാറ്റുകൾ ഒരാളുടെ ഉടമസ്ഥതയിലാണെങ്കിൽ പ്രത്യേക നികുതി കണക്കാക്കും. എന്നാൽ ഈ ഫ്ലാറ്റുകൾ ബന്ധിപ്പിച്ചിട്ടുള്ളതാണെങ്കിൽ ഒന്നിച്ചാകും നികുതി വരുന്നത്. അങ്ങനെ പ്ലിന്ത് ഏരിയ കൂടുതലായി വന്നാൽ ഒറ്റത്തവണ നികുതിക്ക് പുറമെ അധിക നികുതിയും നൽകേണ്ടിവരും. നിലവിൽ അസസ്സിംഗ് അതോറിറ്റി നികുതി നിർണ്ണയിച്ചാൽ മൂന്ന് മാസം കഴിഞ്ഞാൽ കളക്ടർ സ്വമേധയാ റിവിഷൻ നടത്താൻ പാടില്ലെന്നുള്ളത് ഒരു വർഷമായി വർദ്ധിപ്പിക്കും. കെട്ടിടങ്ങളെക്കുറിച്ച് തെറ്റായ വിവരങ്ങൾ നൽകുന്നയാൾ ഇന്ത്യൻ ശിക്ഷാ നിയമം 177-ാം വകുപ്പ് പ്രകാരം കുറ്റക്കാരനാകുമെന്ന വ്യവസ്ഥ ഒഴിവാക്കി പകരം പിഴ ഈടാക്കും. പഴയ നികുതിപ്രകാരം ആയിരം രൂപ വരെയായിരുന്നു പിഴ. എന്നാൽ പുതിയ രീതിയിൽ പിഴ വർദ്ധിക്കും. 50

വർഷം പഴക്കമുള്ള നിയമം ഭേദഗതി ചെയ്യുന്നത് പിഴ ചുമത്തി വരുമാനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തിലാണ്. ഇക്കാരണത്താൽത്തന്നെ ഈ ഭേദഗതിയോട് ഞാൻ വിയോജിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മൂവായിരം ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങൾക്കും ബഹുനില മന്ദിരങ്ങൾക്കും ഈടാക്കുന്ന ആഡംബര നികുതിയുടെ പേര് അധിക നികുതിയെന്നാക്കി മാറ്റുന്നതാണ് ഈ ഭേദഗതി. എന്ത് പേര് നൽകിയാലും ജനങ്ങളുടെമേൽ താങ്ങാനാകാത്ത അമിതഭാരം അടിച്ചേൽപ്പിക്കുന്ന നടപടിയാണിത്. അധികനികുതി ചുമത്തുമ്പോൾ ഈ വീടുകൾ എങ്ങനെയാണ് നിർമ്മിച്ചിട്ടുള്ളതെന്ന് പരിശോധന നടത്താനുള്ള സംവിധാനമെങ്കിലുമുണ്ടാകണം. പല വീടുകളും നിർമ്മിച്ചിട്ടുള്ളത് സ്വന്തം കയ്യിലുള്ള സമ്പാദ്യം കൊണ്ടുമാത്രമല്ല, ബാങ്കുകളിൽനിന്ന് വലിയരീതിയിലുള്ള പലിശ കൊടുത്ത് വായ്പയെടുത്തിട്ടാണ്. നമ്മളടക്കം

അധികം ആളുകളും വീടുകൾ വച്ചത് അങ്ങനെയാണ്. എന്നാൽ ബാങ്കിലെ വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ ഭവന നിർമ്മാണാവശ്യത്തിനുവേണ്ടി കടം വാങ്ങിച്ചിട്ടുള്ള ആളുകൾ പലരും ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണ്. പതിറ്റാണ്ടുകളായി വിദേശത്തുപോയി നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ളത് പ്രവാസി സുഹൃത്തുക്കളാണ്. അവരുടെയും അവസാനത്തെ സമ്പാദ്യമെന്നുപറയുന്നത് ഒരു വീടാണ്. അങ്ങനെ പ്രവാസികൾ നിർമ്മിച്ചിട്ടുള്ള വീടുകൾപോലും ജപ്തി ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. സർക്കാർ കൊട്ടിഘോഷിച്ച് ലൈഫ് ഭവന പദ്ധതി കൊണ്ടുവന്നു. ആ പദ്ധതിയിൽ അപേക്ഷ കൊടുത്ത് വർഷങ്ങളായി കാത്തിരുന്നിട്ടും ഒരു വീട് ലഭിക്കാതെ വരുന്ന ഘട്ടത്തിലാണ് ബാങ്കിൽപ്പോയി വായ്പയെമെടുത്ത് പലിശ കൊടുത്ത് വീടുണ്ടാക്കുന്നത്. അങ്ങനെ വീട് നിർമ്മിച്ചിട്ടുള്ള ആളുകളുടെ പേരിൽ ഇനിയൊരു അധിക നികുതി കൂടി ചുമത്തുകയെന്നുപറയുന്നത് കടുത്ത ക്രൂരതയാണ്. ഇപ്പോൾത്തന്നെ തദ്ദേശസ്വയംഭരണ വകുപ്പ് കെട്ടിടങ്ങൾക്ക് നികുതി ചുമത്തിക്കൊണ്ടിരിക്കുകയാണ്. അതിനുപുറമേയാണ് കഷ്ടപ്പെട്ട്

വീടുവച്ച് താമസിക്കുന്നവരുടെ പേരിൽ ഇപ്പോൾ അമിതമായ നികുതി ഭാരംകൂടി അടിച്ചേൽപ്പിക്കാൻ പോകുന്നത്. കെട്ടിടനിർമ്മാണ അനുമതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റ് ഫീസും ഈയിടെ കുത്തനെ വർദ്ധിപ്പിക്കുകയുണ്ടായി. വീടുണ്ടാക്കാൻ വേണ്ടി മാത്രമല്ല, വീടിന് അപേക്ഷ കൊടുക്കാൻപോലും ബാങ്കിൽനിന്നും വായ്പയെടുക്കേണ്ട സ്ഥിതിയാണ് സംസ്ഥാനത്ത് ഇപ്പോൾ വന്നുചേർന്നിട്ടുള്ളത്. കെ.പി.ബി.ആർ. (കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്), കെ.എം.ബി.ആർ. (കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്) 2019 ഷെഡ്യൂൾ നമ്പർ (1) പ്രകാരം നേരത്തെ 30 രൂപയുണ്ടായിരുന്ന അപേക്ഷാ ഫീസ് 300 മുതൽ 3000 രൂപ വരെയാക്കി. മുനിസിപ്പാലിറ്റികളിൽ അത് 4000 രൂപയായും കോർപ്പറേഷനുകളിൽ 5000 രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. സാധാരണക്കാരൻ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി നിർമ്മിച്ച കെട്ടിടങ്ങൾക്കും ഫീസിൽ വലിയ വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. വീടും ബിൽഡിംഗും നിർമ്മിക്കാൻ മാത്രമല്ല, നിർമ്മാണ അനുമതിക്ക് അപേക്ഷ സമർപ്പിക്കാൻപോലും ജനങ്ങൾ കഷ്ടപ്പെടുന്ന ഒരു സാഹചര്യത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം നീങ്ങുകയാണ്. അങ്ങനെയുള്ള

ഘട്ടത്തിലാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നികുതിക്കുപുറമെ റവന്യൂ വകുപ്പുകൂടി മറ്റൊരു അധികനികുതി ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ പോകുന്നത്. ജനങ്ങളെ ജീവിക്കാൻ അനുവദിക്കണം. എ.കെ.ജി. സെന്ററിൽ കാര്യമായി നടക്കുന്ന റിസർച്ച്, എങ്ങനെയാണ് ജനങ്ങളെ പീഡിപ്പിക്കാൻ കഴിയുക; ഏതൊക്കെ രീതിയിലുള്ള അധികനികുതിയാണ് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ കഴിയുകയെന്നത് സംബന്ധിച്ചാണോയെന്ന് സംശയിക്കേണ്ടി വരികയാണ്. കുടിവെള്ളത്തിന്റെ ചാർജ്ജ് കൂട്ടി. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ പോകുന്നു. അതുപോലെ ക്ഷേമപെൻഷനുകൾ നൽകുന്നില്ല. പെൻഷൻ വീടുകളിലെത്തിച്ചുനൽകുന്ന സഹകരണബാങ്കിലെ ജീവനക്കാർക്ക് ഇൻസെന്റീവുപോലും നൽകുന്നില്ല. ചരിത്രത്തിലാദ്യമായി സർക്കാർ ജീവനക്കാരുടെ ഡി.എ. 18 ശതമാനം കുടിശ്ശികയാണ്. അതായത് ആറ് ഗഡു ഡി.എ. കുടിശ്ശികയായി. ഏറ്റവും ലാഭകരമായി പ്രവർത്തിച്ചിരുന്നതാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്. കെട്ടിടത്തിന്റെ നികുതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം ചർച്ച ചെയ്യുമ്പോൾ അതുണ്ടാക്കുന്നതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന നിർമ്മാണത്തൊഴിലാളികളുടെ വിഷയം കൂടി ചർച്ചയ്ക്ക് വിധേയമാക്കണം.

കല്ല് പൊട്ടിക്കുന്നവനും കല്ല് ചെത്തുന്നവനും മരപ്പണിക്കാരനും പെയിന്റ് ചെയ്യുന്നവനും മേസ്തിരിയും ഉൾപ്പെടെയുള്ള നിർമ്മാണജോലിയുമായി ബന്ധപ്പെട്ട ആളുകൾക്ക് ലഭിക്കുന്ന തുച്ഛമായ വേതനത്തിൽനിന്നൊരു അംശം നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് നീക്കിവയ്ക്കുകയാണ്. അവരുടെ അംശദായം കൊടുത്ത് സ്വരൂപിച്ചിട്ടുള്ള നിർമ്മാണക്ഷേമനിധിയിൽനിന്ന് പെൻഷൻപോലും തൊഴിലാളിക്ക് ലഭിക്കാത്ത സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. 9 മാസത്തെ പെൻഷൻ കുടിശ്ശികയാണ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, മനഃസാക്ഷിയുള്ള ഒരു മന്ത്രിയാണ് ഈയൊരു നിയമം കൊണ്ടുവരുന്നത് എന്നതാണ് ഞങ്ങളെ ഏറ്റവും കൂടുതൽ സങ്കടപ്പെടുത്തുന്നത്. അങ്ങ് അത് ശ്രദ്ധിച്ചിട്ടുണ്ടാകും. മനുഷ്യത്വപരമായ നിയമനിർമ്മാണത്തിനുവേണ്ടി ശ്രമിക്കേണ്ട ഒരു സഭയിൽ ഞങ്ങളെപ്പോലും ഞെട്ടിപ്പിക്കുന്ന തരത്തിലാണ് ഇപ്പോൾ കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ആഡംബര നികുതിയെന്നത് നിലനിൽക്കില്ലായെന്നതുകൊണ്ടാണ് അധിക നികുതിയെന്ന് പറയുന്നത്. ശരിക്കും പറഞ്ഞാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ

അമിത നികുതിയെന്ന് ഇതിനെ വിളിക്കുന്നതായിരിക്കും ഏറ്റവും നന്നാവുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പ്രസംഗിക്കുകയാണോ? പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കൂ. ശ്രീ. പി. ഉബൈദുള്ളയാണ് പ്രസംഗിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സാധാരണ നികുതി വർദ്ധനവുണ്ടാകുമ്പോൾ ശതമാന കണക്കിൽ പറഞ്ഞാൽ 100 ശതമാനം വർദ്ധനവുണ്ടാകാം. പക്ഷേ ഇത് ആയിരം-രണ്ടായിരം ശതമാനം വർദ്ധനവാണെന്നുള്ളത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകും. ഏഴിരട്ടി മുതൽ ഇരുപതിരട്ടി വരെ വർദ്ധനവുണ്ടായ സാഹചര്യമുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് കേരളത്തിലെ ജനങ്ങളെ എങ്ങനെയാണ് ബാധിക്കുന്നത്? നിർമ്മാണമേഖല പൂർണ്ണമായും തകരുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയും സിവിൽ എഞ്ചിനീയർമാർപോലും അവരുടെ ജോലി നിർത്തി മറ്റ് ജോലികൾക്ക് പോകേണ്ട സാഹചര്യം വരികയും ചെയ്യുമോയെന്ന് അങ്ങ് ഭയപ്പെടുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, നജീബ് കാന്തപുരം എം.എൽ.എ. പറഞ്ഞത്

അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമല്ല. ഭരണപക്ഷത്തിരിക്കുന്ന എം.എൽ.എ. മാരുടെയും അഭിപ്രായമാണ്. ജനങ്ങൾ തെരഞ്ഞെടുത്ത് വരുന്നവർക്ക് ജനങ്ങളുടെ വികാരമറിയാം. അതാണ് അദ്ദേഹം ഇവിടെ പ്രതിഫലിപ്പിച്ചത്. ഇങ്ങനെയുള്ള ജനങ്ങളെ എങ്ങനെ പ്രയാസപ്പെടുത്താൻ സാധിക്കുമെന്നാണ് ഈ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി രണ്ട് ശതമാനം ഉയർത്തി. ഇന്ധന സെസ്സ് ഏർപ്പെടുത്തി. ജനങ്ങൾക്ക് ഏറെ ആശ്വാസമായിരുന്ന 'കാരുണ്യ സുരക്ഷ' പദ്ധതി മുടങ്ങിക്കിടക്കുകയാണ്. 'കാസ്പ്' പദ്ധതി പ്രകാരമുള്ള ചികിത്സ നിർത്തിവച്ചിരിക്കുന്നുവെന്ന ബോർഡാണ് പ്രൈവറ്റ് ആശുപത്രികളിലുള്ളത്. കാരുണ്യ പദ്ധതിയെക്കുറിച്ച് പറയുമ്പോൾ കെ. എം. മാണിയെ ഓർക്കാതിരിക്കാൻ കഴിയില്ല. അദ്ദേഹമാണ് പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി കാരുണ്യ ലോട്ടറി ആരംഭിച്ച് അതിൽ ലഭിക്കുന്ന വരുമാനം കാരുണ്യ ബെനവലന്റ് ഫണ്ടായി സ്വരൂപിച്ച് പാവപ്പെട്ട രോഗികൾക്ക് ആശ്വാസം പകരുന്ന പദ്ധതിയുണ്ടാക്കിയത്. ആ പദ്ധതി ഇന്ന് ഈ ഗവൺമെന്റ് അവതാളത്തിലാക്കി. പ്രൈവറ്റ് ആശുപത്രികളിൽ ഈ ചികിത്സയും തേടി

ഇങ്ങോട്ടുവരണ്ടായെന്ന് ബോർഡുവയ്ക്കേണ്ട സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്തുണ്ടായത്. മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്നവർക്ക് ആശ്വാസമായിരുന്ന ' ആശ്വാസകിരണം' പദ്ധതി, കാൻസർ സുരക്ഷാ ഫണ്ട്, രോഗികൾക്ക് സഹായം നൽകിയിരുന്ന 'സമാശ്വാസം' പദ്ധതി എന്നിവയെല്ലാം നിലച്ചുപോയി. സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്തതിന് ഹെഡ്മാസ്റ്റർമാർക്ക് 130 കോടിയോളം രൂപ നൽകാനുണ്ട്. ബാങ്കിൽനിന്ന് പലിശ കൊടുത്ത് വായ്പയെടുത്തിട്ടാണ് തങ്ങളുടെ സ്കൂളിലെ കുട്ടികൾക്ക് ഹെഡ്മാസ്റ്റർമാർ ഉച്ചഭക്ഷണം നൽകുന്നത്. സർക്കാർ പ്രഖ്യാപിക്കുന്ന എല്ലാ പദ്ധതികളും ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് മുന്നോട്ടുവരുന്നവരാണ് അങ്കണവാടിയിലെ വർക്കർമാരും ഹെൽപ്പർമാരും. അവർക്കും അർഹമായ ആനുകൂല്യം ഈ സർക്കാർ നൽകുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള ബില്ലിലേയ്ക്ക് മടങ്ങി വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ഇന്ന് അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് അസോസിയേഷന്റെ നിയമസഭാ മാർച്ച് നിയമസഭയ്ക്ക് മുമ്പിൽ നടക്കുകയുണ്ടായി. അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും പരിഗണിക്കേണ്ട രീതിയിൽ പരിഗണിക്കാനും അവരെ സർക്കാർ

ജീവനക്കാരായി അംഗീകരിക്കാനും സർക്കാർ മുന്നോട്ടുവരുന്നില്ല. സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ മുഴുവൻ അവതാളത്തിലായി. ഇതിനൊന്നും പണമില്ല. എന്നാൽ ചിലതിനൊക്കെ പണമുണ്ട്. ക്ലിഫ് ഹൗസിൽ എയർ കണ്ടീഷനോടുകൂടി സ്ഥാപിച്ച കാലിത്തൊഴുത്തുണ്ടാക്കാനും അവിടെയുള്ള കുളം നവീകരിക്കാനും പണമുണ്ട്. ഇപ്പോൾ 80 ലക്ഷം രൂപ ചെലവഴിച്ച് ഹെലികോപ്റ്റർ വാടകയ്ക്കെടുക്കേണ്ട എന്ത് അത്യാവശ്യ സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്? അതിന് ഈ ഗവൺമെന്റിന്റെ കയ്യിൽ പണമുണ്ട്. കേന്ദ്ര പദ്ധതികളെ ഏകോപിപ്പിക്കാൻ എന്ന് പറഞ്ഞ് അഞ്ച് വർഷം ഒരാളെ ഡൽഹിയിൽ നിയമിച്ചു. അതിന് ലക്ഷങ്ങൾ കൊടുക്കേണ്ടിവന്നു. ഈ അഞ്ച് വർഷംകൊണ്ട് ഒരു കേന്ദ്രപദ്ധതിയും ഏകോപിപ്പിച്ച് നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാവപ്പെട്ടവർക്ക് നൽകേണ്ട പണം നൽകാതെ ഇപ്പോൾ ഒരാളെ കൊണ്ടുപോയി അവിടെ കുടിയിരുത്തി വീണ്ടും ലക്ഷങ്ങൾ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... അങ്ങ് ചുരുക്കണം.......

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മുൻകാല പ്രാബല്യത്തോടെയാണ് യുവജന കമ്മീഷൻ ചെയർമാന് അവരുടെ ശമ്പളം മറ്റ് ആനുകൂല്യവും വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ സംസ്ഥാനത്ത് ലക്ഷക്കണക്കിന് രൂപയുടെ ധൂർത്തും പാഴ്ചെലവും നടക്കുകയാണ്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, 2016 സെപ്റ്റംബർ 8-ന് പാർലമെന്റ് പാസ്സാക്കിയ 101-ാം ഭരണഘടന ഭേദഗതി അനുസരിച്ച് സ്റ്റേറ്റ് ലിസ്റ്റിലെ 62-ാം എൻട്രിയിൽനിന്നും ആഡംബര നികുതി ഒഴിവാക്കി. ഇന്ത്യൻ പാർലമെന്റ് കേരളത്തിലെ ജനങ്ങൾക്ക് നൽകിയ ആ ആനുകൂല്യത്തെ അഡീഷണൽ ടാക്സ് എന്നാക്കി വീണ്ടും ചുമത്തുന്നത് ഭരണഘടനാ വിരുദ്ധവും ജനങ്ങളോടുള്ള വെല്ലുവിളിയുമാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....അങ്ങ് അവസാനിപ്പിക്കു....

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ ജനവിരുദ്ധ നിലപാടുകൾക്കെതിരെയുള്ള തിരിച്ചടിയാണ് തൃക്കാക്കരയിലും പുതുപ്പള്ളിയിലുമുണ്ടായത്. 2021-ലെ തെരഞ്ഞെടുപ്പിൽ 9000 വോട്ടിനാണ് ഉമ്മൻ ചാണ്ടി ജയിച്ചത്. ഇപ്പോൾ 37000 വോട്ടിന്റെ

ഭൂരിപക്ഷത്തിലാണ് ശ്രീ. ചാണ്ടി ഉമ്മൻ പുതുപ്പള്ളിയിൽ തെരഞ്ഞെടുക്കപ്പെട്ടത്. ഉമ്മൻ ചാണ്ടി തന്റെ കുടുംബത്തിന് ചെയ്ത നന്മയെക്കുറിച്ച് ഓർത്ത മൃഗാശുപത്രി ജീവനക്കാരിയായ സതിയമ്മ എന്ന പാവപ്പെട്ട സ്ത്രീയെ പിരിച്ചുവിട്ടുകൊണ്ടാണ് പുതുപ്പള്ളിയിലെ ജനങ്ങളോട് നിങ്ങൾ പ്രതികാരം ചെയ്യുന്നത്. ഇതുകൊണ്ടൊന്നും സത്യം മറച്ചുവയ്ക്കാനാകില്ല. രണ്ടാം പിണറായി സർക്കാർ രണ്ടുവർഷം പിന്നിട്ടപ്പോൾ ഒരു മണ്ഡലത്തിൽ 12000 വോട്ട് കുറഞ്ഞതിനെക്കുറിച്ച് അന്വേഷിക്കുന്നതിനുപകരം ബി.ജെ.പി.-ക്ക് വോട്ട് പോയതിനാണ് സി.പി.ഐ.(എം.)-ന് സങ്കടം. തങ്ങളുടെ 12000 വോട്ട് എവിടെപ്പോയെന്ന് അന്വേഷിക്കാൻ സമയമില്ലാതെ ബി.ജെ.പി.-യുടെ വോട്ട് എവിടെപ്പോയെന്നാണ് നിങ്ങൾ അന്വേഷിക്കുന്നത്. ബി.ജെ.പി.-യും നിങ്ങളും രഹസ്യധാരണയിൽ ഏർപ്പെട്ടിട്ടുപോലും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കെതിരായി പുതുപ്പള്ളിയിലെ ജനങ്ങൾ വിധിയെഴുതി എന്നതാണ് പുതുപ്പള്ളി തെരഞ്ഞെടുപ്പിൽനിന്നും മനസ്സിലാകുന്നത്. നിങ്ങൾ ഈ നിലപാടുമായിട്ടാണ് 2024-ലെ ലോകസഭാ തെരഞ്ഞെടുപ്പിനെ കാണുന്നതെങ്കിൽ 1977-ലെ ലോകസഭാ തെരഞ്ഞെടുപ്പിലെ വിജയം ഈ

സംസ്ഥാനത്ത് വീണ്ടും ആവർത്തിക്കും. 20 ലോകസഭാ മണ്ഡലത്തിലും യു.ഡി.എഫ്. ജയിച്ചുവരുമെന്ന കാര്യം തീർച്ചയാണ്. അതുകൊണ്ട് ഈ നിലപാടിൽത്തന്നെ നിങ്ങൾ മുന്നോട്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. ആൻസലൻ: സർ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1975-ലെ കെട്ടിട നികുതി നിയമത്തിൽ നിലവിൽ ഓരോ കെട്ടിടവും വില്ലേജ് ആഫീസർമാർ പരിശോധിച്ച് നികുതി നിർണ്ണയിക്കുന്ന രീതിയാണുള്ളത്. ഇത് വളരെ സമയമെടുക്കുന്ന പ്രക്രിയയാണ്. നികുതി നിർണ്ണയിച്ച രേഖകൾ റവന്യൂ വകുപ്പ് ഹാജരാക്കിയാൽ മാത്രമേ തദ്ദേശസ്വയംഭരണ വകുപ്പിന് വീട്ടുനമ്പർ, ഒറ്റത്തവണ കെട്ടിട നികുതി എന്നിവ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. തന്മൂലമുണ്ടാകുന്ന കാലതാമസം പൊതുജനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. ഇപ്പോൾ നടപ്പിലാക്കുന്ന ഭേദഗതിയിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകരിക്കുന്ന പ്ലിന്ത് ഏരിയ

ഒറ്റത്തവണ നികുതി നിർണ്ണയിക്കുന്നതിന് അടിസ്ഥാനരേഖയായി കണക്കാക്കാൻ അനുവദിക്കുന്നു. ഇത് കാലതാമസം കൂടാതെ കെട്ടിട നികുതി നിർണ്ണയിച്ച് നൽകാൻ സഹായകരമാകും. ഫ്ലാറ്റുകളുടെ നികുതി നിർണ്ണയിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന പുതിയ ഭേദഗതികളിലൂടെ ഫ്ലാറ്റ് പൂർത്തിയാക്കുന്ന സമയത്തുള്ള കൈവശക്കാരുടെ പേരിൽ നികുതി നിർണ്ണയിക്കുന്നതിനാൽ ആയത് പൊതുജനങ്ങൾക്ക് വളരെ സഹായകരമാകും. മുമ്പ് നിലവിലുണ്ടായിരുന്ന സങ്കീർണമായ പ്രവർത്തനങ്ങൾക്ക് ഇതോടെ വിരാമമാകും. ഈ ഭേദഗതി വളരെ പ്രധാനപ്പെട്ടൊരു ഭേദഗതിയാണ്. പലപ്പോഴും കെട്ടിടനിർമ്മാണം നടന്നതിനുശേഷം വില്ലേജ് ഓഫീസിൽനിന്നും അളന്ന് തിട്ടപ്പെടുത്തുകയെന്ന് പറയുന്ന സങ്കീർണമായ പ്രക്രിയയുടെ ഭാഗമായിത്തന്നെ ഉപഭോക്താവ്/വീട്ടുടമ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും അതുപോലെതന്നെ ഒറ്റത്തവണ നികുതി ഏർപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഡിപ്പാർട്ടുമെന്റിലും കയറിയിറങ്ങുന്നത് അനന്തമായിട്ടുള്ള താമസമുണ്ടാക്കുന്നു. അത് പരിഹരിക്കുന്നതിന് കഴിയണം. ആഡംബര നികുതിയ്ക്ക് അപ്പുറത്തേയ്ക്ക് നമുക്കറിയാം....., നമ്മുടെ

സംസ്ഥാനത്ത് പരിമിതിയ്ക്ക് അപ്പുറത്തുള്ള കെട്ടിട നിർമ്മാണം ഇന്ന് വ്യാപകമാകുകയാണ്. ഇത് ഒരു വലിയ പ്രത്യേകതയായി കേരളത്തിലേയ്ക്ക് മാറുകയാണ്. ഇത് നാം സ്വയം പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിലും ഇല്ലാത്ത രൂപത്തിലേയ്ക്കുള്ള കെട്ടിട നിർമ്മാണത്തിന്റെ രീതി നമ്മുടെ സംസ്ഥാനത്ത് ആവലംബിക്കുന്നു. ശ്രീ. മുരളി തുമ്മാരുകുടി സൂചിപ്പിച്ചതുപോലെ പല കെട്ടിടങ്ങളിലും താമസിക്കാൻ ആളില്ലാത്തൊരു അവസ്ഥയാണ്. നാലംഗ കുടുംബത്തിന് താമസിക്കാൻ 1000-1500 sq.ft വീട് വേണമെന്നിരിക്കെ മറ്റുള്ളവരെ ബോധ്യപ്പെടുത്താനായി 4000-5000 sq.ft വരെയുള്ള വൻകിട കെട്ടിടങ്ങൾ പണിയുന്നു. ഇപ്പോൾ കെട്ടിട നിർമ്മാണത്തിനുതന്നെ 1 കോടിയിലധികം രൂപ ചെലവഴിച്ചുകൊണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതിനൊരു ചെറിയ നികുതി സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കും കൊടുക്കുന്നതിന് യാതൊരു അപാകതയുമില്ല. അത് പരിഷ്കരിക്കുന്നതിനായി ഈ ഭേദഗതിയിൽ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സ്വീകരിച്ച നടപടിയെ പിന്തുണയ്ക്കുകയാണ്. കൂടാതെ മറ്റുചില കാര്യങ്ങൾ കൂടി ഇവിടെ സൂചിപ്പിച്ചു. രാഷ്ട്രീയം ഇവിടെ

പറഞ്ഞുകൂടായെങ്കിലും ശ്രീ. പി. ഉണ്ണിയെട്ടുള്ള അതിലേയ്ക്ക് മനഃപൂർവ്വം വലിച്ച് ഇഴച്ച് ഇടുകയാണ്. ഇവിടെ നാലുദിവസത്തെ ഈ ചുരുങ്ങിയ സെഷനകത്ത് രണ്ട് അടിയന്തരപ്രമേയങ്ങളുടെ വിഷയം ചർച്ചയ്ക്കെടുക്കുകയുണ്ടായി. ഒന്ന് അന്തരിച്ച ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ സോളർ കേസുമായി ബന്ധപ്പെടുത്തി സി.ബി.ഐ.-യുടെ കണ്ടെത്തലുകളിൽ ഉമ്മൻ ചാണ്ടിയെ മനഃപൂർവ്വം പ്രതിചേർത്തുയെന്നുള്ളതിന്റെ ഉത്തരവാദിത്വം ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്കും പ്രത്യേകിച്ച്, കേരളത്തിലെ മുഖ്യമന്ത്രിയുടെയും പുറത്ത് മനപൂർവ്വം ചാരി വയ്ക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് പ്രതിപക്ഷം കൊണ്ടുവന്ന ആദ്യത്തെ അടിയന്തരപ്രമേയം. എന്താണ് അതിന്റെ നാൾവഴികൾ എന്നുള്ളതിനെ സംബന്ധിച്ച് ഈ സഭ നന്നായി ചർച്ച ചെയ്തതാണ്. ഇന്ന് വാദി പ്രതിയായി മാറുന്നൊരു അവസ്ഥയിലേയ്ക്ക് മാറുന്നു. ഇവിടെ സി.ബി.ഐ.-യ്ക്ക് അന്വേഷണം വിടണമെന്നാണ് അടിയന്തരപ്രമേയ ചർച്ചയുടെ അവസാനം പ്രതിപക്ഷത്തുനിന്ന് ചൂണ്ടിക്കാണിച്ചത്. സി.ബി.ഐ.-യ്ക്ക് വിട്ടാൽ മാത്രമേ ഇവർക്ക് ബോധ്യപ്പെടുകയുള്ളൂ. ഇന്നലെ യു.ഡി.എഫ്.-ന്റെ കമ്മിറ്റി കൂടിയതിനുശേഷം ശ്രീ. എം. എം. ഹസൻ പത്രസമ്മേളനം വിളിച്ചിട്ട്

പറഞ്ഞു ഇനി അതിന്റെ അന്വേഷണം വേണ്ടെന്നും നടപടിയിലേയ്ക്ക് പോകണമെന്നുമാണ്. അതിനെസംബന്ധിച്ച് വളരെ വ്യക്തമായി നമുക്കറിയാമല്ലോ. 2011-16-ലെ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ 5 വർഷകാലത്തെ ഭരണം യു.ഡി.എഫ്.-ന്റെ വൃത്തികെട്ട രാഷ്ട്രീയത്തിന്റെ കേന്ദ്രമായിരുന്നു. കേരളത്തിന്റെ ജനങ്ങൾക്ക് ഗുണകരമായ എന്തെങ്കിലും സമീപനം ആ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോയെന്ന് നമുക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. അത് അഴിമതിയുടെ കേന്ദ്രമായിരുന്നു. ഉമ്മൻ ചാണ്ടിയെ പരിശുദ്ധനും വിശുദ്ധനും പുണ്യാളനുമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പരിശ്രമമാണല്ലോ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ആ ഉമ്മൻ ചാണ്ടിയെ സംബന്ധിച്ച് അദ്ദേഹം തന്നെ ഇരുന്ന മന്ത്രിസഭയുടെ സ്ഥാനത്ത് ഈ സഭയിൽ അംഗമായിട്ടുള്ള ശ്രീ. അനൂപ് ജേക്കബിന്റെ അന്തരിച്ചുപോയ അച്ഛൻ ടി. എം. ജേക്കബ് ഈ സഭയിൽ ഉമ്മൻ ചാണ്ടിയെ ചൂണ്ടികാണിച്ച് കൊടുത്ത് ഒരു അഴിമതി കേസുമായി ബന്ധപ്പെട്ട പ്രസംഗം നടത്തിയിട്ടുണ്ട്. എല്ലാ കുറ്റവാളികളെയും സംരക്ഷിക്കുന്ന രൂപത്തിലേയ്ക്ക് അഴിമതി നടത്തുന്നതിനും മറ്റു അശ്ലീലപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും തന്റെ ഉദ്യോഗസ്ഥൻമാർക്കും ഗവൺമെന്റ് പ്രതിനിധികൾക്കും എം.പി.മാർക്കും

എം.എൽ.എ.മാർക്കും എല്ലാ സൗകര്യങ്ങളും ഒത്താശയും ചെയ്തുകൊടുത്ത അന്തരിച്ചുപോയ പ്രിയപ്പെട്ട മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ വെളുപ്പിച്ചെടുക്കുന്നതിൽ കുഴപ്പമില്ല. ഇന്ന് അദ്ദേഹം നമ്മോടൊപ്പമില്ല. പക്ഷേ ആ പട്ടികയിൽ വിവരിച്ചിരിക്കുന്ന അസംഖ്യം വരുന്ന എം.എൽ.എ.-മാരും എം.പി.മാരും മുൻ മന്ത്രിമാരും കേന്ദ്രമന്ത്രിമായിരുന്നവരെ സി.ബി.ഐ.- വെളുപ്പിച്ചിട്ടില്ല. ആ കേസ് അങ്ങനെ നിൽക്കുന്നുണ്ട്. ആ അവമതിപ്പായ കേസിന്റെ പുറത്തിരുന്നുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്കെതിരായിട്ട് അക്രമണം നടത്തുന്നത്. രണ്ടാമത്തെ പ്രമേയം കേരളത്തിലെ ധനകാര്യ സ്ഥിതിയെ സംബന്ധിച്ചിട്ടുള്ളതാണ്. എന്താണ് കേരളത്തിലെ ധനകാര്യ സ്ഥിതി? നമുക്കറിയാമല്ലോ; ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 36 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുവാൻ ഒരു മാസം 220 കോടി രൂപ മാത്രം മതിയായിരുന്നു. എന്നാൽ ഇന്ന് ആ 36 ലക്ഷം പേർക്ക് കൊടുക്കാനുള്ള പെൻഷൻ തുക 62 ലക്ഷമായി വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ ഏഴ് വർഷകാലത്തിനിടയിൽ ആ പെൻഷൻ 600 രൂപയിൽനിന്ന് 1600 രൂപയായി വർദ്ധിപ്പിച്ചു. ആ പെൻഷൻ കൊടുക്കുന്നതിൽ ഒരു മാസം ഈ ഗവൺമെന്റ് 920 കോടി രൂപ

മാറ്റിവയ്ക്കണം. ആ 920 കോടി രൂപ ക്ഷേമ പെൻഷന് കൊടുക്കുന്നതിനോടൊപ്പം കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനുമടക്കം ഒരു വർഷം 80000 കോടി രൂപ മാറ്റിവയ്ക്കണം. കേരളത്തിൽ തനത് വരുമാനം, ചെലവ് അധികരിച്ചു. നമ്മുടെ ചെലവ് അധികരിക്കുകയും  വരുമാനം കുറയുകയും ചെയ്യുന്ന ഈ സന്ദർഭത്തിലാണ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ വളരെ പ്രതികാര ബുദ്ധിയോടുകൂടിസമീപിച്ചിരിക്കുന്നത്. എന്തിനാണ് കേന്ദ്ര ഗവൺമെന്റ് കേരളത്തോട്  പ്രതികാരബുദ്ധിയോടെയുള്ള സമീപനം സ്വീകരിക്കുന്നത്? 2018-19-ൽ രണ്ട് പ്രളയങ്ങൾ കേരളത്തെ ആകെ തന്നെ മുക്കി ഇല്ലാതാക്കി. നൂറുക്കണക്കിന് ആളുകൾ മരണപ്പെട്ട് 33,000 കോടി രൂപയുടെ നഷ്ടം ഈ കേരളത്തിനകത്തുണ്ടായിരുന്ന രണ്ട് അന്വേഷണം റിപ്പോർട്ടുകൾ ഈ സംസ്ഥാനത്ത് വരുമ്പോൾ കേന്ദ്ര ഗവൺമെന്റ് അർഹമായിട്ടുള്ള ദുരിതാശ്വാസ പരിഗണന  നൽകിയില്ലല്ലോ;  ആകെ നമുക്ക് ലഭിച്ചത് 620 കോടി രൂപയാണ്. ആ 620 കോടി രൂപയിൽനിന്ന് 210 കോടി രൂപ റേഷനും മണ്ണെണ്ണയും നൽകിയതിലും 111 കോടി രൂപ  നേവിയിലെയും സെൻട്രൽ ഫോഴ്സിലെ ഉദ്യോഗസ്ഥന്മാരുടെ ചെലവിൽ വഹിച്ച തുക

തിരിച്ചെടുത്തുകൊണ്ട് ആകെ 290 കോടി രൂപയാണ് കേന്ദ്രം ആ പ്രളയത്തിന് നഷ്ടപരിഹാരമായി സംസ്ഥാനത്ത് നൽകിയത്. ഇവിടെ ജനങ്ങൾ മരണപ്പെടുമ്പോഴും പ്രകൃതിക്ഷോഭംമൂലം വലിയ തോതിലുള്ള സാമ്പത്തിക നഷ്ടത്തിലേയ്ക്ക് പോകുമ്പോഴും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ പരിഗണിച്ചിട്ടില്ല. കേരളം കേന്ദ്രത്തിന് നികുതിയായി ഒരു രൂപ സംഭാവന ചെയ്യുമ്പോൾ ഇരുപത്തിയഞ്ച് പൈസയാണ് നമുക്ക് നൽകുന്നത് എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചർച്ചയിൽ മറുപടി പ്രസംഗത്തിൽ ഇന്നലെ പറഞ്ഞല്ലോ. കേരളത്തെ വെറുക്കപ്പെട്ടവരായി കാണുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. വർഗ്ഗീയതയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റും ആർ.എസ്.എസ്.-ഉം സ്വീകരിക്കുന്ന എല്ലാ നിലപാടുകൾക്കുമെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്ന ഇന്ത്യയിലെ ജനാധിപത്യ ഗവൺമെന്റാണ് പിണറായി വിജയൻ സർക്കാർ. ഏക സിവിൽ കോഡിനും പൗരത്വ രേഖയ്ക്കുമെതിരെ ഇന്ത്യയിൽ ആദ്യമായി പ്രമേയം പാസാക്കിയത് ഈ ഗവൺമെന്റാണ് എന്ന കാര്യം നമുക്കറിയാമല്ലോ. രാജ്യത്തെ ബി.ജെ.പി. ഗവൺമെന്റിന്റെ മതന്യൂനപക്ഷങ്ങൾക്കെതിരെയുള്ള കടന്നാക്രമങ്ങൾക്കും

നിലപാടുകൾക്കുമെതിരെ ശക്തമായ പ്രതിരോധം തീർക്കുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ആ ഗവൺമെന്റിനെ രാഷ്ട്രീയമായി നേരിടാൻ ആർ.എസ്.എസ്.-നും കേന്ദ്ര ബി.ജെ.പി. ഗവൺമെന്റിനും കഴിയാതിരിക്കുമ്പോൾ, വികസന പ്രവർത്തനങ്ങളെയും ക്ഷേമപ്രവർത്തനങ്ങളെയും അട്ടിമറിച്ച് കേരള ഗവൺമെന്റിനെ ശ്വാസം മുട്ടിക്കുന്ന നിലപാട് സ്വീകരിക്കുമ്പോൾ, അതിന് ഒത്താശ ചെയ്യുന്ന പതിനെട്ട് എം.പി.-മാരാണ് കേരളത്തിന്റെ പ്രതിനിധികളായി പാർലമെന്റിലുള്ളത്. തങ്ങളെ വേണ്ടവിധം വിളിച്ചില്ല എന്നാണ് അവർ പറയുന്നത്. പ്രതിപക്ഷനേതാവുമായി കൂടിയാലോചിക്കണമെന്നാണ് ഇന്നലെ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. പ്രതിപക്ഷനേതാവിന് പ്രത്യേക പ്രിവിലേജുണ്ട് എന്നുള്ള കാര്യം ഞങ്ങൾക്കറിയാം. അത് യോജ്യമായ രീതിയിൽ കേരള ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൊടുക്കുന്നുണ്ട്. പക്ഷേ ഈ കേരളത്തെ മുക്കിക്കൊല്ലുന്ന കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നിലപാടുകൾക്കെതിരായ സമീപനം സ്വീകരിക്കുന്നുണ്ടോ? അങ്ങനെ ചെയ്യാതെ കേരളത്തിലിരുന്ന് ഇവിടത്തെ ജനതയ്ക്കെതിരായ നിലപാട് സ്വീകരിക്കുന്ന സമീപനമാണ്

കേരളത്തിൽ യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പുതുപ്പള്ളിയിലെ തെരഞ്ഞെടുപ്പ് വിജയം സംബന്ധിച്ച് അങ്ങ് വാനോളം പുകഴ്ത്തുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെയും പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയുടെയും യു.ഡി.എഫ്. നേതാവ് ദിവംഗതനായ ഉമ്മൻ ചാണ്ടിയുടെയും പ്രസ്താവനകൾ വായിച്ചുനോക്കണം. അവർ എന്താണ് പറഞ്ഞത്? “ 126 സീറ്റുകളിൽ യു.ഡി.എഫ്.-ന് ഭൂരിപക്ഷം വന്നു, ആകെ പതിനാല് സീറ്റുകളിൽ മാത്രമേ എൽ.ഡി.എഫ്.-ന് ഭൂരിപക്ഷമുള്ളൂ. അതുകൊണ്ട് ശ്രീ. പിണറായി വിജയൻ കെയർ ടേക്കർ മുഖ്യമന്ത്രിയാണ്” എന്നാണ് പറഞ്ഞത്. അധികാരമെല്ലാം അവരുടെ കൈയിൽ കിട്ടി, ശ്രീ. പിണറായി വിജയൻ കെയർ ടേക്കർ മുഖ്യമന്ത്രിയായി ഇവിടെ ഇരിക്കണം, തങ്ങൾ ബാക്കിയെല്ലാം ചെയ്തുകൊള്ളാം എന്നായിരുന്നു ഭാവം. അന്ന് എന്ത് അഹങ്കാരമായിരുന്നു! ബഹുമാന്യരായ കെ. എം. മാണി, പി. ബി. അബ്ദുൾ റസാഖ് എന്നിവർ മരണപ്പെട്ടതിന്റെയും വട്ടിയൂർക്കാവ്, കോന്നി, അരൂർ, എറണാകുളം നിയമസഭാ മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ പാർലമെന്റിലേയ്ക്ക്

തെരഞ്ഞെടുക്കപ്പെട്ടതിന്റെയും ഭാഗമായി ആറ് നിയമസഭാ മണ്ഡലങ്ങളിലെ സീറ്റുകളിൽ ഒഴിവുവന്നു. അവയിലേയ്ക്ക് ഒന്നിച്ചല്ല തെരഞ്ഞെടുപ്പ് നടത്തിയത്. ആദ്യം യു.ഡി.എഫ്.-ന്റെ ശക്തികേന്ദ്രമായ പാലായിൽ തെരഞ്ഞെടുപ്പ് നടത്തി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കൂടുതൽ ആക്രമിക്കാൻ കേന്ദ്ര ഭരണകൂടം ശ്രമിച്ചു. പാലായിലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ പ്രതിരോധത്തെ ആക്രമിച്ച് മുന്നേറിക്കൊണ്ട് ഐതിഹാസികമായ തെരഞ്ഞെടുപ്പ് വിജയം നേടി. അതിനുശേഷം നടന്ന തദ്ദേശസ്വയംഭരണ, നിയമസഭാ തെരഞ്ഞെടുപ്പുകളിലും ഐതിഹാസികമായ തെരഞ്ഞെടുപ്പ് വിജയം നേടി. പുതുപ്പള്ളിയിൽ എന്താണ് സംഭവിച്ചത്? ഉമ്മൻ ചാണ്ടി മരണപ്പെട്ട് ഇരുപത്തിയഞ്ച് ദിവസം കഴിഞ്ഞ്, കല്ലറയിലെ പെയിന്റിന്റെ നിറംപോലും മാറുന്നതിനുമുമ്പ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ചുരുക്കി സംസാരിക്കു.

ശ്രീ. കെ. ആൻസലൻ: സർ, അൻപതാം ദിവസം തെരഞ്ഞെടുപ്പ് നടന്നു. സ്വാഭാവികമായും ആ തെരഞ്ഞെടുപ്പിൽ അനുതാപ തരംഗമുണ്ടായി എന്ന കാര്യം നമുക്കറിയാം. ഞാൻ ചോദിക്കട്ടെ, ഉമ്മൻ ചാണ്ടി സാറിന്റെ മകനെ/ആ കുടുംബത്തിലെ ഒരംഗത്തെയല്ലാതെ വേറൊരാളെ

തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കാൻ യു.ഡി.എഫ്.-ന് കഴിയുമോ? സഹതാപം വിറ്റ് തെരഞ്ഞെടുപ്പിൽ നേടിയ ജയത്തിൽ അഹങ്കരിക്കരുത്. നിങ്ങളുടെ ശവപ്പെട്ടിയിലെ അവസാനത്തെ ആണിക്കല്ല് അടിക്കുന്നതായിരിക്കും ലോകസഭാ തെരഞ്ഞെടുപ്പെന്ന് നിങ്ങൾ ഓർമിച്ചുകൊള്ളുക എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, യഥാർത്ഥത്തിൽ ഇവിടെ ചർച്ച ചെയ്യപ്പെടുംവിധം ഒരു പുതിയ നികുതി നിർദേശവും അവതരിപ്പിക്കപ്പെട്ടിട്ടില്ല. കേരള ബിൽഡിംഗ് ടാക്സ് ആക്ടിന്റെ അമെന്റ്മെന്റ് നേരത്തെ ഇവിടെ വിശദീകരിച്ചതുപോലെ, ഏഴ് ഹെഡുകളിലായി ആറ് ഭേദഗതികളാണ്. ഇതിലൊന്നും പുതിയ നികുതി നിർദേശങ്ങളില്ല. കേരളത്തിലെ ഏതെങ്കിലും വിഭാഗത്തിലെ ജനങ്ങളെ ബാധിക്കുന്ന രീതിയിലോ അവർക്ക് ഭീമമായ തുകയുടെ അധിക ഭാരം അടിച്ചേൽപ്പിക്കുന്ന വിധത്തിലോ ഒരു നിർദേശവും ഈ ഭേദഗതി ബില്ലിൽ അവതരിപ്പിക്കുന്നില്ല.

നിലവിലുള്ള നിയമത്തിൽ 'luxury tax' എന്ന് രേഖപ്പെടുത്തിയ സ്ഥലങ്ങളിലെല്ലാം 'additional tax' എന്ന് രേഖപ്പെടുത്തണമെന്നാണ്

ഒന്നാമത്തെ ഭേദഗതി. അതിന്റെ പേരിൽ പ്രത്യേകമായ ഒരു ബാധ്യതയുമുണ്ടാകില്ല.

രണ്ടാമത്തെ ഭേദഗതി, നേരത്തെ ഇവിടെ 2 (e) വകുപ്പിൽ ‘ building’ എന്ന് നിർവചിച്ചിട്ടുള്ളതിൽ രണ്ട് വിശദീകരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ കെട്ടിടങ്ങൾക്കും ഇതുമായി ബന്ധപ്പെട്ട് അഡീഷണൽ ടാക്സില്ല. അഡീഷണൽ ടാക്സ് യഥാർത്ഥത്തിൽ വാസഗൃഹങ്ങൾക്ക് മാത്രമുള്ളതാണ്. ഒന്നാമത്തെ വിശദീകരണം അതുപോലെ നിലനിർത്തി രണ്ടാമത്തെ വിശദീകരണത്തിൽ മൂന്ന് പുതിയ കാര്യങ്ങൾ കൂട്ടിച്ചേർക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളത്. ഒന്നാമത്തെ വിശദീകരണം, ഒരേ കെട്ടിടത്തിൽ വ്യത്യസ്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വ്യത്യസ്ത ഫ്ലാറ്റുകളും അപ്പാർട്ട്മെന്റുകളും സംബന്ധിച്ച്, ഓരോ ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളെ ഓരോ പ്രത്യേക കെട്ടിടമായി കണക്കാക്കേണ്ടതുണ്ട് എന്നുപറയുന്നു. ആയതിന്റെ അസസ്മെന്റ് അതത് ഫ്ലാറ്റിന്റെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. 'ഉമസ്ഥതയുടെ അടിസ്ഥാനത്തിൽ' എന്ന രീതിയിൽ മാറുകയാണ്. പ്ലിന്ത് ഏരിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച രേഖകൾപ്രകാരം

ആയിരിക്കേണ്ടതുമാണ്. രണ്ടാമത്തെ വിശദീകരണം, ഒരു കെട്ടിടത്തിന്റെ മുഴവൻ ഉടമസ്ഥതയും ഒരേ വ്യക്തിയിൽ നിലനിർത്തുകയാണെങ്കിൽ, മുഴവൻ പ്ലിന്ത് ഏരിയയ്ക്കുമുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കാൻ ആ വ്യക്തിതന്നെ ബാധ്യസ്ഥനാണ്. തുടർന്ന് ഏതെങ്കിലും ഭാഗങ്ങൾ വിൽക്കുകയാണെങ്കിൽ ആരാണോ പുതുതായി വാങ്ങിയത് അയാൾ അവയുടെ അഡീഷണൽ ടാക്സ് അടയ്ക്കണം. മുൻ ഉടമസ്ഥനിൽനിന്ന് അത് ലഘൂകരിക്കപ്പെടുകയാണ്. റവന്യൂ വകുപ്പ് ബിൽഡിംഗ് ടാക്സ് ഒറ്റത്തവണ മാത്രമേ ഈടാക്കുന്നുള്ളൂ, അഡീഷണൽ ടാക്സാണ് വർഷംതോറും ഈടാക്കുന്നത്. മൂന്നാമത്തെ വിശദീകരണം, ഒരു വ്യക്തി ഒന്നിലധികം ഫ്ലാറ്റോ അപ്പാർട്ട്മെന്റോ വാങ്ങുന്ന സാഹചര്യത്തിൽ, അവ പരസ്പരം ബന്ധിക്കപ്പെട്ടിട്ടുള്ളപക്ഷം, കോമണായിട്ടുള്ള ഒരു പരസ്പര സംവിധാനമുണ്ടെങ്കിൽ അതിനെ സിംഗിൾ യൂണിറ്റായി കണക്കാക്കുകയും അതുപ്രകാരം ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കേണ്ടതാണ്. എന്നാൽ ഫ്ലാറ്റുകളോ അപ്പാർട്ട്മെന്റുകളോ ഉൾക്കൊള്ളുന്ന കെട്ടിടങ്ങൾ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിട്ടില്ലാത്തപക്ഷം ഓരോന്നും പ്രത്യേകമായിത്തന്നെ നിർണയിക്കേണ്ടതാണ്.

മൂന്നാമത്തേത് 5A(i)-ന്റെ മാർജിനൽ ശീർഷകത്തിലുള്ള ഭേദഗതിയാണ്. ഇത് അധിക നികുതി പരിഷ്കാരമല്ല. . നേരത്തെ ‘ Charge of luxury tax’ എന്നത് ‘ Certain category of residential buildings’ എന്ന് മാറ്റുകയാണ്. അതിൽത്തന്നെ 01-04-1999-നോ അതിനുശേഷമോ പൂർത്തിയാക്കിയതും 278.7 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ളതുമായ വാസയോഗ്യമായ എല്ലാ കെട്ടിടങ്ങൾക്കും പട്ടിക-II-ൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ വാർഷികമായി അധിക നികുതി ഈടാക്കേണ്ടതാണ്. നേരത്തെ നമ്മൾ പറഞ്ഞ പേരുമാറ്റവുമായി ബന്ധപ്പെട്ട് കിടക്കുന്ന കാര്യമാണിത്.

അടുത്തത് നാലാമത്തെ വകുപ്പിലെ ഭേദഗതിയാണ്. യഥാർത്ഥത്തിൽ ഇവിടെ സംസാരിച്ചവരെല്ലാം മറന്നുപോയ ഒരു കാര്യം, ഇത് നാട്ടിലെ ജനങ്ങൾക്ക് കൂടുതൽ ഗുണമുണ്ടാകുന്നതാണ് എന്നുള്ളതാണ്. വില്ലേജ് ഓഫീസർമാരെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ നല്ല അഭിപ്രായം രേഖപ്പെടുത്തിയതിൽ ഞാൻ ഈ സഭയോട് നന്ദി രേഖപ്പെടുത്തുകയാണ്. അത്രയേറെ ചുമതലകളാണ് അവർ വഹിക്കുന്നത്. പത്തനാപുരത്തെ ഒരു വില്ലേജ് ഓഫീസർ അഡീഷണൽ ടാക്സ് എന്ന് നാം

ഇപ്പോൾ വിളിക്കുന്ന ടാക്സ് കണക്കാക്കുന്നതിനായി പ്ലിന്ത് ഏരിയ അളക്കുന്ന പ്രവർത്തനത്തിനിടയിൽ രണ്ടാം നിലയിൽനിന്ന് വീണ് മരിക്കാനിടയായ സംഭവം ഞാൻ മുമ്പ് പറഞ്ഞിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച സോഫ്റ്റ്‌വെയർ/ഒക്യുപെൻസി സർട്ടിഫിക്കറ്റ്/ടാക്സ് അസസ്മെന്റ് ഡീറ്റെയിൽസ് പ്രകാരമുള്ള പ്ലിന്ത് ഏരിയ ആയിരിക്കും ഈ നിയമപ്രകാരമുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും കണക്കാക്കുന്നതിനുള്ള പ്ലിന്ത് ഏരിയ. ഇത് പുതിയൊരു കാര്യമാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ, തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന പ്ലിന്ത് ഏരിയയാകില്ല ചിലപ്പോൾ റവന്യൂവിന്റെ ഭാഗമായി തയ്യാറാക്കപ്പെടുന്ന പ്ലിന്ത് ഏരിയ. റവന്യൂവിന്റെ പ്ലിന്ത് ഏരിയയുടെ കണക്ക് കൊടുത്ത് ഒറ്റത്തവണ നികുതി അടച്ചാൽ മാത്രമേ നമ്പർ നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയുള്ളൂ. നേരത്തെ ഇവിടെ പറയപ്പെട്ടതുപോലെ, വില്ലേജ് ഓഫീസർമാർക്ക് പല ചുമതലകളുടെ ഭാഗമായുള്ള കാലതാമസമുണ്ടായാൽ ഈ നമ്പർ കിട്ടാൻ വൈകും. ഇപ്പോൾ ആ പ്രശ്നമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച പ്ലിന്ത് ഏരിയ അനുസരിച്ച് തുക കണക്കാക്കി

അതൊടുക്കുക എന്നത് മാത്രമേയുള്ളൂ. പുതുതായി ഒരു രൂപയും അടയ്ക്കേണ്ടതില്ല. അഞ്ചാമത്തെ ഭേദഗതി 13(2) പ്രകാരം അസെസ്സിംഗ് അതോറിറ്റി ഉത്തരവ് പാസ്സാക്കിക്കഴിഞ്ഞാൽ മൂന്ന് മാസക്കാലമേ കളക്ടർക്ക് അതിൽ സ്വമേധയാ ഇടപെടാൻ അധികാരമുള്ളൂ. ഒരു അസെസ്സിംഗ് അതോറിറ്റിയോ അപ്പീൽ അതോറിറ്റിയോ ഒരു തീരുമാനമെടുത്താൽ മൂന്ന് മാസത്തിനുള്ളിൽ കളക്ടർ ഇടപെട്ടില്ലെങ്കിൽ പിന്നെ ഇടപെടാനാകില്ല. അക്കാര്യത്തിൽ കളക്ടർക്ക് ഇടപെടാനുള്ള അവകാശം നീട്ടിക്കൊടുക്കുകയാണ്. സാധാരണനിലയിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്ക് ഗുണമുണ്ടാകുന്ന തരത്തിലാണ് ആ തീരുമാനം. തങ്ങൾക്ക് ഹിതമല്ലാത്ത വിധത്തിലാണ് ഒരു അസെസ്സിംഗ് അതോറിറ്റി തീരുമാനമെടുക്കുന്നത് അല്ലെങ്കിൽ അപ്പീൽ അതോറിറ്റി നടപടിയെടുക്കുന്നത് എങ്കിൽ അതിൽ വേണമെങ്കിൽ നേരിട്ട് കളക്ടർക്ക് ഇടപെടാൻ അവസരം കിട്ടുന്ന വിധത്തിലുള്ള ഒരു നടപടിയാണ് അതിലുള്ളത്.

ആറാമത്തെ ഭേദഗതി, ബഹുമാന്യരായ എൻ. എ. നെല്ലിക്കുന്നും ശ്രീ. പി. ഉബൈദുള്ളയും ഇവിടെ സംസാരിച്ചപ്പോൾ 21-ാം വകുപ്പ് പ്രകാരം 50 ശതമാനം ഫൈൻ ഈടാക്കുന്നതിനെ സംബന്ധിച്ച് സൂചിപ്പിച്ചതായി

എനിക്ക് തോന്നിയിരുന്നു. നേരത്തെ അത് ഐ.പി.സി. (ഇന്ത്യൻ പീനൽ കോഡ്) വകുപ്പ് 177 പ്രകാരം കുറ്റക്കാരനായി അതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് പോകാമെന്നായിരുന്നു. അത് മാറ്റി അങ്ങനെ തെറ്റായി ഒരു വിവരം നൽകുന്ന ആൾക്ക് 50 ശതമാനം പിഴ ഈടാക്കേണ്ടിവരുമെന്ന് സൂചിപ്പിച്ച് അത് നിയമത്തിന്റെ ഭാഗമാക്കുക മാത്രമേ ഇവിടെ ചെയ്തിട്ടുള്ളൂ. അങ്ങനെ തെറ്റായ വിവരം ബോധപൂർവ്വം കൊടുക്കുന്ന ആളുകളെ പ്രോത്സാഹിപ്പിക്കുന്ന നടപടി നിയമം നിർമ്മിക്കുന്ന ഒരു സഭയിലിരുന്ന് നമ്മൾ പ്രഖ്യാപിക്കുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഈ നിയമം പുതുതായി ഉണ്ടായ ഒന്നല്ല. നിങ്ങളെല്ലാവരും എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. പക്ഷെ ഈ നിയമം പുതുതായി ഉണ്ടായതോ ഇപ്പോൾ ഞങ്ങൾ അടിച്ചേൽപ്പിച്ചതോ ഒന്നുമല്ല, ഏതെങ്കിലും വിധത്തിലുള്ള ഒരു പുതിയ ബാധ്യതയുമല്ല. 1975-ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ടിന് 1973 ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യമുള്ളതാണ്. 05-07-1973-ൽ ബിൽ നിയമസഭയിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിക്ക് അയയ്ച്ചെങ്കിലും അത് ലാപ്സായി. തുടർന്ന് 1974 ജൂലൈ മാസം 27-ാം തീയതി തന്നെ ബിൽ ഒരു

ഓർഡിനൻസായി പുറപ്പെടുവിക്കുകയാണുണ്ടായത്. നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ബിൽഡിംഗ് വിലയുടെ (ക്യാപിറ്റൽ വാല്യുവിന്റെ) അടിസ്ഥാനത്തിലാണ് ബിൽഡിംഗ് ടാക്സ് സാധാരണ നിശ്ചയിക്കുക. പിന്നീട് കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ഈടാക്കണം എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 10-03-1992 പ്രാബല്യത്തിൽ പ്രസ്തുത നിയമം സമഗ്രമായി ഭേദഗതി ചെയ്യുകയുണ്ടായി. തുടർന്ന് 1991-ലെ ഫിനാൻസ് ആക്ട് പ്രകാരം 01-04-1999 പ്രാബല്യത്തിൽ 3000 സ്ക്വയർഫീറ്റ് അധികരിക്കുന്ന വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്താൻ തീരുമാനിച്ചു. '5 എ' എന്നൊരു വകുപ്പ് നിയമത്തിൽ അങ്ങനെയാണ് കൂട്ടിച്ചേർത്തത്. ലക്ഷ്വറി ടാക്സ് എന്നാണ് 5 എ-യിൽ പറയുന്നതെങ്കിലും ഏതെങ്കിലും വിധത്തിൽ 3000 സ്ക്വയർഫീറ്റ് എന്നത് ആഡംബരം എന്ന അർത്ഥത്തിലല്ല സൂചിപ്പിക്കുന്നത്, അതൊരു പേരായി അന്ന് ഉപയോഗിച്ചു എന്നുമാത്രമേയുള്ളൂ. ഒരു നിശ്ചിത വിസ്തീർണ്ണത്തിലധികം വരുന്ന വിസ്തീർണ്ണമുള്ള ഗൃഹങ്ങൾക്ക് അഡീഷണലായി ഒരു ടാക്സ് നിശ്ചയിക്കുന്നു എന്ന നടപടി അതുപോലെ തുടരുന്നു, ഒരു രൂപയുടെ പോലും അധിക

ബാധ്യത ഈ ഭേദഗതിയുടെ പേരിൽ വരാൻ പോകുന്നില്ല. താമസ ആവശ്യത്തിനുള്ള മറ്റ് കെട്ടിടങ്ങളും പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ്, പഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾ തിരിച്ചാണ് നികുതി ഈടാക്കുന്നത്. റവന്യൂ വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതി അസെസ്സ് ചെയ്തു എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയാൽ മാത്രമേ നേരത്തെ ഞാൻ പറഞ്ഞതുപോലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കെട്ടിട നമ്പർ ലഭിക്കുകയുള്ളൂ. ഇത് കാലതാമസത്തിന് ഇടവരും, തന്മൂലം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ദീർഘമായ ചുമതലയിലേയ്ക്ക് പോകേണ്ടിവരും. അതുകൊണ്ട് പഞ്ചായത്ത് തീരുമാനിക്കുന്ന പ്ലാൻ വിസ്തീർണ്ണം കണക്കാക്കി ഈ നികുതിയുടെ അടിസ്ഥാന രേഖയാക്കാൻ ഉദ്ദേശിക്കുന്ന വിധത്തിലുള്ള ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നേരത്തെ ഞാൻ ഇവിടെ ഓരോന്നോരോന്നായി വിശദീകരിച്ച ചെറുതായിട്ടുള്ള ആറ് ഭേദഗതികൾ മാത്രമാണ് ഇതിൽ ചേർത്തുവയ്ക്കാൻ ഉദ്ദേശിക്കുന്നത്.

ഇതിൽ വിയോജനപ്രസംഗം നടത്തിയ ചില ബഹുമാനപ്പെട്ട അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്താൻ മാത്രമായി അഭിപ്രായങ്ങൾ

പറഞ്ഞതാണെന്നാണ് ഞാൻ കരുതുന്നത്. കഴിഞ്ഞ തുടർച്ചയായ മൂന്ന് ദിവസത്തിനിടയിൽ നാല് നിയമഭേദഗതികൾ സഭയ്ക്കകത്ത് അവതരിപ്പിക്കാനുള്ള ഒരവസരം എനിക്കുണ്ടായി. ഈ നാല് ഭേദഗതികളിൽ നാല് വിയോജിപ്പുകൾ ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും രേഖപ്പെടുത്തി. വിയോജിപ്പുകളുടെ അളവ് കുറയ്ക്കേണ്ടതില്ല എന്നുകരുതി വിയോജിപ്പ് രേഖപ്പെടുത്തിയതല്ലാതെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വലിയ അഭിപ്രായവ്യത്യാസങ്ങൾ ഇക്കാര്യത്തിലുണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല.

ഇതിനകത്ത് ലീഗൽ ഹെയർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് ഒരു ചർച്ചയുണ്ടായി. അതുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ലീഗൽ ഹെയർഷിപ്പ് അനുവദിക്കുന്നതിന് ഓൺലൈൻ സംവിധാനം ഈ ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാം എന്നാണ് ഞാൻ കരുതുന്നത്. ഞങ്ങൾ സബ്ജക്റ്റ് കമ്മിറ്റി അംഗങ്ങളായതുകൊണ്ട് അവിടെ വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്. റവന്യൂ വകുപ്പിന്റെ പോർട്ടലിൽനിന്നുതന്നെ, അത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്, ലീഗൽ ഹെയർഷിപ്പ് അനുവദിക്കുന്നതിന് ഓൺലൈൻ

സംവിധാനമുണ്ടാക്കിയത് ഇപ്പോൾ ആണെന്ന് മാത്രമല്ല ലീഗൽ ഹെയർഷിപ്പ്...,

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ചില തഹസീൽദാർമാർ പറയുന്നത് ഓൺലൈനിലിലൂടെ അപേക്ഷിച്ചാലും ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് വേണ്ട എന്നാണ്. അപേക്ഷ സ്വീകരിക്കുന്നില്ല, അപേക്ഷ സ്വീകരിച്ചാലല്ലേ...,

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറയുന്നതെല്ലാം കേട്ട് അതിന്റെ വിശദീകരണം നൽകിയേ ഞാൻ അവസാനിപ്പിക്കൂ, നാം എം.എൽ.എ. ഹോസ്റ്റലിലെ സഹമുറിയന്മാരായിരുന്നല്ലോ. നേരത്തെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അനുവദിക്കുക എന്നത് ദീർഘമായ പ്രോസസ്സായിരുന്നു. താലൂക്ക് ഓഫീസിൽ കൊടുക്കണം, അവിടെ നിന്നും ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കണം, ഇക്കാര്യം ബഹുമാനപ്പെട്ട ചെയറിന് അറിയാമെന്ന് തോന്നുന്നു, ജൂൺ മാസത്തിൽ കൊടുത്താൽ ചിലപ്പോൾ ഒരു വർഷമോ രണ്ടുവർഷമോ കാത്തിരിക്കേണ്ടിവരും ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ, ദീർഘമായൊരു പ്രക്രിയയാണത്. ഇപ്പോഴത് ഓൺലൈനിലേയ്ക്ക് കൊടുക്കാനുള്ള

സൗകര്യമുണ്ട്. ഓൺലൈനിൽ കൊടുക്കുന്നുവെന്ന് മാത്രമല്ല ഇതിന്റെയൊരു പ്രത്യേകത.., പണ്ടൊക്കെ ഇവിടെ താലൂക്ക് ഓഫീസിൽനിന്നും സർക്കാരിലേയ്ക്ക് വന്ന് സർക്കാരിൽനിന്നും അത് ഗവൺമെന്റ് പ്രസ്സിലേയ്ക്ക് പോയി അവിടെനിന്നും പ്രിന്റ് ചെയ്ത് ഇറക്കണം, വലിയ ഒരു പുസ്തകമാണത്, അത് വായിച്ചാലും ഇല്ലെങ്കിലും അതൊരു നിർദ്ദേശത്തിന്റെ ഭാഗമാണ്. ഇപ്പോൾ റവന്യൂ വകുപ്പിന്റെ പോർട്ടലിൽനിന്നുതന്നെ ഇ-ഗസറ്റായി അത് പ്രസിദ്ധീകരിക്കും. നമുക്ക് ലഭ്യമായാൽ ഇ-ഗസറ്റായി പ്രസിദ്ധീകരിക്കാവുന്ന വിധത്തിലുള്ള നടപടി നമ്മൾ ഇപ്പോൾ തീരുമാനിച്ചു. ഗസറ്റിൽ പ്രസിദ്ധീകരിച്ചാൽ ഒറ്റ പ്രശ്നമേയുള്ളൂ, അങ്ങ് വൈകുന്നുവെന്ന് പറയുന്നത് അതായിരിക്കും. ഇ-ഗസറ്റിലാണെങ്കിലും പ്രസിദ്ധീകരിച്ചാൽ ഒരു മാസം ആക്ഷേപം സ്വീകരിക്കാൻ കൊടുക്കണം. ഇതൊരു പബ്ലിക് റിലീസാണ്. ഒരു പരസ്യപ്രസ്താവന നടത്തിയാൽ ഒരു മാസക്കാലം അതിന്റെ ആക്ഷേപം സ്വീകരിക്കാനുള്ള കാലാവധിയുണ്ട്, അത് സ്റ്റാറ്റ്യൂട്ടറിയാണ്, ഒഴിവാക്കാൻ സാധിക്കില്ല. അഞ്ച് ലക്ഷം വരെയുള്ള സാമ്പത്തിക ഇടപാടുകൾക്ക് മാത്രമേ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് നിയമപരമായി ഉപയോഗിക്കാവൂ. അങ്ങ് പറഞ്ഞത് ശരിയാണ്. വസ്തു ഭാഗം ചെയ്യുന്നതിന് ലീഗൽ

ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല. അവകാശ മൊഴിയുടെ അടിസ്ഥാനത്തിലാണ് പിന്തുടർച്ച പോക്കുവരവ് ചെയ്യുന്നത്. അതുകൊണ്ട് എല്ലാ കാര്യത്തിനും ആവശ്യമില്ല. അഞ്ച് ലക്ഷം വരെയുള്ള സാമ്പത്തിക ഇടപാടുകൾക്ക് മാത്രമേ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് നിയമപരമായി ഉപയോഗിക്കാവൂ. അതുകൊണ്ട് അങ്ങ് പറഞ്ഞ കാര്യത്തിൽ പ്രത്യേകിച്ച് എന്തെങ്കിലുമുണ്ടെങ്കിൽ പരിഹരിക്കാനുള്ള സൗകര്യം ഉണ്ടാക്കാനും കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

എനിക്കൊരു പ്രയാസകരമായ കാര്യമുണ്ട്, അതുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മലപ്പുറം അംഗം ഇവിടെ പറഞ്ഞപ്പോൾ ഒന്ന്, ഗൗരവം കൂട്ടിക്കോട്ടേ എന്ന് കരുതിയിട്ടായിരിക്കും, കഴിഞ്ഞ നാല് ദിവസമായി എല്ലാവരും പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് 80 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ഒരു ഹെലികോപ്റ്റർ വാടകയ്ക്കെടുത്തു എന്നത്. ഈ പറയുന്നത് കേട്ടാൽതോന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെനിന്നും യാത്ര ചെയ്യുന്നത് ഈ ഹെലികോപ്റ്ററിൽനിന്നാണെന്ന്. മുഖ്യമന്ത്രി യാത്രയ്ക്കുവേണ്ടി അധികമായി പണം ചെലവഴിച്ചു എന്നൊക്കെ പറയുന്നത് ശുദ്ധകളവാണ്. കേരളത്തിലൊരു ഹെലികോപ്റ്റർ വാങ്ങാൻ

തീരുമാനിക്കുകയല്ലല്ലോ ചെയ്തത്. എന്താണ് മറ്റുള്ള സംസ്ഥാനങ്ങളുടെ സ്ഥിതി? ബഹുമാനപ്പെട്ട അംഗം അറിഞ്ഞിട്ടുണ്ടാകും, വായിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല, ഓക്ഷനിൽ പങ്കെടുക്കാനുള്ള അറിവും സാമ്പത്തിക ശേഷിയും ഇല്ലാത്തതുകൊണ്ട് നമ്മളാരും പങ്കെടുത്തുകാണില്ല. ഞാൻ ഗവൺമെന്റിന്റെ രാഷ്ട്രീയം പറയുകയല്ല, രാജസ്ഥാനിൽ രണ്ട് ഹെലികോപ്റ്ററുകൾ ലേലത്തിന് വച്ചിരിക്കുകയാണ്. അത് അവിടെ നിന്നും ഒഴിവാക്കാനല്ല, ലേലത്തിന് വച്ച് ലഭിക്കുന്ന പണംകൊണ്ട് സ്വന്തമായി ഒരു വിമാനം വാങ്ങാനാണ് അവർ തീരുമാനിച്ചിരിക്കുന്നത്. എന്നിട്ട് ഇവിടെ വന്ന് പറയുകയാണ് 80 ലക്ഷം രൂപ വാടക കൊടുത്ത് ഒരു ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തിട്ടിരിക്കുന്നുവെന്ന്. എന്തിനാണ് ഹെലികോപ്റ്റർ വാങ്ങിയത്? ആരോഗ്യരക്ഷാ പ്രവർത്തനം, വ്യോമ നിരീക്ഷണം, തീരദേശം, വനമേഖലകൾ, വിനോദസഞ്ചാര തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയുടെ നിരീക്ഷണം, മാവോയിസ്റ്റ് ഭീഷണിയുള്ള മേഖലകളിലെ നിരീക്ഷണം, അടിയന്തര ഘട്ടങ്ങളിൽ വി.ഐ.പി.-കളുടെ സഞ്ചാരം തുടങ്ങി ബഹുമുഖമായ ആവശ്യങ്ങൾക്കാണ് ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തിട്ടിരിക്കുന്നത്. Wet lease വ്യവസ്ഥയിൽ വാടകയ്ക്കെടുത്ത ഹെലികോപ്റ്റർ ആഡംബരത്തിന്റെ

ഭാഗമായി ഉപയോഗിക്കുന്ന സംസ്ഥാനമല്ല കേരളം. ഈ നാട് കണ്ട ദുരന്ത മുഹൂർത്തങ്ങളിലെല്ലാം നമ്മളത് ഉപയോഗിച്ചില്ലേ? ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഈ വേദിയിലുണ്ടായിരുന്നു. ഞാൻ ജില്ലാ സെക്രട്ടറിയായിരിക്കുന്ന കാലത്താണ് വയനാട് അതിഭീകരമായ ദുരന്തമുണ്ടായത്. ഞാനിപ്പോഴും ഓർക്കുകയാണ്.., ആ കൂട്ടത്തിൽ പോയ ഒരംഗം ഇപ്പോൾ ഇവിടെയുണ്ട്, സുൽത്താൻബത്തേരിയിൽ പ്രത്യേക സ്ഥലത്തേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. ചന്ദ്രശേഖരനും അന്നത്തെ പ്രതിപക്ഷ നേതാവായിട്ടുള്ള ശ്രീ. രമേശ് ചെന്നിത്തലയുംകൂടി താമരശ്ശേരി, പാൽചുരം, നിലമ്പൂർ ചുരം എന്നീ മൂന്ന് ചുരങ്ങളും തകർന്ന് അതിലൂടെ യാത്ര ചെയ്യാൻ സാധിക്കാതെ വന്നപ്പോൾ എങ്ങനെയാണ് വന്നത്; ട്രെയിനിലാണോ; അതോ ഈ ചുരങ്ങൾക്കിടയിലൂടെയാണോ? അങ്ങനെ വന്നെങ്കിൽ അവിടെ ആരും ജീവിച്ചിരിക്കില്ലായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും ചേർന്ന് ഹെലികോപ്റ്ററിലാണ് അതിഭീകരമായ ദുരന്തങ്ങൾ നടന്ന സ്ഥലത്തെത്തിയത്. ഞങ്ങൾക്ക് ആവേശമായി. അവിടത്തെ പൊതുരാഷ്ട്രീയ പ്രവർത്തകർ വലിയ

മുന്നേറ്റമുണ്ടാക്കി. അതിനൊക്കെ ഉപയോഗിക്കാൻ വേണ്ടിയാണ് ഈ ഹെലികോപ്റ്റർ. പ്രളയത്തിലും മലയിടിച്ചിലിലും പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോഴും അത്തരമൊരു ഹെലികോപ്റ്ററിന്റെ അനിവാര്യത അനുഭവിച്ചവരാണ് നമ്മൾ. ഞാൻ ആലോചിക്കുകയാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാങ്ങിയ ഹെലികോപ്റ്ററിൽ ആദ്യമായി യാത്ര ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ഗവർണറോ അല്ല. അത് ലിസി ഹോസ്പിറ്റലിലേയ്ക്ക് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി കൊണ്ടുപോയ ഒരു പാവപ്പെട്ട സ്ത്രീയുടെ ഹൃദയവുംകൊണ്ടാണ്. ആ ഹൃദയത്തിന്റെ വില എത്രയാണ്? അതിന് വിലയിടാൻ ആർക്കാണ് സാധിക്കുന്നത്? 10 ലക്ഷം, 20 ലക്ഷം, 30 ലക്ഷം, 40 ലക്ഷം, 1 കോടി, 2 കോടി, 5 കോടി, 10 കോടി, ഇങ്ങനെ എത്ര രൂപ കൊടുത്താൽ കിട്ടും? ലിസി ആശുപത്രിയിലേയ്ക്ക് ഒരു ഹൃദയം കൊണ്ടുപോകാൻ വേണ്ടിവന്നത് ഈ ഹെലികോപ്റ്ററാണ് എന്ന ഒറ്റ കാരണംകൊണ്ട് എത്ര കോടി രൂപ കൊടുത്താലും..., വി.ഐ.പി.-മാരുടെ യാത്ര എന്നത് അത്യാവശ്യമായ ഘട്ടങ്ങളിൽ മാത്രമാണ്, അത് അവസാനം പരിഗണന അർഹിക്കുന്ന കാര്യമാണ്. അതിനേക്കാൾ പ്രധാനപ്പെട്ട പ്രശ്നം ഒരു നാടിനുണ്ടായാൽ അത്

ഉപയോഗിക്കണ്ടേ? മസ്തിഷ്ക മരണം സംഭവിച്ച സന്ദർഭങ്ങളിൽ അവയവമാറ്റ ശാസ്ത്രക്രിയയ്ക്ക് അവയവങ്ങൾ യഥാസമയം ആശുപത്രിയിലെത്തിക്കുന്നതിന് എയർ ആംബുലൻസുപോലെ പലവട്ടം ഹെലികോപ്റ്റർ ഉപയോഗിച്ച അനുഭവവും കേരളത്തിനുണ്ട്, അതിന്റെ റെക്കോർഡുണ്ട്. ഹെലികോപ്റ്ററിന് നമ്മുടെ ജീവന്റെ വിലയാണുള്ളത്. ജീവന്റെ വില കേരളത്തിന്റെ നിയമസഭയിൽ ഏതെങ്കിലും ഒരു ബിൽഡിംഗ് ടാക്സിന്റെ ചർച്ചയിൽ ചർച്ച ചെയ്ത് അലക്കാനുള്ളതല്ല. അത് കേരളത്തിലെ മനുഷ്യനെ രക്ഷിക്കാനുള്ള, കേരളത്തിൽ ദുരന്തമുഹൂർത്തങ്ങളുണ്ടാകുമ്പോൾ അതിൽ പെട്ടുപോകുന്നവരുടെ മുമ്പിലേയ്ക്ക് ജീവസംരക്ഷണത്തിന്റെ ദൗത്യവുമായി എത്തിച്ചേരുന്നതിന്റെ വിലയാണ്. അത് നമുക്ക് കണക്കുകൂട്ടാൻ കഴിയുന്നതല്ല. കോവിഡ് 19-ന്റെ കാലത്ത് ലോക്ക്ഡൗൺ കാരണം രാജ്യത്തെ പൊതുഗതാഗത സൗകര്യങ്ങൾ നിലച്ചപ്പോൾ കാൻസർ രോഗികളുടെ മരുന്നെത്തിച്ചത് ഇതേ ഹെലികോപ്റ്ററിലാണ്. ബാംഗ്ലൂരിൽനിന്ന് പരുമലയിലേയ്ക്ക് പോയത് ഇതേ ഹെലികോപ്റ്ററിലാണ്. 2020 മാർച്ച് 18, മേയ് 9, ജൂലൈ 21 എന്നീ ദിവസങ്ങളിൽ ഹൃദയമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഹെലികോപ്റ്റർ ഉപയോഗിച്ചു. ഞാൻ

നേരത്തെ പറഞ്ഞതുൾപ്പെടെയുള്ള നടപടിക്രമങ്ങളിൽ ഹെലികോപ്റ്റർ ഉപയോഗിച്ചതുകൊണ്ട് രക്ഷയുണ്ടായ സന്ദർഭങ്ങളുണ്ട്. കോതമംഗലം എം.എൽ.എ. ശ്രീ. ആന്റണി ജോൺ ഇവിടെയുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ലാലി ഗോപകുമാറിന്റെ ഹൃദയം കോതമംഗലം സ്വദേശിനിയിൽ തുടിച്ചുതുടങ്ങി. നേരത്തെ ഞാൻ പറഞ്ഞതുപോലെ, എറണാകുളം ലിസി ആശുപത്രിയിൽനടന്ന കോതമംഗലം സ്വദേശിനിയുടെ ഹൃദയമാറ്റ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയെന്നുമാത്രമല്ല, ശസ്ത്രക്രിയയ്ക്കുശേഷം രോഗിയെ തീവ്രപരിചരണ വിഭാഗത്തിലേയ്ക്ക് മാറ്റിയ നടപടിയുണ്ടായത് നാം കണ്ടതാണ്. കഴിഞ്ഞ ദിവസം വൈകുന്നേരം 3.30-ഓടെയാണ് തിരുവനന്തപുരത്തുനിന്നും സർക്കാരിന്റെ വാടക ഹെലികോപ്റ്ററിൽ ഹൃദയം കൊച്ചിയിലെത്തിച്ചത്. തിരുവനന്തപുരം കിംസ് ആശുപത്രിയിൽ മസ്തിഷ്ക മരണം സംഭവിച്ച 50 വയസ്സുള്ള ചെമ്പഴന്തി സ്വദേശിനി ലാലി ഗോപകുമാറിന്റെ ഹൃദയമാണ് 49 വയസ്സുകാരിയായ കോതമംഗലം സ്വദേശിനിയുടെ ജീവൻ രക്ഷിച്ചത്. ഹെലികോപ്റ്ററിനെക്കുറിച്ചുള്ള ചർച്ച, ജീവൻ രക്ഷപ്പെട്ട കോതമംഗലം സ്വദേശിനിയുടെ വീട്ടുകാരടക്കം ഇത്തരം ഘട്ടങ്ങളിൽ ഇടപെടണമെന്നാഗ്രഹിക്കുന്ന കേരളത്തിലെ മൂന്നര കോടി

വരുന്ന മനുഷ്യരോടുള്ള പരസ്യമായ വെല്ലുവിളിയായി വരാതിരിക്കാൻ പ്രാർത്ഥിക്കുന്നതും ആഗ്രഹിക്കുന്നതും നന്നായിരിക്കുമെന്ന് മാത്രമേ പറയാനുള്ളൂ. മൂന്ന് ദിവസങ്ങളിൽ ഈ ചർച്ച തുടർച്ചയായി കേട്ടുകൊണ്ടാണ് ഈ കാര്യത്തിൽ ഇടപെടാൻ തീരുമാനിച്ചത്. അതുകൊണ്ട് ഒരു പുതിയ നികുതി നിർദ്ദേശവുമില്ലാത്ത നിലവിലുള്ള നിർദ്ദേശങ്ങളിലൊതുങ്ങിനിൽക്കാവുന്ന ഈ നിയമഭേദഗതിയുമായി ബന്ധപ്പെട്ട വിശദീകരണം സഭ മുമ്പാകെ അവതരിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

<u>Dr. N. Jayaraj</u>: Sir, I move the following amendment.

144. In Clause 2 for the words “ they occur” , the words “ it occurs” shall be substituted.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇനി പറയുന്ന കാരണങ്ങളാൽ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 135-ാം നമ്പർ ഭേദഗതി മുതൽ 142-ാം നമ്പർ ഭേദഗതി വരെ വകുപ്പ് നീക്കം ചെയ്യാനുള്ളതായതിനാൽ ക്രമപ്രകാരമല്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Minister for Revenue and Housing (Shri K Rajan): Sir, I move the following official amendments.

in item (ii) for the words " building tax or additional tax" , the words " building tax and additional tax" shall be substituted.

for item (iii) the following shall be substituted, namely:-

" If a person purchases more than one flat or apartment which are interconnected with each other, it shall be considered as a single unit and he shall be liable to pay building tax and additional tax, as the case may be, on the basis of aggregate plinth area and if the flat or apartment are not interconnected with each other, each flat or apartment shall be assessed separately."

Shri K. M. Sachindev: Sir, I move the following amendment.

149. In the Explanation 2(i) of section 2(e) proposed to be substituted in the principal Act by Clause 3, for the words " to be" the word " as" shall be substituted.

Dr. N. Jayaraj: Sir, I move the following amendments.

150. In the Explanation 2(i) of section 2(e) proposed to be substituted in the principal Act by Clause 3, for the words " a separate building" the words " separate buildings" shall be substituted.

151. In the Explanation 2(i) of section 2(e) proposed to be substituted in the principal Act by Clause 3, before the word " ownership" the word " its" shall be inserted.

158. In the Explanation 2(i) of section 2(e) proposed to be substituted in the principal Act by Clause 3, before the word " Local" the words " the respective" shall be inserted.

161. In Explanation 2(ii) of section 2(e) proposed to be substituted in the principal Act by Clause 3, before the words, " then he" , the symbol " ," shall be inserted.

162. In the Explanation 2(ii) of section 2(e) proposed to be substituted in the principal Act by Clause 3, for the words " building tax" the words and symbol " one-time building tax" shall be substituted.

163. In Explanation 2(ii) of section 2(e) proposed to be substituted in the principal Act by Clause 3, for the words " tax or" the words and symbol " tax and/or" shall be substituted.

169. In Explanation 2(ii) of section 2(e) proposed to be substituted in the principal Act by Clause 3, before the word " each" the word " then" shall be inserted.

178. In the Explanation 2(iii) of section 2(e) proposed to be substituted in the principal Act by Clause 3, the word " the" after the word " comprise" shall be deleted wherever it occurs.

179. In the Explanation 2(iii) of section 2(e) proposed to be substituted in the principal Act by Clause 3, before the words " are interconnected" the word " which" shall be inserted.

180. In the Explanation 2(iii) of section 2(e) proposed to be substituted in the principal Act by Clause 3, before the words " single unit" the letter " a" shall be inserted.

182. In the Explanation 2(iii) of section 2(e) proposed to be substituted in the principal Act by Clause 3 before the word " liable" the word " is" shall be inserted.

183. In the Explanation 2(iii) of section 2(e) proposed to be substituted in the principal Act by Clause 3 for the words " onetime tax" the words and symbol " one - time building tax" shall be substituted.

187. In the Explanation 2(iii) of section 2(e) proposed to be substituted in the principal Act by Clause 3 before the word " aggregate" the word " its" shall be inserted.

Shri V. K. Prasanth: Sir, I move the following amendment.

153. In the Explanation 2(i) of section 2(e) proposed to be substituted in the principal Act by Clause 3, the words " shall be" occur after the words " plinth area" shall be deleted.

Shri Mons Joseph : Sir, I move the following amendments.

159. In the Explanation 2(i) of section 2(e) proposed to be substituted in the principal Act by Clause 3, the following words shall be added at the end " This details will be submitted to the owner of the building."

167. In the Explanation 2(ii) of section 2(e) proposed to be substituted in the principal Act by Clause 3, the symbol and words after the words " flats or apartments" shall be deleted.

177. In the Explanation 2(iii) of section 2(e) proposed to be substituted in the principal Act by Clause 3, for the word " comprise" wherever it occurs the word " consists of" shall be substituted.

Smt. K. K. Rema: Sir, I move the following amendment.

160. In the Explanation 2(i) of section 2(e) proposed to be substituted in the principal Act by Clause 3, the following words shall be added at the end.
" But the total of the plinth areas of all such separate buildings and open areas in the building shall not exceed the aggregate plinth area of the whole building as a single unit."

Shri P. T. A. Rahim: Sir, I move the following amendment.

171. In the Explanation 2(ii) of section 2(e) proposed to be substituted in the principal Act by Clause 3, for the word " assessed" the word " re-assessed" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 150, 151, 158, 161, 162, 163, 169, 178, 179, 180, 182, 183, 187 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 159, 167, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Minister for Revenue and Housing (Shri K Rajan): Sir, I move the following official amendment.

In sub-clause (ii), for the words " area of above" the words " area of and above" shall be substituted.

Smt. K. K. Rema: Sir, I move the following amendment.

193. In the marginal heading proposed to be substituted in the section 5A of the principal Act by Clause 4(i) for the word " category" the word " categories" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendment.

194. Clause 4(ii) shall be deleted.

Dr. N. Jayaraj: Sir, I move the following amendment.

197. In section 5A(1) proposed to be substituted in the principal Act by Clause 4(ii) the word " of" after the word " area" shall be deleted.

മി. ഡെപ്യൂട്ടി സ്പീക്കർ: 195, 196 എന്നീ നമ്പർ ഭേദഗതികൾ 194-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Minister for Revenue and Housing (Shri K Rajan): Sir, I move the following official amendment.

For the words " onetime building tax" wherever they occurs the word " building tax" shall be substituted.

Dr. N. Jayaraj: Sir, I move the following amendments.

198. In section 6 proposed to be substituted in the principal Act by Clause 5 for the word " onetime" the words and symbol " one-time" shall be substituted.

203. In section 6 proposed to be substituted in the principal Act by clause 5 before the word " Local" the words " the respective" shall be inserted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 198, 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ആറാം വകുപ്പ്</u>

(ഭേദഗതികളില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഏഴാം വകുപ്പ്</u>

<u>Shri N. Samsudheen</u>: Sir, I move the following amendment.

204. In section 21 proposed to be substituted in the principal Act by Clause 7, for the word " provided" the word " submitted" shall be substituted.

Shri Xavier Chittilappilly: Sir, I move the following amendment.

208. In section 21 proposed to be substituted in the principal Act by Clause 7, for the word " amended" the word " revised" shall be substituted.

Shri U. A. Lathif: Sir, I move the following amendment.

209. In section 21 proposed to be substituted in the principal Act by Clause 7, for the word " fifty" the word " five" shall be substituted.

Shri Anwar Sadath: Sir, I move the following amendment.

215. In section 21 proposed to be substituted in the principal Act by Clause 7, for the word " fifty" the word " twenty" shall be substituted.

Shri Sunny Joseph: Sir, I move the following amendment.

216. In section 21 proposed to be substituted in the principal Act by Clause 7, for the word " fifty" the word " twenty five" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendment.

218. In section 21 proposed to be substituted in the principal Act by Clause 7, for the word “ fifty” the word “ forty” shall be substituted.

Dr. N. Jayaraj: Sir, I move the following amendment.

219. In section 21 proposed to be substituted in the principal Act by Clause 7, before the word “ building” the words and symbol “ one-time” shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 205, 206, 207 എന്നീ നമ്പർ ഭേദഗതികൾ 204-ാം നമ്പർ ഭേദഗതിക്ക് തുല്യവും 210-ാം നമ്പർ ഭേദഗതി മുതൽ 213-ാം നമ്പർ ഭേദഗതി വരെ 209-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Anwar Sadath: Sir, I move the following amendment.

111. In the long title the word " further" shall be deleted.

Shri Mons Joseph: Sir, I move the following amendments.

123. In preamble for the word " Building" the word " property" shall be substituted.

128. In the marginal heading to Clause 1 for the word " commencement" the word " initiation" shall be substituted.

Shri A. K. M. Ashraf: Sir, I move the following amendment.

124. In preamble for the words " for the purposes hereinafter appearing;" the words " for the following purposes;" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 112-ാം നമ്പർ ഭേദഗതി മുതൽ 116-ാം നമ്പർ ഭേദഗതി വരെ 111-ാം നമ്പർ ഭേദഗതിക്ക് തുല്യവും 125, 126, 127 എന്നീ നമ്പർ ഭേദഗതികൾ 124-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ ഈ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 123, 128 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(മൂന്നാം വായന)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(iii) 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം പരിഗണനയ്ക്കെടുത്തിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇന്ത്യൻ പങ്കാളിത്ത നിയമം 1932-ലെ നിയമമാണ്. ഈ നിയമം സെൻട്രൽ ആക്ട് ആയതുകൊണ്ട് ഇവിടെ കാര്യമായ

ഭേദഗതികൾക്കൊന്നും യാതൊരു സാധ്യതയുമില്ല. പക്ഷേ, ഈ ബില്ലിൽ ഫീസുകൾ വർദ്ധിപ്പിക്കുന്നുണ്ട്. ഫീസുകൾ വർദ്ധിപ്പിച്ചതിനെ ഞാൻ കാര്യമായി എതിർക്കുന്നില്ല. വിയോജനക്കുറിപ്പ് നൽകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജൻ ഇവിടെ സൂചിപ്പിച്ചു. നിങ്ങളായാലും ഞങ്ങളായാലും പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ വിയോജനക്കുറിപ്പ് നൽകുന്നതിന് ഒരേ ലക്ഷ്യം തന്നെയാണുള്ളത്. നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ എന്തായിരുന്നോ ലക്ഷ്യംവച്ചത് അതുതന്നെയാണ് ഇന്ന് ഞങ്ങൾക്കും എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. പങ്കാളിത്തത്തിലുള്ള സ്ഥാപനങ്ങൾക്കും വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കുമെല്ലാം ഇവിടെ നന്നായി പ്രവർത്തിക്കാനുള്ള സാമൂഹിക രാഷ്ട്രീയ അന്തരീക്ഷം സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നികുതി വകുപ്പ് കാര്യക്ഷമമാക്കുന്നതിനോ വരുമാന സ്രോതസ്സുകൾ ജനങ്ങൾക്ക് ഭാരമേൽപ്പിക്കാതെ കണ്ടെത്തുന്നതിനോ ശ്രമിക്കുന്നതിനുപകരം വരുമാനം ഉയർത്തുന്നതിനുവേണ്ടി വിവിധ സേവനങ്ങൾക്കുള്ള ഫീസും ടാക്സും വർദ്ധിപ്പിച്ച് നികുതി ഭാരം കൂട്ടുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

അതുകൊണ്ടാണ് ഇക്കാര്യത്തിൽ ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തുന്നത്. രണ്ടുമൂന്ന് ദിവസങ്ങളിലുമായി നടക്കുന്ന ചർച്ചകളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്തുകഴിഞ്ഞു. അതോടൊപ്പം സംസ്ഥാന ഗവൺമെന്റിനോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളെക്കുറിച്ചും ധാരാളം ചർച്ചകൾ നടന്നു. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. പ്രതിപക്ഷത്തുനിന്നും മറ്റുപലരും ഇതിനെക്കുറിച്ച് പറഞ്ഞു. കേന്ദ്ര ഗവൺമെന്റിനെതിരായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ പോയി സമരം നടത്തുന്നതിനുള്ള സമര പരിപാടികൾ നിങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിൽ ഞങ്ങൾ തയ്യാറാണെന്ന് ഇന്ന് രാവിലെയും ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞു. ഞാനും അത് ആവർത്തിക്കുകയാണ്.

ഇവിടെ ഇപ്പോൾ പാസ്സാക്കിയ നിയമത്തെക്കുറിച്ച് പറയാം. റവന്യൂ വകുപ്പ് ബിൽഡിംഗിന്റെ റവന്യൂ ടാക്സിനെ സംബന്ധിച്ച് ഒരു ബിൽ പാസ്സാക്കുകയുണ്ടായി, ഭേദഗതി നിയമം. ബിൽഡിംഗുകൾ നിർമ്മിക്കുന്ന നിർമ്മാണ തൊഴിലാളികൾക്ക് കഴിഞ്ഞ രണ്ടുകൊല്ലമായി നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും യാതൊരു ആനുകൂല്യങ്ങളും

നൽകിയിട്ടില്ല. 9 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നതിൽ ഒരു മാസത്തെ കുടിശ്ശികയാണ് കൊടുത്തത്. രണ്ട് കൊല്ലമായി നിർമ്മാണ തൊഴിലാളികൾക്ക് യാതൊരു ആനുകൂല്യവും നൽകുന്നില്ല. ഞാൻ അതിനെക്കുറിച്ച് വിശദീകരിച്ച് പറയുന്നില്ല. ഇതുതന്നെയാണ് മിക്കവാറും പല ക്ഷേമനിധികളുടെയും സ്ഥിതി. അതിന്റെയെല്ലാം അടിസ്ഥാന കാരണം ക്ഷേമനിധി ബോർഡുകളുടെ പണമെല്ലാം ഗവൺമെന്റ് വായ്പയായി ഏറ്റെടുത്തുവെന്നതാണ്. അതുകൊണ്ട് റവന്യൂ ടാക്സ് വർദ്ധിപ്പിക്കുന്ന കൂട്ടത്തിൽ നിർമ്മാണത്തൊഴിലാളികളുടെ കുടിശ്ശിക തീർക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റിനോട് വളരെ നിഷേധാത്മകമായ നിലപാടുണ്ട്. അത്തരത്തിൽ പലതിനോടും ഞങ്ങൾ യോജിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി കേന്ദ്ര ഗവൺമെന്റിന് കൊടുക്കുന്നില്ലെന്ന വാർത്ത നിരന്തരമായി പത്രങ്ങളിലും മറ്റുമാധ്യമങ്ങളിലും വന്നുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് വ്യക്തതയുണ്ടാകേണ്ടത് ആവശ്യമാണ്. കാരണം ഉച്ചഭക്ഷണത്തിന് കേന്ദ്രവിഹിതം കിട്ടാത്തതുൾപ്പെടെ ഓരോ കാര്യത്തെക്കുറിച്ചും നിരന്തരമായി

മാധ്യമങ്ങളിൽ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് അതത് സമയം കൊടുക്കേണ്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. അത് കൊടുക്കാത്തതുകൊണ്ട്, മോങ്ങാനിരിക്കുന്ന നായയുടെ തലയിൽ തേങ്ങ വീണുവെന്ന് പറയുന്നതുപോലെ, സംസ്ഥാനത്തെ അവഗണിക്കാൻ നിൽക്കുന്ന കേന്ദ്ര ഗവൺമെന്റിന് ഇത് സംസ്ഥാന ഗവൺമെന്റിനോടുള്ള അവഗണനയ്ക്കുള്ള അവസരങ്ങളായി മാറുകയാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് നൽകേണ്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കൃത്യമായി നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. നൽകിയിട്ടില്ലെങ്കിൽ അത് കൊടുക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം, ഇത്രയും സാമ്പത്തികമായി ഞെരുക്കമുള്ള ഒരു സംസ്ഥാനം സ്വാഭാവികമായും ചെലവുകൾ ചുരുക്കി, മുണ്ട് മുറുക്കിയുടുക്കാനുള്ള ഒരു തയ്യാറെടുപ്പ് നടത്തും. ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത് ചെലവിന്റെ കാര്യത്തിൽ യാതൊരു ചുരുക്കലുമില്ല. പേരുകൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ലെങ്കിലും പൊതുവായ ഒരു കാര്യം പറയാം. സംസ്ഥാന ഗവൺമെന്റിൽനിന്നും ഏത് ഉദ്യോഗസ്ഥൻ ഉയർന്ന തലത്തിൽനിന്ന്

റിട്ടയർ ചെയ്താലും അവർക്ക് കേരളത്തിൽ പുനർനിയമനം നൽകാറുണ്ട്. പതിനഞ്ചോളംപേർ ചീഫ് സെക്രട്ടറി, അതിനുതുല്യമായ സ്ഥാനങ്ങളിൽ നിലവിൽ സംസ്ഥാനത്ത് പല ഉദ്യോഗങ്ങളിലും ജോലി ചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ ഒരിക്കലുമില്ലാത്ത വിധത്തിലാണ് ഉദ്യോഗസ്ഥന്മാർക്ക് പുനർനിയമനം നൽകുന്നത്. അടുത്തകാലത്ത് റിട്ടയർ ചെയ്ത മുഴുവൻ ആളുകൾക്കും പുനർനിയമനം നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഡൽഹിയിലെ കാര്യങ്ങൾ ചെയ്യുന്നതിനായി നമ്മുടെ അടുത്ത സുഹൃത്ത് കൂടിയായ ശ്രീ. കെ. വി. തോമസിനെ നിയമിച്ചിട്ടുണ്ട്. ഞാൻ അതിനെ എതിർക്കുന്നില്ല. അവിടെ ശ്രീ. വേണു രാജാമണിയുമുണ്ട്. അദ്ദേഹത്തെ എയറിൽ നിർത്തിയിരിക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. കാരണം രണ്ടാഴ്ചയ്ക്കുള്ളിൽ അദ്ദേഹത്തെ പറഞ്ഞുവിടുമെന്നുള്ള സൂചനയുണ്ട്. നമ്മുടെ മുഖ്യമന്ത്രിക്കും മറ്റുമന്ത്രിമാർക്കും വിദേശത്ത് പോകേണ്ടിവരും. അതിനുള്ള ലെയ്സൺ വർക്കൊക്കെ വേണ്ടിവരും. അതിനെല്ലാം ഡൽഹിയിൽ റസിഡന്റ് കമ്മീഷണർ ഉൾപ്പെടെയുള്ള കുറച്ച് ഉദ്യോഗസ്ഥരുണ്ട്. അങ്ങനെയാണ് മുൻകാലങ്ങളിൽ ചെയ്തിട്ടുള്ളത്. എല്ലാ ഗവൺമെന്റുകളുടെ കാലത്തും മുഖ്യമന്ത്രിമാരും

മറ്റുമന്ത്രിമാരും വിദേശത്ത് പോകാറുണ്ട്. കേരളം പ്രത്യേക രാജ്യമൊന്നുമല്ലല്ലോ; അതുകൊണ്ട് വിദേശ എംബസികളുമായി നിരന്തരം ബന്ധപ്പെടാൻ  കാബിനറ്റ് റാങ്കിലുള്ള ഒരാളെ, ശ്രീ. വേണു രാജാമണി നമുക്കെല്ലാം വളരെ അടുപ്പമുള്ള ആളാണ്. അക്കാര്യം വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. കാബിനറ്റ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡൽഹിയിൽ നിയോഗിച്ചെങ്കിലും അതിന്റെ റിസൾട്ട് ഉണ്ടായോയെന്ന് പരിശോധിക്കേണ്ടത് ആവശ്യമാണ്. ഞാൻ ശ്രീ. വേണു രാജാമണിയോടുള്ള എതിർപ്പുകൊണ്ട് പറയുന്നതല്ല. അദ്ദേഹം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഒരു സമ്മതിദായകനും നമ്മുടെ അടുത്ത സുഹൃത്തുമാണ്. അനവധി വർഷങ്ങളായി പഴയ കെ.എസ്.യു. നേതാവുമാണ്. ശ്രീ. വേണു രാജാമണിയെ നിയമിച്ചതിൽ സന്തോഷം. കാരണം നമ്മുടെ പഴയ ആളുകളെ ഉപയോഗിക്കുന്നത് നല്ലതാണെന്ന് നിങ്ങൾക്ക് ബോധ്യപ്പെട്ടല്ലോ? ആ നിലയ്ക്ക് സന്തോഷമുണ്ട്. പക്ഷേ, ശ്രീ. വേണു രാജാമണി മാത്രമല്ല, ഇതുപോലെ നിരവധിപേർ വിവിധ തസ്തികകളിലുണ്ട്. അവരുടെയെല്ലാം പേര് പറയുന്നത് ശരിയല്ല. പലരും

വ്യക്തിപരമായി സൗഹൃദമുള്ളവരാണ്. ഇതുപോലൊരു കാലം ഇതുവരെ ഉണ്ടായിട്ടില്ല. ചെലവ് ചുരുക്കുക എന്നുള്ള നിലപാട് ഗവൺമെന്റിനില്ല.

ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട വേറൊരു കാര്യം പറയാം. ഇന്നത്തെ ചോദ്യോത്തരവേളയിലുള്ളതാണ്. റദ്ദാക്കിയ വൈദ്യുതി കരാർ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 450 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനായി 25 കൊല്ലത്തെ ദീർഘകാല കരാർ ഉണ്ടാക്കി. അത് റെഗുലേറ്ററി കമ്മീഷൻ റദ്ദാക്കി. റെഗുലേറ്ററി കമ്മീഷൻ ഇലക്ട്രിസിറ്റി ബോർഡിനെ ഹിയറിംഗിന് വിളിക്കുമല്ലോ? റെഗുലേറ്ററി കമ്മീഷൻ റദ്ദാക്കുന്നതുവരെ ഇതിന്റെ ഗൗരവം മനസ്സിലാക്കാതെ റദ്ദാക്കിയതിനുശേഷം ആ കരാർ പുനഃസ്ഥാപിക്കാൻ സാധിക്കുമോയെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനകത്തൊരു ദുഷ്ടബുദ്ധിയും ഉണ്ടായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കരാർ ക്രമവിരുദ്ധമായിരുന്നുവെന്ന് സ്ഥാപിക്കാൻ വേണ്ടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമുക്ക് 25 വർഷത്തേയ്ക്ക് കുറഞ്ഞ നിരക്കിൽ 450 മെഗാവാട്ട് വൈദ്യുതി കിട്ടിക്കൊണ്ടിരുന്നു. ആ കരാർ റദ്ദാക്കിയതിനുശേഷം അത് പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ചീഫ്

സെക്രട്ടറിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ യോഗം ചേരുന്നു. ഇതിനെക്കുറിച്ച് മുൻധാരണയില്ലാതെ പോയതാണ് ഗവൺമെന്റിന്റെ പിടിപ്പുകേട്. കേരളം വലിയ വറുതിയിലേയ്ക്ക് പോകുന്നു, ഡാമുകളിൽ വെള്ളമില്ലാതെ വൈദ്യുതിയുടെ കാര്യത്തിലും കുടിവെള്ളത്തിന്റെ കാര്യത്തിലും വലിയ പ്രതിസന്ധിയുണ്ടാകാൻ പോകുന്നു, ഈ സന്ദർഭത്തിൽ 25 കൊല്ലത്തേയ്ക്കുള്ള കരാർ റദ്ദാക്കി. അത് റദ്ദാക്കിയപ്പോൾ നിങ്ങളുടെ ധാരണ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ക്രമവിരുദ്ധമായ ഒരു നടപടിയാണ് റദ്ദാക്കിയതെന്നുള്ള ചിന്തയായിരിക്കണം നിങ്ങളെ സ്വാധീനിച്ചത്. ഇപ്പോൾ എന്തുണ്ടായി? ടെണ്ടർ വിളിച്ചപ്പോൾ ഒരു ക്വട്ടേഷൻ 6.88, മറ്റൊന്ന് 6.90, ഒന്ന് 6.97. സംസ്ഥാന ഗവൺമെന്റിന് എത്ര നഷ്ടമുണ്ടാകുമെന്നും ഇലക്ട്രിസിറ്റി ബോർഡിന് എത്ര ബാധ്യതയുണ്ടാകുമെന്നും ആലോചിച്ചാൽ മതി. എനിക്ക് ഈ സന്ദർഭത്തിൽ ഒരു കാര്യമാണ് സൂചിപ്പിക്കാനുള്ളത്. ഇങ്ങനെ ബുദ്ധിശൂന്യമായ നിലപാട് ഇലക്ട്രിസിറ്റി ബോർഡ്, സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഫലമായി ജനങ്ങൾ കൂടുതൽ വൈദ്യുതി ചാർജ്ജ് കൊടുക്കാനുള്ള സാഹചര്യം ഒരു കാരണവശാലും ഉണ്ടാകരുത്. അത്തരത്തിൽ ഒരു ഉറപ്പ് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. അത് ഉണ്ടാകാൻ പ്രയാസമായിരിക്കും. ഏതായാലും ഇതിന്റെയല്ലാം ഭാരം ജനങ്ങളുടെ തലയിൽ വന്ന് വീഴാൻ പോകുന്നുവെന്നതാണ് സത്യം. ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്ത്യൻ പങ്കാളിത്ത നിയമ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഫീസുകൾ വർദ്ധിപ്പിക്കാൻ വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. എല്ലാം വർദ്ധിപ്പിക്കുന്ന അവസ്ഥയുണ്ടാകുമ്പോൾ അത് ഈ നാട്ടിലെ ജനങ്ങളെ വ്യത്യസ്ത മേഖലകളിൽ/തലങ്ങളിൽ പ്രവർത്തിക്കുന്നവരെ ബാധിക്കുകയാണ്. ഇവിടെ നിലവിലുണ്ടായിരുന്ന ഫീസ്.... ഇത് സെൻട്രൽ ആക്ടാണെങ്കിലും ഫീസിന്റെ കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് തീരുമാനമെടുക്കാമെന്നുള്ളതാണ്. ആദ്യമുണ്ടായിരുന്ന ഫീസ്, 58-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവനയ്ക്ക് 500 രൂപ, 60-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവനയ്ക്ക് 200 രൂപ, 61-ാം വകുപ്പിന് കീഴിലുള്ള അറിയിപ്പിന് 200 രൂപ, അതുപോലെ 62, 63, 64 തുടങ്ങിയ വകുപ്പുകളിൽ 200 രൂപ ഫീസ് ആയിരുന്നത് 58-ാം വകുപ്പിന് കീഴിലുള്ള പ്രസ്താവനയ്ക്ക് 2000 രൂപ, 60-ാം

വകുപ്പിന് കീഴിലുള്ള പ്രസ്താവനയ്ക്ക് 1000 രൂപ, 61, 62, 63 വകുപ്പുകളുടെ കീഴിലുള്ള നോട്ടീസുകൾ കൊടുക്കുന്നതിന് 1000 രൂപയുമെന്നാക്കി മാറ്റിയിരിക്കുകയാണ്. വലിയ തോതിലുള്ള വർദ്ധനവാണ്, അതുകൊണ്ടുതന്നെയാണ് ഇതിൽ വിയോജിപ്പ് രേഖപ്പെടുത്തേണ്ടി വന്നത്. നമ്മൾ പാർട്ട്ണർഷിപ്പ് സംരംഭങ്ങളെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. കേരളത്തിൽ നല്ലൊരു സംരംഭക സൗഹൃദമായ അന്തരീക്ഷമുണ്ടാകണമെന്നുള്ളതാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. ഇവിടെ സംരംഭകരുടെ കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഞാൻ അതിനെ രാഷ്ട്രീയമായി സൂചിപ്പിക്കുകയല്ല, ആന്തൂരിലെ പ്രവാസി വ്യവസായി സാജന്റെ അനുഭവം നമ്മുടെ മുന്നിലുണ്ട്. വളരെക്കാലം ഗൾഫിൽ ജോലി ചെയ്ത് ഉള്ളതെല്ലാം സ്വരൂപിച്ച് ഇവിടെ ഒരു ബിസിനസ് സംരംഭം തുടങ്ങാൻ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കാലത്താണെങ്കിൽപ്പോലും അത് തുടങ്ങാൻ അദ്ദേഹത്തിന് സാധിച്ചില്ല. അവസാനം മനോവ്യഥയിൽ അദ്ദേഹത്തിന് ജീവിതം ഹോമിക്കേണ്ടി വന്നത് നമ്മൾ കണ്ടതാണ്. ആ കാലം കഴിഞ്ഞ് കുറച്ചുകഴിഞ്ഞപ്പോഴാണ്, എനിക്കും കുടുംബത്തിനും ആത്മഹത്യ ചെയ്യാൻ മുഖ്യമന്ത്രി അനുവാദം

നൽകണമെന്നുപറഞ്ഞ് പത്തനംതിട്ടയിലെ മറ്റൊരു പ്രവാസി അനസ് എ. അസീസ് ഒരു കത്ത് കൊടുത്ത സംഭവവും നമ്മുടെ മുന്നിലുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നിയമം പാസ്സാക്കിയെങ്കിലും അത് താഴെത്തട്ടിൽ വേണ്ട വിധത്തിൽ എത്തിയിട്ടില്ല. പല ലൈസൻസുകളുടെയും ഫീസിന്റെയുമൊക്കെ കാര്യത്തിൽ ഇന്നും ഉദ്യോഗസ്ഥരുടെ കടുംപിടുത്തം തുടരുകയാണ്. വ്യവസായ സൗഹൃദ അന്തരീക്ഷമുണ്ടായാൽ കേരളത്തിൽ നിക്ഷേപം കൂടുമെന്നതിൽ തർക്കമില്ല. ഇവിടെ നിക്ഷേപവുമായി വരുന്നവർ ഉറച്ച് നിൽക്കണമെങ്കിൽ നല്ല വിപണിയുണ്ടാകണം. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഓരോ കൊല്ലവും 11 ലക്ഷം കോടി രൂപയുടെ വസ്തുക്കളാണ് കേരള വിപണിയിൽ എത്തുന്നത്. അതിൽ ഒരു ഭാഗമെങ്കിലും നമ്മുടെ തനത് ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് പ്രത്യേക പദ്ധതിയുണ്ടാക്കണമെന്ന് പാർട്ട്ണർഷിപ്പ് ആക്ടിൽ അമെന്റ്മെന്റിന്റെ ഭാഗമായി ഇവിടെ സൂചിപ്പിക്കുകയാണ്. നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കഴിഞ്ഞ രണ്ടുമൂന്ന് ദിവസം ഇവിടെ വളരെ വിശദമായ ചർച്ച നടന്നു. ഇടതുപക്ഷത്തെ വളരെ സജീവമായൊരു ഇക്കണോമിക്സ് എക്സ്പെർട്ട് അല്ലെങ്കിൽ

സാമ്പത്തിക വിദഗ്ധനാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്. ഇവിടെ മന്ത്രിമാരും ഇടതുപക്ഷത്തിലെ അംഗങ്ങളുമൊക്ക കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി ഞങ്ങളെ ഇക്കണോമിക്സ് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുഴപ്പമൊന്നുമില്ല, ഭദ്രമാണ്. കടം വാങ്ങുന്നത് അത്ര കുറ്റമൊന്നുമല്ല, കേന്ദ്ര ഗവൺമെന്റും ലോകത്തെ എല്ലാ ഗവൺമെന്റുകളും കടം വാങ്ങുന്നുണ്ട് എന്നെല്ലാം പറഞ്ഞു. പക്ഷേ, ഇതൊന്നും നിങ്ങൾക്ക് ഡോ. ടി. എം. തോമസ് ഐസകിനെ ബോധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല. ഞങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചതിന്റെ പകുതിയെങ്കിലും നിങ്ങൾ അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കണ്ടേ? ഡോ. ടി. എം. തോമസ് ഐസക് എവിടെയും പ്രസംഗിച്ച കാര്യമല്ല, 'ചിന്ത'യിൽ എഴുതിയ ലേഖനത്തിലുള്ളതാണ് ഞാൻ പറയുന്നത്: 'വൻകിട പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണയന്ത്രം പ്രാപ്തമല്ല.' എന്നുപറഞ്ഞാൽ ഭരണയന്ത്രം, വൻകിട പദ്ധതികൾ നടപ്പാക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കൊണ്ട് കഴിയില്ല എന്നല്ലേ ഇതിന്റെ പച്ച മലയാളം. 'സേവന നിലവാരത്തെക്കുറിച്ചുള്ള ജനങ്ങളുടെ പരാതികൾ ഏറുകയാണ്.' സേവന നിലവാരം കുറവാണെന്നാണ് ഞങ്ങളും പറയുന്നത്. ഞങ്ങളും ഡോ. ടി. എം.

തോമസ് ഐസക്കും ഒന്നാണ് പറയുന്നത്, മറിച്ചല്ല. 'സേവന നിലവാരത്തെക്കുറിച്ചുള്ള ജനങ്ങളുടെ പരാതി ഏറുകയാണ്. വ്യവസായ പ്രോത്സാഹന ഏജൻസികളുടെ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാണ്.' ഇതെല്ലാം ഡോ. ടി. എം. തോമസ് ഐസക്കിന്റെ ലേഖനത്തിലുള്ളതാണ്. അതുപോലെ 'റഗുലേറ്ററി വകുപ്പുകൾ പലപ്പോഴും ജനവിരുദ്ധമാകുന്നു' എന്നതും ഡോ. ടി. എം. തോമസ് ഐസക്കിന്റെ കണ്ടെത്തലാണ്. ഇന്ന് കൃഷിയെ സംബന്ധിച്ചുള്ള അടിയന്തരപ്രമേയം വന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വളരെ പ്രയാസപ്പെട്ട് എല്ലാം ന്യായീകരിച്ച് പറഞ്ഞു. പക്ഷേ, അതും ഡോ. ടി. എം. തോമസ് ഐസക്കിന് ബോധ്യപ്പെട്ടിട്ടില്ല. 'കാർഷിക മേഖലയിലെ വളർച്ച മുരടിപ്പിൽ തുടരുന്നു' ഇത് എന്റെ വാക്കുകളല്ല, ഡോ. ടി. എം. തോമസ് ഐസക്കിന്റെ വാക്കുകളാണ്. 'പ്രതികൂല കമ്പോള സ്ഥിതിയാണ് ഇതിന് കാരണം. ഇതിനെ മറികടക്കത്തക്ക രീതിയിൽ ഉല്പാദനക്ഷമതയും ഉല്പാദനവും ഉയർത്താനുള്ള പാക്കേജുകൾ ഫലപ്രദമായി ഉണ്ടാകുന്നില്ല' ഇതെല്ലാം ഡോ. ടി. എം. തോമസ് ഐസക്കിന്റെ വാദമുഖങ്ങളാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്. 'വ്യവസായ

സംരംഭകത്തിൽ ആശാവഹമായ ചലനങ്ങളുണ്ടെങ്കിലും കോർപ്പറേറ്റ് മൂലധനം ആകർഷിക്കാനാകുന്നില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസനസ്സ് ഇൻഡക്സിൽ പിന്നിലാണ്.' ഞാൻ പറഞ്ഞതും അതുതന്നെയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പാസ്സാക്കിയത് നല്ല കാര്യമാണ്. ഞങ്ങളാരും അതിനെ എതിർത്തിട്ടില്ല. വ്യവസായ സംരംഭങ്ങളുണ്ടാകണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ ലേഖനം മാത്രമേ അദ്ദേഹം വായിച്ചിട്ടുള്ളൂവെന്നാണ് തോന്നുന്നത്. പഠന കോൺഗ്രസ്സിന്റെ ഭാഗമായി കേരളത്തിൽ പല വിഷയങ്ങളെ സംബന്ധിച്ചും സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ആ പഠന കോൺഗ്രസ്സ് ഓരോ മേഖലയും ആഴത്തിൽ പഠിച്ചതിനെത്തുടർന്ന് വന്നിട്ടുള്ള അഭിപ്രായങ്ങൾ, കേരളം ഇപ്പോൾ എല്ലാത്തിലും മികച്ചതാണെന്നല്ല, നമ്മൾ കുറെ മാറിയിട്ടുണ്ട്. എന്തൊക്കെയാണ് കുറവുകൾ, വന്ന അഭിപ്രായങ്ങൾ..... അങ്ങ് മുഴുവൻ വായിക്കാത്തതിന്റെ പ്രശ്നമാണത്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ വിമർശനമെന്ന് പറയുന്ന കാര്യങ്ങൾ കേരളത്തെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട പ്രശ്നങ്ങളാണ്. ഞങ്ങൾ വിശാലമായ ഒരു പഠന കോൺഗ്രസ്സുകൂടി

നടത്താൻ പോകുകയാണ്. ഇതും അതിന്റെ ഭാഗമായിത്തന്നെ ചർച്ച ചെയ്യപ്പെടും. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ഇനിയും നമ്മൾ മുന്നോട്ടു പോകണമെന്നാണ് ഇവിടെ പറഞ്ഞത്. പക്ഷേ, നമ്മൾ 28-ൽ നിന്ന് 15 പോയിന്റ് മുന്നോട്ടെത്തി. വ്യവസായങ്ങൾ വരുന്നതിൽ ഇപ്പോൾ പറഞ്ഞതുപോലുള്ള അന്തരീക്ഷങ്ങൾ വരുന്നുണ്ട്. എറണാകുളത്ത് ടയർ ഉണ്ടാക്കുന്ന പുതിയ ഒരു സ്ഥാപനം കഴിഞ്ഞ ദിവസം ഞാൻ ലോഞ്ച് ചെയ്തിരുന്നു. ശ്രീ. സയ്യിദ് ഹമീദ് അലി ശിഹാബ് തങ്ങൾ പാണക്കാടാണ് അതിന്റെ ചെയർമാൻ. ഇത്തരം സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുന്ന അന്തരീക്ഷം നമ്മുടെ നാട്ടിൽ ശക്തിപ്പെട്ട് വരുന്നുവെന്നാണ് ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പറഞ്ഞതൊന്നും ഡോ. തോമസ് ഐസക് പറഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മനസ്സിലായിട്ടില്ലെന്നാണോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ വാദമുഖങ്ങൾക്ക് കുറച്ചുകൂടി വിശാലമായ interpretation ഉണ്ടെന്നാണ്

ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അതുപോലെ അദ്ദേഹം പറയുന്നത് 'വൻകിട പദ്ധതികളുടെ കാലാവധി രണ്ടും മൂന്നും മടങ്ങ് കടന്ന് നീണ്ടുപോകുന്ന സ്ഥിതി മാറിയിട്ടുണ്ട്. കാര്യക്ഷമത ഇപ്പോഴും ഭൂരിപക്ഷം പദ്ധതികളിലേക്ക് എത്തിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂല അഴിച്ചുപണി ഇപ്പോഴും പ്രായോഗിക പദ്ധതിയായിട്ടില്ല'. ഇതെല്ലാം ഞങ്ങളുടെയും വിമർശനമാണ്. അതുപറയുമ്പോൾ നിങ്ങളെല്ലാവരും ഇങ്ങോട്ട് വലിയ ബഹളം വയ്ക്കാറില്ലേ? ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്ന് നമ്മുടെ നാട്ടിലെ കുട്ടികൾ കൊഴിഞ്ഞുപോകുകയാണ്. അവർ വിദേശത്തേയ്ക്ക് പോകുകയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ പൗരത്വംപോലും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ പഠിക്കാൻ പോയതിനുശേഷം അവിടെത്തന്നെ ജോലി വാങ്ങി പൗരത്വം സ്വീകരിക്കുകയും കുറച്ചുകാലം കഴിഞ്ഞ് ഇവിടെ ഒറ്റപ്പെട്ട് താമസിക്കുന്ന അച്ഛനെയും അമ്മയെയും അങ്ങോട്ടേയ്ക്ക് കൊണ്ടുപോകുകയുമാണ്. നമ്മുടെ ജനസംഖ്യപോലും ആ നിലയ്ക്ക് കുറയാൻ പോകുകയാണ്. അങ്ങനെയൊക്കെയുള്ള പ്രതിസന്ധികൾ ഒരു ഭാഗത്തുണ്ട്. വൻകിട പദ്ധതികളുടെ കാലാവധി രണ്ടുംമൂന്നും മടങ്ങ് നീങ്ങുന്നതിൽ അദ്ദേഹത്തിനൊരു ഉത്തരവാദിത്വമുണ്ട്. കിഫ്ബിയുടെ

പ്രണേതാവ് ഡോ. ടി. എം. തോമസ് ഐസക്കാണ്. പുതിയ വ്യവസ്ഥകൾ വച്ചുകൊണ്ട് കിഫ്ബിയാണ് പല പദ്ധതികളെയും അനാവശ്യമായി നീട്ടിക്കൊണ്ട് പോകുന്നത്, അതുകൊണ്ടാണ് സമയപരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മെമ്പർ കിഫ്ബി പദ്ധതിയിൽ വൻകിട പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ലെന്ന് പറഞ്ഞു. വൻകിട പദ്ധതികൾ തുടങ്ങുന്നതിന് വേണ്ടിയാണ് കിഫ്ബി പദ്ധതി വിഭാവന ചെയ്ത് നടപ്പിലാക്കിയത്. അന്ന് കിഫ്ബി പദ്ധതി അവതരിപ്പിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, കിഫ്ബി അഞ്ച് കൊല്ലം കൊണ്ട് 50,000 കോടി രൂപ മുടക്കുമെന്നായിരുന്നു. എന്നാൽ എട്ട് വർഷമായി 22,000 കോടി രൂപ മാത്രമാണ് ഇപ്പോൾ മുടക്കിയിട്ടുള്ളത്. അതിൽ 10,000 കോടി രൂപ ഭൂമി വാങ്ങുന്നതിന് വേണ്ടിയാണ് എടുത്തിട്ടുള്ളത്. 50,000 കോടി രൂപ കേരളത്തിൽ ഇൻവെസ്റ്റ് ചെയ്ത് പുതിയ പദ്ധതികൾ കൊണ്ടുവരുമെന്ന് പറഞ്ഞവർക്ക് 22000 കോടി രൂപയിൽ 10,000 കോടി രൂപ സ്ഥലമെടുപ്പിന് വേണ്ടി എടുത്തു ബാക്കി

12,000 കോടി രൂപയുടെ പുതിയ പ്രോജക്ടുകൾ മാത്രമേ തുടങ്ങാൻ സാധിച്ചിട്ടുള്ളൂവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തീർച്ചയായും. ഒരുപാട് കാലതാമസം ഇതിൽ വരുന്നുണ്ട്. കിഫ്ബി ഇല്ലാതെ കഴിഞ്ഞ കാല ഗവൺമെന്റും നിങ്ങളുടെ ഗവൺമെന്റും രാജ്യത്ത് ധാരാളം പുതിയ വികസന പദ്ധതികളുണ്ടാക്കിയിട്ടുണ്ട്. കൊച്ചി മെട്രോ വന്നത് കിഫ്ബി പദ്ധതി വഴിയാണോ; അല്ല. അതുപോലെ എണ്ണിയെണ്ണി പറയാവുന്ന എത്രയോ പദ്ധതികൾ അപ്പുറത്തും ഇപ്പുറത്തും നടപ്പാക്കിയിട്ടുണ്ട്. പക്ഷേ, കിഫ്ബിയാണ് എല്ലാത്തിനും ശരണമെന്ന ഒരു നയസമീപനം നിങ്ങൾ സ്വീകരിച്ചതാണ് ഇപ്പോൾ ഈ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായത്. കടമെടുപ്പിന്റെ പരിധിയിൽവരെ കിഫ്ബി വരുന്നതിനാൽ അങ്ങനെയുള്ള പ്രശ്നങ്ങളുണ്ടാകുന്നു. ഞാൻ വാക്കുകൾ ചുരുക്കുകയാണ്. ഡോ. തോമസ് ഐസക്കിന്റെ വിമർശനങ്ങളൊന്നും പറയുന്നില്ല. പോലീസും ശരിയല്ലെന്നാണ് പറയുന്നത്. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോഴാണ് പോലീസിൽ പൊളിച്ചെഴുത്ത് നടന്നത്. ജനമൈത്രി പോലീസ്, സ്റ്റുഡൻസ് പോലീസ് കേഡറ്റ് തുടങ്ങിയവർ

ജനങ്ങളെയും പോലീസിനെയും ക്രിയാത്മകമായി ബന്ധിപ്പിക്കാനുള്ള പരിശ്രമങ്ങളായിരുന്നു നടത്തിയത്. എന്നാൽ ഇനിയും എത്രയോ മുന്നോട്ട് പോകാനുണ്ട്. പോലീസിന്റെ തലപ്പത്ത് ശ്രീ. പിണറായി വിജയൻ വന്നതിനുശേഷം വേണ്ടത്ര മാറ്റങ്ങളുണ്ടായിട്ടില്ല എന്നുകൂടി ഇതിന് അർത്ഥമില്ലേയെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലയാളത്തിൽ വായിച്ചാൽ അങ്ങനെയാണല്ലോ മനസ്സിലാകുന്നത്; പോലീസിൽ ആർ.എസ്.എസ്.-ന്റെ സ്വാധീനം വർദ്ധിക്കുന്നുവെന്ന് പറഞ്ഞത് ഞങ്ങളാരുമല്ല. സി.പി.എം.-ന്റെ ജില്ലാ സമ്മേളനങ്ങളിലാണ്. ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കുമാണ് കേരളത്തിലെ പോലീസിൽ സ്വാധീനം കൂടിവരുന്നുവെന്നത് നിങ്ങളുടെ സമ്മേളന വിമർശനമാണ്. ഇതൊക്കെയാണ് ഇതിന്റെ മുന്നിലുള്ളത്. വേറെയൊരു ഞെട്ടിക്കുന്ന സംഭവംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറയുമ്പോൾ, ക്ഷേമനിധികളിൽനിന്ന് കടമെടുക്കാനാണ് ഈ സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇത് കേൾക്കുമ്പോൾ ഓർമ്മവരുന്നത്, ചില കുടുംബങ്ങളിൽ വലിയ പ്രയാസമുള്ളപ്പോഴാണ് കുട്ടികളുടെ കുടുക്ക പൊട്ടിക്കുന്നത്. പാവം കുട്ടികൾ ഉത്സവത്തിനും

ഓണത്തിനും പെരുന്നാളിനുമൊക്കെയായി പൈസകൾ നിക്ഷേപിച്ചുവയ്ക്കും. ഓണവും പെരുന്നാളും നാട്ടിലെ അമ്പലത്തിലെ ഉത്സവവുമൊക്കെ വരുമ്പോഴാണ് ആ പണത്തിന്റെ കുടുക്ക പൊട്ടിക്കുന്നത്. അത് ആ കുട്ടിയുടെ സ്വാതന്ത്ര്യമാണ്. അവന് കിട്ടുന്ന നാണയ തുട്ടുകൾ കുടുക്കയിലാണ് ശേഖരിക്കുന്നത്. ചില വീട്ടിൽ ദാരിദ്ര്യമുണ്ടാകുമ്പോൾ ചില സമയത്ത് അമ്മ മോനോട് കുടുക്കയിലെ നാണയ തുട്ടുകൾ പിന്നെതരാം ഇപ്പോൾ ആവശ്യത്തിന് എടുക്കാമെന്ന് പറഞ്ഞ് സമ്മതിപ്പിച്ച് ആ കുടുക്ക പൊട്ടിക്കും. അതിൽ ആ കുട്ടി വിഷമിക്കാറുണ്ട്. ആ കുടുക്ക പൊട്ടിച്ച് പൈസ എടുത്ത് ചെലവ് നടത്തുന്ന ചില കുടുംബങ്ങളുണ്ട്. അത് ഞാൻ കളിയാക്കിയതല്ല. കഷ്ടപ്പാടിന്റെ ഏറ്റവും വലിയ ആഴമായാണ് ഇത് തെളിയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്. പ്ലീസ്......കൺക്ലൂഡ്. ബില്ലുകൾ സമയത്തിന് തീർക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ പോയിന്റ് പൂർത്തിയാക്കിക്കോട്ടെ; കുടുക്ക പൊട്ടിക്കുന്നത് പോലെയാണ് പാവപ്പെട്ട തൊഴിലാളികൾ അംശദായമടയ്ക്കുന്ന ക്ഷേമനിധിയിൽനിന്ന് കടമെടുക്കാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. നിങ്ങൾ ഇപ്പോൾ മോട്ടോർ

ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധിയിൽനിന്ന് 1200 കോടി രൂപ എടുക്കുകയാണ്. അതുപോലെ, ചെത്ത് തൊഴിലാളി ക്ഷേമനിധിയിൽനിന്ന് 500 കോടി രൂപ എടുക്കുകയാണ്. അങ്ങനെ 1700 കോടി രൂപ എടുക്കാൻ പോകുകയാണ്. എന്താണ് ഇതിൽ സംഭവിക്കാൻ പോകുന്നത്; ഈ ക്ഷേമനിധിയിൽ അംഗങ്ങളായ ആളുകൾ ആവശ്യത്തിന് പണത്തിനായി അപേക്ഷിച്ചാൽ പൈസ കിട്ടാത്ത സ്ഥിതിയുണ്ടാകുന്നുണ്ട്. ഈ നാട്ടിലെ സാമ്പത്തിക സ്ഥിതിയുടെ ആഴമാണ് ഇവിടെ കാണിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങ് സമ്മതിക്കാത്തതുകൊണ്ടാണ്. ഇന്നലെയൊക്കെ നമ്മൾ സംസാരിച്ചതിൽനിന്നും ബോധ്യമായ സംഗതിയുണ്ട്. ഈ ബഡ്ജറ്റിലൂടെ പെട്രോൾ സെസ്സ് 2 രൂപ കൂട്ടിയതിലും ഭൂമിയുടെ ന്യായവില കൂട്ടിയതിലും സാമ്പത്തികമായി വലിയ തിരിച്ചടിയാണ് ഉണ്ടായിട്ടുള്ളത്. ഈയൊരു ക്വാർട്ടർ പീരിയഡിലുണ്ടാകേണ്ട വരുമാനം ലഭിക്കാത്തത് മാത്രമല്ല, അധിക ചെലവ് 14,000 കോടി രൂപ വരികയും ചെയ്തു. ഈ പുതിയ ബഡ്ജറ്റിൽ വന്ന ഭൂമിയുടെ ന്യായവില 20 ശതമാനം

വർദ്ധിപ്പിച്ചത് രജിസ്ട്രേഷൻ മന്ത്രിയല്ലേയെന്നാണ് ചർച്ചയുടെ ഭാഗമായി സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്, പ്ലീസ്...... കൺക്ലൂഡ്. നമ്മൾ കൃത്യമായി സമയം നിശ്ചയിച്ചിട്ടുണ്ടല്ലോ;

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, രജിസ്ട്രേഷൻ എത്ര കുറഞ്ഞു. അതുകൊണ്ട് ന്യായവില കൂട്ടിയതും 2 രൂപ പെട്രോൾ സെസ്സ് കൊടുത്ത കാര്യവും ഇന്നലെ പറഞ്ഞല്ലോ; വാളയാർ ചുരത്തിന് അപ്പുറത്തുള്ള മൈസൂരിലും മാഹിയിലുമുൾപ്പെടെ പെട്രോൾ അടിച്ചശേഷം ആളുകൾ വരികയാണ്. അതുകൊണ്ട് ഈ രണ്ട് നടപടിയും പിൻവലിക്കാൻ യാതൊരു നാണക്കേടും തോന്നേണ്ടതില്ല. അത് പ്രായോഗികമായി പരാജയമാണെന്ന് തോന്നിയാൽ അത് മാറ്റുക, അതാണ് ഒരു ഗവൺമെന്റിന്റെ നല്ല ലക്ഷണം. രണ്ട് സംഗതികൾ പിൻവലിക്കാൻ ഗവൺമെന്റ് സന്നദ്ധമാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. ഈ ബില്ലിന്റെ സബ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ മറ്റ് മാറ്റങ്ങളില്ലാതെ കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ചതാണ്. 1932-ലെ ഇന്ത്യൻ പങ്കാളിത്ത നിയമം കാലഘട്ടത്തിനനുസരിച്ച് ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കുകയാണ് ഈ നിയമം ഭേദഗതി ചെയ്യുന്നത്. സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് നിലവിൽവന്ന ഈ നിയമത്തിലെ ഫീസ് ഘടനയിൽ സമഗ്രമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്. രണ്ട് കമ്പനികൾ പങ്കാളിത്ത രജിസ്റ്റർ ചെയ്യുമ്പോൾ, നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി വേഗത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ സാധിക്കുന്നു. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നൂലാമാലകൾ ഒഴിവാക്കി കമ്പനി രജിസ്ട്രേഷൻ വേഗത്തിലാക്കേണ്ടത് നാടിന്റെ പുരോഗതിക്ക് ആവശ്യമാണ്. രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൈസ് ചെയ്യുന്നത്

ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികളാണ്. ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ നിയമാനുസരണത്തോടെ രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുകയും നികുതി വരുമാനം വർദ്ധിപ്പിക്കുകയും നാടിന്റെ പുരോഗതിക്ക് വലിയ ഗുണകരമാക്കുകയും ചെയ്യുന്നു. സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും ആധാര പകർപ്പുകൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യം രജിസ്റ്റർ മുഖേന ഒരുക്കുകയാണ്. കൂടുതൽ ഒന്നും സമയക്കുറവുകൊണ്ട് പറയുന്നില്ല. നാടിന്റെ കാലാനുസൃതമായ പുരോഗതിക്കായി ഈ ബില്ലിനെ സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന (2 ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2013-ലെ ഭേദഗതിക്കാണ് ഇപ്പോൾ നിർദ്ദേശങ്ങൾ വച്ചിരിക്കുന്നത്. 10 വർഷം മുമ്പേ തീരുമാനിച്ച ഫീസ് ഘടനയാണ് ഇപ്പോൾ മാറ്റി തീരുമാനിക്കുന്നത്. ഇത് വളരെ അധികരിച്ച ഫീസാണെന്ന വാദഗതിയാണ്

ഇവിടെ ഉയർന്നുകേട്ടത്. 2013-ലെ പണവും 2023-ലെ പണവും തമ്മിലുള്ള വ്യത്യാസം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. 10 വർഷം കൊണ്ട് പണത്തിന്റെ മൂല്യം വലിയ രൂപത്തിൽ കുറഞ്ഞിട്ടുണ്ടാകും. ഇന്ത്യാ രാജ്യത്ത് നാണയത്തിന്റെ മൂല്യം കുറഞ്ഞ കാര്യങ്ങളൊക്കെ നമുക്ക് നന്നായി അറിയാവുന്നതാണ്. അതുകൊണ്ട് അധികരിച്ച ഫീസാണെന്ന വാദം അടിസ്ഥാനരഹിതമാണെന്നാണ് പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളത്. നേരത്തെ കേരളത്തിലുണ്ടായ ഒറ്റപ്പെട്ട സംഭവങ്ങൾ ഇങ്ങനെ അടിക്കടി ഉയർത്തിക്കൊണ്ടുവന്ന് കേരളം വ്യാവസായിക സൗഹൃദമല്ലാത്ത സംസ്ഥാനമാണെന്ന് വരുത്തി തീർക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ നേരത്തെ നമുക്ക് 28-ാം സ്ഥാനമായിരുന്നു. അത് ഇപ്പോൾ പതിനഞ്ചാം സ്ഥാനത്തിലേയ്ക്ക് ഉയർന്നു. സമീപകാലത്ത് വ്യാവസായിക രംഗത്ത് ഏറ്റവും മെച്ചപ്പെട്ട അവസ്ഥ കേരളത്തിലുണ്ടായിട്ടുണ്ട്. നിക്ഷേപ സൗഹൃദമായ സംസ്ഥാനമാണ് എന്ന നിലയിലും നാം ഉയർന്ന് നിൽക്കുന്നുണ്ട്. എന്നിട്ടും നിക്ഷേപ സൗഹൃദമല്ലെന്ന് വരുത്തി തീർക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ പ്രചാര വേലകളും പരിപാടികളും നടന്നുകൊണ്ടിരിക്കുന്ന കാഴ്ചകൾ നമ്മൾ

കാണുകയാണ്. കേരള വികസനവുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം.)-ന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. പല ഘട്ടങ്ങളിലായി നടത്തിയ വികസന സെമിനാറുകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ട രേഖകൾ വഴിയാണ് കേരളത്തിലെ വികസന പ്രക്രിയകൾ പലപ്പോഴും എൽ.ഡി.എഫ്. സർക്കാർ നടത്തി മുന്നോട്ടുപോയിട്ടുള്ളത്. അതിന്റെ ഭാഗമായി പുതിയ സാഹചര്യത്തിൽ കേരളത്തിലെ വികസന കാര്യങ്ങളെ സംബന്ധിച്ച് മൂർത്തമായ നിഗമനത്തിൽ എത്തുന്നതിനുള്ള വിപുലമായ സെമിനാറുകളും പരിപാടികളും നടക്കാൻ പോകുകയാണ്. ആ സെമിനാറിലേയ്ക്ക് ചർച്ചയ്ക്ക് വച്ച ഒരു കരട് നിർദ്ദേശത്തെ ഇവിടെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട്, നിലവിലുള്ള സർക്കാരിന്റെ വിമർശനമാണെന്ന് വരുത്തി തീർക്കാനുള്ള നടപടികളാണ് ബഹുമാനപ്പെട്ട മെമ്പർമാർ നടത്തിയിട്ടുള്ളത്. ഈ രേഖയെ സംബന്ധിച്ച് വളരെ വിപുലമായ വിശദമായ ചർച്ചകൾ ഭാവിയിൽ നടക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർക്കും ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് തന്റെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ വയ്ക്കാനുള്ള സന്ദർഭങ്ങളുണ്ട്. കാർഷിക മേഖല തകർന്നതിലുള്ള മുതല കണ്ണീർ ഒഴുക്കുന്ന നിലപാടുകളാണ് ഇന്ന് രാവിലെ

പ്രതിപക്ഷത്ത് കണ്ടത്. ആരാണ് കാർഷിക മേഖലയെ തകർത്തത്; നിങ്ങളാണ് കാർഷിക മേഖലയെ തകർത്തത്. 1991-ൽ നരസിംഹറാവുവും മൻമോഹൻ സിംഗും ചേർന്ന് പുത്തൻ സാമ്പത്തിക പരിഷ്കാര നടപടികൾ ആവിഷ്കരിച്ചു. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായി ആസിയാൻ കരാർ ഒപ്പുവച്ചു. ഇത് കേരളത്തിലെ കാർഷിക മേഖലയെ തകർക്കുമെന്ന് അന്ന് കേരളത്തിലെ ഇടതുപക്ഷവും ജനങ്ങളും പറഞ്ഞു. ആ കരാറിന് അനുകൂലമായി രാജ്യത്ത് മുഴുവൻ പ്രചാരവേല സംഘടിപ്പിച്ചവരാണ് നിങ്ങളെന്ന് എല്ലാവർക്കും അറിയാം. പുത്തൻ സാമ്പത്തിക പരിഷ്കാര നടപടികൾ ഇന്ത്യയിൽ നടപ്പാക്കിയത് തെറ്റായിപ്പോയെന്ന് ഇന്നെങ്കിലും നിങ്ങൾ അംഗീകരിക്കാൻ തയ്യാറുണ്ടോ; കേരളത്തിലെ കർഷകരോട് കൊടും ചതി കാണിച്ചവരാണ് അപ്പുറത്ത് ഇരിക്കുന്നതെന്നകാര്യം വിസ്മരിക്കരുത്. കെട്ടടങ്ങിപോയ സോളാർ വിഷയം സഭയിൽ വീണ്ടും ഉന്നയിച്ചു. കോൺഗ്രസ്സിലെ ഗ്രൂപ്പ് വഴക്ക് നിപ വൈറസ് പോലെയാണ്, മുന്നറിയിപ്പില്ലാതെ എപ്പോൾ വേണമെങ്കിലും പൊട്ടിപുറപ്പെടാം. സമ്പർക്കത്തിൽ വരുമ്പോൾ അപകടത്തിലാകുന്നു. അത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കില്ല. പക്ഷേ കേരളത്തിന്റെ രാഷ്ട്രീയ

ഭാവിക്ക് അതുണ്ടാക്കുന്ന പരിക്ക് ചില്ലറയൊന്നുമല്ല. ബഹുമാനപ്പെട്ട കെ. കരുണാകരനെ പുറത്താക്കുന്നതിന് കാരണമായ ചാരകേസും ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ സ്ഥാന ത്യാഗവും നമ്മുടെ മുന്നിലുണ്ട്. ആദരണീയനായ ഉമ്മൻ ചാണ്ടിക്കെതിരായ സോളാർ കേസ് അത് വീണ്ടും കേരള രാഷ്ട്രീയ രംഗത്ത് ഏറ്റവും വലിയ ചർച്ചയായി വന്നിരിക്കുകയാണ്. കെട്ടടങ്ങിപ്പോയ സോളാർ കേസ് ശ്രീ. ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത ദിവസം തന്നെ വീണ്ടും സഭയിൽ ഉയർത്തിക്കൊണ്ടുവന്നത് എന്തിനാണെന്ന് യു.ഡി.എഫ്.കാർ തന്നെയാണ് പറയേണ്ടത്. മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടെയും കോൺഗ്രസ്സ് പാർട്ടിയുടെയും യു.ഡി.എഫ്.-ന്റെയും അറിവോടുകൂടിയാണ് സോളാർ കേസിൽ അന്നത്തെ ഉമ്മൻ ചാണ്ടിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം ജോപ്പനെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് അറസ്റ്റ് ചെയ്തതെന്നാണ് പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം സഭയിൽ പ്രഖ്യാപിച്ചത്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ സാക്ഷിയാക്കിയാണ് പ്രതിപക്ഷനേതാവ് ഇക്കാര്യം ഇവിടെ ഉന്നയിച്ചത്. യു.എൻ. അവാർഡ് വാങ്ങാൻവേണ്ടി ഉമ്മൻ ചാണ്ടി ബഹറനിൽ പോയ സമയത്തായിരുന്ന

പ്രസ്തുത അറസ്റ്റ് നടന്നത്. അവാർഡ് ദാന ചടങ്ങിനുശേഷം റൂമിൽ തിരിച്ചെത്തിയപ്പോഴാണ് തന്റെ സ്റ്റാഫിലെ ഒരു അംഗത്തെ പോലീസ് അറസ്റ്റ് ചെയ്തത് അറിഞ്ഞതെന്നാണ് അന്ന് ഉമ്മൻ ചാണ്ടിയെ അനുഗമിച്ചിരുന്ന അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് പറയുന്നത്. ആരാണ് ഈ പറയുന്ന കാര്യങ്ങളിൽ കളവ് പറയുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. 39 വർഷക്കാലം ഈ സഭയിൽ അംഗമായിരുന്ന, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മന്ത്രി സഭയിൽ ഏറ്റവും പ്രമുഖനായിരുന്ന ശ്രീ. കെ. സി. ജോസഫാണ് ഉമ്മൻ ചാണ്ടി അറിഞ്ഞിരുന്നില്ലെന്ന് പ്രഖ്യാപിച്ചത്. അതുകൊണ്ട് ഇതിലെ സത്യാവസ്ഥ കേരള ജനതയ്ക്ക് അറിയേണ്ടതുണ്ടെന്ന് മാത്രമല്ല, കോൺഗ്രസ്സിലെ രണ്ട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാരാണ് ഉമ്മൻ ചാണ്ടിയെ താഴെ ഇറക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങളുടെ പിന്നിലെന്നും ഇപ്പോൾ സജീവ ചർച്ചയായി മാറിക്കൊണ്ടിരിക്കുകയാണ്. എന്തുമാത്രം വൃത്തികെട്ട നടപടികളാണ് കോൺഗ്രസ്സിൽ നടക്കുന്നത് എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഈ സംഭവ വികാസങ്ങളെല്ലാമെന്ന് നമുക്ക് കാണാൻ സാധിക്കുന്നതാണ്. എല്ലാ കാര്യങ്ങളിലും കാപട്യപൂർണ്ണമായ നിലപാടുകൾ

സ്വീകരിക്കുന്നു. ഏക സിവിൽ കോഡിന്റെ കാര്യം നിങ്ങൾ നോക്കൂ, അതിൽ കോൺഗ്രസ്സിന്റെ നിലപാട് എന്താണെന്ന് പറയാൻ സാധിക്കുമോ; നിങ്ങൾക്ക് സമരം ചെയ്യാൻ അനുവാദം തന്നിരിക്കുന്നുവെന്നാണ് ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. അത് എന്ത് പാർട്ടിയാണ്; കേരളത്തിന് മാത്രം ഒരു അനുമതി; ശ്രീ. രാഹുൽ ഗാന്ധിയും കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെയും ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ; ഹിമാചൽ പ്രദേശിലെ കോൺഗ്രസ് മന്ത്രി പരസ്യമായി ഏക സിവിൽ കോഡിന് അനുകൂലമായി പ്രസ്താവന ഇറക്കി. ഈ നിമിഷം വരെ ഇക്കാര്യം നിഷേധിക്കാൻ ഒരു കോൺഗ്രസ് നേതാവും മുന്നോട്ടുവന്നിട്ടില്ലെന്നത് നമ്മൾ കാണേണ്ടതാണ്. ഈ രൂപത്തിലുള്ള നിലപാടുകളാണ് കോൺഗ്രസ് ഇക്കാര്യത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഏക സിവിൽ കോഡിനെതിരായി കേരള നിയമസഭയും ബീഹാർ നിയമസഭയും പ്രമേയങ്ങൾ പാസ്സാക്കി. എന്തുകൊണ്ടാണ് ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നീ മന്ത്രി സഭകൾ പ്രമേയം പാസാക്കാത്തത്; നിങ്ങൾ നാട്ടിലുള്ള ജനങ്ങളോട് ഇത് വിശദീകരിക്കണം.

നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലൊന്നും അത്തരത്തിലുള്ള പ്രമേയങ്ങൾ പാസാക്കിക്കൊണ്ട് ഏക സിവിൽ കോഡിന് എതിരായി നിശ്ചയ ദാർഢ്യത്തോടുകൂടിയ നിലപാടുകൾ എടുക്കാൻ നിങ്ങൾ തയ്യാറല്ല. ഈ കാപട്യ പൂർണ്ണമായ നിലപാടുകൾ നിങ്ങൾ അവസാനിപ്പിക്കണം. ഇക്കാര്യങ്ങൾ ജനങ്ങൾ മനസ്സിലാക്കുന്നുണ്ടെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. മധ്യപ്രദേശിലെ കോൺഗ്രസ് നേതാവ് ശ്രീ. കമൽ നാഥ് തീവ്ര ഹിന്ദുത്വ വാദികളെ വരെ തങ്ങളുടെ സംഘടനയിലേയ്ക്ക് ചേർത്തുകൊണ്ട് സംഘടന ശക്തിപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇങ്ങനെ സംഘ്പരിവാർ നയങ്ങളോട് ചേർന്നുനിന്ന് പോകുന്ന നിലപാട് കോൺഗ്രസ് അവസാനിപ്പിക്കണം. ഇല്ലാതെ ഈ കാപട്യപൂർണ്ണമായ നിലപാട് കേരളത്തിൽ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകരുതെന്നാണ് പറയാനുള്ളത്. യു.ഡി.എഫ്.-ന്റെ എം.പി.-മാർ പാർലമെന്റിൽ കേരളത്തിനുവേണ്ടി പടപൊരുതുന്നുവെന്ന് കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ കേരളത്തിലെ ഏതെങ്കിലും ഒരു എം.പി. ലോകസഭയിൽ പ്രസംഗിച്ചതോ, പ്രസ്താവിച്ചതോ, പ്രമേയം വഴി

മുന്നോട്ടുപോയതോ ആയ ഒരു കാര്യം പറയാൻ സാധിക്കുമെങ്കിൽ നിങ്ങൾ വിശദീകരിക്കൂ, ജനങ്ങൾ അറിയട്ടെ, സംസ്ഥാനത്തുനിന്ന് എം.പി.മാരെ തെരഞ്ഞെടുത്ത് അയയ്ക്കുന്നത് കേരളത്തിന്റെ കാര്യങ്ങൾ പാർലമെന്റിൽ പറയാനാണ്. ജനകീയ പ്രശ്നങ്ങൾ പാർലമെന്റിൽ ഉന്നയിക്കുകയാണ് വേണ്ടത്. പ്രശ്നങ്ങൾ ഉന്നയിക്കേണ്ട അവസരം മുഴുവൻ വാക്കൗട്ട് ചെയ്യുകയോ, ഹാജരാകാതിരിക്കുകയോ ചെയ്തുകൊണ്ട് കേരളത്തോട് കൊടും വഞ്ചനയാണ് കാണിക്കുന്നത്. ഇത്തരം ദുഷ്ടമായ നിലപാടുകൾ കേന്ദ്രം സ്വീകരിക്കുമ്പോഴും നാം തെരഞ്ഞെടുത്ത് അയച്ച ജനപ്രതിനിധികൾ കേരളത്തിനുവേണ്ടി ശബ്ദം ഉയർത്താൻ തയ്യാറാകാത്ത അവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കിയാൽ നല്ലതാണ്. അതുകൊണ്ട് ഏതെങ്കിലും ഒരു എം.പി. ഇത്തരത്തിലുള്ള നിലപാടുകൾ എടുത്തുവെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കില്ല. ഈ എതിർപ്പുകൾക്കെല്ലാം ഇടയിൽ വികസനവുമായി കേരളം കുതിച്ചുപാഞ്ഞ് മുന്നോട്ടുപോകുകയാണ്. നീതി ആയോഗ്-ന്റെ ദേശീയ മൾട്ടി ഡൈമെൻഷനിൽ ദാരിദ്ര്യ സൂചികയിൽ ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളമാണ്. നീതി ആയോഗ്

തയ്യാറാക്കിയ സുസ്ഥിര വികസന സൂചിക പ്രകാരം കേരളം രാജ്യത്ത് ഒന്നാമതാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. നീതി ആയോഗ്-ന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നേടുന്നു. വയോജന പരിപാലന രംഗത്ത് മികവ് നൽകുന്ന കേന്ദ്ര സർക്കാരിന്റെ വയോശ്രേഷ്ഠ പുരസ്കാരം കേരളത്തിനാണ്. 2023 ജനുവരിയിൽ ന്യൂയോർക്ക് ടൈംസ് തെരഞ്ഞെടുക്കപ്പെട്ട ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളവുമുണ്ട്. ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട ഏക ഇന്ത്യൻ സംസ്ഥാനം കേരളമാണെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ സൂചികയുടെ രണ്ടാം സ്ഥാനവും കേരളത്തിനാണ്. തൊഴിലുറപ്പ് പദ്ധതിയിൽ സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയത് കേരളം മാത്രമാണ്. യുനസ്കോ പ്രസിദ്ധീകരിച്ച 2023 -ലെ ഗ്ലോബൽ എജ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ടിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക മേഖല പ്രയോജനപ്പെടുത്തുന്നതിനെ സംബന്ധിച്ച് മൂന്ന് പ്രത്യേക പരാമർശങ്ങളുണ്ട്.

ഇങ്ങനെ കേരളത്തിന് ലഭിച്ച ലോക അംഗീകാരമാണ് യുനസ്കോ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. ഇങ്ങനെ എല്ലാ എതിർപ്പുകൾക്കിടയിലും കേന്ദ്ര ഗവൺമെന്റ് നിസ്സഹകരണവും സാമ്പത്തിക ഉപരോധവും നിലനിർത്തുമ്പോഴും യു.ഡി.എഫ്. പ്രതിപക്ഷത്തിന്റെ വികസന വിരുദ്ധ നിലപാടുകളുടെ ഇടംകോലുകൾക്കുമിടയിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമെന്ന പുരോഗതിയിലേയ്ക്ക് കേരളം മാറിക്കൊണ്ടിരിക്കുന്നുവെന്നത് അഭിമാനകരമാണ്. സാമ്പത്തിക പ്രതിസന്ധി ഉണ്ടെങ്കിലും എല്ലാ എതിർപ്പുകളെയും അവഗണിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളുടെ മുന്നിൽ വച്ചിരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും വികസന പരിപാടികളും ഒന്നും കുറയ്ക്കാതെ പറഞ്ഞ കാര്യങ്ങൾ മുഴുവനും നടപ്പാക്കികൊണ്ട് മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഈ ബില്ലിനെ സംബന്ധിച്ച് വലിയ ചർച്ചകളൊന്നും ചെയ്യാതെ മറ്റ് കാര്യങ്ങളിലേയ്ക്കാണ് പലരും പോയത്. ഈ വിഷയത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്നാണ് 2023-2024 ബഡ്ജറ്റിലെ 557-ാം

നമ്പർ ഖണ്ഡികയിൽ പറയുന്നത്. അത് കൃത്യമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച് പാസ്സാക്കിയതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ 1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്ടിന്റെ ഒന്നാം പട്ടികയിൽ കേരള നിയമസഭ 1973-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് (കേരള ഭേദഗതി) ആക്ട്, 2013 ഇന്ത്യൻ പാർട്ട്ണർഷിപ്പ് (കേരള ഭേദഗതി) ആക്ട് എന്നീ ആക്ടുകൾപ്രകാരം ഭേദഗതികൾ വരുത്തിയിട്ടുള്ളതാണ്. ഇതനുസരിച്ച് കാലോചിതമായി മാറ്റം വരുത്തിയത് വലിയ തുകയാണെന്ന് ഇവിടെ പറയുകയുണ്ടായി. ഇതിനുമുമ്പ് ഇതിന്റെ പരിഷ്ക്കാരം വരുത്തിയത് 2013-ലാണ്. പത്തുവർഷംകൂടിയാണ് ഈ ഭേദഗതി വരുത്തിയിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ വലിയ ഫീസാണെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. പത്തുവർഷം കൂടി നമ്മൾ പാസ്സാക്കുമ്പോൾ 200 രൂപ 2000 രൂപ ആയാൽ അന്നത്തെ മണി വാല്യൂവിന് അനുസരിച്ചുള്ള മുന്നേറ്റം പോലും ഉണ്ടായിട്ടില്ല. ന്യായമായ ഒരു വർദ്ധനയാണ് ഇക്കാര്യത്തിൽ വരുത്തിയിട്ടുള്ളത്. മാത്രമല്ല ഈ വിഷയം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുന്നില്ല. ഇത് ക്വാറി നടത്തുന്നവർ, ബാർ നടത്തുന്നവർ, അത്തരത്തിലുള്ള പുതിയ പുതിയ സംരംഭങ്ങളുമായി വരുന്നവർക്ക് മാത്രം

വരുന്നൊരു പ്രശ്നമാണ്. കൃഷിക്കാർക്കോ സാധാരണ തൊഴിലാളികൾക്കോ എൻ.ജി.ഒ.-കൾക്കോ ഒന്നും ബാധകമല്ല. അതിനാൽ ഇക്കാര്യത്തിൽ മറ്റൊരു തരത്തിലേയ്ക്ക് ഒരു വ്യാഖ്യാനം വരേണ്ടതില്ല. പൊതുവിൽ പ്രസംഗിക്കാൻവേണ്ടി ഒരു വിയോജനക്കുറിപ്പ് എഴുതി എന്നതൊഴിച്ചാൽ മറ്റൊരുവിധത്തിലും അദ്ദേഹത്തിനും ഇക്കാര്യത്തിൽ വിയോജിപ്പുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇലക്ട്രിസിറ്റിയുടെ കാര്യവും കരാറിന്റെ കാര്യവും ചൂണ്ടിക്കാണിച്ചു. അതിനെക്കുറിച്ചെല്ലാമുള്ള മറുപടി രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മുന്നിൽ അവതരിപ്പിച്ചതാണ്. അത് വീണ്ടും റെയ്സ് ചെയ്യേണ്ടതില്ല. പിന്നെ ഇവിടെ കേരള ഗവൺമെന്റ് പെൻഷനായ ഉദ്യോഗസ്ഥരെ ചില സ്ഥലത്ത് നിയമിക്കുന്നുവെന്നുപറഞ്ഞു. അത് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ചെയ്തിട്ടുണ്ട്. എത്രയോ പേരുടെ പേര് പറയാനുണ്ട്. അതിൽ പക്ഷപാതത്തിന്റെ പ്രശ്നങ്ങളൊന്നുമില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ രണ്ട് സ്ഥലത്ത് വ്യവസായത്തിന്റെ ചെറിയ യൂണിറ്റുകൾ നിന്നുപോയെന്ന് പറഞ്ഞ് ആന്തൂരിലെയും പത്തനംതിട്ടയിലെയും ഓരോ

കാര്യങ്ങൾ സൂചിപ്പിച്ചു. അങ്ങയോട് ഒരു വലിയ വ്യവസായം നിന്നുപോയ കഥ ഞാൻ പറയാം. പൾപ്പും ഫൈബറും ഉല്പാദിപ്പിച്ചിരുന്ന ഇന്ത്യയിലെതന്നെ നമ്പർ വൺ ഫാക്ടറിയായിരുന്ന മാവൂർ ഗ്വാളിയാർ റയോൺസ് ബിർല പൂട്ടാൻ കാരണമെന്താണ്? നിങ്ങളുകൂടി സപ്പോർട്ട് ചെയ്തിരുന്ന അന്നത്തെ കേന്ദ്ര ഗവൺമെന്റ് പൾപ്പും ഫൈബറും ഇംപോർട്ട് ചെയ്യാൻ കൊടുത്ത ലൈസൻസാണ്. കാൽസ്യം കാർബൈഡ് ഉല്പാദിപ്പിച്ചിരുന്ന ഇലക്ട്രോ കെമിക്കൽസ് പൂട്ടാൻ കാരണമെന്താണ്? ജപ്പാനിൽനിന്നും കാനഡയിൽനിന്നും ഇംപോർട്ട് ചെയ്യാൻ ലൈസൻസ് കൊടുത്തു. യഥാർത്ഥത്തിൽ അത്തരമൊരു ലൈസൻസ് നൽകുകവഴി എത്രയോ പേർ തൊഴിൽരഹിതരായി, ഉണ്ടായിരുന്ന വ്യവസായം ഇല്ലാതാക്കുകയും ചെയ്തു. അത്തരം സംഭവം ഇക്കാര്യങ്ങളില്ലല്ലോ. അതുകൊണ്ട് ഒറ്റപ്പെട്ടൊരു സംഭവമെടുത്തിട്ട് വ്യവസായ വകുപ്പ് ആകെ പരാജയമാണെന്ന രീതിയിൽ ചൂണ്ടിക്കാണിക്കുന്നത് അടിസ്ഥാനരഹിതമാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അതിന് മറുപടി പറഞ്ഞതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. മറ്റൊരുകാര്യം ബഹുമാന്യനായ തോമസ് ഐസക്കിന്റെ 'ചിന്ത'-യിലെ

ആർട്ടിക്കിൾ പൂർണ്ണമായും മനസ്സിരുത്തി വായിക്കണം. മലയാറ്റൂർ രാമകൃഷ്ണന്റെ 'യന്ത്രം' എന്നുപറയുന്ന മനോഹരമായ ഒരു നോവലുണ്ട്. വായിക്കുമ്പോൾ അതുകൂടി അങ്ങ് വായിക്കുന്നത് നല്ലതായിരിക്കും. ഡോ. തോമസ് ഐസക് വിശദീകരിക്കുന്നിടത്ത്, മന്ത്രിമാർ മാറിയാൽ ഭരണയന്ത്രങ്ങൾ മാറുകയില്ല, ഭരണകൂടങ്ങൾ മാറുകയില്ല. ഭരണകൂടമെന്നുപറഞ്ഞാൽ എക്സിക്യൂട്ടീവ്, ജൂഡീഷ്യറി, ജയിൽ, പോലീസ് പട്ടാളം ഇതെല്ലാം കൂടിച്ചേരുന്നതാണ്. ഇവിടെ മന്ത്രിമാർ മാത്രമാണ് മാറിവരുന്നത്. അതുകൊണ്ടുമാത്രം അതിന്റെ അലകുംപിടിയും മാറി നാം ആഗ്രഹിക്കുന്ന തരത്തിൽ എല്ലാം എല്ലായ്പ്പോഴും എത്തുന്നില്ല എന്ന സന്ദേശവുമുണ്ട്. ഒപ്പം വന്ന മാറ്റങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ  കെ. റ്റി. തോമസ് കമ്മീഷൻ ശിപാർശ അനുസരിച്ച് ജനമൈത്രി പോലീസ് വന്നതുൾപ്പെടെ ചൂണ്ടിക്കാണിക്കുമ്പോൾ ഇപ്പോൾ അതുപോലെരൊണ്ണം വന്നില്ലെന്ന് എവിടെയും പറയുന്നില്ല. അത് മഞ്ഞപ്പിത്തക്കാരൻ നോക്കുമ്പോൾ എല്ലാം മഞ്ഞിച്ചിരിക്കുന്നുവെന്ന രൂപത്തിലേയ്ക്കുംമറ്റും വ്യാഖ്യാനിച്ചു പോകുകയാണ്. അങ്ങനെയൊരു വ്യാഖ്യാനത്തിന്റെ

കാര്യമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ ഡിബേറ്റിലേയ്ക്ക് പോകേണ്ട മറ്റ് വിഷയങ്ങളൊന്നുമില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. സി. മുകുന്ദൻ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

**രണ്ടാം വകുപ്പ്**

Shri Mons Joseph: Sir, I move the following amendments:

164. In the entry 1 under column (2) of SCHEDULE I proposed to be substituted in the principal Act by Clause 2 for the words "Two thousand" the word "Thousand" shall be substituted.

165. In the entry under column (2) of SCHEDULE I proposed to be substituted in the principal Act by Clause 2 for the words "One thousand" the words "five hundred" shall be substituted wherever it occurs.

166. In the entry 7 under column (2) of SCHEDULE I proposed to be substituted in the principal Act by Clause 2 for the words "Five hundred", the words "Two fifty" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 164, 165, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

Shri P. Abdul Hameed: Sir, I move the following amendments:

117. In the long title for the word " application" the word " implementation" shall be substituted.

134. In the preamble, for the words and symbol " purposes hereinafter appearing;" the words and symbol " following purposes;" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: 118, 119, 120 എന്നീ നമ്പർ ഭേദഗതികൾ 117-ാം നമ്പർ ഭേദഗതിക്കും 132, 133, 135 എന്നീ നമ്പർ ഭേദഗതികൾ 134-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 117, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022 ഡിസംബർ 12-ന് സഭയിൽ അവതരിപ്പിച്ച ബില്ലാണിത്. ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ കാരണമായത് കേരള സംസ്ഥാനം രൂപം കൊള്ളുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന തിരുവിതാംകൂർ, തിരുകൊച്ചി, മദിരാശി, മലബാർ തുടങ്ങിയ മേഖലകളിലെ സഹകരണ നിയമങ്ങൾ ഏകോപിപ്പിച്ച് 1956-ലെ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തോടുകൂടി സംസ്ഥാനത്ത് ഏകീകരിച്ചൊരു സഹകരണ നിയമം നിലവിൽ വന്നു. 1969-ലാണ് മൺമറഞ്ഞ ബഹുമാന്യനായ പി. ആർ. കുറുപ്പ് സാർ ആ ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ആ ബില്ലാണ് അടിസ്ഥാനപരമായി കേരള സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് സെക്ടറിലെ യഥാർത്ഥ നിയമം. പിന്നീടത് ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹകരണമന്ത്രിയായിരുന്ന കാലഘട്ടത്തിൽ രണ്ടാം ഭേദഗതി ബിൽ കൊണ്ടുവരികയുണ്ടായി. അത് ബഹുമാനപ്പെട്ട ശർമ്മ മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിൽ പാസ്സാക്കി നിയമമായി. പിന്നീടതിനുശേഷം പലഘട്ടങ്ങളിൽ ഒറ്റപ്പെട്ട രൂപത്തിലുള്ള ചില നിയമ ഭേദഗതികൾ വന്നെങ്കിലും സമഗ്രമായൊരു നിയമ ഭേദഗതിയിലേയ്ക്ക് പോയില്ല. ഇപ്പോൾ

സമഗ്രമായൊരു നിയമ ഭേദഗതിയിലേയ്ക്ക് പോകേണ്ടി വന്നൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് അന്നുണ്ടായിരുന്ന സംഘങ്ങളേക്കാൾ സംഘങ്ങളുടെ വിപുലീകരണവും ഓരോ സംഘത്തിന്റെയും ആസ്തികളുടെ വർദ്ധനയും ബിസിനസ് വോള്യവും വലിയ രൂപത്തിൽ വർദ്ധിച്ചതുമാണ്. മുമ്പ് ഈ നിയമം രൂപം കൊള്ളുന്ന കാലഘട്ടത്തിൽ പത്തോ അമ്പതോ ലക്ഷം രൂപയൊക്കെ മാത്രം നിക്ഷേപമുണ്ടായിരുന്ന സംഘങ്ങൾ ഇന്ന് 1600 കോടി രൂപ വരെ പ്രാഥമിക സംഘങ്ങൾ നിക്ഷേപം സമാഹരിക്കുന്ന തലത്തിലേയ്ക്ക് എത്തിയിരിക്കുന്നു. അതുപോലെ ബിസിനസുകളുടെ വോള്യം വർദ്ധിച്ചിരിക്കുന്നു. ജനജീവിതത്തിന്റെ സമസ്ത മേഖലയും കടന്നുവന്ന് നമ്മുടെ സംസ്ഥാനത്ത് പി.എ.സി.എസ്. (Primary Agricultural Credit Societies)-കൾതന്നെ 1600-ൽപ്പരമുണ്ട്. ഇതുകൂടാതെ ഫങ്ഷണൽ രജിസ്ട്രാർ എല്ലാം കൂട്ടിച്ചേർത്താൽ 29000-ത്തിൽപ്പരം സംഘങ്ങളുണ്ട്. ഇന്ന് ആ സംഘങ്ങളുടെയെല്ലാം പ്രവർത്തനങ്ങൾ നമ്മൾ ആഗ്രഹിക്കുന്ന തരത്തിൽ മുന്നോട്ടുപോകണമെങ്കിൽ കാലോചിതമായൊരു മാറ്റം ഈ മേഖലയിൽ അനിവാര്യമാണെന്ന് കണ്ടു. മറ്റൊന്ന് ഒറ്റപ്പെട്ടതെങ്കിലും ചില അനഭിലഷണീയമായ പ്രവണതകൾ ഈ മേഖലയിൽ കടന്നുവരും. ആ

അനഭിലഷണീയ പ്രവണതകൾ നമുക്ക് തിരുത്തണമെങ്കിൽ അതിനും നിയമത്തിൽ വലിയ രൂപത്തിലുള്ള ഭേദഗതി വേണ്ടിവരുന്നുവെന്ന സാഹചര്യമുണ്ട്. ഈ നിലയിൽ പരിശോധിച്ചതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിൽ തന്നെ ഇത്തരമൊരു ഭേദഗതി സംബന്ധിച്ച് ആലോചിക്കുകയും അതിനൊരു ഡ്രാഫ്റ്റ് തയ്യാറാക്കാനുള്ള നീക്കങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തത്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗിമായിത്തന്നെ പ്രഖ്യാപിച്ച സമഗ്രമായ നിയമ ഭേദഗതിയിലേയ്ക്ക് വരുമെന്ന്. ഒറ്റപ്പെട്ട രൂപത്തിലുള്ള ചില ക്രമക്കേടുകൾ ചില സ്ഥലത്ത് ഉയർന്നുവന്നപ്പോൾ വലിയ ചർച്ചകൾ ഭരണപക്ഷത്തും പ്രതിപക്ഷത്തുനിന്നുമെല്ലാം വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ സഭയ്ക്കൊരു ഉറപ്പ് കൊടുത്തിരുന്നു ഈ സഭയിൽത്തന്നെ ഒരു വർഷക്കാലയളവിനുള്ളിൽ ഈ ബിൽ അവതരിപ്പിച്ച പാസ്സാക്കാനാവശ്യമായ ക്രമീകരണമുണ്ടാക്കുമെന്ന്. പറഞ്ഞതനുസരിച്ചുതന്നെ 2022 ഡിസംബറിൽ ബിൽ ഈ സഭയിൽ അവതരിപ്പിച്ചു. സെലക്ട് കമ്മിറ്റിക്ക് ആ ബിൽ അയയ്ക്കണമെന്ന പ്രമേയം

ഞങ്ങൾ അവതരിപ്പിച്ചു. സഭ അത് അംഗീകരിച്ചു. പതിനഞ്ചംഗ സമിതിയെ ചുമതലപ്പെടുത്തി. ഒപ്പം നിയമസഭാ സെക്രട്ടേറിയറ്റിനെയും. അതിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുനിന്നുമുള്ള എല്ലാ കക്ഷികളിൽ ഉൾപ്പെട്ടവരുമുണ്ട്. ആ സെലക്ട് കമ്മിറ്റി നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പതിനെട്ടോളം സിറ്റിംഗ് നടത്തി. കേരളത്തിലെ മുഴുവൻ ജില്ലകളിലേയും സഹകാരികളുടെയും ജീവനക്കാരുടെയും അപെക്സ് ബോഡികളിലെ അംഗങ്ങളുടെയും യൗവനങ്ങളുടേയും വനിതാ സംഘങ്ങളുടെയും നിയമജ്ഞൻമാരുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങൾ കേട്ടു. ഇതിനുപുറമെ ഏറ്റവും നല്ല സഹകരണ മേഖലയുള്ള മഹാരാഷ്ട്ര ഗവൺമെന്റുമായി ഈ വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടി സെലക്ട് കമ്മിറ്റി മഹാരാഷ്ട്രയിൽ പോകുകയും അവിടത്തെ ബഹുമാനപ്പെട്ട സ്പീക്കറും സഹകരണ വകുപ്പുമന്ത്രിയുമായി ഈ വിഷയങ്ങൾ ചർച്ച ചെയ്ത് അവിടെയുള്ള എക്സ്പീരിയൻസൊക്കെ മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരിച്ചുവന്ന് ഞങ്ങൾ സെലക്ട് കമ്മിറ്റികൂടി പൊതുവിൽ എല്ലാം പരിശോധിച്ച് അഭിപ്രായങ്ങൾ കണക്കിലെടുത്ത് കൊണ്ടുവന്നൊരു ഭേദഗതിയാണ് ഇപ്പോൾ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. സെലക്ട്

കമ്മിറ്റിയിലുണ്ടായിരുന്ന ഏതാനും അംഗങ്ങൾ, അവതരിപ്പിച്ച ചില കാര്യങ്ങളിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി. അക്കാര്യം വീണ്ടും പരിശോധിക്കുകയും ചർച്ച ചെയ്യുകയും അംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് ബഹു. പ്രതിപക്ഷ നേതാവും ബഹു. പ്രതിപക്ഷ ഉപനേതാവും അഭ്യർത്ഥിച്ചതനുസരിച്ച് ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് ഏതാണ്ട് പൊതുധാരണയിലെത്തി. സെലക്ട് കമ്മിറ്റിയുടെ അഭിപ്രായം ഐകകണ്ഠ്യേന വന്നിരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ കൂടുതൽ വ്യവഹാരങ്ങളിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടെന്ന് തോന്നുന്നില്ല. എല്ലാ ആക്കും ഇപ്പോൾ വായിക്കുന്നില്ല. ആദ്യം അവതരിപ്പിച്ചതിൽ വ്യത്യസ്തമായിട്ടുള്ള കാര്യങ്ങൾമാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബാക്കിയുള്ളതെല്ലാം ഇവിടെ പ്രസിദ്ധീകരിച്ചിട്ടുള്ള ബില്ലിലുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കുന്നു. പ്രധാനപ്പെട്ട ഔദ്യോഗിക ഭേദഗതികൾ സംബന്ധിച്ച് ആയതിന്റെ ആവശ്യകത;

1. സഹകരണ സംഘങ്ങളിൽ ഒരേ വ്യക്തികൾതന്നെ ദീർഘകാലം ഭാരവാഹികളായി തുടരുന്ന സാഹചര്യം നിലവിലുണ്ട്. പല സംഘങ്ങളിലും

ഇത്തരം സഹകാരികളുടെ സേവനം ആ സംഘങ്ങളുടെ വളർച്ചയ്ക്ക് വളരെയധികം സഹായം ചെയ്തിട്ടുള്ളതാണ്. എങ്കിലും, അടുത്തകാലത്തായി സഹകരണ മേഖലയിൽ ശ്രദ്ധയിൽവന്നിട്ടുള്ള പലക്രമക്കേടുകളും പരിശോധിക്കുമ്പോൾ ദീർഘകാലങ്ങളായി ഒരേ വ്യക്തികൾതന്നെ ഭാരവാഹികളായി തുടരുന്ന സംഘങ്ങളിൽ ഇത്തരം ക്രമക്കേടുകൾ കൂടുതലായി കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടു. മേൽസാഹചര്യത്തിൽ സഹകരണ സംഘങ്ങളുടെ ഭാരവാഹികൾ തുടർച്ചയായി രണ്ട് തവണയിലധികം ഭരണസമിതിയിൽ അംഗങ്ങളായി തുടരുവാൻ പാടില്ലായെന്ന ഭേദഗതി നിയമം 17 - സഹകരണ നിയമം വകുപ്പ് 28 ഉപ വകുപ്പ് 2(എ) ആയി ഏതൊരു സഹകരണ സംഘത്തിലെയും ഭരണ സമിതിയിലേയ്ക്ക് തുടർച്ചയായി രണ്ട് തവണയിലധികം ഒരു വ്യക്തിക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുണ്ടായിരിക്കുന്നതല്ലെന്ന ഭേദഗതി വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നു. സഹകാരികളുടെയും സെലക്ട് കമ്മിറ്റി അംഗങ്ങളുടെയും വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളുടെയും ആവശ്യം പരിഗണിച്ച് പ്രസ്തുത വ്യവസ്ഥ വായ്പാസംഘങ്ങൾക്ക് മാത്രം തുടർച്ചയായി

മൂന്ന് തവണ എന്ന ഔദ്യോഗിക ഭേദഗതി സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

2. ഭേദഗതി നിയമം വ്യവസ്ഥ 23 ആയി ഈ സംഘങ്ങളിൽ പ്രാഥമിക പരിശോധനയിൽ സംഘങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സംഘം ഭരണ സമിതിയെ സസ്പെന്റ് ചെയ്യുന്നതിന് വകുപ്പ് 32(എ) ആയി പുതിയ വ്യവസ്ഥ ഭേദഗതി നിയമത്തിലുൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഭേദഗതി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന പൊതുഅഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭേദഗതിയായി നിർദ്ദേശിച്ച സസ്പെൻഷൻ വ്യവസ്ഥ ഔദ്യോഗികമായി ഭേദഗതിയിൽനിന്ന് ഒഴിവാക്കുന്നതിനായി സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. ഇതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം.

പിന്നീടുള്ളതെല്ലാം ഞങ്ങൾ നേരത്തെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥൻ രജിസ്ട്രാർ എന്നത് മാറി ഐ.എ.എസ്.കാരായ ഗവൺമെന്റ് ഉദ്യോഗസ്ഥൻ തന്നെയായിരിക്കും രജിസ്ട്രാർ എന്ന കാര്യം കൂടി കൂട്ടിച്ചേർക്കുന്നു. ബാക്കിയുള്ളതെല്ലാം വിശദീകരിച്ച് ബില്ലിലുണ്ട്. ഇനിയും ഇത് സംബന്ധിച്ച് ബാക്കി കാര്യങ്ങൾ ചർച്ചയ്ക്കുശേഷം പറയാം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ ഈ ബില്ലിനോടുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. സമഗ്രമായ ഒരു സഹകരണ നിയമ ഭേദഗതിയിലേയ്ക്ക് പോയതിനെ സംബന്ധിച്ചുള്ള വിശദീകരണം ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. സഹകരണം എന്ന വാക്കിനെ അന്വർത്ഥമാക്കുന്ന തരത്തിലാണ് ഈ സെലക്ട് കമ്മിറ്റി അതിന്റെ പ്രവർത്തനം നടത്തിയതെന്ന് ആമുഖമായി പറയുവാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ സഹകാരികളെയും ദീർഘകാലമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നതും ഈ മേഖലയ്ക്ക് നിരവധി സംഭാവനകൾ ചെയ്തു ഒട്ടനവധി സഹകാരികളുമായും സെലക്ട് കമ്മിറ്റി ബന്ധപ്പെടുകയും ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ എല്ലാവരുടെയും അഭിപ്രായങ്ങൾ കേൾക്കുകയും ചെയ്തു. സെലക്ട് കമ്മിറ്റി 15 തവണ സിറ്റിംഗ് നടത്തിയതിനുശേഷം ഇക്കാര്യത്തിൽ കമ്മിറ്റി മെമ്പർമാർക്കുള്ള അഭിപ്രായങ്ങൾ വീണ്ടും പരിശോധിച്ചു. അങ്ങനെയുള്ള അഭിപ്രായങ്ങൾകൂടി സ്വാംശീകരിച്ചാണ് ഞങ്ങൾ ഈ പ്രവർത്തനം ഏകദേശം അവസാനിപ്പിച്ചത്. അതിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങൾക്ക് ബഹു. പ്രതിപക്ഷ നേതാവുമായും ബഹു.

പ്രതിപക്ഷ ഉപനേതാവുമായും ബഹു. മുഖ്യമന്ത്രിയുമായുമൊക്കെ സംസാരിച്ച് അതിൽത്തന്നെ ആശാവഹമായ ചില നീക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ബഹു. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൂടുതലായൊന്നും സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹു. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ നമ്മുടെ സഹകരണ മേഖലയിൽ ഏകദേശം ഒരു കോടിയോളം മെമ്പർമാരും രണ്ടര ലക്ഷം കോടി രൂപയുടെ നിക്ഷേപവുമുണ്ട്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ സമസ്ത മേഖലയിലും ജീവൽസ്പർശിയായ എല്ലാ കാര്യങ്ങളിലും ഇടപെട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് നമ്മുടെ സഹകരണ മേഖല. സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങി എല്ലാ തലങ്ങളിലും നമ്മുടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. ബാങ്കിംഗ് രംഗത്ത് ന്യൂജെൻ ബാങ്കിനെ വെല്ലുന്ന പ്രവർത്തനങ്ങളാണ് നമ്മുടെ സഹകരണ ബാങ്കുകൾ നടത്തുന്നത്. നൂതന സാങ്കേതിക വിദ്യയിലൂടെ മാത്രമേ നമുക്ക് പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ, കൊമേഴ്സ്യൽ ബാങ്കുകളെ വെല്ലുന്ന പ്രവർത്തനങ്ങളാണ് സഹകരണ ബാങ്കുകൾ നിർവ്വഹിക്കുന്നത്.

രാജ്യത്തിനും ലോകത്തിനും മാതൃകയാണ് നമ്മുടെ സഹകരണ പ്രസ്ഥാനം. വൈവിദ്ധ്യവൽക്കരണത്തിലൂടെ ഉദാത്തമായ മാതൃകകൾ സൃഷ്ടിച്ച പ്രസ്ഥാനമാണിത്. ഒരു കോടിയോളം മെമ്പർമാർ, രണ്ടര ലക്ഷം കോടി രൂപയുടെ നിക്ഷേപം എന്നൊക്കെ പറഞ്ഞാൽ അതിനെ ചെറുതായി കാണാൻ സാധിക്കില്ല; ഈ മേഖലയിൽ അസൂയാവഹമായ പുരോഗതി എന്നുതന്നെ ഇതിനെ വിശേഷിപ്പിക്കാം. ഇത് ഏതെങ്കിലും ഒരു പാർട്ടിക്കോ മുന്നണിക്കോ മാത്രം അവകാശപ്പെടാൻ സാധിക്കുന്നതല്ല. സഹകരണം എന്ന വാക്കിനെ അന്വർത്ഥമാക്കുന്ന തരത്തിലുള്ള കൂട്ടായ പ്രവർത്തനമാണിത്. നിഷ്കാമകർമ്മികളായ ഒട്ടനവധി സഹകാരികൾ ഒരു സമർപ്പിത മനസ്സോടുകൂടി ഈ മേഖലയിൽ പ്രവർത്തിച്ചതിന്റെ ഫലമാണ് സഹകരണ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്ന് സർക്കാരിനുതന്നെ ഒരു താങ്ങാണ് സഹകരണ മേഖലയെന്ന കാര്യം നാം മനസ്സിലാക്കണം. സാമ്പത്തികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടാകുന്ന സമയത്തൊക്കെതന്നെ സർക്കാരിനെ വരെ സഹായിക്കാൻ സാധിക്കുന്ന തരത്തിലാണ് സഹകരണ മേഖലയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെയാണെങ്കിൽപ്പോലും ബഹു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ അനഭിലഷണീയമായ ഒട്ടനവധി വഴിവിട്ട പ്രവർത്തനങ്ങൾ സഹകരണ മേഖലയിൽ നടക്കുന്നുണ്ട്. അത് നമ്മുടെ ക്രെഡിബിലിറ്റിയെ നശിപ്പിക്കുകയും വിശ്വാസ്യതയെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്; ഞാൻ ഒരു ബാങ്കിനെ മാത്രം പറയുകയല്ല. സത്യത്തിൽ ആ ബാങ്കിൽ നടന്ന ക്രമക്കേടുകൾ ഓരോന്ന് പുറത്തുവരുമ്പോൾ നമ്മൾ തന്നെ അതിശയിച്ചുപോകുകയാണ്. ഇത്രമാത്രം അഴിമതികളും വഴിവിട്ട പ്രവർത്തനങ്ങളും നടന്നിട്ടും ഒരു ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയിൽപ്പോലുംപെട്ടില്ലായെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകണം. നമ്മുടെ വിശ്വാസ്യതയെ തകർക്കുന്ന ഇതുപോലെയുള്ള പ്രവർത്തനങ്ങളും ക്രെഡിബിലിറ്റിക്ക് മോശമാകുന്ന തരത്തിലുള്ള വഴിവിട്ട പ്രവർത്തനങ്ങളും ഒരു കാരണവശാലും അനുവദിച്ചുകൂടാ. അക്കാര്യങ്ങൾ നമ്മുടെ സഹകരണ മേഖലയ്ക്കുണ്ടാക്കുന്ന ക്ഷതം ചെറുതല്ല. ഈ പ്രവർത്തനത്തിലൂടെ എന്താണ് സംഭവിക്കുന്നത്; കേന്ദ്ര ഏജൻസികൾ നമ്മുടെ സഹകരണ മേഖലയിൽ കയറിയിറങ്ങുന്നു. ആദായനികുതി വകുപ്പിന്റെ ഉദ്യോഗസ്ഥന്മാരാണെങ്കിലും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന്മാരാണെങ്കിലും അവർക്കൊക്കെ ഇവിടേയ്ക്ക്

കടന്നുവരാനുള്ള ഒരു വാതായനം നമ്മൾ തുറന്നുനൽകുകയാണ്. ഇതിന് നമുക്ക് പൂർണ്ണവിരാമം ഇടാൻ സാധിക്കണം. ഇതുപോലെയുള്ള ഒരു പ്രവർത്തനവും സഹകരണ മേഖലയിൽ ഇനിയും നടക്കുകയില്ലെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ നമുക്ക് സാധിക്കണം. കേന്ദ്രസർക്കാരിന്റെ ഏജൻസികൾ വട്ടമിട്ട് പറക്കുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ വളരെ താല്പര്യപൂർവ്വമാണ് കേന്ദ്രസർക്കാരിന്റെ സഹകരണ മന്ത്രാലയം വീക്ഷിച്ചുകൊണ്ടിരിക്കുന്നത്; നമ്മളത് മനസ്സിലാക്കണം. അവർ വട്ടമിട്ട് പറക്കുകയാണ്; ഈ മേഖലയിലെ പ്രവർത്തനങ്ങളെ ഏതൊക്കെ തരത്തിൽ കുച്ചുവിലങ്ങിടാൻ സാധിക്കുമെന്നുള്ളത് അവർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും വ്യാപകമായി പ്രവർത്തനം ആരംഭിക്കുന്നുണ്ട്. അതിന് യാതൊരു നിയന്ത്രണവുമില്ല. നമ്മുടെ സഹകരണ ബാങ്ക് പ്രവർത്തിക്കുന്ന സ്ഥലത്താണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ പ്രവർത്തിക്കുന്നത്. ഇതുപോലെയുള്ള കേന്ദ്രസർക്കാർ ഏജൻസികൾക്ക് ഇവിടെ കടന്നുവരാനുള്ള സാഹചര്യം അനുവദിക്കാൻ

പാടില്ല. കൂടാതെ കേന്ദ്രസർക്കാർ ഒരു കോമൺ സോഫ്റ്റ്‌വെയറിനെ സംബന്ധിച്ച് പറയുന്നുണ്ട്. കോമൺ സോഫ്റ്റ്‌വെയറിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്താണ്? നമ്മുടെ സഹകരണ മേഖലയിലെ ഡാറ്റാസ് കളക്ട് ചെയ്യണം; അതാണ് അവർ ഉദ്ദേശിക്കുന്നത്. നമ്മുടെ സഹകരണ മേഖലയുടെ കരുത്ത്, വിശ്വാസ്യത, പൊതുസമൂഹത്തിലുള്ള സ്വീകാര്യത തുടങ്ങിയവ നിലനിർത്താൻ എന്തൊക്കെ നടപടികൾ നമുക്ക് സ്വീകരിക്കാൻ സാധിക്കുമെന്ന് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് വിശദീകരിച്ചുകൊടുക്കേണ്ട ആവശ്യമില്ല. പരിണിതപ്രജ്ഞനും ദീർഘകാലം ഈ മേഖലയിൽ പ്രവർത്തിച്ച ആളും പ്രൈമറിതലം മുതൽ അപ്പെക്സ് സംഘം വരെ ബോർഡിൽ പ്രവർത്തിച്ച വ്യക്തിയുമാണ് അദ്ദേഹം. ആ രീതിയിൽത്തന്നെയാണ് അദ്ദേഹത്തിന്റെ പ്രവർത്തനവും; അതിലൊന്നും അഭിപ്രായവ്യത്യാസമില്ല. കേന്ദ്രസർക്കാരിന്റെ ഇത്തരം സമീപനങ്ങളെ നമുക്ക് ചെറുത്തുതോൽപ്പിക്കാൻ കഴിയണമെന്നാണ് എന്റെ അഭിപ്രായം. അതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കണം. കക്ഷിരാഷ്ട്രീയത്തിനതീതമായും ജാതി-മത ചിന്തകൾക്ക് അതീതമായും

നമ്മളുണ്ടാക്കിയ വലിയൊരു ശൃംഖല/വലിയൊരു പ്രസ്ഥാനം; അതൊരു അപകടത്തിൽപ്പെട്ടുമ്പോൾ, നമുക്കൊക്കെ വിഷമമുണ്ടാകും. ഏത് സമയത്തും കരുത്തേകുന്ന ഒരു സാമ്പത്തിക സ്രോതസ്സ്; രണ്ടരലക്ഷം കോടി എന്നതൊരു ചെറിയ സംഖ്യയല്ല എന്നത് ഞാൻ വീണ്ടും ആവർത്തിക്കുന്നു. നമ്മുടെ ബഹു. ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ചിലപ്പോഴൊക്കെ സാമ്പത്തിക പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സൂചിപ്പിക്കുന്ന അവസരത്തിൽ, സർപ്ലസ് ഫണ്ട് പ്രയോജനപ്പെടുത്താൻ സാധിക്കുന്നതെന്ന കാര്യം എങ്ങനെയാണ് നിങ്ങൾ പരിശോധിക്കുന്നതെന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കാറുണ്ട്. ഞാൻ അധികസമയം പ്രസംഗിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രധാനമായി പറയാനുള്ളത് ഒരൊറ്റ കാര്യം മാത്രമാണ്. നമ്മുടെ വിശ്വാസ്യതയെ തകർക്കുന്ന പ്രവർത്തനങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. അത് നമുക്ക് അവസാനിപ്പിക്കണം. അവിടെ ഇടതുപക്ഷമാണെന്നോ, യു.ഡി.എഫ്. ആണെന്നോ മുഖം നോക്കാൻ പാടില്ല. ഇതിന്റെ ഓഡിറ്റിംഗ് സംവിധാനം കുറ്റമറ്റതാക്കണം. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിച്ച് സൂചിപ്പിക്കുമ്പോൾ അവരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന

ഇതുപോലെയുള്ള പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങളുണ്ടാകണം. ഭരണസമിതി ഉദ്യോഗസ്ഥരൊക്കെ യോജിക്കുകയാണ്.. വർഷങ്ങളോളം ഉദ്യോഗസ്ഥവൃന്ദം സ്ഥിരമായി യൂണിറ്റ് ഇൻസ്പെക്ടറായും ഓഡിറ്ററായും ജോയിന്റ് രജിസ്ട്രാറായും ഒരേസ്ഥലത്തുതന്നെ ജോലി ചെയ്യുകയാണ്. അവരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും സജീവമായ ശ്രദ്ധയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കുകയാണ്. ബില്ലിന്റെ കാര്യത്തിലേയ്ക്ക് കടക്കുമ്പോൾ, കാലാവധി സംബന്ധിച്ച കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കാലാവധിയിൽ രണ്ട് ടേം മൂന്ന് ടേം എന്നൊക്കെ പറയുമ്പോൾ, സ്വാഭാവികമായും സ്ഥിരമായി കുറച്ചുപേരുതന്നെ ഭരണസമിതിയിൽവരും അത് സ്വാഭാവികമായും അഴിമതിക്കും വഴിവിട്ട പ്രവർത്തനങ്ങൾക്കും കാരണമാകും. അതുകൊണ്ടാണ് ഇങ്ങനെ ഒരു നിയന്ത്രണം വയ്ക്കാൻ കാരണം. രണ്ട് വർഷം എന്നത് മൂന്ന് വർഷമാക്കി എന്ന് ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാർലമെന്റിലും നിയമസഭയിലും

അത്തരത്തിലുള്ള ഒരു കാലാവധി വയ്ക്കാറില്ല. സഹകരണ മേഖലയിൽ വയ്ക്കുമ്പോഴുണ്ടാകുന്ന ഒരു വിഷയത്തെ സംബന്ധിച്ചാണ് സൂചിപ്പിക്കുന്നത്. അത്തരത്തിലൊരു പരിധി വയ്ക്കാൻ പാടില്ലെന്നാണ് ഞങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമൊക്കെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ചില ക്രമീകരണങ്ങൾ വരുത്തിയെന്ന് കേൾക്കുന്നു. അതിൽ അഭിപ്രായവ്യത്യാസമില്ല. പ്രൈമറി സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ എസ്.സി./എസ്.ടി. സംവരണം ഉറപ്പാക്കിക്കൊണ്ടുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. എന്നാൽ പ്രസ്തുത നിയമത്തിൽ പിന്നാക്ക ന്യൂനപക്ഷ സംവരണത്തെ സംബന്ധിച്ച് പരാമർശങ്ങളൊന്നും ഇല്ലെന്നത് ഏറെ ആശങ്ക ഉളവാക്കുന്നതാണ്. നിലവിൽ പി.എസ്.സി.-യിലും കേരളാ ബാങ്കിലും നടത്തിവരുന്ന ഒ.ബി.സി. റിസർവേഷൻ, സഹകരണ സംഘങ്ങളിലും ബാധകമാക്കിയാലേ സാമൂഹികനീതി യാഥാർത്ഥ്യമാകുകയുള്ളൂ. കേരളത്തിന്റെ വിശിഷ്ട സ്വഭാവം പരിഗണിച്ച് സഹകരണ ഭേദഗതി നിയമത്തിൽ പ്രൈമറി സഹകരണ സംഘങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കൊപ്പം മുസ്ലീം, ഈഴവ, നാടാർ,

വിശ്വകർമ്മ, ലത്തീൻ കത്തോലിക്ക, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ ഭേദഗതി ഔദ്യോഗികമായി കൊണ്ടുവരാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ബഹുമാനപ്പെട്ട നിയമസഭാംഗവും മുൻമന്ത്രിയുമായ ശ്രീ. കെ. ടി. ജലീലിന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് അദ്ദേഹം പരാമർശിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഔദ്യോഗികമായി ഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട്, പ്രസ്തുത ബില്ലിലെ വ്യവസ്ഥകളോട് ഒരിക്കൽക്കൂടി വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണമേഖലയുടെ വ്യാപ്തി, വളർച്ച, പ്രാധാന്യം എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ശ്രീ. പി. അബ്ദുൽഹമീദ് മാഷുമൊക്കെ സംസാരിച്ചതിനോട് പൂർണ്ണമായും യോജിക്കുന്നു. ടി ബിൽ സെലക്ട് കമ്മിറ്റി വളരെ ഗൗരവത്തിൽ ചർച്ച ചെയ്ത കാര്യം മന്ത്രി ഇവിടെ സൂചിപ്പിച്ചിരുന്നു. ചില കാര്യങ്ങളിൽ ഉണ്ടായിരുന്ന വിയോജനം രേഖപ്പെടുത്തിയതിൽ കുറേ കാര്യങ്ങൾ ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിതന്നെ നേരത്തെ

സ്വീകരിച്ചിട്ടുണ്ട്. ഈ ബിൽ അവതരണത്തിന് ശേഷവും ഇന്നത്തെ ദിവസവും ചില ഭേദഗതികൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. ഒരു കോ-ഓപ്പറേറ്റീവ് സ്പിരിറ്റിൽ സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ഇതുവരെയുള്ള കാര്യങ്ങളും ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് നമുക്കെല്ലാവർക്കും അറിയാം. വളർച്ചയോടൊപ്പംതന്നെ സഹകരണ മേഖലയെ തളർത്തുന്ന, വിശ്വാസ്യയോഗ്യത നഷ്ടപ്പെടുത്തുന്ന ചില തെറ്റായ പ്രവണതകളെ സംബന്ധിച്ചാണ് നമുക്കെല്ലാവർക്കും ആശങ്കയുള്ളത്. അത് വളരെ വിപുലമായ കാര്യങ്ങളാണ്. ഇന്നും സമീപ ദിവസങ്ങളിലും പത്രങ്ങളിൽ വാർത്തകളുണ്ട്. അതൊന്നും ഈ വൈകിയ സമയത്ത് ചർച്ചയ്ക്കകത്ത് വലിച്ചിഴയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കരുവന്നൂർ സഹകരണബാങ്ക് പ്രശ്നം പറയാതെ പോകാനും സാധിക്കില്ല. അതുമായി ബന്ധപ്പെട്ട് ഒരു വ്യക്തിയേയും ഞാൻ അതിലേയ്ക്ക് കൊണ്ടുവരുന്നുമില്ല. പക്ഷെ, അത് അറിഞ്ഞവർ തക്കസമയത്ത് അത് തിരുത്താനോ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാനോ തയ്യാറായിട്ടില്ല. ഉദ്യോഗസ്ഥന്മാരിൽ കുറച്ചുപേരെ സസ്പെന്റ് ചെയ്തിരുന്നു. എന്തുകൊണ്ടാണ്; ഗുരുതരമായ ക്രമക്കേട്,

കോടികളുടെ വെട്ടിപ്പും തട്ടിപ്പും നടന്നതറിഞ്ഞിട്ടും ഓഡിറ്റ് വിംഗ് അതിന് ഒത്താശ ചെയ്തുവെന്നുള്ളതാണ്. ഇപ്പോൾ രാഷ്ട്രീയ നേതൃത്വത്തെയും പ്രതിക്കൂട്ടിൽ നിർത്തുകയാണ്. ആദ്യം ഇതിന്റെ ആത്യന്തികമായ അന്വേഷണ റിപ്പോർട്ട് വരട്ടെ, അപ്പോൾ നമുക്ക് സ്വീകരിക്കാം. പക്ഷെ ആശങ്ക പരത്തുന്ന വാർത്തകൾ വരുന്നുണ്ട്. ഈ മേഖലയുടെ വ്യാപ്തി, വൈവിദ്ധ്യവൽക്കരണം ഇതെല്ലാം വരുമ്പോൾ കാലാനുസൃതമായിട്ടുള്ള പരിഷ്ക്കാരങ്ങൾ ആവശ്യമാണ്. നിയമത്തിൽ പരിഷ്കരണങ്ങൾ ആവശ്യമാണ്. കേന്ദ്രം ഒരുതരത്തിൽ നമ്മളെ പിടിമുറുക്കുന്നതിന് അവരുടേതായ ഇടപെടലുകൾക്കുവേണ്ടി തയ്യാറായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രം കോമൺ സോഫ്റ്റ്വെയർ എന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നു. കേരളം അതിൽനിന്ന് മാറി നിൽക്കാൻ ആഗ്രഹിക്കുന്നു; കാരണം, അത് കേരളത്തിന്റേതായ മാത്രം ഒരു സോഫ്റ്റ്വെയർ എന്ന നീക്കത്തിന്റെ അടിസ്ഥാനത്തിലാണ്. അതിൽതന്നെ ആശങ്കയുള്ള സംഘങ്ങൾ ഒരുപാടുണ്ട്; സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ വൈവിദ്ധ്യവൽക്കരണം തന്നെയാണ് അതിനുകാരണം. ഇപ്പോൾത്തന്നെ സോഫ്റ്റ്വെയറുകൾ അഡോപ്റ്റ് ചെയ്തവരും അതിനായി പണം മുടക്കിയതുമായ സംഘങ്ങളുമുണ്ട്.

അവർക്ക് ഇനിയൊരു മേഖലയിലേയ്ക്ക്, പുതിയൊരു നടപടികളിലേയ്ക്ക് കടന്നുവരാനുള്ള സാമ്പത്തിക സ്ഥിതിയുണ്ടോയെന്ന കാര്യം പരിശോധിക്കണം. അധികാരങ്ങളുടെ കേന്ദ്രീകരണത്തിനുപകരം അധികാര വികേന്ദ്രീകരണമാണ് ഏത് മേഖലയിലും ആവശ്യമെന്ന കാര്യത്തിൽ സംശയമില്ല. ആ വികേന്ദ്രീകരണത്തിന് അനുകൂലമായ നിലപാടുകൾ സ്വീകരിക്കണം. പല വൈവിദ്ധ്യങ്ങളായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് നമുക്കറിയാം; സഹകരണ വിദ്യാഭ്യാസം, സഹകരണ രംഗത്തെ ആരോഗ്യ പ്രവർത്തനങ്ങൾ, മാർക്കറ്റിംഗ് രംഗത്തെ പ്രവർത്തനങ്ങൾ (അത് പഴക്കമുള്ളതാണ്), കേവലം ക്രെഡിറ്റ് സംഘങ്ങൾക്ക് അപ്പുറത്തുള്ള വനിതാ സംഘങ്ങൾ ഉൾപ്പെടെയുള്ളവ. ഈ ബില്ലിലെ വ്യവസ്ഥകൾ യുവജന സംഘങ്ങൾക്ക് സഹായകരമായവയാണ്. അതുപോലെ സാമൂഹികമായി ബാക്ക്വേർഡായ ആളുകൾക്ക് പ്രത്യേക പരിഗണനയും പിന്തുണയും നൽകിക്കൊണ്ടുള്ള സംഘങ്ങൾ രൂപീകരിക്കാനും അവർക്ക് സഹായകരമാകുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും സാധിക്കുന്ന രൂപത്തിലുള്ള വ്യവസ്ഥകളും ഈ ബില്ലിനകത്തുണ്ട്. സഹകരണത്തിന്റെ ഏറ്റവും അടിസ്ഥാന

തത്വങ്ങളിലൊന്ന് സഹകരണ ജനാധിപത്യമാണ്. പ്രൈമറി സഹകരണ സംഘത്തിൽ പ്രവർത്തിച്ച കാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അന്ന് സഹകരണ സെമിനാറുകളിൽ സംബന്ധിക്കുന്നതിനുവേണ്ടി.. എന്താണ് സഹകരണതത്വങ്ങൾ? സഹകരണതത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സഹകരണ ജനാധിപത്യമാണ്. ദൗർഭാഗ്യവശാൽ അത് പാലിക്കപ്പെടുന്നില്ലെന്ന് കേരളത്തിൽ നമ്മൾ കണ്ടതാണ്. കുപ്രസിദ്ധമായ സഹകരണ തെരഞ്ഞെടുപ്പുകളും പിടിച്ചെടുക്കൽ, കള്ളവോട്ട് എന്നിവയും കണ്ടു. ജനാധിപത്യം എന്താണ്? ജനാധിപത്യം എന്നാൽ ഒരു വ്യക്തി, അതായത്, യഥാർത്ഥ വോട്ടറായിട്ടുള്ള ആൾ വോട്ട് ചെയ്യണം. അല്ലാത്ത ആൾ വോട്ട് ചെയ്യാൻ പാടില്ല. പക്ഷെ അതിനായി പല തടസ്സങ്ങളും വന്നപ്പോഴാണ് വോട്ടർ പട്ടികയിൽ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് കൊണ്ടുവന്നതുപോലെ ഐഡന്റിറ്റി കാർഡ് പോലുള്ള രീതികൾ സഹകരണ രംഗത്തും കൊണ്ടുവന്നത്. എന്റെ നിയോജക മണ്ഡലത്തിൽ ഇക്കഴിഞ്ഞ മാർച്ച് മാസം 23-ാം തീയതി ആനപ്പന്തി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന തെരഞ്ഞെടുപ്പിൽ സഹകരണ ജനാധിപത്യംവീണ്ടും അട്ടിമറിക്കപ്പെട്ടിരിക്കുന്നു. അവിടെ തെരഞ്ഞെടുപ്പ് നടത്താൻതന്നെ

ഉദ്യോഗസ്ഥന്മാർ തയ്യാറായില്ല. കാലാവധിക്ക് മുമ്പായി സമയത്ത് ഭരണസമിതി റെസൊല്യൂഷൻ എടുത്ത് കൊടുത്തിട്ടും തെരഞ്ഞെടുപ്പ് നടത്താൻ തയ്യാറായില്ല. ആ ഭരണസമിതിക്ക് പിന്നീട് ബഹു. ഹൈക്കോടതിയെ സമീപിക്കേണ്ടിവന്നു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് ഇലക്ഷൻ നടത്താൻ ഉത്തരവിട്ടത്. ആ തെരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ ഇലക്ഷൻ free and fair ആക്കുന്നതിനുവേണ്ടി ഹൈക്കോടതിയെ സമീപിച്ചപ്പോൾ പോലീസിന്റെ പ്രത്യേക പ്രൊട്ടക്ഷന് ഹൈക്കോടതി ഉത്തരവിട്ടു. കോടതി നിരീക്ഷകനായി അഡ്വക്കേറ്റ് നിനു എം. ദാസിനെ ചുമതലപ്പെടുത്തി. അദ്ദേഹം യു.ഡി.എഫ്. അനുഭാവിയല്ല; മറുചേരിയിലുള്ളൊരു വ്യക്തിയാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. വളരെ പ്രശസ്തനായ ഒരു ജുഡീഷ്യൽ ഓഫീസറുടെ മകനാണ് ഈ വക്കീൽ. ഹൈക്കോടതി അമ്പതിനായിരം രൂപ ഫീസ് നൽകി കമ്മീഷണറെ നിയോഗിക്കുകയും പോലീസ് പ്രൊട്ടക്ഷൻ നൽകുകയും ബാരിക്കേഡ് വയ്ക്കുകയും ചെയ്തു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം വീഡിയോയെടുക്കാനുള്ള സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തി. പക്ഷേ ഇതെല്ലാം അട്ടിമറിച്ചുകൊണ്ട് രാവിലെതന്നെ

സംഘത്തിലെ അംഗങ്ങളല്ലാത്ത, ആളുകൾവന്ന് വോട്ട് ചെയ്യുകയും ചെയ്തു. യഥാർത്ഥ വോട്ടർമാരായ സ്ത്രീകളുൾപ്പെടെയുള്ളവർ നാലും അഞ്ചും മണിക്കൂർ പൊരിവെയിലത്തു ക്യൂവിൽനിന്ന് പോളിംഗ് ബൂത്തിൽ എത്തി, അവർ വോട്ട് ചെയ്യേണ്ട സമയം വന്നപ്പോൾ, 6B രജിസ്റ്ററിൽ അവരുടെ കാർഡ് പരിശോധിക്കുന്ന സ്ഥലത്ത് ഒരു ഏജന്റോ സ്ഥാനാർത്ഥിയോ ഇല്ല. യഥാർത്ഥ വോട്ടർമാരെ വോട്ട് ചെയ്യുന്നതിൽനിന്നും മാറ്റിനിർത്തുകയും കള്ളകാർഡുമായിവന്ന ആളുകൾ വോട്ട് ചെയ്യുകയും ചെയ്തു. ഇതുസംബന്ധിച്ച് അഡ്വക്കേറ്റ് നിനു എം. ദാസിന്റെ റിപ്പോർട്ടാണ് എന്റെ കൈയ്യിലുള്ളത്.

I have observed many instances where candidates, candidate agents and voters raised their complaints regarding not allowing the candidates or candidates agents to be in the 6B verification area.

6B രജിസ്റ്റർ പരിശോധിക്കുന്ന സ്ഥലത്തേയ്ക്ക് സ്ഥാനാർത്ഥികളെയോ സ്ഥാനാർത്ഥികളുടെ ഏജന്റുമാരെയോ പ്രവേശിപ്പിച്ചില്ലായെന്ന പരാതി ഈ observer തന്നെ ചൂണ്ടികാണിക്കുകയാണ്.

I observed that the candidates agents were challenging the identity of some of the voters who came to vote. But no action was

taken by the presiding officers stating that already verification was done in 6B verification area.

6B വെരിഫിക്കേഷൻ നടത്തുന്ന സ്ഥലത്തേയ്ക്ക് സ്ഥാനാർത്ഥികൾക്കോ ഏജന്റുമാർക്കോ പ്രവേശനം നിഷേധിക്കുന്നു. എന്നിട്ട് വോട്ട് ചെയ്യാൻവരുന്ന കള്ളവോട്ടർമാരെ ചലഞ്ച് ചെയ്യുമ്പോൾ 6B നേരത്തെ പരിശോധിച്ചതാണെന്നുപറഞ്ഞ് പോളിംഗ് ഏജന്റോ സ്ഥാനാർത്ഥിയോ ഉയർത്തുന്ന ആക്ഷേപത്തെ നിരാകരിക്കുകയും ചെയ്യുന്നു.

Returning officer was sitting in a class room on the first floor of the school building where she was operating her office, related to the election. The shutters leading towards the stairs of the first floor were seen closed.

ഗ്രൗണ്ട് ഫ്ളോറിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. റിട്ടേണിംഗ് ഓഫീസർ മുകളിലത്തെ നിലയിൽ ഇരിക്കുകയാണ്. മജിസ്ട്രേട്ട് ഇരിക്കുന്നതിനെക്കാളും ഉയരത്തിൽ, വേറൊരു മുറിയിൽ, വേറൊരു നിലയിൽ,, എന്താ വിഷയം.

The shutters leading to that particular portion was seen closed.

നിരീക്ഷകന്റെ നിഗമനമാണിത്. അദ്ദേഹം കണ്ടെത്തി ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള റിപ്പോർട്ടാണ്.

It would be opposite to mention that many of the members who had been issued with form 6A identity card approach the polling booth of long hours of queue for casting their vote along with the original of additional prescribed document. But they were not issued ballot papers and neither where they permitted to cast their vote mentioning many reasons including but not limit to the reasons that the names are not included in the final published voters list.

യഥാർത്ഥ വോട്ടർമാരെ വോട്ട് ചെയ്യാൻ വിളിച്ചില്ല. വ്യാജ വോട്ടുകൾ വ്യാപകമായിട്ടുണ്ട്.

At no point time returning officer attended the seen or preferred a complaint in this regard.

ഒരു ഘട്ടത്തിലും റിട്ടേണിംഗ് ഓഫീസർ ഈ കാര്യങ്ങൾ പരിശോധിക്കുകയോ പരാതികൾ പരിഗണിക്കുകയോ ചെയ്തിട്ടില്ലെന്നാണ് നിരീക്ഷകന്റെ റിപ്പോർട്ടിൽ പറയുന്നത്. നിരീക്ഷകനെ കേരള

ഹൈക്കോടതിയാണ് നിയമിച്ചത്. തെരഞ്ഞെടുപ്പുകൾ നീതിപൂർവ്വമാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്, അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ നടന്നൊരു സംഭവം പരാമർശിച്ചുകൊണ്ട് തെരഞ്ഞെടുപ്പുകൾ നീതിപൂർവ്വമല്ലെന്നൊരുകാര്യം കേരളത്തിലെ സർക്കാരിന്റെ മുമ്പിൽ ആധികാരികമായിതന്നെ കൊണ്ടുവരാനുള്ള അവസരം വിനീതമായിട്ട് വിനിയോഗിച്ചുവെന്നുമാത്രം. സംഘങ്ങളുടെ അധഃപതനത്തിൽ രണ്ടുസാഹചര്യമുണ്ട്. കരുവന്നൂർപോലെ മനഃപ്പൂർവ്വം കൊള്ളയടിച്ചുപോയ കേസുണ്ട്. കൃഷിക്കാർ മാത്രമുള്ള മലയോരപ്രദേശമാണ് പൂളക്കുറ്റി. കഴിഞ്ഞ വർഷം അവിടെ ഒരു വാർഡിൽ മുപ്പത് ഉരുൾപൊട്ടൽ നടന്നിട്ടുണ്ട്. ഒരു വാർഡ് മാത്രമായിട്ടുള്ള സഹകരണ സംഘത്തിന് പ്രായോഗികമായി മുന്നോട്ടുപോകാൻ കഴിയില്ല. സെക്രട്ടറിക്കും സ്റ്റാഫിനും ശമ്പളം കൊടുക്കാനും സാധിക്കില്ല. അതുകൊണ്ട് സാമ്പത്തിക പ്രതിസന്ധികളിൽപോലും ഒരു പൈസപോലും അവിടെ ഡയറക്ടർ കട്ടെടുത്തിട്ടില്ല; ഒരു പൈസപോലും ജീവനക്കാരൻ കട്ടെടുത്തതായി കേസുമില്ല. പക്ഷേ ഡെപ്പോസിറ്റ് എടുത്ത് ശമ്പളം കൊടുത്തു; അതുകാരണം നിക്ഷേപകർക്ക് പണം നൽകാൻ സാധിക്കുന്നില്ല. വളരെ മാന്യന്മാരായിട്ടുള്ള

ഭരണസമിതി അംഗങ്ങൾ ചുമതല എടുത്തതിനുശേഷമാണ് ഈ സംഭവങ്ങൾ അറിയുന്നത്. ആ സംഘത്തെ രക്ഷിക്കാൻവേണ്ടി ഇപ്പോഴത്തെ ബഹു. വകുപ്പുമന്ത്രിയോട് വിവരങ്ങൾ പറയുകയും അദ്ദേഹം ചില നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വേറൊരു സംഘം ഏറ്റെടുക്കാൻ തയ്യാറാണ്, പക്ഷേ, കേരള ബാങ്കിൽ ലോണുണ്ട്; നിക്ഷേപകർക്ക് കൊടുക്കേണ്ട പൈസയുണ്ട്; പിരിഞ്ഞുകിട്ടാത്ത ലോൺ കൊടുത്തതുമുണ്ട്; ഇതിനെല്ലാം പ്രായോഗികമായ ബദൽ സംവിധാനം രൂപീകരിക്കുവാൻ മുൻമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടിയുണ്ടായില്ല. അദ്ദേഹം ഈ സമിതിയിൽ അംഗമാണ്. എന്നാൽ  സഹകരണ സംഘങ്ങളിൽ നമുക്ക് ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമുണ്ട്. യഥാർത്ഥത്തിൽ ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമിൽപോലും പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിയുന്നില്ല, പക്ഷേ അത് മനഃപ്പൂർവ്വമോ, മോഷണമോ, തട്ടിപ്പോ വെട്ടിപ്പോ കൊണ്ടല്ല; പിടിപ്പുകേടും കൊണ്ടല്ല, സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് സംഭവിക്കുന്നതാണ്. പണംകൊടുക്കാൻ കഴിയാത്ത സംഘങ്ങളിൽ പണം നിക്ഷേപിച്ച നിക്ഷേപകർക്ക് അവരുടെ പണം തിരിച്ചുകിട്ടാൻ സാധിക്കുന്ന വിധത്തിലുള്ള ഗ്യാരണ്ടി സംവിധാനംകൂടി ഉൾപ്പെടുത്തണം. പൊതുവിൽ ഈ

നിയമത്തിന്റെ വ്യവസ്ഥകളോട് ഞങ്ങൾ യോജിക്കുന്നു. പക്ഷേ ചില കാര്യങ്ങളിൽ സർക്കാരിന്റെ പിടിയിലേയ്ക്കുമാത്രം കാര്യങ്ങൾ എത്തിക്കുന്ന പ്രവണതകളെ എതിർത്തുകൊണ്ട് എന്റെ വിയോജിപ്പ് അറിയിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, സഹകരണമേഖലയെ ശക്തിപ്പെടുത്താനും സഹകരണമേഖലയിലെ ദുഷ്പ്രവണതകളെ ഇല്ലായ്മ ചെയ്യാനും അതോടൊപ്പം കാലാനുസൃതമായ നവീകരണം സഹകരണമേഖലയിൽ കൊണ്ടുവരികയെന്നുമുള്ള ലക്ഷ്യമിട്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. ഇവിടെ സംസാരിച്ചപ്പോൾ പ്രത്യേകിച്ച് മന്ത്രിമാർ പലയാവർത്തി പറഞ്ഞകാര്യം കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ അല്ലെങ്കിൽ ഇപ്പോൾ കോ-ഓപ്പറേറ്റീവ് മേഖലയിലേയ്ക്കുള്ള കടന്നുകയറ്റം നമ്മുടെ ഈ മേഖലയ്ക്ക് വലിയൊരു വെല്ലുവിളിയായിരിക്കും; അല്ലെങ്കിലത് നമ്മുടെ ഈ മേഖലയെ ദുർബലപ്പെടുത്തുവാൻ സാധ്യതയുണ്ട്. ആ നിലയ്ക്ക് നമ്മൾ അതിനെ ചെറുക്കേണ്ടതുണ്ട്. ഞാൻ അതിനോടെല്ലാം പൂർണ്ണമായും യോജിക്കുകയാണ്. നമുക്ക് നമ്മുടെതായ സംസ്കാരമുള്ള സഹകരണമേഖല/ സഹകരണ പ്രസ്ഥാനമുണ്ട്. ഇന്ന് കേരളത്തിന്റെ സമ്പദ്ഘടന പരിശോധിക്കുകയാണെങ്കിൽ one of the strong pillar

എന്നുപറയുന്നതുതന്നെ സഹകരണമേഖലയിലെ നമ്മുടെ സാന്നിദ്ധ്യമാണ്. ഒരുപാടുകാലങ്ങൾകൊണ്ട് സ്വാഭാവികമായും ജൈവമായും വളർന്നുവന്ന സിസ്റ്റമാണ്. അതിന് അതിന്റേതായ നീതിയും നന്മയും എല്ലാ നിലയ്ക്കുമുള്ള ശ്രദ്ധിയുമുണ്ടായിരുന്നു. പക്ഷേ, കഴിഞ്ഞ ഒരുപാടുകാലങ്ങളായി എനിക്ക് തോന്നുന്നത് ഇന്ന് സഹകരണമേഖലയിലെ ഏറ്റവും വലിയ വെല്ലുവിളിയായി നിൽക്കുന്നത് ആ മേഖലയെ കടന്നുപിടിച്ചിട്ടുള്ള അഴിമതിയുടെ അഗാധമായ കരങ്ങളാണ്. അഴിമതിയുടെ കരങ്ങളിൽ സഹകരണമേഖല അമർന്നുപോയാൽ അതുതകരാൻ വേറെയൊന്നും വേണ്ടിവരില്ല. നമ്മളെ ഞെട്ടിക്കുന്ന എത്രയെത്ര വലിയ അഴിമതിയുടെ കഥകളാണ് ഇപ്പോൾ സഹകരണമേഖലയിൽ കേൾക്കുന്നത്. ഏറ്റവും ഒടുവിലായി, കഴിഞ്ഞ ദിവസങ്ങളിൽ വലിയ ചർച്ചയ്ക്ക് വിധേയമായ നമ്മുടെ കരുവന്നൂർ ബാങ്ക് തട്ടിപ്പ്. ആ കരുവന്നൂർ ബാങ്ക് തട്ടിപ്പിൽ എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കാൻ ശ്രമിച്ചാൽ യഥാർത്ഥത്തിൽ എല്ലാവരും സ്തബ്ധരായി പോകും. ഗ്രാമത്തിലുള്ള സാധാരണക്കാരായ അധ്വാനിക്കുന്ന പാവപ്പെട്ടവൻ, അവൻ വിശ്വസിച്ച് ബാങ്കിൽ കൊണ്ടുവന്ന് നിക്ഷേപിച്ച ഒന്നും രണ്ടും രൂപയല്ല, നൂറ് കോടി രൂപയാണ് നഷ്ടമായത്. ആദ്യമായി

പരാതി പോലീസിന്റെ മുമ്പിൽവരുന്നു. ഞാൻ ചോദിക്കുന്നത്; ഈ നൂറ് കോടിരൂപ തട്ടിപ്പ് നടത്തുന്നതിന്റെ ഇടയിൽ നമ്മുടെ സഹകരണ ഡിപ്പാർട്ടുമെന്റിന് ഇതുപോലെയുള്ള malpractice-കളെയും ഇതുപോലെയുള്ള കാര്യങ്ങളെയും തിരിച്ചറിയാനുള്ള ഒരു സംവിധാനവും ഇല്ലാഞ്ഞിട്ടാണോ; ഈ സിസ്റ്റമത് capture ചെയ്യാഞ്ഞിട്ടാണോ? ഈ സിസ്റ്റം capture ചെയ്യാനും അല്ലെങ്കിൽ സിസ്റ്റത്തെ മനസ്സിലാക്കാനും കഴിയാഞ്ഞിട്ടല്ല. ആ സിസ്റ്റത്തിന്റെ മുകളിലുള്ള വലിയ influence കടന്നുവരുമ്പോഴാണ് അല്ലെങ്കിൽ സിസ്റ്റത്തിന് വർക്ക് ചെയ്യാൻ സാധിക്കാതെ വരുമ്പോഴാണ്. ഇതുപോലുള്ള വലിയ അഴിമതി കഥകൾ പുറത്തുവരുമ്പോഴെല്ലാം അതിന്റെ പിന്നിൽ വലിയ രാഷ്ട്രീയബന്ധങ്ങളെയും അധികാര ബന്ധങ്ങളെയും നമുക്ക് കാണാൻ കഴിയും. അധികാരസ്ഥാനങ്ങളിൽ നിന്നുള്ള സംരക്ഷണവും തണലുമില്ലാതെ ഇതുപോലുള്ള അഴിമതികൾ സാധ്യമല്ല. ബിജു എന്ന് പേരുള്ള കേവലം ഒരു ബാങ്ക് മാനേജർ വിചാരിച്ചാൽ ഒരു ദിവസം 100 കോടി രൂപ തട്ടിക്കൊണ്ടുപോകാൻ സാധിക്കുമോ; ഒരു കാരണവശാലും സാധിക്കില്ല. ഒരു സഹകരണ സ്ഥാപനത്തിന് മാനേജിംഗ് ബോഡിയോ ഡയറക്ടർ ബോർഡോ ഉണ്ടെങ്കിൽ ആ ബോർഡ് അറിഞ്ഞതിനുശേഷം

മാത്രമേ ലോൺ പാസ്സാക്കാവൂ എന്നാണ് സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച അടിസ്ഥാന തത്വങ്ങളിൽ പറഞ്ഞിരിക്കുന്നത്. അവിടത്തെ ഡയറക്ടർ ബോർഡോ പ്രസിഡന്റോ ഒന്നും അറിയാതെ ആ ബാങ്കുമായി യാതൊരു ബന്ധവുമില്ലാത്ത നിരവധി ആളുകൾക്ക് ഒരേ പ്രോപ്പർട്ടിയിന്മേൽ പത്തും അൻപതും നൂറും ലോണുകൾ സാങ്ഷൻ ചെയ്തു നൽകി. കേവലം ഒരു മാനേജരോ ഉദ്യോഗസ്ഥനോ മാത്രമെഴുതുന്ന വാല്യുവിന്റെ അടിസ്ഥാനത്തിൽ നൂറ് കണക്കിന് illegal loans ഇഷ്യൂ ചെയ്ത് അവർ ആ പണവുമായി പോകുന്നു. മറുവശത്ത് ഈ പണം റിസീവ് ചെയ്ത ആളെക്കുറിച്ച് അന്വേഷിച്ചപ്പോൾ, അവിടെ വൻതോതിൽ പണം പലിശയ്ക്ക് കൊടുക്കുന്ന ആളാണെന്നും മാർക്കറ്റിൽ 500 കോടി രൂപ വരെ പലിശയ്ക്ക് കൊടുത്തിട്ടുണ്ടെന്നുമാണ് പറഞ്ഞു കേൾക്കുന്നത്. അയാൾക്ക് എങ്ങനെയാണ് ഇത്രയും വലിയ തുക പലിശയ്ക്ക് കൊടുക്കാൻ സാധിച്ചതെന്ന് ആധികാരികമായി വിവരങ്ങൾ പുറത്തുവരാതെ പറയാൻ സാധിക്കില്ല. ഇതുമായി ബന്ധപ്പെട്ട റിമാൻഡ് റിപ്പോർട്ടിൽ വന്നിട്ടുള്ള പരാമർശങ്ങൾ ഓരോ അംഗങ്ങളും പ്രത്യേകിച്ച് ഭരണപക്ഷത്തുള്ള സി.പി.ഐ.(എം)-ന്റെ

പ്രധാനപ്പെട്ട നേതാക്കന്മാരൊക്കെ മനസ്സിരുത്തി ആലോചിക്കുന്നത് നല്ലതാണ്.

മി.സ്പീക്കർ: ഇതൊക്കെ പത്രങ്ങളിൽ വന്ന കാര്യങ്ങളാണ്. ഡോ. മാത്യു കുഴൽനാടൻ ബില്ലിലേയ്ക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, സഹകരണ മേഖലയെ ശക്തിപ്പെടുത്തുകയും ശുദ്ധീകരിക്കുകയും സഹകരണ മേഖലയിലെ അഴിമതികളെ തടയുകയും ചെയ്യുകയെന്നതാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യം. (ബഹളം).. ഇപ്പോൾ അഴിമതി നടക്കുന്നത് എങ്ങനെയാണ്?.... (ബഹളം).. നിങ്ങൾക്ക് എന്താണ് അറിയേണ്ടത്? നിങ്ങൾ ഇത് കേൾക്കൂ. എന്നെ ആവശ്യമില്ലാതെ പ്രൊവോക്ക് ചെയ്താൽ ഞാൻ പറയേണ്ടതെല്ലാം ഇവിടെ പറയും. മാന്യതവിട്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നയാളല്ല ഞാൻ. രണ്ട് ദിവസമായി ഞാൻ ശ്രദ്ധിക്കുന്നു, ആവശ്യമില്ലാതെ എന്നെ പ്രകോപിപ്പിക്കുകയാണ്. ഞാനിത് പറയാതെ ഇവിടുന്ന് പോകുകയില്ല. നിങ്ങൾ ഒച്ചയെടുത്തതുകൊണ്ട് ഞാൻ നിർത്തുകയില്ല. ഒച്ചയെടുത്ത് എന്റെ വായ് അടപ്പിക്കാമെന്ന് വിചാരിക്കേണ്ട. നിങ്ങൾ ആരെയാണ് ഭയപ്പെടുത്തുന്നത്?

മി.സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, ചെയറിനെ നോക്കി സംസാരിക്കൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, രണ്ട് ദിവസമായി ഞാൻ ശ്രദ്ധിക്കുന്നു. ഞാൻ വളരെ മാന്യമായിട്ടും കാര്യ ഗൗരവവുമുള്ള കാര്യങ്ങൾ പരാമർശിക്കുമ്പോൾ... (ബഹളം)...ആരോപണവിധേയമായ കേസ്സിലെ deposition പറയുകയാണ്..... other than the payments as stated above he also paid more than 14 crores to Satheesh Kumar out of the loan received from Karuvannur Service Co-operative Bank. He has also stated that Shri Satheesh Kumar was accompanied by Shri Aravindakshan, Panchayath President, Vadakkanchery and Shri Madhu, Councillor of Vadakkanchery Municipality and Mr. Jijor, who was acting as a middleman for Shri Satheesh Kumar.. (ബഹളം)

മി. സ്പീക്കർ: ഇതൊക്കെ നിരവധി പത്രങ്ങളിൽ വന്ന വാർത്തകളാണ്. അതൊന്നും ഇവിടെ വായിക്കേണ്ട കാര്യമില്ല. നിങ്ങൾ ബില്ലിലേയ്ക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: In the statement......(ബഹളം)

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ ബില്ലിലേയ്ക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതുകേൾക്കുമ്പോഴുള്ള പ്രശ്നം എന്താണ്; ഇതൊക്കെ നടന്നതല്ലേ; കരുവന്നൂർ ബാങ്കിൽ ഇതൊക്കെ നടന്നതല്ലേ; നടന്നതല്ലെന്ന് പറയാൻ സാധിക്കുമോ; ഇവിടെ വന്ന് ഒച്ചയെടുത്തിട്ട് കാര്യമില്ല. തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ ബാങ്കിൽ എന്താണ് നടന്നതെന്ന് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, താങ്കൾക്ക് അറിയില്ലേ; ഇവിടെ വന്ന് ഒച്ചയെടുത്തിട്ട് കാര്യമില്ല. കാര്യങ്ങൾ ഇനിയുമുണ്ട്. ..... (ബഹളം).. എനിക്ക് പറയാനുള്ളത് ഞാൻ പറയും. എന്നെ സംസാരിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: നിങ്ങൾ എന്തിനാണ് അങ്ങോട്ട് നോക്കുന്നത്; ഇങ്ങോട്ടുനോക്കി സംസാരിക്കൂ. ബില്ലിലേയ്ക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ അങ്ങോട്ട് നോക്കുന്നില്ല. എനിക്ക് സംസാരിക്കാനുള്ള അവസരമുണ്ടാക്കണം.

മി. സ്പീക്കർ: യെസ്, സംസാരിക്കൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിനുശേഷം റിമാൻഡ് റിപ്പോർട്ടിലുള്ള ഒരു പരാമർശം ......Shri Satheesh Kumar is the benami

of a high profile politician Sitting Member of Legislative Assembly. ഞാനും നിങ്ങളും ഇരിക്കുന്ന സഭയിൽ ....(ബഹളം)

മി.സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, നിങ്ങൾ നിരന്തരമായി സഭയ്ക്കകത്ത് പ്രശ്നങ്ങൾ ഉണ്ടാക്കി സംസാരിക്കരുത്. പ്ലീസ് ബില്ലിലേയ്ക്ക് വരൂ. കഴിഞ്ഞ കുറെ ദിവസങ്ങളായി ബില്ലിന്മേലുള്ള ചർച്ചയല്ലേ ഇവിടെ നടന്നത്. നിങ്ങൾ ബില്ലിനകത്തുനിന്ന് സംസാരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട അങ്ങേയ്ക്ക് സഭ നിയന്ത്രിക്കാൻ കഴിയണം. റൂളിനും ചട്ടത്തിനും വിരുദ്ധമായി ഞാൻ എന്തെങ്കിലും പറയുകയാണെങ്കിൽ അത് ബഹുമാനപ്പെട്ട അങ്ങേയ്ക്ക് തിരുത്താം. ഇത് അനുവദിക്കാൻ കഴിയുന്നതല്ല.

മി. സ്പീക്കർ: നിങ്ങൾ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസാരിക്കണം. കരുവന്നൂർ വിഷയം നിരവധി തവണ സഭ ചർച്ച ചെയ്തതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അഴിമതി തടയുകയെന്നതാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. അങ്ങനെ വരുമ്പോൾ ഈ സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ അഴിമതിയെക്കുറിച്ച്, എങ്ങനെയാണ് ഈ അഴിമതി

ഉണ്ടായതെന്ന് പരാമർശിക്കുമ്പോൾ എന്തിനാണ് നിങ്ങൾ ബഹളം വയ്ക്കുന്നത്; നിങ്ങളുടെ പ്രശ്നം എന്താണ്; Satheesh Kumar is a benami of a high-profile politician, being sitting Member of Legislative Assembly, State of Kerala and ex-MP and high ranked police officer and was managing the funds of the high-profile persons. ഹൈ-പ്രൊഫൈലിലുള്ള ആളുകൾ ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നത് .... (ബഹളം)...

മി.സ്പീക്കർ: റൂളും ചട്ടവും പാലിക്കാത്ത ഒരു കാര്യവും സഭാ രേഖയിൽ ഉണ്ടാകില്ല.+

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നാലാമത്തെ ബില്ലിനെകുറിച്ചാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. ഇവിടെ എത്രപേർ ബില്ലിലെ കാര്യംമാത്രം സംസാരിച്ചു; ഡോ. മാത്യൂ കുഴൽനാടൻ സംസാരിച്ചപ്പോൾ ബില്ലിന് പുറത്ത് സംസാരിച്ച കാര്യങ്ങൾ സഭാ രേഖയിൽ ഉണ്ടാകരുതെന്ന് ബഹുമാനപ്പെട്ട അങ്ങ് റൂളിംഗ് നൽകി.

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.15880/ഇ.ബി./2023/നി.സെ. തീയതി 21-09-2023) സഭാരേഖയിൽ നിലനിർത്തി.

മി.സ്പീക്കർ: കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട വിഷയം നിരവധി തവണ ചർച്ച ചെയ്തതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete. ഇവിടെ ബില്ലിന് പുറത്ത് ധാരാളം ആളുകൾ സംസാരിച്ചു. ഇന്നലെയും മിനിഞ്ഞാന്നും സഭ ചർച്ച ചെയ്തതുൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ സംസാരിച്ചു. ഡോ. മാത്യു കുഴൽനാടൻ ബില്ലിനുപുറത്ത് സംസാരിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിൽ ഉണ്ടാകാൻ പാടില്ലെന്ന് റൂൾ ചെയ്യാൻ അങ്ങേയ്ക്ക് അവകാശമുണ്ട്. പക്ഷെ വേറൊരാളും ബില്ലിനുപുറത്ത് സംസാരിക്കുന്നത് സഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: യെസ്, ചെയർ ഇടപെടാം. പ്ലീസ്, പ്ലീസ്. ശ്രീ. സി. ആർ. മഹേഷ്, അങ്ങ് അങ്ങയുടെ സീറ്റിൽ പോയിരിക്കു. യെസ്, യെസ്, ഡോ. മാത്യു കുഴൽനാടൻ, നിങ്ങളുടെ സമയം അധികരിക്കുകയാണ്. ഇനി അവസരം തരില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് പറയുന്നത് ഞങ്ങൾ കേൾക്കുന്നുണ്ട്. പക്ഷെ അങ്ങ് പറഞ്ഞാൽ അപ്പുറത്തുള്ളവർ

കേൾക്കുന്നില്ലെന്ന് പറയുന്നത് അങ്ങയെ അപമാനിക്കുന്നതിന് തുല്യമാണ്.... (ബഹളം)...

മി.സ്പീക്കർ: ഇതിനുമുമ്പ് സംസാരിച്ചവർ പത്ത് മിനിറ്റ് മാത്രമേ എടുത്തിട്ടുള്ളൂ. പ്ലീസ് ബില്ലിലേയ്ക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. എങ്ങനെയാണ് ഇങ്ങനെയുള്ളയാളുകൾ ഇത്രയും വലിയ അഴിമതിക്ക് കാരണമാകുന്നതെന്ന് അറിയാമോ? ഈ റിമാൻഡ് റിപ്പോർട്ടിൽ ഒരു കാര്യംകൂടി പറയുന്നുണ്ട്. ഈ വ്യക്തി കോടിക്കണക്കിന് രൂപ ഒരു ഈടുമില്ലാതെ ലോൺ നൽകിയിട്ട് ഗുണ്ടകളെവിട്ട് വിരട്ടിയാണ് പണം പിരിച്ചെടുക്കുന്നത്. Such acts were intermediated by Aravindakshan, President, Vadakkacherry Grama panchayat and Madhu, Counsillor of Vadakkacherry Municipality, both belonging to the CPI(M).

മി. സ്പീക്കർ: യെസ്, യെസ്, ബില്ലിലേയ്ക്ക് വരൂ. റിമാൻഡ് റിപ്പോർട്ടുകൾ പലതും ശരിയാകണമെന്നില്ല. നിങ്ങൾ ഒരു അഡ്വക്കേറ്റ് അല്ലേ? subjudice ആയ കാര്യം എങ്ങനെയാണ് guilty ആണെന്ന് പറയാൻ

സാധിക്കുന്നത്; unless guilty is proved? ഒരാൾ എങ്ങനെയാണ് guilty എന്ന് പറയാൻ സാധിക്കുക. ബഹുമാനപ്പെട്ട അങ്ങ് ഒരു practising lawyer അല്ലേ; ഒരു കേസുമായി ബന്ധപ്പെട്ട് ഒരാളെ റിമാൻഡ് ചെയ്താൽ അയാൾ പ്രതിയാകുമോ? അങ്ങനെയാണെങ്കിൽ ഞങ്ങളൊക്കെ നിരവധി കേസ്സുകളിൽ റിമാൻഡ് ചെയ്യപ്പെട്ടവരാണ്. കേസിൽ റിമാൻഡ് ചെയ്താൽമാത്രം അയാൾ പ്രതിയാകില്ല.

Dr. Mathew Kuzhalnadan: Sir, Is there anything which prohibits. If you are confident, just rule it on this point, if there is anything which stop from referring the remand report.

മി. സ്പീക്കർ: Nobody is guilty until guilty is proved. ആ ഒരു അടിസ്ഥാന തത്വം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഒരു അഡ്വേക്കറ്റാണ്. ഞങ്ങളൊന്നും പ്രാക്ടീസ് ചെയ്തിട്ടില്ല. പക്ഷെ basic structure നിങ്ങൾ മനസ്സിലാക്കണം. Nobody is guilty until guilty is proved. ആ മിനിമം ധാരണയെങ്കിലും നിങ്ങൾക്കുണ്ടാകണം. അങ്ങനെയാണെങ്കിൽ റിമാൻഡ് ചെയ്യപ്പെട്ട പല മെമ്പർമാരും ഇവിടെയുണ്ട്. അവരൊക്കെ പ്രതികളാണോ? റിമാൻഡ് ചെയ്തതുകൊണ്ടുമാത്രം ഒരാൾ കുറ്റക്കാരനാകുകയില്ല. ആ ഒരു

ബേസിക് നോളഡ്ജെങ്കിലും ഡോ. മാത്യു കുഴൽനാടന് ഉണ്ടാകണം. നിങ്ങൾ പ്രാക്ടീസിംഗ് ലോയറാണ്. ആ ഒരു ബേസിക് ധാരണയുണ്ടാകണം. എപ്പോഴും നിയമത്തെക്കുറിച്ച് ഒരു അതോറിറ്റി എന്ന രീതിയിൽ സംസാരിക്കാൻ പാടില്ല. ബഹുമാനപ്പെട്ട അങ്ങ് ഇന്നലെ 20 മിനിറ്റ് സംസാരിച്ചു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേൾക്കാൻ നിങ്ങൾ നിന്നോ? ഇല്ലല്ലോ, ഇറങ്ങി പോകുകയല്ലേ ചെയ്തത്. അതുകൊണ്ട് സമയം അനുവദിക്കാൻ സാധിക്കുകയില്ല. അവസാനിപ്പിക്കുകയാണെങ്കിൽ പെട്ടെന്ന് അവസാനിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത്രയും പറഞ്ഞ നിലയ്ക്ക്, റിമാൻഡ് റിപ്പോർട്ട് നിയമസഭയിൽ റെഫർ ചെയ്യാൻ പാടില്ലെന്ന് എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ; റിമാൻഡ് റിപ്പോർട്ട് റെഫർ ചെയ്യുന്നത് illegal ആണെന്നോ ചട്ടവിരുദ്ധമാണെന്നോ ഒരു നിലപാടുണ്ടോ; അഴിമതിയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ എന്തിനാണ് അസ്വസ്ഥരാകുന്നത്? അതിനകത്തുള്ള മൊഴിയാണ് ഞാൻ വായിച്ചത്. അല്ലാതെ റിമാൻഡ് ക്വാട്ട് എന്നുപറഞ്ഞ് പരാമർശിക്കാൻ പാടില്ലാത്ത കാര്യമാണോ? It's a public document of the record.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, നിങ്ങൾ കൺക്ലൂഡ് ചെയ്യുന്നില്ലെങ്കിൽ ഞാൻ forceful ആയി മൈക്ക് ഓഫ് ചെയ്യും. പ്ലീസ്,

ഡോ. മാത്യു കുഴൽനാടൻ: Sir, last time also, you switched off my mike which was not at all advisable. ഒരു കാരണവശാലും ഒരു മെമ്പറുടെ മൈക്ക് ഓഫ് ചെയ്ത് പ്രസംഗം അവസാനിപ്പിക്കേണ്ടതല്ല.

Mr. Speaker: If you are not obeying the rule, I will forcefully switch off your mike.

ഡോ. മാത്യു കുഴൽനാടൻ: എപ്പോഴും നിങ്ങൾക്ക് കൺവീനിയന്റായിട്ടുള്ള കാര്യങ്ങൾ മാത്രം പറയണമെന്ന് വാശിപിടിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: നിങ്ങൾക്കുമുമ്പ് സംസാരിച്ച രണ്ടുപേരും ഇവിടെ പത്ത് മിനിറ്റ് മാത്രമേ എടുത്തിട്ടുള്ളൂ. യെസ്, യെസ്,

ഡോ. മാത്യു കുഴൽനാടൻ: സർ, സഹകരണ മേഖലയിൽ ഉണ്ടാകാൻ സാധ്യതയുള്ള അഴിമതി നിയന്ത്രിക്കുകയെന്നതാണ് ഈ ബില്ലിന്റെ ഏറ്റവും വലിയ ഉദ്ദേശ്യം. അതിനെ സംബന്ധിച്ച് നിയമസഭയിൽ പറയാൻ പാടില്ലെന്ന് പറഞ്ഞാൽ പിന്നെ എവിടെയാണ് പറയേണ്ടത്?

മി.സ്പീക്കർ: ബഹുമാനപ്പെട്ട അങ്ങ് അത് പ്രസന്റ് ചെയ്തു. യെസ്, പ്ലീസ് കൺക്ലൂഡ്. ബഹുമാനപ്പെട്ട അങ്ങയുടെ പോയിന്റ് കംപ്ലീറ്റ് ചെയ്തു. പ്ലീസ് അങ്ങ് കൺക്ലൂഡ് ചെയ്യൂ. സഹകരണ മേഖലയിൽ അഴിമതി അവസാനിക്കണമെന്ന നിങ്ങളുടെ പോയിന്റ് വ്യക്തമാണ്. അതിൽ രണ്ടുപക്ഷത്തുനിന്നുള്ള ആർക്കും വ്യത്യസ്ത അഭിപ്രായമില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, സഹകരണ സ്ഥാപനങ്ങളെ രാഷ്ട്രീയപരമായി പിടിച്ചെടുക്കുകയും സംരക്ഷണം നൽകുകയും ഉപയോഗിക്കുകയും ചെയ്യുമ്പോഴാണ് ഇതുപോലുള്ള വലിയ അഴിമതിക്ക് കളമുണ്ടാകുന്നത്. (ബഹളം)..

മി. സ്പീക്കർ: യെസ്, യെസ്, point is clear.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് പറയുമ്പോൾ നിങ്ങൾ അസ്വസ്ഥരായിട്ട് എന്ത് കാര്യം; കഴിഞ്ഞ ദിവസം എനിക്കെതിരെ എന്തൊക്കെ പറഞ്ഞു. ചെയറിൽ നിന്നും ആരെങ്കിലും ഇടപെട്ടോ?

Mr. Speaker: Yes, yes, you are not ready to conclude, so sorry member, I am turning off your mike.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് എറ്റവും കാര്യക്ഷമതയോടെ നിർവ്വഹിക്കപ്പെടേണ്ട മേഖലയാണ് സഹകരണ രംഗം. സഹകരണ മേഖലയിൽ അഴിമതിയുടെ സാഹചര്യങ്ങൾ അവസാനിക്കണമെന്ന നിലപാടാണ് ഡോ. മാത്യു കുഴൽനാടനും ശ്രീ. സണ്ണി ജോസഫുമടക്കം ഞങ്ങളെല്ലാവരും ചൂണ്ടിക്കാണിക്കുന്നത്. അതിൽ ഭരണ-പ്രതിപക്ഷഭേദമന്യേ എല്ലാവരും യോജിക്കുന്നുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഇതിനിടയിൽ ചൂണ്ടികാണിക്കുന്ന വിഷയങ്ങളെ സഹിഷ്ണുതയോടെ കേൾക്കുവാനും അതിന് മറുപടി പറയാൻ ശ്രമിക്കുകയും ചെയ്യുന്നതായിരിക്കും ഈ ഏറ്റുമുട്ടലുകളെക്കാൾ നല്ലതെന്ന വിനീതമായ അഭിപ്രായമാണ് എനിക്ക് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. നമുക്ക് എല്ലാവർക്കും ഇത് ബാധകമാണ്. ഞാൻ എന്തായാലും ബില്ലിന്റെ പരിധിക്കകത്തുനിന്ന് വളരെ ചുരുക്കി സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ കുറ്റമറ്റ രീതിയിൽ അവതരിപ്പിക്കുന്നതിനുള്ള ശ്രമം ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ നേതൃത്വത്തിലുണ്ടായി എന്നുള്ളത് സ്വാഗതാർഹമാണ്. സെലക്ട് കമ്മിറ്റി അംഗങ്ങളെയെല്ലാം വിശ്വാസത്തിലെടുത്തുകൊണ്ടും എല്ലാവരെയും

സഹകരിപ്പിച്ചുകൊണ്ടും തുറന്ന മനസ്സോടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള പരിശ്രമം ഈ ബിൽ പൈലറ്റ് ചെയ്യുന്ന മന്ത്രിയെന്ന നിലയിൽ സഹകരണ വകുപ്പുമന്ത്രി ചെയ്തിട്ടുണ്ടെന്ന് പറയുന്നതിൽ പ്രതിപക്ഷ അംഗങ്ങളാണെങ്കിലും ഞങ്ങൾ അതിനെ വസ്തുതാപരമായി ഉൾക്കൊണ്ടുകൊണ്ട് സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ ഈ ബില്ലിൽ കടന്നുകൂടിയ നിരവധി പ്രശ്നങ്ങൾ ചൂണ്ടികാണിച്ചുകൊണ്ടാണ് വിയോജനക്കുറിപ്പ് നൽകിയത്. ആ വിയോജനക്കുറിപ്പിൽ ചൂണ്ടികാണിച്ച പ്രശ്നങ്ങൾ പരിശോധിക്കാനും പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനെ വിശ്വാസത്തിലെടുത്തുകൊണ്ട് ഈ കാര്യങ്ങൾ സംസാരിക്കാൻ തയ്യാറായത് ഉന്നതമായ ജനാധിപത്യമൂല്യം ഉൾക്കൊള്ളുന്ന സമീപനമായി കാണുന്നതിൽ തെറ്റില്ലെന്ന് ഞാൻ കരുതുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമടക്കം സംസാരിച്ച് ധാരണയിലേയ്ക്ക് വരാൻ കഴിഞ്ഞതും ബിൽ പൊതു സ്വീകാര്യതയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നതും നല്ല കാര്യമാണെന്നതിൽ സംശയമില്ല. അതുകൊണ്ടുതന്നെ വിമർശനാത്മകമായി കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ പോകുന്നത് ഉചിതമല്ലായെന്ന് ഞാൻ

കരുതുന്നു. പ്രധാനപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി തുടക്കത്തിൽത്തന്നെ രേഖപ്പെടുത്തുകയുണ്ടായി. എറ്റവും പ്രധാനമായിട്ടുണ്ടായിരുന്നത് ഭരണസമിതിയിൽ ഒരംഗത്തിന് തുടർച്ചയായി രണ്ടുതവണയിൽ കൂടുതൽ അംഗങ്ങളാകാൻ പാടില്ലെന്ന നിലപാടായിരുന്നു. അത് എന്തായാലും തിരുത്താൻ തയ്യാറായി, മൂന്ന് തവണയാക്കി മാറ്റിയെന്നുള്ളതും നല്ല കാര്യം തന്നെയാണ്. പാർലമെന്റിലും നിയമസഭയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമെല്ലാം എത്ര തവണ വേണമെങ്കിലും ജനപ്രതിനിധിയായി മത്സരിക്കാവുന്ന ജനാധിപത്യ സംവിധാനം നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഫോളോ ചെയ്യുമ്പോൾ തീർച്ചയായിട്ടും സഹകരണ സ്ഥാപനങ്ങളെ മാത്രം ഒഴിവാക്കുന്നതിന് നമ്മൾ ന്യായം പറയുന്നത് കൂടുതൽ തവണ പ്രതിനിധികളായി തെരഞ്ഞെടുത്താൽ അവിടെ അഴിമതി നടക്കാനിടയുണ്ടെന്നാണ്. അഴിമതി നടക്കുന്നതിന്റെ അടിസ്ഥാനം ദീർഘനാൾ ഇരിക്കുന്നത് മാത്രമാണെന്ന് കരുതാൻ സാധിക്കില്ല. കൂടുതൽ കാലം ഭരണസമിതിയിൽ ഇരിക്കുന്ന പരിചയസമ്പന്നരായ ആളുകൾ എറ്റവും നല്ല നിലയിലും മെച്ചപ്പെട്ട നിലയിലും ബാങ്കുകളെ കാര്യക്ഷമതയോടെ മുന്നോട്ടുനയിക്കാൻ കരുത്ത്

നൽകുന്ന സഹകരണ രംഗത്തെ പ്രഗത്ഭരായ സാധാരണക്കാരായ പൊതുപ്രവർത്തകർ നമ്മുടെ സംസ്ഥാനത്തുണ്ടെന്ന കാര്യം വിസ്മരിക്കാൻ പാടില്ലാത്തതാണ്. ഒറ്റപ്പെട്ട അഴിമതികൾ കടന്നുവരുന്നുണ്ടെങ്കിൽ തീർച്ചയായും അത് അവസാനിപ്പിക്കേണ്ടതാണ്. അതോടൊപ്പംതന്നെ നല്ല നിലയിൽ ദീർഘകാലമായി നിരവധി വർഷങ്ങളായി വളരെ സത്യസന്ധതയോടെ, അഴിമതിരഹിതമായി മാന്യമായി സഹകരണ ബാങ്കുകളെ മുന്നോട്ടുകൊണ്ടുപോകുന്ന പ്രഗത്ഭരായ, സാധാരണക്കാരായ പൊതുപ്രവർത്തകരെ ആദരവോടുകൂടിതന്നെയാണ് നമുക്ക് കാണാൻ കഴിയുന്നത്. സഹകരണ മേഖല സംരക്ഷിക്കപ്പെടണമെന്നതിൽ തർക്കമില്ല. കാരണം കേരളത്തിലെ കൃഷിക്കാർക്കും സാധാരണക്കാരായ തൊഴിലാളികൾക്കും സാധാരണ മനുഷ്യർക്കും വ്യാപാരികൾക്കും നമ്മുടെ നാട്ടിൽ സാമ്പത്തിക കാര്യങ്ങൾക്കുവേണ്ടി ഇടപെടാൻ കഴിയുന്നതും ആശ്രയിക്കാൻ കഴിയുന്നതും സഹകരണ സ്ഥാപനങ്ങളെ തന്നെയാണ്. സഹകരണ മേഖലയെ കടന്നാക്രമിക്കുന്ന, അധികാരങ്ങൾ കവർന്നെടുക്കാൻ ശ്രമിക്കുന്ന കേന്ദ്ര നിലപാട് വന്നപ്പോൾ അതിനെതിരെ കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ട് നിയമസഭതന്നെ ഐകകണ്ഠ്യേന പ്രമേയം

പാസാക്കി ആ കേന്ദ്ര നീക്കത്തിനെതിരെ ശക്തമായ താക്കീത് നൽകിക്കൊണ്ടും ആ നിലപാട് തീരുത്താൻ കേരളം ഒറ്റക്കെട്ടായി നിൽക്കുമെന്ന് ആർജ്ജവത്തോടെ പറയാൻ കഴിഞ്ഞ നിയമസഭയാണ് നമ്മുടെ കേരള നിയമസഭയെന്ന് പറയുന്നത് അഭിമാനകരമാണ്. അങ്ങനെ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിൽ പരസ്പരം സഹകരിക്കാൻ കഴിഞ്ഞത് ഈ രംഗത്ത് ജനങ്ങൾക്ക് നമ്മൾ നൽകുന്ന സംരക്ഷണവും സഹായവുമാണ്. ആ നിലയിൽത്തന്നെ ഈ ബിൽ കുറ്റമറ്റ നിലയിൽ പാസ്സാക്കാൻ കഴിയണം. സംഘം ഭരണസമിതിയെ പ്രാഥമിക അന്വേഷണത്തിൽക്കൂടി സസ്പെൻഡ് ചെയ്യുന്ന നടപടി ഒഴിവാക്കിയെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ രേഖപ്പെടുത്തുകയുണ്ടായി, അത് നല്ല കാര്യമാണ്. സംസ്ഥാന സർക്കാരിന്റെ എതെങ്കിലും ഉദ്യോഗസ്ഥനെ സഹകരണ സംഘം രജിസ്ട്രാറായി നിയമിക്കുക എന്നുള്ളതല്ല അതൊരു ഐ.എ.എസ്. ഉദ്യോഗസ്ഥനായിരിക്കണമെന്ന് പറഞ്ഞതും സ്വാഗതാർഹമാണ്. അധികാര കേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ശ്രീ. സണ്ണി ജോസഫ് ഒരു കാര്യം ചൂണ്ടികാണിക്കുകയുണ്ടായി. കേരളത്തിലെ സഹകരണ സംഘങ്ങൾക്ക് മുഴുവനും ബാധകമാകുന്ന

കോമൺ സോഫ്റ്റ്വെയറിന്റെ കാര്യത്തിൽ കേന്ദ്ര നിലപാടിനെ നമ്മൾ എതിർക്കുകയാണ്. കേന്ദ്രീകരണത്തിലേയ്ക്ക് വരുന്നത് ഗുണകരമല്ലായെന്ന പൊതുവെയുള്ള അഭിപ്രായം ഗവൺമെന്റ് പരിശോധിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ മൂന്ന് വർഷമെന്ന് ലിമിറ്റ് ചെയ്ത് നിയമം പാസ്സാക്കുമ്പോൾ അത് നിയമപരമായി നിലനിൽക്കുമോയെന്ന് ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്. ഈ കാര്യങ്ങളിൽ തീർച്ചയായിട്ടും മറ്റൊരു രീതിയിലുള്ള സംരക്ഷണമുണ്ടാകുന്നതിനുവേണ്ടി, ഭാവിയിൽ ഉപദ്രവമില്ലാതെ മുന്നോട്ടുപോകുന്നതിനുവേണ്ടി ഇക്കാര്യങ്ങൾ ഗവൺമെന്റ് ഒന്നുകൂടി പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുകയാണ്. അതുപോലെതന്നെ സർക്കാരിന്റെ നിർദ്ദേശപ്രകാരം രൂപീകരിക്കുന്ന കൺസോർഷ്യത്തിലേയ്ക്ക് സംഘങ്ങൾ പണം നൽകുന്നതിനുള്ള വ്യവസ്ഥയും professional education fund സ്റ്റാറ്റ്യൂട്ടറി റിസർവ് ആക്കുന്നതിനുള്ള വ്യവസ്ഥയും സാമ്പത്തിക സുസ്ഥിരതയെ തകർക്കുന്നതാണെന്ന അഭിപ്രായമുണ്ട്. ഇത് തെറ്റായ ധനവിനിയോഗത്തിനിടയാക്കുമെന്ന ആശങ്കയും ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. സംഘം വിപുലീകരണത്തിന്റെ ഭാഗമായി

യാതൊരുവിധ അനുബന്ധ സ്ഥാപനങ്ങളും ആരംഭിക്കാൻ സാധിക്കാത്ത രീതിയിൽ പ്രധാന നിയമത്തിലെ വകുപ്പ് 14 എഎ-യിൽ വരുത്തുന്ന ഭേദഗതി ഒഴിവാക്കുന്നത് ഉചിതമാണെന്ന നിർദ്ദേശവും മുന്നോട്ടുവയ്ക്കുകയാണ്. ഇങ്ങനെയുള്ള വിവിധ കാര്യങ്ങൾകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് പരമാവധി കുറ്റമറ്റ നിലയിൽ ഈ ബിൽ കൊണ്ടുവരാൻ ഗവൺമെന്റ് നടത്തിയ പരിശ്രമവും വകുപ്പുമന്ത്രി നടത്തിയ പരിശ്രമവും പ്രത്യേകമായി ഞങ്ങളെല്ലാം മാനിക്കുന്നു. എന്നാൽ അതോടൊപ്പംതന്നെ ഈ ബിൽ കുറ്റമറ്റ രീതിയിൽ പാസ്സാക്കിയെടുക്കുന്നതിന് ഭേദഗതികളിലൂടെ വിവിധ കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അതെല്ലാം പരമാവധി പരിഗണിക്കാനും കുറ്റമറ്റ നിലയിൽ കേരളത്തിന്റെ സഹകരണ മേഖലയെ കരുത്തുറ്റ നിലയിൽ മുന്നോട്ടുനയിക്കാൻ കഴിയുന്ന വിധത്തിൽ ഈ ബില്ലിനെ സംസ്ഥാനത്തിന് ഗുണകാരമാക്കി മാറ്റാൻ യോജിച്ചുനിന്ന് സഹകരണ മനോഭാവത്തോടെ കാര്യങ്ങൾ ചെയ്യാനുള്ള നല്ല നിലപാടാണ് പ്രതിപക്ഷവും സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായും ആ നിലയിൽ ഗവൺമെന്റും ഇക്കാര്യങ്ങളെ കാണണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ 15 അംഗ സെലക്ട് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തി സഹകാരികളുടെ അഭിപ്രായങ്ങൾ സ്വീകരിച്ച് വളരെ വിശദമായി ചർച്ച ചെയ്തതിനുശേഷമാണ് ഈ ബിൽ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. പൊതുവെ ഗൗരവക്കാരനെന്ന് തോന്നുന്ന മന്ത്രി വളരെ അനുകൂലമായ സമീപനങ്ങൾ എല്ലാ സ്ഥലത്തും സ്വീകരിക്കുകയും പറഞ്ഞ ഭേദഗതികളിൽ ചിലതെല്ലാം ഒരുവിധം അംഗീകരിക്കുകയും ചെയ്തുവെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

ഈ ബില്ലിലേയ്ക്ക് കടക്കുന്നതിനുമുമ്പ് എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. ശ്രീ. നരേന്ദ്ര മോദിയുടെ സഭയിലാണോ ഇരിക്കുന്നതെന്നാണ് ഞാൻ ഇപ്പോൾ സഭയിൽ ഇരിക്കുമ്പോൾ തോന്നിപ്പോയത്. ഒരംഗത്തിന് പറയുവാനുള്ളത് പറയുമ്പോൾ അത് സഹിഷ്ണുതയോടെ കേൾക്കാൻ ഒരു സഭയിൽ കഴിയുന്നില്ലെങ്കിൽ എവിടെയാണ് ജനാധിപത്യമുള്ളത്; എങ്ങനെയാണ് ഇതിനെ ജനാധിപത്യസഭയെന്ന് വിശദീകരിക്കാൻ സാധിക്കുന്നത്? അത് വലിയ

ഖേദകരമാണ്. ഈ നടപടിയിലൂടെ നമ്മൾ എവിടെയാണ് നിൽക്കുന്നതെന്ന് ഒരു സമയത്ത് തോന്നിപ്പോകുകയാണ്. ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെ രൂക്ഷമായി സംസാരിക്കുന്ന രൂപത്തിലേയ്ക്ക് വന്നു. ഞാൻ പുതിയ അംഗമാണ്. പക്ഷേ, കുറേ ദിവസത്തെ പരിചയമുണ്ട്. ഇങ്ങനെയാണോ അംഗങ്ങളോടും വിഷയങ്ങളോടും സമീപിക്കേണ്ടതെന്ന് തോന്നിപ്പോകുകയാണ്. ഡോ. മാത്യു കുഴൽനാടൻ ഒരു അഴിമതിയെക്കുറിച്ച് പറയുമ്പോൾ, അതിനെതിരായി എതിർവാദങ്ങൾ ഉന്നയിച്ചുകൊണ്ട് അതിനെ ഖണ്ഡിക്കാം, അതല്ലെന്ന് എതിർക്കാം. അതിനൊന്നും ഇവിടെ തടസ്സങ്ങളില്ല. പക്ഷേ മെമ്പറെ പറയാൻ അനുവദിക്കാത്തത് ആദ്യത്തെ അനുഭവമല്ല. അഴിമതിയെക്കുറിച്ച് പറയുമ്പോഴാണ് ഇത്രമാത്രം അസഹിഷ്ണുത ഉണ്ടാകുന്നത്. ഏതായാലും അതൊരു നല്ല പ്രവണതയല്ലെന്ന് മാത്രം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. കേട്ടപ്പോൾ വലിയ പ്രയാസം തോന്നി. മന്ത്രിമാർ ഉൾപ്പെടെ അത്തരത്തിൽ പെരുമാറിയത് ശരിയാണെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: യെസ്... ബില്ലിലേയ്ക്ക് വരൂ.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ബില്ലിലേയ്ക്ക് വരാം. ഈ ബില്ലിലെ ഒന്നുരണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇന്നിവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ഞാൻ ഇവിടെ പറയാൻ ഉദ്ദേശിച്ചതായിരുന്നു. അതിൽ ഒന്ന് ഭരണസമിതിയിലെ അംഗങ്ങളുടെ ടേമിനെക്കുറിച്ചാണ്. ഒരംഗത്തിന് തുടർച്ചയായി അംഗമാകാനുള്ള കാലയളവ് 'രണ്ട് ടേം' എന്നുള്ളത് 'മൂന്ന് ടേം' ആക്കി മാറ്റം വരുത്തിയിട്ടുണ്ട്. എന്തുകൊണ്ട് സഹകരണ സംഘങ്ങളിൽ മാത്രം ഇത്തരത്തിലുള്ള ടേമുകൾ തീരുമാനിക്കുന്നുവെന്നത് സംബന്ധിച്ചാണ് എനിക്കുള്ള വിയോജിപ്പ്. ലോക്സഭ, നിയമസഭ എന്നിവിടങ്ങളിലേയ്ക്ക് നിരവധി തവണ മത്സരിക്കാനുള്ള ജനാധിപത്യ അവകാശമുണ്ട്. പക്ഷേ, ആ ജനാധിപത്യ അവകാശം എന്തുകൊണ്ടാണ് സഹകരണ സംഘങ്ങളിൽ ഉണ്ടാകാത്തത്? അതുകൊണ്ട് ഈ വ്യവസ്ഥ മാറ്റണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അതിൽ അഴിമതിയുൾപ്പെടെ നടക്കുമെന്നുള്ളതുകൊണ്ടാണ്. പ്രത്യേകിച്ചും ഇന്നത്തെ പല സംഭവങ്ങളെയും അടിസ്ഥാനമാക്കിയാണ് അത്തരത്തിൽ തീരുമാനമെടുക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ടേം കൂടിയതുകൊണ്ട് മാത്രമാണോ

അഴിമതി ഉണ്ടാകുന്നത്. അതുകൊണ്ടാണോ ഇത്തരം സംഘങ്ങളിൽ ക്രമക്കേടുകൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നുള്ളത് പരിശോധിക്കേണ്ടതാണ്. അതല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. ഒരു ഭരണസമിതിയിലേയ്ക്ക് ഒരാൾ തെരഞ്ഞെടുക്കപ്പെട്ടാൽ, പല സംഘങ്ങളിലെയും വിശ്വാസ്യത എന്നുപറയുന്നത് അവിടത്തെ ഭരണ സമിതി, പ്രസിഡന്റ്, ആളുകൾ എന്നിവരോടുള്ള വിശ്വാസ്യതയുടെ ഭാഗമായാണ് ഇത്തരം സംഘങ്ങളിൽ നിക്ഷേപങ്ങൾ ഉണ്ടാകുകയും ആളുകൾ കൂടുതലായി വരികയും ചെയ്യുന്നത്. അതുകൊണ്ട് ഇത്തരത്തിൽ 'ടേം' എന്ന ഒരു മാനദണ്ഡം വയ്ക്കുന്നത് എത്രമാത്രം ശാസ്ത്രീയമാണെന്നുള്ള കാര്യത്തിലുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. മറ്റൊന്ന്, കേരളത്തിലെ സഹകരണ സംഘങ്ങൾക്ക് മുഴുവനും ബാധകമാകുന്ന പൊതു സോഫ്റ്റ്‌വെയർ എന്നതാണ്. അത് തീർച്ചയായും സംഘങ്ങളെ വരുതിയിൽ നിർത്താനുള്ള ഒരു ഉപാധിയായാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾത്തന്നെ സർക്കാർ നിർദ്ദേശിക്കുന്ന സുരക്ഷാക്രമീകരണങ്ങളും വ്യവസ്ഥകളും ഒക്കെ പാലിക്കുന്ന സോഫ്റ്റ്‌വെയറുകളാണ് എല്ലാ സംഘങ്ങൾക്കുമുള്ളത്. അത് ഓരോ സംഘവും വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ്. വലിയ മുതൽമുടക്കിൽ തന്നെയാണ്

അത്തരം സോഫ്റ്റ്‌വെയറുകൾ ഇന്ന് പ്രവർത്തിക്കുന്നത്. ക്രമക്കേടുകൾ ഒന്നുമില്ലാതെ സുതാര്യമായി പോകുന്ന സംഘങ്ങളെ പലയിടത്തും കാണാൻ സാധിക്കും. സോഫ്റ്റ്‌വെയറിന്റെ അപാകതകൾ കൊണ്ടല്ല പലയിടത്തും ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകുന്നത്. അതുകൊണ്ട് പൊതു സോഫ്റ്റ്‌വെയർ എന്ന ഒരു മാനദണ്ഡം വയ്ക്കുമ്പോൾ തീർച്ചയായും കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾക്കുകൂടി വഴിവയ്ക്കുന്നതാണ്. ഇത്തരത്തിലുള്ള സംഘങ്ങളെ കേന്ദ്ര സംവിധാനത്തിന്റെ നിരീക്ഷണത്തിലാക്കാനുംകൂടി ഉപകരിക്കുന്നതാണ്. അതുകൊണ്ട് അക്കാര്യത്തിലുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. മറ്റൊന്ന്, പോലീസ് നടപടിയിലേക്ക് എത്തിക്കുന്നത് സംബന്ധിച്ചാണ്. വിജിലൻസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അധികാരം നൽകുന്നത് സഹകരണ മേഖലയെ പോലീസ് സ്റ്റേഷൻ സംവിധാനമാക്കുന്നതിന് ഉപകരിക്കും. ആ ഭേദഗതിയോടുള്ള വിയോജിപ്പും രേഖപ്പെടുത്തുന്നു. ഗുണകരമായ ധാരാളം തീരുമാനങ്ങളും ഈ ഭേദഗതിയിലുണ്ട്. യുവാക്കൾക്കും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും പ്രാതിനിധ്യം കൊടുക്കുന്നുണ്ട്. ഇതൊക്കെ സഹകരണ പ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തുന്നതിന് സഹായിക്കുമെന്നതിൽ സംശയമില്ല. അതുപോലെ

സഹകരണ സംഘങ്ങളിൽ ജനാധിപത്യത്തിനും സഹകരണ തത്വങ്ങൾക്കും എതിരായ നിലപാടുകൾ എടുക്കുന്നത് ഗുണകരമാകില്ലെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. കരുവന്നൂർ സഹകരണ സംഘത്തെക്കുറിച്ച് പറയുമ്പോഴാണ് ഇവിടെ പ്രശ്നമുണ്ടായത്. കരുവന്നൂർ സഹകരണ ബാങ്കിനെ സംബന്ധിച്ച് പറയാതെ പോകാൻ സാധിക്കില്ല എന്നുള്ളതാണ്. കാരണം ഇപ്പോഴും അത് വളരെ പ്രസക്തമായ വിഷയമാണ്. അവിടെ നിക്ഷേപ തട്ടിപ്പിനിരയായി ജീവിത ദുരിതം പേറുന്ന ആയിരക്കണക്കിന് മനുഷ്യരെ നമുക്കവിടെ കാണാൻ കഴിയും. ഞാൻ ആ പ്രദേശത്തെ പല വീടുകളിലും പോയിട്ടുണ്ട്. പലയാളുകളും തൊഴിലുറപ്പ് തൊഴിലും സാധാരണ കൂലിപ്പണിയുമൊക്കെ ചെയ്ത് തങ്ങൾക്ക് ലഭിക്കുന്ന കാശ് മുണ്ട് മുറുക്കിയുടുത്ത് അതിൽനിന്ന് കഞ്ഞി കുടിച്ച് കുറച്ചുരൂപ മിച്ചം വച്ച് അത് ആ ബാങ്കിൽ കൊണ്ടുപോയി നിക്ഷേപിച്ചവരാണ് ബഹുഭൂരിഭാഗം ആളുകളും. അവർക്ക് തങ്ങൾ പ്രായമനുഭവിക്കുന്ന സമയത്ത് അല്ലെങ്കിൽ ഒരസുഖം വരുമ്പോൾ ആ തുക പിൻവലിച്ച് തങ്ങൾക്ക് രക്ഷയാണെന്ന് വിചാരിച്ചിരിക്കുന്ന ഒരു വലിയ വിഭാഗം അവിടെയുണ്ട്. അവർക്കൊന്നും അത്തരത്തിൽ പണം ലഭിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. പലരും ചികിത്സിക്കാൻ പണമില്ലാതെ മരണം

നടന്ന സംഭവമുൾപ്പെടെ ഉണ്ടായി. അക്കാര്യം നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. പക്ഷേ ആ പ്രശ്നത്തിന് ഇപ്പോഴും പരിഹാരമുണ്ടായിട്ടില്ല. ഈ നിക്ഷേപകർക്ക് പണം നൽകാൻ തയ്യാറായിട്ടില്ല. എവിടെ നിന്നാണ് പണം നൽകുന്നത്; എന്താണ് അതിൽ നടപടിയെടുക്കാൻ കഴിയുന്നത്; അത് എങ്ങനെ ചർച്ച ചെയ്യാതെ പോകുന്ന ഒരു സംഭവമായി കാണാൻ സാധിക്കും?

മി. സ്പീക്കർ: യെസ്...യെസ്.... സമയം കഴിഞ്ഞു. പോയിന്റ് കഴിഞ്ഞു.

ശ്രീമതി കെ. കെ. രമ: സർ, സമയം കഴിഞ്ഞിട്ടില്ല. പോയിന്റ് തന്നെയാണ് പറയുന്നത്. അതുകൊണ്ട് നിക്ഷേപകരുടെ പണം അടിയന്തരമായി തിരിച്ചുകൊടുക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്. അതുപോലെതന്നെ കേരള ബാങ്ക് കരുവന്നൂർ ബാങ്കിന് നൽകിയ വായ്പ സുരക്ഷിതമാക്കാനുള്ള ശ്രമമാണ് അവർ നടത്തിയത്. പ്രാഥമിക സംഘങ്ങളുടെ രണ്ടുലക്ഷം കോടി രൂപ കേരള ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. അപ്പെക്സ് ബാങ്ക് എന്ന നിലയിൽ സഹകരണ സ്ഥാപനത്തെയും സഹകാരികളെയും സഹായിക്കാൻ കേരള ബാങ്ക് എന്ന നിലയ്ക്ക് ഇപ്പോൾ ഒന്നും ചെയ്തിട്ടില്ല. നിക്ഷേപകന് ചികിത്സയ്ക്ക് പണം കിട്ടാതിരിക്കുമ്പോൾ,

മരണപ്പെട്ടിട്ടും ഇപ്പോൾ ശരിയാക്കാമെന്ന് ആവർത്തിക്കുന്നതിനുപകരം സഹകാരികൾക്ക് നിക്ഷേപങ്ങൾ തിരികെ കിട്ടാൻ പ്രായോഗികമായ നടപടികളുണ്ടാകണം. കേരള ബാങ്ക് രൂപീകരിച്ചതുതന്നെയാണ് ഇക്കാര്യത്തിൽ വലിയൊരു പ്രശ്നമായത്. സത്യത്തിൽ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ മുഴുവൻ നിക്ഷേപങ്ങളും കേന്ദ്രഗവൺമെന്റിന്റെ കീഴിൽ കൊടുക്കുകയാണ്. നേരത്തേ ത്രീ ടയർ ആയിരുന്നത് ടു ടയർ സിസ്റ്റമാക്കിയതിന്റെ ഭാഗമായി സംസ്ഥാന ബാങ്കിനെ, കേരള ബാങ്കിനെ പൂർണ്ണമായും കേന്ദ്ര സ്ഥാപനത്തിന് അടിയറവ് വയ്ക്കുന്ന സമീപനമുണ്ടായി. റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇവർക്ക് പണം കൊടുക്കാൻപോലും കഴിയാത്ത സാഹചര്യമുണ്ടായി. ഇത്തരം ബാങ്കുകളെ സഹായിക്കാൻ നേരത്തേ ജില്ലാ ബാങ്കുകളുണ്ടായിരുന്നു. ഇപ്പോൾ അതിന് സാധിക്കാതെ പോകുന്നത് കേരളാ ബാങ്ക് എന്നൊരു തീരുമാനത്തിലേക്ക് സർക്കാർ എത്തിയതിന്റെയുംകൂടി ഭാഗമായാണ്. അതിന്റെ ദുരന്തഫലമാണ് ഇപ്പോൾ കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഒരു ദശാബ്ദക്കാലമായി കരുവന്നൂർ അടക്കം നടന്നുകൊണ്ടിരിക്കുന്ന തട്ടിപ്പുകാർക്ക് സി.പി.ഐ.(എം.) അടക്കമുള്ള

ഭരണത്തിന്റെയും നേതൃത്വത്തിന്റെയും പിന്തുണയുണ്ട്. അവരെ സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ ഭരണ നേതൃത്വത്തിന്റെ നിർദ്ദേശ പ്രകാരമാണ് തട്ടിപ്പുകളിൽ നടപടി സ്വീകരിക്കാതിരിക്കുന്നത്. ഉദ്യോഗസ്ഥരെ സുരക്ഷിതമായി തിരിച്ചെടുത്തു. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും നേതൃത്വത്തിലുള്ള സംഘങ്ങൾ നടത്തിയിട്ടുള്ള തട്ടിപ്പുകൾ ഒതുക്കിതീർത്ത് ഒത്തുതീർപ്പുണ്ടാക്കി പ്രശ്നം തീർക്കാൻ ഉദ്യമിക്കുന്നത് ശരിയായ പ്രവണതയല്ല. ഏത് സ്ഥലങ്ങളിലുണ്ടായാലും അത് തീർക്കാനാവശ്യമായ നടപടികളാണുണ്ടാകേണ്ടത്. 2018-ലെയും 2019-ലെയും വെള്ളപ്പൊക്കവും തുടർന്ന് കോവിഡും അടച്ചിടലുമൊക്കെ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഇതിലെല്ലാം സഹായിക്കാൻ ആ സമയത്ത് സഹകരണ സംഘങ്ങളുണ്ടായിരുന്നു. നമുക്കറിയാം, നോട്ട് നിരോധന കാലത്ത് ജനങ്ങൾക്ക് താങ്ങായി നിന്നത് സഹകരണ സംഘങ്ങളാണ്. ഈ സഹകരണ സംഘങ്ങളെ പൊളിക്കാനുള്ള തീരുമാനങ്ങളുണ്ടാകരുത്. തട്ടിപ്പുകളെ പാർട്ടിക്കാർ ഒതുക്കി തീർക്കാനുള്ള സംവിധാനങ്ങളുണ്ടാകരുത്. ആ അഴിമതിയെ തുറന്നുകാണിക്കുമ്പോൾ അതിനെ സഹിഷ്ണുതയോടെ കേൾക്കാനും അത് പരിഹരിക്കാനുമുള്ള നടപടികൾ കൂടിയുണ്ടാകണം

എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബില്ലിലുള്ള വിയോജിപ്പ് ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ)ഭേദഗതി അവതരിപ്പിക്കുന്നു.

ഇവിടെ ശ്രീ. പി. അബ്ദുൽ ഹമീദ് പറഞ്ഞ കാര്യം തന്നെ ഞാൻ പറയുകയാണ്. സഹകരണം എന്നുപറയുന്നതുപോലെ എല്ലാ അർത്ഥത്തിലും സഹകരണം എന്ന രീതിയിലാണ് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷം ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ളവരെല്ലാവരും എടുത്ത നിലപാടുണ്ട്. നമ്മുടെ സഭ തന്നെ ഏകകണ്ഠമായൊരു തലത്തിലേക്ക് പോകുന്ന രീതിയിലെടുക്കണമെന്ന അഭിപ്രായമാണുള്ളത്. നേരത്തേ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 1969-ൽ രൂപീകരിച്ച ബില്ലിന്റെ 50-ാം വാർഷികം 2019-ൽ ആഘോഷിക്കുമ്പോഴാണ് ഒരു സമഗ്ര നിയമം ഇതുമായി ബന്ധപ്പെട്ട് വേണമെന്നൊരു ആലോചന ഉയർന്നുവരുന്നത്. 2010 ഏപ്രിൽ 28-ന് സഹകാരികളും സഹകരണ ജീവനക്കാരും വിദഗ്ദ്ധരുമായും ചർച്ച നടത്തിയാണ് ഇതിനുമുമ്പ് ഭേദഗതി

കൊണ്ടുവന്നത്. 2013 ജനുവരി 14-ന് വരുത്തിയ ഭേദഗതിയായിരുന്നു അത്. 2000-ൽ ബഹുമാന്യനായ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സഹകരണ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് കൺസോർഷ്യം വായ്പാ പദ്ധതി, സഹകരണ ക്ഷേമ വികസന ഫണ്ട്, സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്, ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം, സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, ഓഡിറ്റിന് പ്രത്യേക ഡയറക്ടർ, വിജിലൻസ് ഓഫീസർ, സഹകരണ ആർബിട്രേഷൻ എന്നീ വ്യവസ്ഥകളുൾപ്പെടുത്തിയ നിയമം എന്നതും അതിന്റെ പ്രത്യേകതയായിരുന്നു. 2019-ലാണ് ത്രീ ടയർ സംവിധാനത്തിൽ നിന്ന് ടു ടയർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള ഒരു നിയമ ഭേദഗതി നിലവിൽ വന്നത്. ഈ ഭേദഗതിയിലൂടെയാണ് കേരള ബാങ്ക് രൂപീകൃതമായത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ 2019-ൽ സഹകരണ നിയമത്തിന്റെ 50-ാം വാർഷികത്തിന്റെ ഭാഗമായി സഹകരണ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. സംഘങ്ങളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിച്ചു. 44,55,08,741.31 ലക്ഷം കോടി രൂപ വായ്പ നൽകുന്ന ഒരു ധനകാര്യ സ്ഥാപനമായി നമ്മുടെ സഹകരണ വായ്പാമേഖല മാറി. ഈ പ്രസ്ഥാനം വളർന്ന്, ഏഷ്യയിലെ സഹകരണ ബാങ്കുകൾക്കിടയിൽ ഒന്നാം സ്ഥാനത്താണ് കേരള

ബാങ്ക്. ഏഷ്യയിൽ ഒന്നാം സ്ഥാനത്താണ് കേരള ബാങ്കെന്ന കാര്യം ബഹുമാനപ്പെട്ട വടകര നിയോജകമണ്ഡലത്തിലെ അംഗം മനസ്സിലാക്കണം. തൊഴിലാളി മേഖലയിൽ വടകരയിൽ തന്നെയുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വൻകിട ബഹുരാഷ്ട്ര കമ്പനികളുമായി കിടപിടിക്കുന്ന തരത്തിൽ വളർന്ന് ICA (International Cooperative Alliance)-യിൽ നേരിട്ട് അംഗത്വം ലഭിക്കുന്ന ആദ്യത്തെ പ്രാഥമിക സംഘമെന്ന നേട്ടവും കൈവരിച്ചു. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് സംസ്ഥാന വിഷയമായിട്ടുള്ള സഹകരണ വിഭാഗത്തിൽ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി നിയമനിർമ്മാണം നടത്തുകയും സംഘങ്ങൾക്ക് ലഭ്യമായിരുന്ന ഇൻകം ടാക്സ് ഇളവുകൾ എടുത്തുകളയുന്ന സാഹചര്യവുമുണ്ടായി. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. അബ്ദുൽ ഹമീദ് ഉൾപ്പെടെയുള്ളവരുടെ കമ്മിറ്റി കൊണ്ടുവന്ന പ്രൊപ്പോസൽ ഇവിടെ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുക, അതിലെ മാനേജ്മെന്റുകളെ പ്രൊഫഷണലാക്കുക, പ്രവർത്തനം കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുക, ജീവനക്കാരുടെ നിയമനം, സേവന-വേതന വ്യവസ്ഥകൾ ഇതെല്ലാം കാലോചിതമാക്കുക എന്നിവയെല്ലാം

ഇതിൽപ്പെടും. ഇവിടെ ഒറ്റപ്പെട്ട കാര്യം എന്നുപറയുമ്പോൾ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ എല്ലാവരും കരുവന്നൂരിനെപ്പറ്റി പറഞ്ഞു. ശ്രീ. പി. അബ്ദുൽ ഹമീദ് പറഞ്ഞത് അക്കാര്യമല്ല. പുൽപ്പള്ളിയിലെ കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ. എബ്രഹാം ജയിലിൽപ്പോയതിന്റെ കഥ ഞാൻ ഇവിടെ പറയുന്നില്ല. അതുൾപ്പെടെ അങ്ങോട്ടുമിങ്ങോട്ടും പറയാമല്ലോ; അങ്ങോട്ട് പോകേണ്ട, അങ്ങനെ പോയാൽ പലതും പറയും. ഈ മേഖലയിലെ തെറ്റായ, ആശാസ്യകരമല്ലാത്ത രീതിയിൽ വർദ്ധിച്ചുവരുന്ന ക്രമക്കേടുകൾ, അഴിമതി, കെടുകാര്യസ്ഥത എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിന് ലക്ഷ്യമിട്ടുള്ള കർശന വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ബില്ലിലെ വ്യവസ്ഥകൾ നേരത്തെ ഇവിടെ പറഞ്ഞിട്ടുണ്ട്, ഇനിയും അദ്ദേഹം വിശദീകരിക്കും. ഒരു ടീം ഓഡിറ്റ് ഇതിൽ കൊണ്ടുവരികയാണ്. നേരത്തെയുള്ള സഹകരണ ഓഡിറ്റിന് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതുപോലെ വ്യത്യസ്ത ഓഡിറ്റുകൾ പോലെയുള്ള ടീം ഓഡിറ്റ് സംവിധാനം കൊണ്ടുവരുന്നു. ഓഡിറ്റിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ജീവനക്കാർക്കെതിരെ നടപടിയെടുക്കുന്നില്ലെങ്കിൽ ആ ഉദ്യോഗസ്ഥർക്കെതിരായി നടപടി സ്വീകരിക്കുന്നു. എല്ലാത്തരം സംഘത്തിനും പ്രത്യേക പരിശോധന,

സർക്കാരിൽനിന്ന് നേരിട്ടുള്ള പരിശോധന, ഉദ്യോഗസ്ഥരുടെ പേരിലുള്ള നടപടി അതുപോലെ പോലീസിന്റെയും വിജിലൻസിന്റെയും എൻക്വയറി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ ബില്ലിന്റെ പ്രത്യേകതയാണ്. അതുപോലെ വനിതാ ഫെഡ്, ടൂർ ഫെഡ്, ലേബർ ഫെഡ്, ഹോസ്പിറ്റൽ ഫെഡറേഷൻ എന്നിവയിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതും നിയമനങ്ങളിൽ ഭിന്നശേഷിക്കാരുടെ സംവരണം മൂന്ന് ശതമാനത്തിൽനിന്നും നാല് ശതമാനമായി വർദ്ധിപ്പിക്കുന്നതും ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പോലീസ് എൻക്വയറി റിപ്പോർട്ട് (മോശപ്പെട്ട ലിസ്റ്റിലുൾപ്പെട്ടവരാണെങ്കിൽ അവർക്ക് ജോലി നിഷേധിക്കുന്നതിന്) ഏർപ്പെടുത്തുന്നതുമടക്കം ഈ മേഖലയിൽ കൊണ്ടുവരികയാണ്. അതുപോലെ എല്ലാ സഹകരണ സംഘങ്ങളുടെയും സബ്സ്റ്റാഫ് ഒഴികെയുള്ള എല്ലാ നിയമനങ്ങളും കേരള കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് വഴിയാക്കുന്ന വ്യവസ്ഥ ഇതിലുൾപ്പെടുത്തുകയാണ്. ഇത്തരത്തിൽ വളരെ സമഗ്രമാണ് ഈ നിയമം. ഇന്റർ സ്റ്റേറ്റ് സൊസൈറ്റികളെ സംബന്ധിച്ചുള്ളതാണ് ബി.ആർ. ആക്ട് (The Banking Regulation Act-1949). 1919-ലെ ഭരണ പരിഷ്കാരം വഴിയും ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ വഴിയും സഹകരണമെന്നത് സംസ്ഥാന വിഷയമാണ്.

കേന്ദ്രത്തിലെ ബി.ജെ.പി ഗവൺമെന്റ് ഇവിടെ ശക്തമായി കൊണ്ടുവരുന്ന നിയമം, അതായത് സഹകരണ മന്ത്രാലയ രൂപീകരണ പ്രഖ്യാപനം, സഹകരണമെന്ന സംസ്ഥാന വിഷയത്തെ അട്ടിമറിക്കുന്ന ഒന്നാണ്. അത് സംസ്ഥാന സർക്കാരുകളുടെ ഫെഡറൽ അവകാശങ്ങളെ ഹനിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് 2021 ജൂലൈ 6-നാണ് സഹകരണ മേഖലയ്ക്ക് പുതിയ മന്ത്രാലയമെന്ന പ്രഖ്യാപനം നടത്തിയതും ശ്രീ. അമിത് ഷാ അതിന്റെ ചുമതലക്കാരനുമായത്. ഇരുപതിലധികം പദ്ധതികളാണ് കേന്ദ്ര സർക്കാർ ഈ മേഖലയിൽ നടപ്പാക്കിവരുന്നത്. വളരെ വ്യക്തമായ ഒരു അജണ്ട ഇതിനുപിന്നിലുണ്ട്. PACS (Primary Agricultural Credit Society)-കളുടെ കമ്പ്യൂട്ടറൈസേഷൻ കൂടാതെ 63,000 ത്തോളംവരുന്ന PACS-കളെ ദേശീയ സോഫ്റ്റ്‌വെയറിലുൾപ്പെടുത്തി നബാർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയുമാണ്. ഇതുമാത്രമല്ല, കർഷക സംഘങ്ങൾക്ക് പുനർവായ്പ നൽകുന്ന ഏജൻസിയാണ് നബാർഡ്. അതുവഴി സംഘങ്ങളെ നിയന്ത്രിക്കാനും കേന്ദ്രം നേരിട്ട് വായ്പ നൽകുന്ന രീതിയും കൊണ്ടുവരികയാണ്. PACS-കൾക്ക് പൊതുബൈലോ കൊണ്ടുവരുന്നു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം രണ്ട് ലക്ഷം പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കാനാണ് നീക്കം.

പ്രാഥമിക, കാർഷിക, ക്ഷീര, മത്സ്യ സൊസൈറ്റികൾ രൂപീകരിക്കാമെന്നും ഇരുപത്തിയഞ്ചിലേറെ മേഖലകളിൽ പ്രവർത്തിക്കാമെന്നും നബാർഡ്, ദേശീയ ക്ഷീര വികസന ബോർഡ്, ദേശീയ മത്സ്യബന്ധന ബോർഡ് എന്നിവയുടെ പിന്തുണയോടെ ഇത്തരം സംഘങ്ങളിലൂടെ ഇക്കാര്യങ്ങൾ നടപ്പാക്കാമെന്നാണ് മോദി സർക്കാർ ഉദ്ദേശിക്കുന്നത്. ശക്തമായ പ്രതിഷേധവും നിയമപരവും രാഷ്ട്രീയപരവുമായി ഇതിനെ നേരിടാനുമാണ് നമ്മളെല്ലാവരും തീരുമാനിച്ചത്. സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങളെ തകർക്കുകായെന്ന ലക്ഷ്യത്തോടെയാണ് ഈ നീക്കം. വളരെ ഗൗരവകരമായ ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്, 'നിലവിൽ സംസ്ഥാന സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഒരു സംഘത്തിനോ സംഘങ്ങൾക്കോ പൊതുയോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടെങ്കിൽ ഏതൊരു സംഘത്തിലും ലയിക്കാം'. ഇത് കേന്ദ്ര നിയമമാണ്, മാത്രമല്ല 'സംഘങ്ങളുടെ പൊതുയോഗം പാസ്സാക്കിയ തീരുമാനം ഓൺലൈനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചാൽ രജിസ്ട്രേഷൻ നൽകാം. അങ്ങനെ കേന്ദ്ര സർക്കാർ രജിസ്ട്രേഷൻ നൽകുന്നതോടെ സംസ്ഥാന രജിസ്ട്രേഷൻ റദ്ദാക്കപ്പെടുകയും സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണം ഇതോടെ റദ്ദാക്കപ്പെടും'. സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള നഗ്നമായ

കടന്നുകയറ്റമാണ് കേന്ദ്രഗവൺമെന്റിന്റെ ഈ നിയമമെന്നുള്ള കാര്യം നാം മനസ്സിലാക്കണം. ഇതുപോലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി, ജൈവ ഉൽപ്പന്നങ്ങൾക്കുള്ള ദേശീയ സഹകരണ സംഘം എന്നീ സംസ്ഥാന സഹകരണ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളുടെ അംഗത്വമെടുക്കണമെന്നും മോദി സർക്കാർ നിർദ്ദേശിക്കുകയാണ്. ഇത്തരത്തിൽ കേന്ദ്ര ഗവൺമെന്റ് തെറ്റായ ചില രീതികൾ ഈ മേഖലയിൽ കൊണ്ടുവരുന്നുണ്ട്. അതിനെതിരായി നമ്മൾ ഒറ്റക്കെട്ടായി പ്രതിഷേധിക്കണം. ഇവിടെ ഞങ്ങളെ വ്യക്തിപരമായി ആക്ഷേപിക്കാൻ നിങ്ങൾ തീരുമാനിച്ചിരിക്കുകയാണോ, അപ്പുറത്തുള്ള എം.എൽ.എ.-മാർ ഒളിവിൽപ്പോയില്ലേയെന്ന് ഞങ്ങൾക്കുവേണമെങ്കിൽ പറയാം, ഞങ്ങൾ അത് പറയുന്നില്ല. അത്തരത്തിൽ കാര്യങ്ങൾ മോശമായിപ്പറയാതിരിക്കാനുള്ള ജാഗ്രതയും പക്വതയും പ്രതിപക്ഷനേതാവുൾപ്പെടെയുള്ള ആളുകൾ കാണിക്കണം. അത്തരത്തിലുള്ള കാര്യങ്ങൾ ഇവിടെ പറയാൻ ശ്രമിക്കരുതെന്നാണ് ഞാൻ പറയുന്നത്. കരുവന്നൂരിലെ പണം ലഭിക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട വടകരയിലെ അംഗം പറഞ്ഞു. അവിടെ ശ്രീമതി ഫിലോമിന എന്ന വ്യക്തിക്ക്

ലഭിക്കാനുള്ള ഇരുപത്തിമൂന്ന് ലക്ഷം രൂപ ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി ആർ. ബിന്ദു ഉൾപ്പെടെയുള്ളവർ അവരുടെ ഭവനത്തിലെത്തിയാണ് നൽകിയത്. സംസ്ഥാന ഗവൺമെന്റും സഹകരണ വകുപ്പും 50 കോടി രൂപയുടെ കരിവന്നൂർ പാക്കേജുണ്ടാക്കി അവിടത്തെയാളുകൾക്ക് പണം നൽകാനുള്ള സംവിധാനമുണ്ടാക്കി. നിക്ഷേപ ഗ്യാരന്റി സ്കീം, ബാങ്കിന്റെ കരുതൽ നിക്ഷേപം, കേരള ബാങ്ക് വായ്പകളുടെ പ്രാഥമിക ബാങ്കുകളിലെ നിക്ഷേപം എന്നിവ ഉപയോഗിച്ചാണ് അത് നൽകിയത്. അതുപോലെ അവിടത്തെ ജോയിന്റ് രജിസ്ട്രാർ ഉൾപ്പെടെയുള്ള 14 ജീവനക്കാർക്കെതിരായി നടപടി സ്വീകരിച്ചു. പ്രതികളിൽനിന്നും 125.84 കോടിരൂപ ഈടാക്കുന്ന നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാര്യംകൂടി മനസ്സിലാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. രമേശ് ചെന്നിത്തല: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നേരത്തെ ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. കെ. അക്ബറും ഞാനും ഒഴികെ ബാക്കിയെല്ലാവരും സെലക്ട് കമ്മിറ്റിയിലെ അംഗങ്ങളായിരുന്നു. അതുകൊണ്ട് ഈ ബില്ലിനെക്കുറിച്ച് വളരെ വിശദമായി ചർച്ചചെയ്യാൻ അവർക്ക് അവസരമുണ്ടായി. ഞങ്ങൾക്ക് രണ്ടുപേർക്കും അതിന് അവസരമുണ്ടാകാത്തതിനാൽ കൂടുതൽ സമയം അങ്ങ് അനുവദിച്ചുനൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലെ മൂന്നാമത്തെ ഭേദഗതി ബില്ലാണ് സഹകരണ നിയമത്തിൽ വരുന്നത്. പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാ ഭേദഗതിക്കനുസൃതമായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. സി. എൻ. ബാലകൃഷ്ണൻ സഹകരണ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒരു നിയമം ഇവിടെ പാസ്സാക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എൻ. വാസവൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളത് സമഗ്രമായ ഒരു നിയമം തന്നെയാണ്. മാത്രമല്ല, അത് സെലക്ട് കമ്മിറ്റിയിൽപ്പോയി, സെലക്ട് കമ്മിറ്റി നല്ല പ്രവർത്തനം കാഴ്ചവച്ച്, അതിൽ ഭേദഗതികൾ വരുത്തിയാണ് ഈ നിയമം ഇന്ന് സഭയുടെ മുമ്പാകെ വന്നിരിക്കുന്നത്. കേരളത്തിലെ സഹകരണ മേഖല ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. മറ്റൊരു

സംസ്ഥാനത്തും ഇല്ലാത്ത നിലയിൽ നമ്മുടെ സാമ്പത്തിക വളർച്ചയ്ക്കും ജനങ്ങളുടെ പുരോഗതിക്കും അവരുടെ നിത്യജീവിതത്തിലെ ആവശ്യങ്ങൾക്കുമെല്ലാം ഏറ്റവും കൂടുതൽ സഹായിക്കുന്ന പ്രസ്ഥാനങ്ങളാണ് സഹകരണ സംഘങ്ങൾ. വട്ടിപ്പലിശക്കാരിൽനിന്നും കൊള്ളപ്പലിശക്കാരിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നത് സഹകരണ ബാങ്കുകളാണ്. ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും ജനങ്ങളുടെ നിത്യജീവിതത്തിലെ ആവശ്യങ്ങൾക്ക് ലോൺ നൽകാത്ത സാഹചര്യങ്ങളിൽ അവരെ സഹായിക്കുന്നത് സഹകരണ ബാങ്കുകളാണ്. ചൂഷകവർഗ്ഗത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്നും സാധാരണക്കാരായ ജനങ്ങളെ രക്ഷിക്കുന്നത് ഈ ബാങ്കുകളാണ്. സഹകരണസംഘം നിയമം നിലവിൽ വന്നതോടെ, 1904-ലാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ഇന്ത്യയിൽ തുടക്കം കുറിക്കുന്നത്, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സഹകരണ ബാങ്കുകൾ ജനകീയ ബാങ്കുകളാണ്. ജനങ്ങളുടെ പണമാണ് ഇവിടെ കൈകാര്യം ചെയ്യുന്നത്. ഇത് സർക്കാരിന്റെ പണമല്ല, സഹകാരികളുടെ പണമാണ്. അതുകൊണ്ടുതന്നെ വളരെ ഗൗരവത്തോടെയും സൂഷ്മതയോടെയും ഈ പണം കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്.

ജനാധിപത്യം, സ്വയംഭരണം, പരമാധികാരം, സ്വയംപര്യാപ്തത എന്നിവ നിലനിർത്തിക്കൊണ്ടാകണം നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കേണ്ടത്. ഇവിടെ ശ്രീ. എൻ. കെ. അക്ബർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ശ്രീ. അമിത് ഷായുടെ നേതൃത്വത്തിൽ സഹകരണ പ്രസ്ഥാനത്തെ പരിപൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ ശ്രമിക്കുകയാണ്. ഒരു ഉദാഹരണം ഞാൻ പറയാം. ഗുജറാത്തിലെ ആനന്ദ് ജില്ലയിലെ 'അമൂൽ' എന്ന വേൾഡ് മാർക്കറ്റിൽതന്നെ ഏറ്റവും പ്രിയമുള്ള ഉത്പന്നങ്ങൾ ഇറക്കുന്നത് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. മലയാളിയായ ഡോ. വർഗ്ഗീസ് കുര്യനായിരുന്നു അമൂലിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുത്തത്. കോൺഗ്രസ് നേതൃത്വത്തിലുള്ള ഭരണസമിതിയായിരുന്നു ഈ അടുത്ത സമയം വരെ അവിടെ പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ഗവൺമെന്റ് മാറി വന്നതോടുകൂടി ശ്രീ. അമിത് ഷായുടെ നേതൃത്വത്തിൽ അട്ടിമറി നടത്തി ബി.ജെ.പി. അമൂലിന്റെ ഭരണസമിതി പിടിച്ചെടുത്തിരിക്കുകയാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഉണ്ടാക്കിക്കൊണ്ട് രാജ്യത്തൊട്ടാകെ,.... ഗുജറാത്തിൽ സഹകരണ പ്രസ്ഥാനം വളരെ

ശക്തമാണ്. ആ അനുഭവം ശ്രീ. നരേന്ദ്ര മോദിക്കും ശ്രീ. അമിത് ഷായ്ക്കും ഉള്ളതുകൊണ്ടാണ് ശ്രീ. അമിത് ഷായെ ഈ വകുപ്പിന്റെ ചുമതല ഏൽപ്പിച്ചുകൊണ്ട് ഇന്ത്യയിൽ ഒട്ടാകെ സഹകരണ പ്രസ്ഥാനത്തെ കയ്യിലാക്കാനുള്ള ശ്രമം നടത്തുന്നത്. ഇത് വളരെ ഗൗരവമായി കാണേണ്ട ഒരു കാര്യമാണ്. ഇതിൽനിന്നും വ്യത്യസ്തമായിട്ടല്ല നിങ്ങളും പ്രവർത്തിക്കുന്നത്. സംസ്ഥാന സഹകരണ ഭൂ പണയ ബാങ്ക്,... എന്റെ നീണ്ടുനിൽക്കുന്ന നിയമയുദ്ധത്തിന്റെ അടിസ്ഥാനത്തിലാണ് അവസാനം കോൺഗ്രസ് നേതൃത്വത്തിലുള്ള ഭരണസമിതി കഴിഞ്ഞ ദിവസം അധികാരത്തിൽ വന്നത്. ആ ബാങ്കിന്റെ ഭരണം പിടിക്കാൻ നിങ്ങൾ പിൻവാതിലിലൂടെ എന്തെല്ലാം നീക്കങ്ങൾ നടത്തി; സംസ്ഥാന സഹകരണ ഭൂ പണയ ബാങ്കിൽ കോൺഗ്രസിന്, യു.ഡി.എഫ്.-ന് വ്യക്തമായ ഭൂരിപക്ഷമുണ്ടായിട്ടും അതിനെ അട്ടിമറിക്കാൻ നിങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്തു. ശ്രീ. നരേന്ദ്ര മോദി അല്ലെങ്കിൽ ശ്രീ. അമിത് ഷാ അമൂലിൽ ചെയ്ത അതേ കാര്യങ്ങളാണ് ഭൂ പണയ ബാങ്കിൽ നടത്തിയത്. കാലുമാറ്റം ഉണ്ടാക്കുക, കൂറുമാറ്റം ഉണ്ടാക്കുക. സംഘങ്ങളെ പിരിച്ചുവിടുക. അവസാനം സത്യം ജയിച്ചില്ലേ; സംസ്ഥാന ഭൂ പണയ ബാങ്കിൽ

കോടതിയുടെ നിരീക്ഷണത്തിൽ തെരഞ്ഞെടുപ്പ് നടന്നു. അതിലും അട്ടിമറിക്കാൻ നോക്കി. അവിടെ പുതിയ ഭരണസമിതി അധികാരത്തിൽ വന്നില്ലേ; നിങ്ങൾ മിൽമയിൽ എന്താണ് ചെയ്തത്; മിൽമ പിടിക്കാൻവേണ്ടി സംസ്ഥാന നിയമസഭയിൽതന്നെ നിയമനിർമ്മാണം കൊണ്ടുവന്നില്ലേ; ഇതൊന്നും ശരിയായ നടപടിയല്ലെന്ന് ഓർക്കണം. ഇ. ചന്ദ്രശേഖരൻ നായർ ഇരുന്ന കാലം മുതൽ ഒരിക്കലും മിൽമയെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചിട്ടില്ല. പക്ഷെ, ഈ ഗവൺമെന്റ് വന്നതിനുശേഷം മിൽമ പിടിച്ചെടുക്കാൻ പിൻവാതിലിലൂടെയുള്ള നീക്കമാണ് നടന്നത്. കേരളത്തിലെ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം 2.5 ലക്ഷം കോടിയാണ്. 1.5 ലക്ഷത്തിലധികം ജീവനക്കാരുണ്ട്. ഈ മേഖലയെ നിലനിർത്തേണ്ടത് ജനങ്ങളുടെ പ്രത്യേകിച്ച് സാധാരണക്കാരുടെ ആവശ്യമാണ്. കേരളത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമായ ഒരു കാര്യമാണ്. കേരള ബാങ്കിനെക്കുറിച്ച് ശ്രീ. എൻ. കെ. അക്ബർ ഇവിടെ പറഞ്ഞല്ലോ; എന്താണ് കേരള ബാങ്കിന്റെ സ്ഥിതി; കൊട്ടിഘോഷിച്ച് കൊണ്ടുവന്ന കേരള ബാങ്ക് സഹകരണ മേഖലയുടെ ശോഭകെടുത്തുന്ന ഒന്നായി മാറിയിരിക്കുന്നു. കേരള ബാങ്കിന്റെ രൂപീകരണ സമയത്ത് അന്നത്തെ സഹകരണ

വകുപ്പുമന്ത്രി പറഞ്ഞത്, മറ്റ് ബാങ്കുകൾ എ.ടി.എം. ട്രാൻസാക്ഷന് ഉൾപ്പെടെ എടുക്കുന്ന അധിക ചാർജ്ജുകളൊന്നും കേരള ബാങ്ക് ഈടാക്കില്ലെന്നാണ്. എന്നാൽ പുതുതലമുറ ബാങ്കുകളെപ്പോലും നാണിപ്പിക്കുന്ന ചാർജ്ജാണ് എ.ടി.എം. ഇടപാടുകാർക്ക് ഉൾപ്പെടെ കേരള ബാങ്കുകൾ ഇടപാടുകാരിൽനിന്നും ഈടാക്കുന്നത്. ആറും ഏഴും ശതമാനത്തിൽ സാധാരണക്കാർക്ക് വായ്പ നൽകുമെന്ന് പറഞ്ഞ കേരള ബാങ്ക് 13 ശതമാനത്തിലുമധികം പലിശയ്ക്കാണ് വായ്പ നൽകുന്നത്. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കിൽനിന്നും നൽകിവരുന്ന പലിശ നിരക്ക് കേരള ബാങ്ക് കുറച്ചതുമൂലം പ്രാഥമിക സഹകരണ ബാങ്കുകൾ വൻപ്രതിസന്ധി നേരിടുകയാണ്. ജില്ലാ ബാങ്കുകളെ ആശ്രയിച്ച് പ്രവർത്തിച്ചിരുന്ന പല സംഘങ്ങളും ഓവർ ഡ്രാഫ്റ്റ് ഫെസിലിറ്റിപോലും ലഭിക്കാതെ മരണശയ്യയിലാണ്. സഹകരണ മേഖലയോടുള്ള ജനങ്ങളുടെ വിശ്വാസ്യത നിലനിർത്താൻ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിന്റെ പരിധി രണ്ടുലക്ഷം രൂപയാക്കി ഉയർത്തുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. ഇതുസംബന്ധിച്ചുള്ള ഒരു ഉത്തരവും ഇറങ്ങിയില്ല.

സഹകരണ വകുപ്പിൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് ഒരു നോംസുമില്ല. ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് ഒരു വ്യക്തതയും കാണാത്തത് ഇവിടെയാണ്. സഹകരണ വകുപ്പിൽമാത്രം എന്തുകൊണ്ടാണ് ഈ നോംസ് നടപ്പാക്കാത്തത്; അവിടെയും രാഷ്ട്രീയം തന്നെയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലായതുകൊണ്ട് ചില വകുപ്പുകളിൽ ഉണ്ടാകേണ്ട അപാകത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വകുപ്പ് 2 " (ഐബി) "ഫെഡറൽ സഹകരണ സംഘം" എന്നാൽ അതിന്റെ പ്രവർത്തന മേഖലയായി ഒന്നിൽ കൂടുതൽ ജില്ലകളുള്ളതും സംസ്ഥാന സർക്കാരും വ്യക്തികളും മറ്റ് സഹകരണ സംഘങ്ങളും അതിന്റെ അംഗങ്ങളായിട്ടുള്ളതുമായ ഒരു സഹകരണ സംഘം എന്നർത്ഥമാകുന്നു. എന്നാൽ സംഘത്തിലെ വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംഘത്തിന്റെ മൊത്തം അംഗസംഖ്യയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ അധികരിക്കാൻ പാടുള്ളതല്ല:

എന്നാൽ, വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംബന്ധിച്ചുള്ള വ്യവസ്ഥ 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ്

പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന സംഘങ്ങൾക്ക് ബാധകമാകുന്നതല്ല;" ഇത് വലിയ പ്രശ്നമുണ്ടാക്കാൻ പോകുന്ന ഒന്നാണ്. ഇപ്രകാരം രൂപീകരിക്കുന്ന ഫെഡറൽ സംഘത്തിന്റെ വ്യക്തിഗത അംഗങ്ങളുടെ എണ്ണം അംഗങ്ങളുടെ 25 ശതമാനം അധികരിക്കരുതെന്ന് വ്യവസ്ഥ ചെയ്തതിലൂടെ ഇതിന്റെ ഉദ്ദേശ്യംതന്നെ പരാജയപ്പെടാൻ പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വകുപ്പ് 7(ഇ), 'നിർദ്ദിഷ്ട സംഘം ശരിയായ ബിസിനസിനു വേണ്ട കാര്യങ്ങൾ അനുസരിച്ചുകൊള്ളേണ്ടതാണെന്നും രജിസ്ട്രാർക്ക് ബോദ്ധ്യമായാൽ അദ്ദേഹത്തിന് അപേക്ഷ സ്വീകരിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം ആ സംഘവും അതിന്റെ ഉപനിയമങ്ങളും രജിസ്റ്റർ ചെയ്യാവുന്നതാണ്. ' നേരത്തെ വന്ന ബില്ലിൽ അത് ഇല്ലായിരുന്നു. സെലക്ട് കമ്മിറ്റി പരിശോധിച്ച് നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ അതുതന്നെ വീണ്ടും കൊണ്ടുവന്നിരിക്കുകയാണ്. അത് ഗവൺമെന്റ് പരിശോധിക്കണം.

ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്താണ്; സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ നിയന്ത്രണം കൂടുതൽ വരാൻ പോകുന്നു; അത് ഗുണകരമാണോയെന്ന് പരിശോധിക്കണം. ഇവിടെ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും വകുപ്പുമന്ത്രിയും ചേർന്ന് ചർച്ച ചെയ്തെടുത്ത തീരുമാനം വ്യക്തിപരമായി എനിക്ക് എതിർപ്പുള്ളതാണ്. കഴിഞ്ഞ നിയമസഭയിൽ ഇത് വന്നപ്പോൾ മുഖ്യമന്ത്രിയുമായി സംസാരിച്ച് ആ വകുപ്പ് ഒഴിവാക്കിയതാണ്. കാരണം, നിയമസഭയ്ക്കോ പഞ്ചായത്തിനോ പാർലമെന്റിനോ ഒന്നും ഈ നിയമമില്ല. തന്നെയുമല്ല മൂന്ന് ടേം എന്ന് പറയുന്നത് കോടതിയിൽ പോയാൽ നിലനിൽക്കുമോയെന്ന് എനിക്ക് സംശയമുണ്ട്. കാരണം, അത് ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം കൂടിയാണ്. അവർക്ക് അംഗങ്ങളാകാം. മത്സരിക്കാൻ കഴിയില്ലെന്ന് പറയുന്നത് കോടതിയിൽ എത്തിയാൽ നിലനിൽക്കുമോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. എന്നാൽ നിങ്ങൾ എടുത്ത ഒരു തീരുമാനത്തെ ഞാൻ എതിർക്കുന്നില്ല. അതുപോലെത്തന്നെയാണ് രജിസ്ട്രാറുടെ കാര്യവും. അതിൽ നിങ്ങൾ തീരുമാനമെടുത്തത് നല്ല കാര്യമായി. ഒരു ഐ.എ.എസ്. ഓഫീസറാണ് എപ്പോഴും അതിന്റെ ചുമതലയുള്ളത്. ഇപ്പോൾ അത് മാറ്റാൻ തീരുമാനിച്ചതും തിരിച്ചുവച്ചതും നല്ല കാര്യമാണ്. "ഓഹരി മൂലധനം സംഘത്തിന്റെ അറ്റാദായത്തിൽ നിന്നും കണ്ടെത്തേണ്ടതും അനുബന്ധസ്ഥാപനങ്ങളിൽ സംഘം/ബാങ്കിൽനിന്ന് ഓഹരി മൂലധനം

ഒഴികെയുള്ള ഏതൊരു അധിക നിക്ഷേപവും, മാനദണ്ഡങ്ങൾക്ക് വിധേയമായി, വായ്പയായി അനുവദിക്കേണ്ടതുമാണ്". ഇത് സംഘങ്ങൾക്കുള്ള അധികാരമാണ്. ഒരു സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും സംഘം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് സബ്സിഡിയറി സ്ഥാപനം ആരംഭിക്കുന്നതിന് മൂലധനം അറ്റാദായത്തിൽനിന്നും കണ്ടെത്തണമെന്ന നിർദ്ദിഷ്ട വ്യവസ്ഥ അപ്രായോഗികമാണ്. ഈ രംഗത്തുള്ള ധാരാളം ആളുകൾ അതുസംബന്ധിച്ചുള്ള റിസർവേഷൻ നമ്മളോട് പറയുന്നുണ്ട്. അതുപോലെത്തന്നെയാണ് ബാങ്കിന്റെ പൊതുയോഗം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ മുൻകൂർ അനുമതി. സഹകരണ നിയമത്തിന്റെ ബേസിക് സ്ട്രക്ചറിനുതന്നെ എതിരായിട്ടുള്ള കാര്യമാണ്. സംഘത്തിന്റെ പൊതുയോഗം എടുക്കുന്ന തീരുമാനമാണ്. അതിന് രജിസ്ട്രാറുടെ അംഗീകാരം വേണമെന്ന് പറയുന്നത് concentration of power ആയി അത് മാറുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് സർക്കാരിലേയ്ക്ക് സഹകരണ സംഘത്തിന്റെ പണം പോകുന്നത്, സഹകരണ പുനരുദ്ധാരണ പദ്ധതി

പ്രവർത്തനം, പ്രവർത്തനരഹിത സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക സഹായം എന്നിവ. പ്രവർത്തനരഹിതമായ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഓരോ സംഘങ്ങളുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ള 50 ശതമാനം റിസർവ് ഫണ്ടും അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷന്റെ 50 ശതമാനവും പ്രത്യേക പുനരുദ്ധാരണ ഫണ്ടിലേയ്ക്ക് മാറ്റുന്നതാണ് നിർദ്ദിഷ്ട ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നു. സംഘങ്ങളിലെ പണം സർക്കാരിന് യഥേഷ്ടം കൈകാര്യം ചെയ്യാവുന്ന തരത്തിലേയ്ക്ക് ഇത് മാറാൻ പോകുകയാണ്. ഇത് സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണ്. ഏത് ഗവൺമെന്റ് ഭരിച്ചാലും സംഘങ്ങളിൽനിന്നും പണം എടുക്കാറുണ്ട്. പലപ്പോഴും അത് യഥാസമയം തിരിച്ചുകൊടുക്കാറുമില്ല. പക്ഷേ, ഇതുകൂടി വന്നുകഴിഞ്ഞാൽ അത് സഹകരണ സംഘങ്ങളുടെ സാമ്പത്തിക സ്ഥിതിവിശേഷത്തെ ഗുരുതരമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇനിയും നിരവധി കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഞാനക്കാര്യം കൊണ്ടുവരും. കാരണം, നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ അത്

സഹകരണ സംഘത്തെയും സഹകരണ പ്രസ്ഥാനത്തെയും എങ്ങനെ ബാധിക്കുന്നുയെന്നത് ഗൗരവമായി കണക്കാക്കണ്ടേ; കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞു. ഒരു ബാങ്കിൽനിന്നും 100 കോടി രൂപയുടെ തട്ടിപ്പ് നടത്തിയാൽ അതിന്റെ പ്രശ്നം ആർക്കാണ്; കരുവന്നൂർ മാത്രമല്ല. സംസ്ഥാനത്തെ നിരവധി ബാങ്കുകളിൽ തട്ടിപ്പുണ്ടായി. അതിന്റെ പേരിൽ കേരളത്തിലെ മുഴുവൻ സഹകരണ മേഖലയും കൊള്ളക്കാരാണെന്ന് വരുത്തിത്തീർക്കുന്നത് നമുക്കൊരിക്കലും ഗുണകരമല്ല. അവിടെയാണ് ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കേണ്ടത്. ഇത്തരം തട്ടിപ്പുകൾ തടയാൻ നടപടികളുണ്ടാകണം. അവിടെ ആരാണ് തട്ടിപ്പ് നടത്തിയത്; തട്ടിപ്പ് നടത്തിയവരുടെ പേരിൽ നടപടിയുണ്ടാകണം. 100 കോടി രൂപയാണ്. ശ്രീമതി കെ. കെ. രമ ഇവിടെ പറഞ്ഞത് ശരിയല്ലേ; പാവപ്പെട്ട ആളുകൾ നിക്ഷേപിക്കുന്ന പണമാണ്. അവർക്ക് എന്താണ് സുരക്ഷിതത്വം. ഇതുപോലെ ചിലപ്പോൾ ഞങ്ങൾ ഭരിക്കുന്ന ബാങ്കുകളിലുമുണ്ടാകും. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. ഈ ബാങ്കുകളിൽ നടക്കുന്ന കൊള്ളകളെ ഫലപ്രദമായി നിയന്ത്രിക്കുവാനുള്ള നടപടിയുണ്ടാകണം. അവിടെ political patronage ഉണ്ടാകാൻ പാടില്ല. അത് ആരാണെങ്കിലും ശരി. കാരണം,

കഴുകൻ കണ്ണുകളുമായി കേന്ദ്ര സർക്കാർ നമ്മളെ വീക്ഷിക്കുന്നു. കേന്ദ്ര സോഫ്റ്റ്‌വെയറിനെ കുറിച്ച് ഇവിടെ പറഞ്ഞു. അതുപോലെത്തന്നെയാണ് സ്റ്റേറ്റ് സോഫ്റ്റ്‌വെയറിനെക്കുറിച്ച് നിങ്ങളും പറയുന്നത്. പല സഹകരണ സംഘങ്ങളും സ്വന്തമായി സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്നുണ്ട്. നിലവിൽ ഉണ്ടാക്കിക്കഴിഞ്ഞിട്ടുമുണ്ട്. കേന്ദ്ര സർക്കാർ സെൻട്രൽ സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്നതുപോലെയാണ് സ്റ്റേറ്റ് ഗവൺമെന്റും സോഫ്റ്റ്‌വെയർ ഉണ്ടാക്കാൻ പോകുന്നത്. അതിനെ സംബന്ധിച്ച് ഇപ്പോൾ ധാരാളം പരാതികൾ ഉയർന്നുവരുന്നുണ്ട്. അഴിമതി തടയാനും സുതാര്യത ഉറപ്പുവരുത്താനും നിക്ഷേപകർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കാനുമുള്ള നടപടികളാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് അങ്ങയിലൂടെ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ഈ രംഗത്ത് ഒരു ശുദ്ധീകരണം അനിവാര്യമാണ്. ആരെന്ന് നോക്കാതെ, തൻപിള്ള എന്നുള്ള സമീപനം സ്വീകരിക്കാതെ ശക്തമായ നടപടികളിലൂടെ ഈ black sheeps-നെ കണ്ടെത്താനുള്ള നടപടിയുണ്ടാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ഈ നിയമത്തെ സംബന്ധിച്ച് എനിക്ക് വേറെ ചില

അഭിപ്രായങ്ങൾ കൂടിയുണ്ട്. അക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. സമയമില്ലാത്തതുകൊണ്ട് ഞാൻ നിർത്തുകയാണ്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ച് വളരെ ഫലപ്രദമായ രൂപത്തിലുള്ള ചർച്ചകൾ നടന്നു. ഇത്രയധികം ജനാധിപത്യപരമായ ഉള്ളടക്കം ഉയർത്തിപ്പിടിച്ച് ചർച്ച ചെയ്ത മറ്റൊരു ബില്ലും ഉണ്ടോയെന്നത് എനിക്ക് സംശയമാണ്. അത്രയധികം ഭേദഗതികളാണ്. ഞങ്ങൾ കേരളത്തിലെ 14 ജില്ലകളിലെയും സഹകാരി സമൂഹത്തിന്റെയും ജീവനക്കാരുടെയും പൊതുജനങ്ങളുടെയും നിയമജ്ഞൻമാരുടെയും അപെക്സ് ബോഡി സംഘത്തിന്റെ ഭരണാധിപന്മാരുടെയുമൊക്കെ അഭിപ്രായങ്ങൾ, മറ്റ് സ്റ്റേറ്റിലെ സമാന സ്വഭാവമുള്ള സംഘങ്ങളുടെ ഉള്ളടക്കം എന്നിവയെല്ലാം പരിശോധിച്ചു. ഞങ്ങളുടെ ഈ കമ്മിറ്റി വളരെ ഫലപ്രദമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. അതിലെ 15 അംഗങ്ങളും നിയമസഭാ സെക്രട്ടേറിയറ്റിലെയും സഹകരണ വകുപ്പിലെയും ഉദ്യോഗസ്ഥ പ്രമുഖരും എല്ലാം ഒരു ടീമായി നടത്തിയ നല്ല വർക്കിന്റെ നെറ്റ് റിസൾട്ടാണ് ഈ സഭയിൽ ഈ ബിൽ ഇത്തരത്തിൽ

കൊണ്ടുവരാൻ തയ്യാറായത്. പൊതുവെ ചർച്ചയിൽ പങ്കെടുത്ത അംഗങ്ങളെല്ലാം ബില്ലിന്റെ ഉള്ളടക്കത്തോട് യോജിച്ചും അതിനെ സ്വാഗതം ചെയ്തുമാണ് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയത്. അതിൽ സൃഷ്ടിപരമായ നിർദ്ദേശങ്ങളും വിമർശനങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. സൃഷ്ടിപരമായ വിമർശനങ്ങളെയും ക്രിയാത്മക നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു.

ഇവിടെ പൊതുവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഇത് കൊണ്ടുവരാനുണ്ടായ പശ്ചാത്തലം ഞാൻ ആദ്യംതന്നെ പറഞ്ഞിരുന്നു. അതൊരു കരുവന്നൂർ മാത്രമല്ല. കേരളത്തിലെ പല ജില്ലകളിലും ഒറ്റപ്പെട്ട രൂപത്തിൽ, എൽ.ഡി.എഫ്., യു.ഡി.എഫ്. വ്യത്യാസമില്ലാതെ ക്രമക്കേടുകളുണ്ടായത് കണ്ടെത്തിയതാണ്. അങ്ങനെ ക്രമക്കേടുകൾ കണ്ടെത്തിയത് ഇനി ഉണ്ടാകരുതെന്ന രൂപത്തിൽ നമ്മൾ ആഗ്രഹിച്ചു. അതിന് കാലോചിതമായ പരിഷ്കാരം അനിവാര്യമാണ്. അതിൽ ഒന്ന്, ഇന്ന് സംഘങ്ങളുടെ പരിശോധനകൾ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ വല്ലപ്പോഴുമൊക്കെ പോയി ഇൻസ്പെക്ഷൻ നടത്തിപ്പോരുന്ന രീതി മാറ്റി എല്ലാ ആഴ്ചകളിലും പരിശോധന നടത്താൻ, അത് എല്ലാ ദിവസവും വരെയായി

മാറാൻ കഴിയുന്ന വിധത്തിലുള്ള പരിശോധനകൾ....., ഓഡിറ്റ് രംഗത്ത് മുമ്പ് കൺകറന്റ് ഓഡിറ്റ് സംവിധാനമാണ് നിലനിന്നിരുന്നത്. ഒരു ഉദ്യോഗസ്ഥൻ ബാങ്കിലേയ്ക്ക് പോയാൽ മൂന്നുംനാലും വർഷമൊക്കെ കൺകറന്റ് ഓഡിറ്ററായി ബാങ്കിൽ നിൽക്കുകയാണ്. പലപ്പോഴും അവസാനം ബാങ്കുകാരും ഉദ്യോഗസ്ഥനും തമ്മിൽ ധാരണയായി ലാഭം വേണമെങ്കിലും നഷ്ടം വേണമെങ്കിലും ഓഡിറ്റിലുണ്ടാക്കും. എന്നിട്ട് ലാഭം ഉണ്ടാക്കിയാൽ ഒരു പൈസയും അടയ്ക്കാത്തവരുടെ പലിശ കൂട്ടി പുതുക്കി അവർ ഡിവിഡന്റും വാങ്ങിക്കൊണ്ട് പോകും. ഇങ്ങനെയുള്ള അവസ്ഥ നമ്മുടെ സംസ്ഥാനത്ത് പല സംഘങ്ങളിലുമുണ്ട്. അങ്ങനെ ആഴ്ന്നിറങ്ങി പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥ പ്രമുഖയെത്തന്നെ ഓഡിറ്റർ ജനറലായി കൊണ്ടുവന്ന് ടീം ഓഡിറ്റ് സംവിധാനമുണ്ടാക്കിയത്. ഇപ്പോൾ പത്തനംതിട്ട, തൃശ്ശൂർ, കോട്ടയം ജില്ലയിലുമായി പ്രസ്തുത ടീം ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ഫലപ്രദമാണത്. ഇനി ടീം ഓഡിറ്റായിരിക്കും നാളെകളിൽ എല്ലാ സംഘങ്ങളിലും പരിശോധന/ഓഡിറ്റ് ചെയ്യുകയെന്ന് ഈ ബില്ലിൽ വ്യവസ്ഥ

ചെയ്യുന്നു. അതൊരു വലിയ മാറ്റമാണ്. അതുപോലെ ഞാനിവിടെ സൂചിപ്പിച്ചതുപോലെ ഇൻസ്പെക്ഷനും വരും.

ഈ രംഗത്ത് എന്തുകൊണ്ടാണ് ടേൺ വച്ചത് എന്നതുസംബന്ധിച്ച് ഞാൻ ആദ്യമേ പറഞ്ഞു. നമ്മൾ പാർലമെന്റിനെയും അസംബ്ലിയെയും കാണുന്നതുപോലെ സഹകരണ മേഖലയെ കാണരുത്. സഹകരണ മേഖല 'ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും' എന്നൊരു പ്രിൻസിപ്പലിന്റെ അടിസ്ഥാനത്തിൽ 18-ാം നൂറ്റാണ്ടിൽ ജന്മമെടുത്ത ആശയമാണ്. റോബർട്ട് ഓവന്റെ മസ്തിഷ്കത്തിൽനിന്നും ഉദയം ചെയ്ത ആശയമാണ്. അത് ആഗോളതലത്തിൽത്തന്നെ വിപുലവും വിശാലവുമായ രൂപത്തിൽ പടർന്നുപന്തലിച്ച് ഇന്നൊരുപക്ഷേ പ്രയാസങ്ങളും പ്രതിസന്ധികളും ഒക്കെ അഭിമുഖീകരിക്കുന്ന ഘട്ടങ്ങളിൽ സമാന്തര സാമ്പത്തിക സങ്കേതമായി സഹകരണ പ്രസ്ഥാനത്തും എല്ലാ മേഖലയിലും പടർന്നുപന്തലിക്കുകയാണ്. അതിന്റെ പ്രവർത്തനങ്ങൾ വളർന്നുവരുമ്പോൾ സാമ്പത്തിക രംഗത്ത് കാണുന്നത് സ്ഥിരമായി ഇത് കൈകാര്യം ചെയ്തുപോകുന്ന ചില സംഘങ്ങളിലാണ് പലപ്പോഴും ക്രമക്കേടുകൾ കൂടുതൽ കാണുന്നത്. എന്നാൽ

ഗുണമുള്ളവയുമുണ്ട്. ചില ആളുകൾ പ്രസിഡന്റായിരിക്കുന്നു എന്നുള്ളതുകൊണ്ട് ആ സംഘത്തിന് മേന്മ ഉണ്ടാകുന്നുമുണ്ട്. അതിനെ കുറച്ചുകാണുന്നില്ല. പക്ഷേ, ഭൂരിപക്ഷമെടുത്തപ്പോൾ കൂടുതൽ ഇരിക്കുന്ന ആളുകളുടെ ഭാഗത്താണ് പരിചയസമ്പന്നതകൊണ്ടും വിശ്വാസംകൊണ്ടും പല രൂപത്തിലുള്ള ഒബ്ലിഗേഷൻ വരുന്നതിന്റെയും ഭാഗമായി പല രൂപത്തിൽ അവരും ചിലതിന് വശംവദരാകുന്നു. അതിൽ ഏറ്റവും കൂടുതൽ ഞങ്ങൾ കണ്ടത് ഭൂമിയുടെ വാല്യുവേഷനും ഒരു പ്രോപ്പർട്ടിയിൽ വിവിധ ലോണുകൾ അനുവദിക്കുന്നതും ഉൾപ്പെടെയുള്ള നിരവധി സംഭവങ്ങളാണ്. ഇതെല്ലാം കൃത്യമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇനി അങ്ങനെ ആവർത്തിക്കപ്പെടാതിരിക്കണമെങ്കിൽ ആ കാര്യത്തിൽ വലിയ വിധേയത്വം നിലനിർത്തിക്കൊണ്ട് പോകുന്ന ഭരണസംവിധാനത്തിന് ഒരു മാറ്റം വേണം. അതുകൊണ്ട് ഞങ്ങൾ ആദ്യം ബില്ലിൽ നിർദ്ദേശിച്ചത് രണ്ട് ടേണായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും മുഖ്യമന്ത്രിയും അതോടൊപ്പംതന്നെ സമിതിയിലെ ചില അംഗങ്ങളുമൊക്കെ ഈ ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് അക്കാര്യത്തിൽ

പൊതുധാരണയിലെത്തിയാണ് രണ്ട് ടേൺ എന്നതിനുപകരം മൂന്ന് ടേൺ എന്നാക്കിയത്. അതേസമയത്തുതന്നെ നോൺ ക്രെഡിറ്റിന് ഇത് ബാധകവുമല്ല. മറ്റിതര സംഘങ്ങൾക്ക് പഴയതുപോലെ എത്ര വർഷം വേണമെങ്കിലും ആ രൂപത്തിൽ മുന്നോട്ട് പോകാവുന്നതാണ്. ഉയർന്ന സമ്പത്ത് കൈകാര്യം ചെയ്യുന്ന സംഘങ്ങൾക്ക് മാത്രമാണ് ഈ നിബന്ധന വച്ചിരിക്കുന്നത്. അത് കോടതിയിൽ നിൽക്കുമോ എന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ചോദിക്കുകയുണ്ടായി. ഇക്കാര്യം ഞങ്ങൾ പല നിയമജ്ഞൻമാരുമായി ചർച്ച ചെയ്തിരുന്നു. ഈ സംസ്ഥാനത്തുള്ളവരുമായും സംസ്ഥാനത്തിന് പുറത്തുള്ളവരുമായും സുപ്രീംകോടതിയിലെ അഭിഭാഷകരുമായും ഇക്കാര്യം ചർച്ച ചെയ്തു. സഹകരണ മേഖലയ്ക്ക് ഇതാകാം എന്ന അഡ്വൈസ് ലഭിച്ചതിന്റെകൂടി അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ നിർദ്ദേശിച്ചത്. അതുകൊണ്ട് അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

ഇതിൽ ക്രമക്കേടുകൾ കടന്നുവരുന്ന മറ്റൊരു സംഭവം വാല്യുവേഷനാണ്. ഒരു ഭൂമിയെ സംബന്ധിച്ചിടത്തോളം വാല്യുവേറ്റർ ആരായിരിക്കണം; അതുകൊണ്ട് ഇക്കാര്യത്തെ ഞങ്ങൾ കാറ്റഗറൈസ്

ചെയ്തു. അത് കമ്മിറ്റിയുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമാണ്. 10 ലക്ഷത്തിൽ താഴെയുള്ള വായ്പകൾ ചെറുകിട വായ്പകളാണ്. അവർക്ക് നിലവിലുള്ള സംവിധാനത്തിൽ വാല്യുവേഷൻ നടക്കട്ടെ. അതിന് മുകളിൽ വരുന്ന മറ്റേത് തരത്തിലുമുള്ള വലിയ തുക വരുന്നിടത്തും സംഘത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനും ഭരണസമിതിയിലെ രണ്ട് അംഗങ്ങളും പുറത്തുനിന്നുള്ള എക്സ്പീരിയൻസ്ഡ് ആയിട്ടുള്ള ഒരു വാല്യുവേറ്ററും ചേർന്ന ഒരു സമിതി വാല്യുവേഷൻ നടത്തി വായ്പ നൽകണം. അങ്ങനെ വായ്പ കൊടുക്കുമ്പോൾ അതിന്റെ നിബന്ധനകൾ കൃത്യമായി പാലിക്കുകയും ഭാവിയിൽ ഇതുസംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടി സ്വീകരിക്കുകയും ചെയ്യണം. മറ്റൊന്ന്, ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ചില സംഘങ്ങളിൽ ആരംഭിച്ചുകഴിഞ്ഞുവെന്ന് അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അത് ശരിയാണ്. ഒരു സ്വകാര്യ കമ്പനിക്കാരൻ ഒരു സോഫ്റ്റ്‌വെയർ സംവിധാനവുമായി വരുമ്പോൾ സംഘത്തിലെ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഭരണസമിതിയിലെ ഒരംഗത്തിനോ അവരുമായി ബന്ധമുണ്ടായിരിക്കും. മിക്കവാറും സംഘത്തിലെ ഒരു ഉദ്യോഗസ്ഥനുണ്ടാകും; അവരെ പഠിപ്പിക്കും.

പക്ഷെ ആ സോഫ്റ്റ്‌വെയറിലുള്ള പല കാര്യങ്ങളും മറ്റുള്ള ആളുകൾക്ക് അറിയാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ അത് കൈകാര്യം ചെയ്യുന്ന രീതിയിൽ ധാരാളം കള്ളക്കളികൾ പല സംഘങ്ങളിൽനിന്നും കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ കണ്ടെത്തിയപ്പോഴാണ് പബ്ലിക് സെക്ടറുമായി ബന്ധപ്പെട്ട് ഒരു ഏകീകൃത സംവിധാനമുണ്ടാകേണ്ടത് അനിവാര്യമാണെന്ന് തീരുമാനിച്ചത്. രാജ്യത്തെ മുഴുവൻ സഹകരണ സംഘങ്ങൾക്കും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സ്വന്തമായി ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് കേന്ദ്ര സർക്കാരിനോട് സംസാരിച്ചപ്പോൾ അവർ ഇനി അവരുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് ഇൻസിസ്റ്റ് ചെയ്യുന്നില്ലെന്നും നമ്മുടെ സോഫ്റ്റ്‌വെയറുമായി മുന്നോട്ടുപോകണമെന്നുമുള്ള അഭിപ്രായമാണ് രേഖപ്പെടുത്തിയത്. അങ്ങനെ ഏകീകൃത സോഫ്റ്റ്‌വെയർ ഫലപ്രദമായി കൊണ്ടുവരുന്നത് സംബന്ധിച്ച് കാബിനറ്റിൽ ചർച്ച ചെയ്യുകയും ചില നിർദ്ദേശങ്ങൾ കൊണ്ടുവരികയും ചെയ്തു.

മറ്റൊന്ന്, ചില സംഘങ്ങളിലെങ്കിലും ഭരണസമിതി അംഗങ്ങളും ജീവനക്കാരും ഈ തട്ടിപ്പിന്റെ ഭാഗമായി മാറും. ആയതിനാലാണ് എല്ലാ വാർഷിക ജനറൽ ബോഡികളിലും ഭരണസമിതി അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും ബാങ്കുമായി ബന്ധപ്പെട്ട ബാധ്യതകൾ കൊണ്ടുവരണമെന്ന നിർദ്ദേശം സർക്കാർ മുന്നോട്ടുവച്ചത്. തട്ടിപ്പുകൾ നേരിട്ട് ജനറൽ ബോഡിക്ക് പരിശോധിക്കാവുന്നതാണ്. അത് പറയാൻ കാരണം, ചില സംഘങ്ങളിൽ ജി.ഡി.സി.എസ്. (ഗ്രൂപ്പ് ഡിപ്പോസിറ്റ് ക്രെഡിറ്റ് സ്കീം) അനുവദിച്ചു. പ്രസ്തുത സ്കീം അനുവദിച്ചപ്പോൾ ചില സംഘങ്ങളിൽ ജീവനക്കാരോ അവരുടെ ബന്ധുക്കളോ പങ്കിട്ടെടുക്കും. ചില സംഘങ്ങളിൽ ഭരണസമിതിയംഗങ്ങൾ/സഹകാരികൾ പങ്കിട്ടെടുക്കും. അങ്ങനെ വരുമ്പോൾ പുറത്താർക്കും അധികം കൊടുക്കാനുണ്ടാകില്ല. ആദ്യത്തെ നറുക്ക് വീണാൽ അതിനെ പലിശയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള സംഭവങ്ങൾ ചില സ്ഥലങ്ങളിൽ കണ്ടുപിടിച്ചിട്ടുണ്ട്. അതുകൊണ്ട് അതൊന്നും വരാതിരിക്കാൻ സഹായിക്കുന്ന തരത്തിലാണ് ജനറൽ ബോഡിയിൽ സംഘവുമായി ബന്ധപ്പെട്ട അവരുടെ ബാധ്യതകൾ കൃത്യമായി

റിപ്പോർട്ട് ചെയ്യുണമെന്ന നിർദ്ദേശം കൊണ്ടുവന്നത്. കൂടാതെ ഓഡിറ്റ് കഴിഞ്ഞ് ന്യൂനതകൾ ചൂണ്ടിക്കാണിച്ചാൽ അത് റെക്റ്റിഫൈ ചെയ്ത് 15 ദിവസത്തിനകം റിപ്പോർട്ട് രജിസ്ട്രാർക്ക് നൽകണമെന്നാണ് നിബന്ധനയുള്ളത്. ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ, സർക്കാരിലേയ്ക്ക് വീണ്ടും അധികാരം കേന്ദ്രീകരിക്കുന്ന രൂപമുണ്ടെന്ന് പറഞ്ഞത് ലിഫ്റ്റ് ചെയ്തിട്ടുണ്ട്. ആദ്യം അത്തരത്തിലുള്ള പ്രൊപ്പോസൽ വന്നിരുന്നുവെങ്കിലും രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഐ.എ.എസ്. ഉദ്യോഗസ്ഥൻ) തന്നെ ഹെഡ് ഓഫ് ദി ഇൻസ്റ്റിറ്റ്യൂഷൻ എന്ന തരത്തിൽ സംസാരിച്ച് ധാരണയാക്കി, അപ്പീൽ കേൾക്കുന്നത് മാത്രം സർക്കാരിലേയ്ക്ക് പോകുമെന്ന് മാറ്റി ചെയ്തിട്ടുണ്ടെന്ന കാര്യം സൂചിപ്പിക്കുകയാണ്. ഇതുസംബന്ധിച്ച ക്രിയാത്മക നിർദ്ദേശം അംഗീകരിക്കുന്നു.

മറ്റൊന്ന്, റിസർവേഷൻ പോളിസിയുമായി ബന്ധപ്പെട്ട് ശ്രീ. പി. അബ്ദുൽ ഹമീദ് സൂചിപ്പിച്ച കാര്യമാണ്. പി.എസ്.സി. ആപ്ലിക്കബിളായിട്ടുള്ള എല്ലാ അപെക്സ് സഹകരണ സംഘങ്ങളിലും റിസർവേഷൻ പോളിസി പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. നിലവിൽ പ്രാഥമിക സഹകരണ

സംഘങ്ങളിൽ എസ്.സി./എസ്.ടി., ഭിന്നശേഷി എന്നീ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ ഇനി ഏതെങ്കിലും വിഭാഗത്തിന്റെ സംവരണം നടപ്പാക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ച് അതിന്റെ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കാവുന്നതാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ആ ആശയത്തോട് യോജിക്കുകയാണെങ്കിലും ഇപ്പോൾ നടപ്പാക്കാൻ സാധിക്കുന്ന പ്രായോഗിക രൂപത്തെ സംബന്ധിച്ച് പഠിക്കാതെ പെട്ടെന്ന് പ്രഖ്യാപിക്കാൻ സാധിക്കില്ല. കേരള ബാങ്കും കാർഷിക വികസന ബാങ്കും ഉൾപ്പെടെയുള്ള സഹകരണ മേഖലയിലെ അപെക്സ് ബോഡികളിൽ റിസർവേഷൻ പോളിസിക്ക് തുടക്കം കുറിച്ചുവെന്ന കാര്യവും സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: എസ്.സി./എസ്.ടി., ഭിന്നശേഷി വിഭാഗക്കാർക്ക് എത്ര ശതമാനം റിസർവേഷനാണ് ഏർപ്പെടുത്തിയിരിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രൈമറി സംഘങ്ങളിൽ ഭിന്നശേഷിക്കാർക്ക് നാലും എസ്.സി./എസ്.ടി. വിഭാഗത്തിന്

1/10 എന്നിങ്ങനെയാണ് റിസർവേഷൻ ശതമാനം. ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിലും മുഖം നോക്കാതെ നടപടി എടുക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് ഒരു ദാക്ഷിണ്യവും കാണിക്കില്ല. നിങ്ങൾക്ക് അറിയാം, കരുവന്നൂർ പ്രശ്നമുണ്ടായപ്പോൾ ആ ബോർഡിനെ പിരിച്ചുവിടുകയും അവിടത്തെ ജീവനക്കാരെ സസ്പെന്റ് ചെയ്ത് എല്ലാവരുടെയും പേരിൽ ക്രിമിനൽ കേസും വിജിലൻസ് കേസും കൊടുക്കുകയും ചെയ്തതാണ്. ഇപ്പോൾ ഒരു ദാക്ഷിണ്യവുമില്ലാതെ അവരുടെ 125 കോടി രൂപ കണ്ടുകെട്ടാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ മുഖംനോക്കാതെ എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ വ്യത്യാസമില്ലാതെ നടപടി സ്വീകരിക്കുന്നതാണ്. ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ വിമർശനം ഒരു സൃഷ്ടിപരമല്ലാതെ അസ്വസ്ഥതയുണ്ടാകാൻ കാരണം നല്ല സ്വരത്തിൽ പാടിക്കൊണ്ടിരിക്കുമ്പോൾ ഒരു അപസ്വരം കയറിവന്നാലുണ്ടാകുന്ന അസ്വസ്ഥതയാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. അതിൽ മനസ്സിലാക്കേണ്ടത്, എത്രയോ മനോഹരമായി, നല്ല വിമർശനങ്ങളുയർത്തിയാണ് മറ്റംഗങ്ങൾ ഇവിടെ സംസാരിച്ചത്. എന്തുകൊണ്ടാണ് ഡോ. മാത്യു കുഴൽനാടന് അത് കഴിയാത്തത്? ശ്രീ.

രമേശ് ചെന്നിത്തല കരുവന്നൂർ ബാങ്കിന്റെ കാര്യം മാത്രമല്ല, യു.ഡി.എഫ്. ഭരിക്കുന്ന സംഘങ്ങളിലെ കാര്യവും സൂചിപ്പിച്ചു. പുൽപ്പള്ളിയിലെ കേസ് എടുത്താൽ, കെ.പി.സി.സി. സെക്രട്ടറി എത്ര ദിവസം അകത്തായിരുന്നു. ഞങ്ങളാരും അത് പറഞ്ഞില്ലല്ലോ? സഹകരണ മേഖല എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ വ്യത്യാസമില്ലാതെ പ്രത്യയശാസ്ത്രങ്ങളുടെ വ്യത്യസ്തതകൾക്കും കൊടിയുടെ നിറങ്ങൾക്കുമപ്പുറം സഹകാരി സമൂഹം ഒറ്റക്കെട്ടായി നിൽക്കുക എന്ന ബോധം പണ്ടുമുതൽക്കേ കേരളത്തിൽ പൊതുവിലുണ്ട്. ഇപ്പോഴും അത് പ്രകടിപ്പിച്ചുകൊണ്ട് യോജിച്ചാണ് മുന്നോട്ടുപോകുന്നത്. യഥാർത്ഥത്തിൽ ഈ ബില്ലിന്റെ കമ്മിറ്റിയും ആ രൂപത്തിലാണ് മുന്നോട്ടുപോയത്. ഒരു തരത്തിലും ഒരു അപസ്വരമുണ്ടായില്ല. പക്ഷേ ഈ സഭയിൽ വന്നപ്പോൾമാത്രം ഡോ. മാത്യു കുഴൽനാടനിൽനിന്ന് ഒരു അപസ്വരം ഉയർന്നുവന്നു. അതേസമയം പുൽപ്പള്ളി, പുത്തൂർ, മാവേലിക്കര എന്നിവിടങ്ങളിലുള്ള സംഘങ്ങളിലെ കേസുകൾ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ ആ വിമർശനം സൃഷ്ടിപരമാകുമായിരുന്നു. പാർഷ്യലോ പൊളിറ്റിക്കലോ ആകുമായിരുന്നില്ല. ശ്രീ. രമേശ് ചെന്നിത്തല ഇതെല്ലാം കൂട്ടിച്ചേർത്താണ് സംസാരിച്ചത്. തട്ടിപ്പുകൾ എല്ലായിടത്തും

വരുന്നത് അപകടകരമാണെന്ന് അദ്ദേഹം പറഞ്ഞു. ഇങ്ങനെയാണ് ഇക്കാര്യത്തിൽ സൃഷ്ടിപരമായ വിമർശനം ഉയർന്നുവരേണ്ടത്. മറ്റ് ദുരുദ്ദേശങ്ങളോടെ ഉന്നയിക്കുമ്പോഴാണ് അത് ബില്ലിന്റെ ഭാഗമല്ലാതെയായി മാറുന്നതും ബഹുമാനപ്പെട്ട സ്പീക്കർക്ക് അതിൽ ഇടപെടേണ്ടി വരുന്നതും. ശ്രീ. സണ്ണി ജോസഫ് ഇപ്പോൾ സഭയിലില്ല, അദ്ദേഹം ചൂണ്ടിക്കാണിച്ച രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, സഹകരണ ജനാധിപത്യത്തിന്റെ വിശ്വാസ്യതയെ അപകടപ്പെടുത്തുന്ന ചില ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ മണ്ഡലത്തിലുണ്ടായത് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയൊരു കാര്യം ഇപ്പോഴാണ് കേൾക്കുന്നത്. അത് പരിശോധിച്ചതിനുശേഷം മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളൂ. അദ്ദേഹം പറഞ്ഞതുപോലെയാണെങ്കിൽ അത് എന്താണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കും. എന്താണെന്ന് പരിശോധിച്ചതിനുശേഷം വസ്തുത മനസ്സിലാക്കി അക്കാര്യത്തെ സംബന്ധിച്ച് അദ്ദേഹത്തിന് വ്യക്തമായ മറുപടിയും കൊടുക്കാവുന്നതാണ്. തൊടുപുഴയിലും ഇതുപോലെ ഒരു സംഭവമുണ്ടായി. കാർഡുകളും മറ്റും പിടിച്ചെടുത്ത് കേസെടുക്കുന്ന തരത്തിൽ ഒറ്റപ്പെട്ട സംഭവമുണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള സംഭവങ്ങൾ നടന്നിട്ടുണ്ട്

എന്ന കാര്യംകൂടി തിരിച്ചറിയുന്നത് നല്ലതാണ്. പിന്നീട് ഇവിടെ സൂചിപ്പിച്ച കാര്യം, അപെക്സ് ബാങ്കായ കേരള ബാങ്ക് ഇന്ന് ഉയർന്ന നിലയിൽതന്നെയാണ് പ്രവർത്തിക്കുന്നത്. ഒരുപക്ഷേ, കേരളബാങ്ക് രൂപീകരിച്ചില്ലായിരുന്നെങ്കിൽ പല ജില്ലാ ബാങ്കുകളും ഉണ്ടാകുമായിരുന്നില്ല. അത്രത്തോളം വലിയ രൂപത്തിലുള്ള ബാധ്യതകളിൽ എത്തിച്ചേർന്ന ജില്ലാ ബാങ്കുകളുണ്ടായിരുന്നു. അവ ഏതൊക്കെയാണെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ അതിന്റെയെല്ലാം പോരായ്മകൾ പരിഹരിച്ച് 2200 കോടി രൂപയുടെ നെറ്റ് ലോസ് ഉണ്ടായിരുന്നത് 600-ൽ താഴെയാക്കി കൊണ്ടുവരാൻ കഴിഞ്ഞു. കേരള ബാങ്ക് രൂപീകരിച്ചതിനുശേഷമുള്ള എല്ലാ വർഷവും ലാഭത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ന്യൂജെൻ ബാങ്കുകളോടൊപ്പം മത്സരിക്കാൻ കഴിയുന്ന വിധത്തിൽ വരുമെന്നുപറഞ്ഞത് യാഥാർത്ഥ്യമായില്ലെന്ന് അങ്ങയുടെ ഒരു സൃഷ്ടിപരമായ വിമർശനമുണ്ട്. അത് എന്താണെന്ന് പരിശോധിക്കാം. പക്ഷേ 13% പലിശയാണ് എല്ലാ വായ്പയ്ക്കുമെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. സബ്സിഡിയോടുകൂടി 4% വരെ വായ്പ കൊടുക്കുന്നതുമുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം; കൂട്ടിക്കൽ ദുരന്തമുണ്ടായപ്പോൾ അവിടത്തെ കച്ചവടക്കാരുടെ പീടികയെല്ലാം

ഒലിച്ചുപോയി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ സന്ദർശിച്ചിരുന്നു. അവിടത്തെ കച്ചവടക്കാരെല്ലാം കച്ചവടം പുനരാരംഭിക്കുവാനായി കേരള ബാങ്കിൽനിന്ന് എന്തെങ്കിലും ചെയ്യണമെന്നാവശ്യപ്പെട്ട് എന്നെ സമീപിച്ചതാണ്. ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും അറിയാവുന്നതാണ്. ഞാൻ ഇതിൽ ഇടപെട്ട് കേരള ബാങ്കുകാരെ വിളിച്ചുവരുത്തി. ഒരു ഈടും കൂടാതെ എല്ലാവർക്കും 5 ലക്ഷം രൂപ വീതം രണ്ട് വർഷത്തിനുശേഷം തിരിച്ചടയ്ക്കാൻ തുടങ്ങിയാൽ മതിയെന്ന വ്യവസ്ഥയിൽ ചെറിയ പലിശയ്ക്ക് വായ്പ നൽകിയത് കേരള ബാങ്കാണ്. മറ്റൊരു ബാങ്കും ഇതിനായി മുന്നോട്ടുവന്നില്ല. അത്തരത്തിലുള്ള ധാരാളം സംഭവങ്ങളുണ്ട്. സഹകരണ മേഖലയിൽ ചെയ്യുന്ന അത്തരം കാര്യങ്ങളെ കുറച്ചുകാണരുത്. 13% പലിശ ഈടാക്കുന്നത് ഏത് തരത്തിലുള്ള വായ്പയാണെന്ന് പരിശോധിച്ചു പറയാം. കേന്ദ്രവുമായി ബന്ധപ്പെട്ട വിമർശനങ്ങൾ ഇവിടെ ഉയർത്തിക്കൊണ്ടുവന്നു. അത് ശരിയാണ്. കേന്ദ്രഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലുകളും ചില നയങ്ങളും ഈ മേഖലയെ തകർക്കാനായി ലക്ഷ്യംവയ്ക്കുന്നുണ്ട്. ശ്രീ. പി. അബ്ദുൽ ഹമീദ് ഇവിടെ സൂചിപ്പിച്ചത് 'നമുക്കുമേലെ

വേതാളക്കഴുകനെപ്പോലെ വട്ടമിട്ട് പറക്കുന്ന ചില കൂട്ടർ' എന്ന രീതിയിലാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കടന്നുവരുന്നതിനെ നല്ല രീതിയിൽ നിരുത്സാഹപ്പെടുത്താൻ കഴിയണം. അതിനൊരു നിക്ഷേപ ഗ്യാരണ്ടിയില്ല, ആ നിക്ഷേപത്തിന് ഒരു തരത്തിലുള്ള സുരക്ഷിതത്വവുമില്ല. മാത്രമല്ല ആ നിക്ഷേപത്തിന് തോന്നുന്നതുപോലെയാണ് പലിശയും തോന്നുന്നതുപോലെ വായ്പയുമാണുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ന്യൂജെൻ ബാങ്കുകളെപ്പോലും അതിശയിപ്പിക്കത്തക്ക നിലയിലാണ് കേരള ബാങ്കിന്റെ എ.ടി.എം. ഇടപാടുകാരിൽനിന്ന് പണം ഈടാക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമോ? ഇക്കാര്യത്തിൽ ധാരാളം പരാതികൾ വരുന്നുണ്ട്.

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അവിടെ കോമൺ സോഫ്റ്റ്‌വെയറുണ്ടാക്കി ന്യൂജെൻ ബാങ്കിനോടൊപ്പം മൽസരിക്കാൻ കഴിയുന്ന രൂപത്തിൽ എ.ടി.എം., മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ആരംഭിച്ചത് അടുത്ത കാലത്താണ്. എ.ടി.എം. ഇടപാടിന് ഏതെങ്കിലും തരത്തിൽ കൂടുതൽ

പൈസ ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ചതിനുശേഷം പറയാം. അങ്ങനെയൊരു പരാതി ഇതുവരെ വന്നിട്ടില്ല, അങ്ങനെയുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. കേന്ദ്രവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ, സംസ്ഥാനത്തിന് യോജിക്കാൻ കഴിയാത്ത രൂപത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ വലിയ രൂപത്തിലുള്ള വരവുണ്ടായിരിക്കുകയാണ്. കേരളത്തിൽ ഇപ്പോൾതന്നെ 33 എണ്ണം കേന്ദ്രവുമായി രജിസ്റ്റർ ചെയ്യുകയും മറ്റ് സംസ്ഥാനങ്ങളിൽനിന്നും 68 ശാഖകൾ ഇവിടെവന്ന് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. വിവിധ ശാഖകളുമായി ബന്ധപ്പെട്ട് ഒരുതരത്തിലുള്ള മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പ കൊടുക്കുകയും ചെയ്യുന്നുണ്ട്. ആ നിക്ഷേപം ഒട്ടും സുരക്ഷിതത്വമില്ലാത്തതാണെന്ന കാര്യം കൃത്യമായി സഹകാരികളിലേയ്ക്ക് കാമ്പയിൻ നടത്തി അറിയിക്കുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച നിക്ഷേപ ഗ്യാരന്റി സ്കീമുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ 5 കോടി രൂപയാക്കി അതിന്റെ പരിധി ഉയർത്തിയിട്ടുണ്ട്. അതിന്റെ കാര്യങ്ങൾ തീരുമാനമായി നടപ്പാക്കിവരികയാണ്. അതുപോലെ പുനരുദ്ധാരണ പദ്ധതിയെന്ന രൂപത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് സംബന്ധിച്ച് ഇവിടെ

സൂചിപ്പിച്ചതുപോലെ അഗ്രിക്കൾച്ചർ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് ഇങ്ങോട്ട് വകമാറ്റുകയില്ല, ആവശ്യമായി വരുന്നപക്ഷം കേരള ബാങ്ക് ഈടാക്കുന്ന പലിശ ഇവിടെനിന്നും കൊടുത്തുകൊണ്ട് വയബിളായിട്ടുള്ള പ്രോജക്ട് കിട്ടുന്ന സംഘങ്ങൾക്ക് കൊടുക്കുക എന്നുള്ളതാണ്. അല്ലാതെ ആ ഫണ്ട് ഇവിടേയ്ക്ക് മാറ്റിയെടുത്ത് അത് ഡെഡ് മണിയാക്കി പലിശ മറ്റൊരുവിധത്തിലേയ്ക്ക് കൊടുക്കേണ്ട ഗതികേടിലേയ്ക്ക് വരുമെന്നാണ് ഉദ്ദേശിച്ചതെങ്കിൽ അങ്ങനെയല്ല അതിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഉള്ളടക്കം കൃത്യമായി വായിച്ചാൽ മനസ്സിലാകും. ശ്രീ. മോൻസ് ജോസഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച് നേരത്തെ ഒരു മറുപടിയിലൂടെ ഞാൻ കൃത്യമായി സൂചിപ്പിച്ചതാണ്. ശ്രീമതി കെ. കെ. രമ സംസാരിച്ചപ്പോൾ കരുവന്നൂരുകാരുടെ ഒരു പൈസയും കിട്ടിയില്ലെന്ന് പറഞ്ഞത് ശരിയല്ല. ഇപ്പോൾ കരുവന്നൂരിൽ 105 കോടി രൂപയുടെ നിക്ഷേപം പുനഃക്രമീകരിച്ചിട്ടുണ്ട്. അത് ചെറിയകാര്യമല്ല, ഗവൺമെന്റിന്റെയും സഹകരണ വകുപ്പിന്റെയും ഇടപെടലിന്റെ ഫലമായി നടന്നതാണ്. അതിൽ മരിച്ചവരുടെ വീട്ടിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ മന്ത്രിയെ

കൊണ്ടുതന്നെ അവർക്ക് നേരിട്ട് പണം കൊടുപ്പിക്കുകയും ചെയ്തു. അതുസംബന്ധിച്ച് ശ്രീ. എൻ. കെ. അക്ബർ ഇവിടെ പറഞ്ഞു. ഇക്കാര്യത്തിൽ പുനരുദ്ധാരണ പദ്ധതികൾ എത്രത്തോളം വിജയകരമായിട്ടുണ്ടെന്ന് മനസ്സിലാക്കാം. ഇപ്പോൾ അവിടെ സ്വർണ്ണപ്പണയം ആരംഭിച്ചിട്ടുണ്ട്. 24 കോടി രൂപയുടെ വായ്പാതിരിച്ചടവും വന്നിട്ടുണ്ടെന്നാണ് ഇന്ന് വന്നിട്ടുള്ള മെസ്സേജ്. അതായത് സാധാരണഗതിയിൽ സംഘം പ്രവർത്തിച്ചുതുടങ്ങിയിരിക്കുകയാണ്. അതിനുശേഷമാണ് ഇവിടെ സൂചിപ്പിച്ച മറ്റ് സംഭവങ്ങളെല്ലാം നടന്നത്. അതേസമയം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അക്കാര്യത്തിൽ കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സംഘത്തിന്റെ കാര്യം മാത്രമല്ല സൂചിപ്പിച്ചത്, ഇവിടെ എടുത്തുപറഞ്ഞ പുൽപ്പള്ളി സംഘത്തിൽ ഇതിനേക്കാൾ വലിയ തട്ടിപ്പല്ലേ നടന്നത്? ഒരാൾ ആത്മഹത്യ ചെയ്യേണ്ടിവന്നതെന്തുകൊണ്ടാണ്? അദ്ദേഹം അറിയാതെ അദ്ദേഹത്തിന്റെ പേരിൽ 8 കോടിയിൽപ്പരം രൂപ വായ്പയെടുത്തു. അവസാനം ആത്മഹത്യയിലേയ്ക്കുപോയി. അത്തരത്തിലുള്ള സംഭവങ്ങളെ നമുക്കാർക്കും നീതീകരിക്കാൻ കഴിയുന്നതല്ല. അത് യു.ഡി.എഫ്. ചെയ്താലും

എൽ.ഡി.എഫ്. ചെയ്താലും തെറ്റ് തെറ്റാണെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇതുപറയുമ്പോൾ ഈ കാര്യങ്ങൾകൂടി കണ്ട് പൊതുവിൽ വരുന്ന വീഴ്ചകൾ ചൂണ്ടിക്കാണിച്ച് നന്നാക്കാൻ വേണ്ടി നോക്കണം. വസ്ത്രം അലക്കുന്നത് അതിലെ ചെളി പോകാനായിരിക്കണം, മറിച്ച് അത് കീറാനായിരിക്കരുത്. സംഘത്തെ തകർക്കുന്ന രീതിയിൽ അതിനെ ആക്രമിച്ച് മാറ്റുന്നതിനുപകരം അവിടത്തെ പിശക് എന്താണെന്ന് ചൂണ്ടിക്കാണിച്ച് അക്കാര്യങ്ങളെ സംബന്ധിച്ച് നടപടി സ്വീകരിച്ചുപോകുന്ന ശൈലിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കാറുള്ളത്. സംസ്ഥാനത്ത് പൊതുവിൽ പരിശോധനകളും മറ്റുകാര്യങ്ങളും കൃത്യമായി നടന്നുവരുന്നുണ്ട്. ഈ ബിൽ പൊതുവിൽ വായിക്കാത്തതുകൊണ്ടും ബില്ലിന്റെ ഉള്ളടക്കങ്ങളിലേയ്ക്ക് പൂർണ്ണമായും പോകാത്തതുകൊണ്ടുമാണ് ചില പ്രശ്നങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കേണ്ടി വന്നത്. കൃത്യമായി വായിച്ച അംഗങ്ങളിൽനിന്നും ചില നിർദ്ദേശങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ട്.

2021-ൽ 38/2021 ആയി പ്രസിദ്ധീകരിച്ച സഹകരണ നിയമം ഭേദഗതി ബില്ലിന്മേലുള്ള നടപടി പൂർത്തിയാകാത്തതിനാൽ പ്രസ്തുത ബില്ലിലെ വ്യവസ്ഥകൂടി ഈ ഭേദഗതി നിയമത്തിന്റെ ഭാഗമായി വ്യവസ്ഥ 15 ആയി

ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാര്യം നേരത്തെ റിപ്പോർട്ട് ചെയ്തതാണ്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതിക്ക് വിധേയമായി അർബൻ ബാങ്കുകളിലെ വ്യക്തിഗത അംഗങ്ങളുടെ ഓഹരി മൂലധനം അടച്ചുതീർത്ത ആകെ ഓഹരി മൂലധനത്തിന്റെ പരമാവധി 5 ശതമാനമായി നിജപ്പെടുത്തുന്നതിനുള്ള ഭേദഗതി സഹകരണ നിയമം വകുപ്പ് 22 ഉപവകുപ്പ് എന്നതിനുശേഷം ക്ലിപ്തനിബന്ധനയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല സൂചിപ്പിച്ച ഫെഡറൽ സഹകരണ സംഘത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴുണ്ടാക്കിയ ഭേദഗതിയല്ല, അത് നേരത്തെയുണ്ടാക്കിയതാണ്. അത് 25 ശതമാനത്തിന് കൂടുതൽ അധികരിച്ചുവന്നാൽ വ്യക്തികൾ കൊണ്ടുപോകും. ഫെഡറൽ സഹകരണസംഘത്തിന് സംഘങ്ങളുടെ അംഗബലത്തോടുകൂടി എന്നാൽ വ്യക്തികൾക്ക് അവരുടെ ഷെയർ ക്യാപ്പിറ്റലാകാം, പല രൂപത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാം എന്നുള്ളതാണ്. ചില സ്ഥലത്തെങ്കിലും സഹകരണ സംഘത്തിന്റെ ലാഭമെടുത്ത് മറ്റ് കമ്പനികൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. എന്നിട്ട് ആ കമ്പനിയെ പ്രൊമോട്ട് ചെയ്യുകയും സഹകരണസംഘം പതുക്കെപതുക്കെ പിന്നോട്ടുപോകുകയും ചെയ്യും.

ലാഭത്തെ സംബന്ധിച്ച് ഓഡിറ്റുകാർക്ക് ഇടപെടാനോ പ്രവർത്തനത്തെ സംബന്ധിച്ച കണക്ക് പരിശോധിക്കാനോ കഴിയില്ല. ഒരു തരത്തിലും ഡിപ്പാർട്ടുമെന്റിന് ഇടപടാൻ കഴിയാത്ത വിധത്തിലാണ് കമ്പനിയാക്കി രജിസ്റ്റർ ചെയ്ത് മുന്നോട്ടുപോകുന്നത്. അത് തെറ്റായൊരു പ്രവണതയാണ്. അത് ഭാവിയിലുണ്ടാകരുതെന്നാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതൊക്കെ അംഗീകരിച്ചുകൊണ്ടും ഇനിയങ്ങനെ വരുന്നതിനെ സംബന്ധിച്ച് ബോധ്യവുമുണ്ടാകണം.

നിയമനത്തിന്റെയും കാലാവധിയുടെയും കാര്യങ്ങൾ ഞാൻ നേരത്തെ സൂചിപ്പിച്ചു. അങ്ങനെ എല്ലാ അർത്ഥത്തിലും നല്ല രൂപത്തിൽ ഈ കാലഘട്ടത്തിൽ സഹകരണമേഖല അഭിമുഖീകരിക്കുന്ന പലതരത്തിലുള്ള പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പര്യാപ്തമായ രൂപത്തിലുള്ള ഏതാണ്ട് 57- ഓളം ഭേദഗതികളാണ് ഈ ബില്ലിൽ ശിപാർശ ചെയ്തിട്ടുള്ളത്. അത് ഈ അർത്ഥത്തിൽ കൊണ്ടുവരാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും വിലപ്പെട്ട നിർദ്ദേശങ്ങൾ, നിയമസഭാ സെക്രട്ടേറിയറ്റിന്റെ നല്ല ഇടപെടലുകൾ, 15 കമ്മിറ്റിയംഗങ്ങൾ, സംസ്ഥാനത്ത് വിവിധ മേഖലകളിൽ സിറ്റിംഗ് നടത്തിയപ്പോൾ

സഹകാരികൾ, നിയമജ്ഞർ, ജീവനക്കാർ തുടങ്ങിയവരിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ, ബഹുമാനപ്പെട്ട സ്പീക്കർ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് അനുവദിച്ചുകൊണ്ട് ഒരുക്കിയ സൗകര്യങ്ങൾ, അങ്ങനെ എല്ലാ നിലയിലും ഈ ബിൽ കുറ്റമറ്റതാക്കി കൊണ്ടുവരാൻവേണ്ടി പ്രയത്നിച്ചവർക്കും 2022 ഡിസംബർ 12-ന് നിയമസഭയിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുവിട്ട ബിൽ പലരൂപത്തിലുള്ള പ്രതിസന്ധികളെയെല്ലാം അതിജീവിച്ച് സംസ്ഥാനത്തിന്റെ 14 ജില്ലകളിലും സിറ്റിംഗ് നടത്തി, മഹാരാഷ്ട്രയിൽ പോയി ചർച്ച ചെയ്ത് കൊണ്ടുവന്ന ഈ ബില്ലിനെ പൊതുവിൽ എല്ലാവരും സ്വാഗതം ചെയ്തു. അവരോടെല്ലാം ഹൃദ്യമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. കെ. അക്ബർ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള സഹകരണ സംഘ മൂന്നാം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Minister of Co-operation and Registration (Shri V.N. Vasavan):

Sir, I move the following amendment as official amendment.

796. Clause 2 (viii) shall be deleted and the remaining shall be renumbered accordingly.

Shri Kadakampally Surendran: Sir, I move the following amendments.

135. In section 2(ab) proposed to be inserted in the principal Act by Clause 2(i), for the word " It" the words " and it" shall be substituted.

179. In section 2(dc) proposed to be inserted in the principal Act by Clause 2(iii), the word "formed" shall be deleted.

Dr. N. Jayaraj: Sir, I move the following amendments.

136. In section 2(ab) proposed to be inserted in the principal Act by Clause 2(i), after the word " It" the word " also" shall be inserted.

143. In section 2(ab) proposed to be inserted in the principal Act by Clause 2(i), for the word " computerized" the words " maintained through software" shall be substituted.

147. In section 2(ad) proposed to be inserted in the principal Act by Clause 2(ii), after the word "including" the word "its" shall be inserted.

152. In section 2(ad) proposed to be inserted in the principal Act by Clause 2(ii), for the words "books and" the words "books of" shall be substituted.

155. In section 2 (ad) proposed to be inserted in the principal Act by Clause 2(ii), after the words "records" the words "of business" shall be inserted.

173. In section 2(db) proposed to be inserted in the principal Act by clause 2(iii) for the words "solution that covers" the words "tool that supports" shall be substituted.

175. In section 2(db) proposed to be inserted in the principal Act by Clause 2(iii), before the word "functions" the word "business" shall be inserted.

176. In section 2(db) proposed to be inserted in the principal Act by clause 2(iii) for the words "primary agricultural credit societies", the words "Primary Agricultural Credit Societies" shall be substituted.

181. In section 2(dc) proposed to be inserted in the principal Act by Clause 2(iii), after the word "formed" the symbol "," shall be inserted.

192. In section 2(dc) proposed to be inserted in the principal Act by Clause 2(iii) for the word "purpose" the word "purposes" shall be substituted.

193. In section 2(dc) proposed to be inserted in the principal Act by Clause 2(iii), before the word "State" the word "the" shall be inserted.

195. In section 2(ib) proposed to be substituted by Clause 2(iv) before the word "district", the word "revenue" shall be inserted.

197. In section 2(ib) proposed to be substituted in the principal Act by clause 2(iv) for the words "twenty five" the words and symbol "twenty-five" shall be substituted.

206. In the proviso to section 2(ib) proposed to be substituted in the principal Act by Clause 2(iv), for the words, symbols and figures "the Kerala Co-operative Societies (Amendment) Act, 2023" the words "this Act" shall be substituted.

207. In section 2(oaa) proposed to be substituted in the principal Act by Clause 2(v), for the words and symbols "service co-operative society" the words and symbol "Service Co- operative Society" shall be substituted.

208. In section 2(oaa) proposed to be substituted in the principal Act by Clause 2(v), before the words and symbols "service co-operative bank," the letter "a" shall be inserted.

211. In section 2(oaa) proposed to be substituted in the principal Act by Clause 2(v), for the words and symbols “ service co-operative bank,” the words and symbols “ Service Co-operative Bank,” shall be substituted.

212. In section 2(oaa) proposed to be substituted in the principal Act by Clause 2(v), for the words and symbols “ farmers’ service co-operative bank” the words and symbols “ Farmers’ Service Co-operative Bank” shall be substituted.

213. In section 2(oaa) proposed to be substituted in the principal Act by Clause 2(v), for the words “ rural bank” the words “ Rural Bank” shall be substituted.

218. In section 2(oaa) proposed to be substituted in the principal Act by Clause 2(v) before the word “ principal” the word “ the” shall be inserted.

224. In section 2(oaa) proposed to be substituted in the principal Act by Clause 2(v) after the words “ advances and” the word “ the” shall be inserted.

227. In the proviso to section 2(oaa) proposed to be substituted I n the principal Act by Clause 2(v) after the word “ existence” the word “ as” shall be inserted.

233. In section 2(ob) proposed to be substituted in the principal Act by Clause 2(vi), after the words “ other than” the letter “ a” shall be inserted.

234. In section 2(ob) proposed to be substituted in the principal Act by Clause 2(vi), before the words " principal " the word " the" shall be inserted.

236. In section 2(ob) proposed to be substituted in the principal Act by Clause 2(vi), for the word " deposit" the word " deposits" shall be substituted.

242. In section 2(od) proposed to be substituted in the principal Act by Clause 2(vii), after the words " more than one" the word " revenue" shall be inserted.

243. In section 2(od) proposed to be substituted in the principal Act by Clause 2(vii), after the word " other" the word and symbol " co-operative" shall be inserted.

244. In section 2(od) proposed to be substituted in the principal Act by Clause 2(vii), before the words " State Government" the word " the" shall be inserted.

245. In section 2(od) proposed to be substituted in the principal Act by Clause 2(vii), before the word " Local" the word " the" shall be inserted.

246. In section 2(od) proposed to be substituted in the principal Act by Clause 2(vii), after the words " Self Government" the words " of that area" shall be inserted.

252. In section 2(qbb) proposed to be inserted in the principal Act by Clause 2(x), for the brackets and letters “ (qbb)” the brackets and letters “ (qba)” shall be substituted.

258. In section 2(qbb) proposed to be inserted in the principal Act by Clause 2(x) for the words “ aged persons” the words “ senior citizens” shall be substituted.

259. In section 2(qbb) proposed to be inserted in the principal Act by Clause 2(x) for the word “ depressed” the word “ deprived” shall be substituted.

260. In section 2(v) proposed to be inserted in the principal Act by Clause 2(xii), after the word and symbol “ start-ups” the words “ in the state” shall be inserted.

267. In section 2(v) proposed to be inserted in the principal Act by Clause 2(xii) for the words “ the welfare” the words “ working for” shall be inserted.

274. In section 2(v) proposed to be inserted in the principal Act by Clause 2(xii) before the word “ district ” the word “ revenue ” shall be inserted.

Shri C. R. Mahesh: Sir, I move the following amendments.

177. Section 2(dc) proposed to be inserted in the principal Act by clause 2(iii) shall be deleted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 176, 208, 224, 252 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 796-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 176, 208, 224, 252 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 135, 179 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 136, 143, 147, 152, 155, 173, 175, 181, 192, 193, 195, 197, 206, 207, 211, 212, 213, 218, 227, 233, 234, 236, 242, 243, 244, 245, 246, 258, 259, 260, 267, 274 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Minister of Co-operation and Registration (Shri V. N. Vasavan):

Sir, I move the following amendment as official amendment.

797. In the proviso to section 7(1)(f) proposed to be inserted in the principal Act by Clause 4(i)(c) after the words " Provided that" the words " the requirement of minimum share capital in" shall be inserted.

DR. N. Jayaraj: Sir, I move the following amendments.

282. Clause 4(i)(b) shall be recast as follows: Sir, I move the following amendments.

"(b) in Clause (e) for the words and symbols ", he may register the society and its bye-laws within a period of ninety days from the date of receipt of the application." the symbol and word "; and" shall be substituted."

283. In section 7(1)(f) proposed to be inserted in the principal Act by Clause 4(i)(c), after the words " credit societies" the words " credit co-operative societies" shall be substituted.

297. In proviso to section 7 (1)(f) proposed to be inserted in the principal Act by Clause 4(i)(c) for the word " fisheries" the word " fishermen" shall be substituted.

298. In proviso to section 7 (1)(f) proposed to be inserted in the principal Act by Clause 4(i)(c) for the word " vanitha" the word " women" shall be substituted.

Shri T. V. Ibrahim: Sir, I move the following amendment.

291. In section 7(1)(f) proposed to be inserted in the principal Act by Clause 4(i)(c) for the word " sixty" the word " thirty" shall be substituted.

Shri Najeeb Kanthapuram: Sir, I move the following amendment.

299. In proviso to section 7 (1)(f) proposed to be inserted in the principal Act by Clause 4(i)(c) after the word and symbol " transgenders," the words and symbols " differently abled persons, aged persons," shall be inserted.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 797-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 282-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 283, 297, 298 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

<u>DR. N. Jayaraj</u>: Sir, I move the following amendment.

311. In Clause 5 for the words " forty five" the word and symbol
" forty-five" shall be substituted.

<u>Shri P. Abdul Hameed</u>: Sir, I move the following amendment.

312. In Clause 5 for the words " forty five" the word " thirty" shall be substituted.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri A. K. M. Ashraf: Sir, I move the following amendments.

318. In Clause 6(i) for the word " merger" the word " Merger" shall be substituted.

345. In section 14(2A) proposed to be inserted in the principal Act by Clause 6(iv), for the words " simple" , the words and symbol " two-third" shall be substituted.

DR. N. Jayaraj: Sir, I move the following amendments.

324. Clause 6(i) shall be recast as follows:

" (i) in the marginal heading of section 14, after the word and symbol " Amalgamation," the word and symbol " merger," shall be inserted."

325. In Clause 6(ii)(a) after the symbols and words " A society may," the words " the words and symbol" shall be inserted.

335. In Clause 6(iii) after the symbols and words " " societies may," the words" the words " and symbol" shall be inserted.

340. In section 14(2A) proposed to be inserted in the principal Act by Clause 6(iv), before the word " rule" , the word " any" shall be inserted.

346. In the proviso to section 14(2A) proposed to be inserted in the principal Act by Clause 6(iv) for the words " a resolution of" occurring before the words " the society" , the symbol " ," shall be substituted.

348. In the proviso to section 14(2A) proposed to be inserted in the principal Act by Clause 6(iv) before the word " simple" , the letter " a" shall be inserted.

356. In Clause 6(v) for the words and symbols " the words, figure and symbol" occurring after " " or sub-section(2)" " the words and symbols " the words, figures and symbols" shall be substituted.

359. In section 14(8) proposed to be added in the principal Act by Clause 6(vi), for the words " by the society" the words " by the acquiring society" shall be substituted.

360. In section 14(8) proposed to be inserted in the principal Act by Clause 6(vi), for the words " and the Society" the words " and the acquiring society" shall be substituted.

361. In section 14(8) proposed to be inserted in the principal Act by Clause 6(vi), after the words " Registrar and the society" the words " in the official Gazette" shall be added at the end.

Shri D. K. Murali: Sir, I move the following amendment.

362. Clause 6 shall be recast as follows:-

" 6. Amendment of section 14.– In section 14 of the principal Act,–

(i) in marginal heading of section 14, after the word " Amalgamation" , the word " merger" shall be inserted.

(ii) after sub-section(7), the following sub-section shall be added, namely:-

" (8) detailed scheme of transfer of assets and liabilities and the scheme of merger, as the case may be, prepared by the society and approved by the Registrar shall be published by the Registrar and the Society." " .

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 318, 345 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 324, 325, 335, 340, 346, 348, 356, 359, 360, 361 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

